# സ്മൃതിപഥം



keli

കേളി സ്വിറ്റ്സർലന്റ്
സിൽവർ ജൂബിലി സ്മരണിക

2023




**Hedin Automotive Schweiz**
www.hedinautomotive.ch

# സ്മൃതിപഥം

SMRUTHIPADHAM

കേളി സ്വിറ്റ്സർലന്റ്
സിൽവർ ജൂബിലി സ്മരണിക
2023

An Indo-Swiss Socio Cultural Organization in Switzerland

POSTFACH 20, 8952 SCHLIEREN, ZUERICH, SWITZERLAND
www.keliswiss.org | www.kalamela.com | www.kinderforkinder.ch

**Smruthipadham**
Keli Switzerland
Silver Jubilee Souvenir 2022-2023

**Language**
Malayalam, English, German

**Editorial Board**
Chief Editor
John Kurinjirappalli

**Board of Editors**
Jacob Maliekal
Bindu Manjaly
Tom Kulangara
Faizal Kachapilly

**Advisory Board**
Paul Zacharia
Sunil P Ilayidam
Edward Nazreth
Baby Kakkassery
Rita Vimalassery

**Design**
Diason D'silva
**Printing**
Sterling Print House (P) Ltd.

**Published by**
John Kurinjirappalli
on behalf of Keli Switzerland

—for private circulation only



25

keli

SILVER JUBILEE
YEAR - 2023











# സ്മൃതിപഥം





# CONTENTS


06 GREETINGS

10 EDITORIAL BOARD

11 EXECUTIVE COMMITTEE

12 സന്ദർശകരുടെ ഡയറി

14 FOUNDING VISIONARIES

15 കേളിയെ നയിച്ച സാരഥികൾ

16 ONE STEP FORWARD -Editorial
John Kurinjirappalli

18 രജതജൂബിലി നിറവിൽ കേളി -From president's desk
റ്റോമി വിരുത്തിയേൽ

20 KELI WEAVING INDIAN ARTS AND SOCIAL WORKS TOGETHER -Secretary's report
Binu Valiplackal

24 കാൽ നൂറ്റാണ്ടിന്റെ സാമൂഹ്യസേവന പാതയിൽ കേളി -Social Service Report
പയസ്സ് പാലാത്രകടവിൽ

29 മമ്മി -കവിത
ബേബി കാക്കശ്ശേരി

30 അവന്റെ കഥ, അവളുടേയും -കഥ
ജോൺ കുറിഞ്ഞിരപ്പള്ളി

36 സ്വിസ് മലയാളിയുടെ ജാതകത്തിൽ തെളിയുന്നതെന്തെന്നാൽ... -കാഴ്ച്ചപ്പാട്
ടിജി മറ്റം

40 എവിടെയാണ് എന്റെ ലോകം? -ഓർമ്മ
എഡ്വേർഡ് നസ്രത്ത്

46 EMPOWERING THE NEXT GENERATION -Experience

48 കേരള ചരിത്രവും പുരാവസ്തുശാസ്ത്രവും -History
പ്രൊഫ. എം.ജി.എസ്. നാരായണൻ

52 സായംകാലത്തിന്റെ സ്പന്ദനങ്ങൾ -Narrative story
റീത്ത വിമലശ്ശേരി

54 സൂറിക്ക് നഗരം ഒരു ഹ്രസ്വവീക്ഷണം -ചരിത്രം
ജേക്കബ് മാളിയേക്കൽ

58 ആരായിരുന്നു നീ -കവിത
ജൂബിൻ ജോസഫ്

60 കട്ടപ്പന ടു ഹോഗനെകൽ -യാത്ര
ബാബു കാട്ടുപാലം











64 ചില്ല -കഥ
ബിന്ദു മഞ്ഞളി

66 HIDDEN GEMS OF SWITZERLAND -Information
Bindu Benedict Kalangara

74 OUR HEART - A WONDER OF THE NATURE -Health
PD Dr. med. Aju Pazhenkottil MD FESC

78 അനാഥവൽക്കരിക്കപ്പെടുന്ന വാർദ്ധക്യങ്ങൾ -വീക്ഷണം
ജെയിംസ് തെക്കേമുറി

80 "ചരിത്രം ചിത്രങ്ങളിലൂടെ"

104 എട്ടാമന്റെ സ്വത്വബോധം -സിനിമ
Jojo Vichattu

108 രുചിഭേദങ്ങളുടെ കുട്ടൻ തമ്പുരാൻ -അഭിമുഖം

112 ഒരു പിറന്നാൾ സമ്മാനവും കുറെ സ്വപ്നങ്ങളും -കഥ
ജൂബി വാളിപ്ലാക്കൽ

114 ഒരു പാരിസ്ഥിതിക ദുരന്തം, ബ്രഹ്മപുരം ലേഖനം
Dr. Joseph Viruthiyel

120 ഓണാഘോഷങ്ങളുടെ കാണാപ്പുറങ്ങൾ -നർമ്മം
കെ. സുകുമാരൻ

124 THE ENVIRONMENT A CALL FOR URGENT ACTION -Environment
Kevin Kurinjirappalli

127 ആരോഗ്യപരിപാലന മേഖലകൾ ഇന്ന് കച്ചവട കേന്ദ്രങ്ങളോ? നിരീക്ഷണം
സെലിൻ കാക്കശ്ശേരി

128 OCI & NRI YOU NEED TO KNOW -Information
Jose Thomas UK

131 "RESILIENT RIPPLES: THE RIVER'S WHISPER" -കവിത
An A.I. Authored Poem

132 ARTIFICIAL INTELLIGENCE -SHAPING THE FUTURE FOR ALL -Technology
Ginu Kalangara

137 വിശ്വാസം അതല്ലേ എല്ലാം... -അനുഭവം
ജിജി കാട്ടുകടിയിൽ

138 UNLOCKING THE SECRETS OF TAX -Tax Information
A.K. Krishna Warrier FCA

144 PERSPECTIVES ON INVESTING AND INVESTMENT OPPORTUNITIES IN INDIA FOR NRI'S. -Mutual Fund
Eldhose Issac

147 CROSSING BORDERS, SHARING WISHES

148 25 YEARS OF KELI PROGRAMMS



കേരള സർക്കാർ
**പിണറായി വിജയൻ**
മുഖ്യമന്ത്രി

നം. 244/പ്രസ്/സി.എം.ഒ./23. 04 മാർച്ച്, 2023.

## <u>സന്ദേശം</u>

സ്വിറ്റ്സർലന്റ് ആസ്ഥാനമായി പ്രവർത്തിക്കുന്ന പ്രവാസി മലയാളി സംഘടനയായ 'കേളി സ്വിറ്റ്സർലാന്റ്' രജതജൂബിലി നിറവിലാണ് എന്നറിഞ്ഞതിൽ സന്തോഷം.

സംസ്ഥാനത്തിനു പുറത്ത് താമസിക്കുമ്പോഴും ജന്മനാടിനോടും നാട്ടുകാരോടും നിസ്സീമമായ കരുതൽ പുലർത്താൻ നിങ്ങൾക്ക് സാധിക്കുന്നുണ്ട്. അതിന്റെ തെളിവാണ് സുവർണ്ണ ജൂബിലി ആഘോഷത്തിന്റെ ഭാഗമായി കേരളത്തിലെ അർഹരായ 25 പേർക്ക് വീട് നിർമ്മിച്ചു നൽകാനുള്ള നിങ്ങളുടെ തീരുമാനം. ഈ സഹകരണം തുടർന്നും ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

സംഘടനയുടെ ജൂബിലിയാഘോഷ പരിപാടികൾക്കും അതിന്റെ ഭാഗമായി “സ്മൃതിപഥം’ എന്ന പേരിൽ പ്രസിദ്ധീകരിക്കുന്ന സുവനീറിനും എല്ലാ ആശംസകളും നേരുന്നു.

**പിണറായി വിജയൻ**

**The President**
Keli Switzerland
E-mail: president.keliswiss@gmail.com

141, മൂന്നാം നില, നോർത്ത് ബ്ലോക്ക്, ഗവണ്മെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം പിൻ 695 001
ഫോ. 0471 2333241, 2333812, 2333610 ഫാ. 0471 2333489 ഇ. chiefminister@kerala.gov.in
facebook.com/cmokerala twitter.com/cmokerala
വസതി ക്ലിഫ് ഹൗസ് ഫോ. 0471 2318406, 2314853
**www.keralacm.gov.in**




**വി. ഡി. സതീശൻ**

പ്രതിപക്ഷനേതാവ്

കേരള നിയമസഭ


28.4.2023

**<u>സന്ദേശം</u>**

സ്വിറ്റ്സർലണ്ടിലെ സാമൂഹിക-സാംസ്കാരിക രംഗത്ത് ശ്രദ്ധേയമായ 'കേളി' പ്രവർത്തനത്തിൽ കാൽ നൂറ്റാണ്ട് പൂർത്തിയാക്കുന്നു എന്നറിഞ്ഞതിൽ സന്തോഷം.

കേരളത്തിലെ കാരുണ്യ പ്രവർത്തനങ്ങളിൽ കേളി നടത്തുന്ന ഇടപെടലുകൾ കരണീയമാണ്. എല്ലാ വർഷവും കലാമേളയും ഓണാഘോഷവും നടത്തുന്നത് പ്രവാസികൾക്കിടയിൽ ഗൃഹാതുരത്വം ഉണർത്തുന്ന കാര്യമാണ്.

രജത ജൂബിലിയോടനുബന്ധിച്ചു പ്രസിദ്ധീകൃതമാകുന്ന 'സ്മൃതിപഥം' കേളിയുടെ പ്രവർത്തന പഥം കൂടുതൽ ശോഭിതമാക്കട്ടെ. ആശംസകൾ.

സ്നേഹപൂർവ്വം,

വി.ഡി. സതീശൻ


കന്റോൺമെന്റ് ഹൗസ്, വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം - 695 033

ഫോൺ - ഓഫീസ് : 0471-2318330, 2512050 ഫാക്സ് : 0471-2315625

വസതി : 0471-2449500 മൊബൈൽ : 9447018183

Deepak Bansal
Charge d’Affaires a.i.
Tel: +41-31-3680680

भारत का राजदूतावास, बर्न
EMBASSY OF INDIA
BERNE

सत्यमेव जयते

11 May, 2023

**Message**

My compliments to ‘Keli’ and to the Malayalee community in Switzerland on the occasion of **“Keli Ponnonam & Silver Jubilee Year Celebrations”** being organized on 09th September 2023. I am happy to see ‘Keli’ organize various events & festivals that showcases India’s culture from time to time. These celebrations inspire the younger generation of Indian community to carry forward our traditions while providing a wonderful occasion to our Swiss friends to explore the culture of India, promoting mutual understanding and friendship.

This is an opportune moment as we celebrate 75 years of India’s independence and 75 years of India-Switzerland diplomatic relations.

I congratulate all the members of ‘Keli’ for their efforts in promoting Indian culture and traditions in Switzerland. May the beautiful occasion of Onam bring along lots of success, good health and eternal happiness to all of us!

Deepak

(Deepak Bansal)

Embassy of India - Kirchenfeldstrasse 28 - CH-3005 Berne - Switzerland
phone 0041 31 350 11 30 email - hoc.berne@mea.gov.in



## ആശംസകൾ

കലയേയും ഒപ്പം കാരുണ്യത്തേയും കോർത്തിണക്കി പ്രവർത്തിക്കുന്ന പ്രവാസി മലയാളി കൂട്ടായ്മകളിൽ മുൻപന്തിയിൽ നിൽക്കുന്ന കേളി സ്വിറ്റ്സർലണ്ട് സിൽവർ ജൂബിലി വേളയിൽ എത്തിനിൽക്കുന്നു എന്നതിൽ അത്യധികം സന്തോഷിക്കുന്നു. കേളിയുടെ കലാമേളകളിൽ വിദൂരതയിൽ ഇരുന്നു കൊണ്ടാണെങ്കിലും ഭാഗമാകുവാൻ സാധിച്ചതിൽ അഭിമാനമുണ്ട്.

കേളിയുടെ യുവജന വിഭാഗമായ കിന്റർ ഫോർ കിന്റർ പ്രവർത്തനം ഇതര പ്രവാസി സംഘടകൾക്ക് അവകാശപ്പെടുവാൻ ആവുമോ എന്ന് സംശയമാണ്. ഭാവികാലത്തേക്കുറിച്ചുള്ള ഉൽക്കണ്ഠയ്ക്കുള്ള ഉത്തരമാണ് ഇവർ എന്ന് നിസ്സംശയം പറയാം.

കേളിയുടെ ഭാരവാഹികൾക്കും അംഗങ്ങൾക്കും എല്ലാ ആശംസകളോടെ...

**മാർട്ടിൻ പ്രക്കാട്ട്**

# Editorial Board



John
Kurinjirappalli
CHIEF EDITOR

MEMBERS



Jacob Maliekal



Bindu Manjaly



Faizal Kachapilly



Tom Kulangara

# Advisory Board



Paul
Zhachariah



Sunil P.
Ilayidam



Baby
Kakkassery



Rita
Vimalassery



Edward
Nazareth

# Executive Committee 2022-2023



Tomy Viruthiyel
PRESIDENT



Binu Valiplackal
SECRETARY



Biju Ukken
TREASURER



Baby Chalackal
VICE PRESIDENT



James Xavier
JOINT SECRETARY



Jeny Mundiyani
ARTS SECRETARY



Joy Vellookunnel
P.R.O.



Anish Mundiyani
PROGRAMM ORGANIZER



Pius Palathrakadavil
SOCIAL SERVICE



Biju Netoorveettil
AUDITOR

## Executive Members



Johnson Abraham



John Thamarasseril



Jose Koithara



Nikson Nilavoor



Sujeesh Surendran



Tom Kulangara

ഹൃദയം നിറഞ്ഞ ആശംസകൾ

ഈ സംഗീത നിലനിർത്തുന്നതിനുള്ള [illegible] എനിക്ക് ഉൾക്കൊള്ളാൻ [illegible] ആശംസകൾ [illegible] കുട്ടികളുടെ ഈ സംരംഭം [illegible]

[illegible]

കെ.ജെ. യേശുദാസ്

K.J. Yesudas

22.11.2003



Hope you Enjoyed the Show. Thank you [illegible] for an organisation [illegible] Arts

[signature]





സുഹൃത്തുക്കളേ,

അഭിനന്ദനങ്ങൾ

കേളിയുടെ പ്രവർത്തനങ്ങളെപ്പറ്റി നേരത്തെ അറിഞ്ഞിരുന്നു. ഇന്നലെ കലാകാരന്മാർ മറുനാട്ടിൽ ഒരാസ്വാദക സമൂഹമുണ്ടാവുന്നതിലെ [illegible]. മലയാളത്തെ സ്നേഹിക്കുന്ന [illegible] ഈ കുട്ടികൾക്ക് ഞങ്ങളൊക്കെ നന്ദി പറയുന്നു. കേളിയുടെ ആതിഥ്യം സ്വീകരിക്കാൻ അവസരം കിട്ടിയത് ഒരു ഭാഗ്യമായി ഞാൻ കണക്കാക്കുന്നു. 'കേളിക്കും' അതിന്റെ പ്രവർത്തകർക്കും [illegible] നേരുന്നു.

5.10.2006 എം.ടി. വാസുദേവൻ നായർ

സൂറിച്ച്

[illegible]

4.12.2005

[signature]



വീണ്ടും ഒരവസരം തന്ന കേളിക്കും കൂട്ടർക്കും നന്ദി.

കൂട്ടായ്മയുടെ ഒരാഘോഷം.

കൂട്ടായ്മയുടെ ഒരു [illegible].

കൂട്ടായ്മയുടെ ഒരുഗ്രൻ സന്ധ്യ.

എല്ലാംകൊണ്ടും നല്ല ഒരു സന്ധ്യ. 10/09/2011. Zurich.

മറക്കില്ല ഒരിക്കലും

Swiss മലയാളികളെ അടുത്തറിഞ്ഞു കണ്ടു. വീണ്ടും കാണാം.

നന്ദി Benny, Babu & Shaji.

With Lots of Love and respect [signature] M.G Sreekumar [illegible]



സ്വിസ് മലയാളികളുടെ ഈ വിദൂരതയിൽ ജീവിക്കുമ്പോഴും മലയാളികളുടെ തനിമ [illegible] കേരളത്തിന്റെ [illegible] [illegible] അനുഭവിക്കുന്ന സാംസ്കാരിക പരിപാടികളും [illegible] നിലനിർത്തുന്ന കേളിക്കും അതിന്റെ ഭാരവാഹികൾക്കും എന്റെ അഭിവാദനങ്ങൾ. സ്നേഹം.

സക്കറിയ

25/9/04



# സന്ദർശകരുടെ ഡയറിയിൽ നിന്ന്



[illegible]



[illegible]



It was so wonderful performing
before such an elite audience.
I wish Kali all the best for
all its creative ventures.

M. J. [signature]
(M. JAYACHANDRAN)
Music Composer

കേളിയെ കുറിച്ച് മുമ്പേ കേട്ടിട്ടുണ്ട്. ഇവിടെ വന്ന്
അതിന്റെ പ്രവർത്തനങ്ങൾ നേരിൽ കാണാൻ കഴിഞ്ഞതിൽ
വളരെ സന്തോഷമുണ്ട്.

[illegible]

സസ്നേഹം
[signature]
28.08.2002





Dear Kali Members,

It was really a wonderful
experience, having been able to perform
here and meet you all.
Wishing you all the very best!

Warm Regards,
Radhika Tilak

An Indo-Swiss Socio Cultural Organization in Switzerland

# Founding Visionaries

## Pioneering the Path to Success



Baby Kakkassery
President



Joy Vellookunnel
Secretary



Stephan Panackaparambil
Treasurer



Jose Pellissery
Vice President



John Kurinjirappalli
Joint Secretary



Jacob Maliekal
Organiser



Baby Chalackal



James Pattathuparambil



Murali Thanthonnichira



Abraham Mathew



Joji Moonjeli



Abraham Chennamparambil



Joy Kizhakkekara



Kuriakose Manikuttiyil



Jose Parankeymalil



Jose Parayampilly



Sooraj Kocheril



Vincent Thandiekal



Kingston Francis

**Members of KELI at the Inauguration 1998**

Abraham Chennamparambil, Abraham Mathew, Baby Chalackal, Baby Kakkassery, Jacob Maliekal, James Pattathuparambil, John Kurinjirappalli, Johnson Mampilly, Johnson Abraham, Joji Moonjelil, Jose Parankeymalil, Joseph Parayampillil, Jose Pellissery, Joy Kizhakkekara, Joy Vellookunnel, Kingston Francis, Kuriakose Manikkuttiyil, Muraleedharan Thanthonnichira, Sebastian Muthupara, Stephen Panakkaparambil, Sooraj Kocheril, Vincent Thandiakkal

# കഴിഞ്ഞ ഇരുപത്തിയഞ്ചു വർഷങ്ങളിൽ കേളിയെ നയിച്ച സാരഥികൾ


Baby Kakkasseri


Joy Velookunnel


Abraham Mathew


Babu Kattupalam


Abraham Chennamparambil


Jose Parayampilly


Mathew Thekkottil


Benny Pulickal


Joseph Chenamparambil


Shaji Ramanalil


Ginu Kalangara


Joy Thariyan


Deepa Vijayan


Jose Veliyathu


Binu Valiplackal


Tomy Viruthiyel

| YEAR | PRESIDENT | SECRETARY | VICE PRESIDENT | JOINT SECRETARY | TREASURER |
|---|---|---|---|---|---|
| 1998-2000 | Baby Kakkassery | Joy Vellookunnel | Jose Pellissery | John Kurinjirappalli | Stephen Panakkaparambil |
| 2001-2002 | Baby Kakkassery | Joy Vellookunnel | Lucy Manikkuttiyil | Jose Pellissery | Stephen Panakkaparambil |
| 2003-2004 | Abraham Mathew | Babu Kattupalam | George Naduvathettu | Lucy Manikuttiyil | Paulachan Maliakal |
| 2005-2006 | Abraham Chennamparambil | Jose Parayampillil | Lucy Manikuttiyil | Benny Pulickal | Mathew Thekkottil |
| 2007-2008 | Mathew Thekkottil | Abraham Mathew | Benny Pulickal | Murali Thanthonnichira | John Areeckal |
| 2008-2009 | Mathew Thekkottil | Abraham Mathew | Benny Pulickal | Murali Thanthonnichira | John Areeckal |
| 2010-2011 | Benny Pulickal | Shaji Ramanalil | John Thamarasseril | Pius Palathrakadavil | Joseph Ovelil |
| 2012-2013 | Joy Vellookunnel | Joseph Chennamparampil | Maliakal Paulachan | Makil Stephen James | Shaji Kottarathil |
| 2014-2015 | Babu Kattupalam | Ginu Kalangara | Jacob Maliekal | Davis Thadathil | Kuriakose Manikkuttiyil |
| 2016-2017 | Abraham Chennamparampil | Joy Thariyan | John Kurinjirappalli | Anthony Thanjan | Joseph Chennamparampil |
| 2017-2019 | Benny Pulickal | Deepa Vijayan | Tony Aikkarattu | Jeemon Thoppil | Pius Palathrakadavil |
| 2020-2021 | Jose Veliyathu | Binu Valiplackal | Shaji Changethu | Saji Pulickakunnel | Shaji Kottarathil |
| 2022-2023 | Tomy Viruthiyel | Binu Valiplackal | Baby Chalackal | James Xavier | Biju Ukken |

# ONE STEP FORWARD





കർമ്മനിരതമായ കാൽനൂറ്റാണ്ടിന്റെ ചരിത്രവുമായി കേളി സ്വിറ്റ്സർലൻഡ്, സിൽവർജൂബിലി ആഘോഷിക്കുന്ന  ഈ അവസരത്തിൽ  സ്മൃതിപഥം, എന്ന ഈ സ്മരണിക പ്രസിദ്ധീകരിക്കുന്നതിൽ  അതിയായ സന്തോഷമുണ്ട്. 'Life can only be understood backward, but it must be lived forwards', എന്നാണല്ലോ പറയപ്പെടുന്നത്. എന്നാൽ കഴിഞ്ഞുപോയ കാലങ്ങളിലേക്കുള്ള  ഒരു തിരിഞ്ഞുനോട്ടമല്ല ഈ സ്മരണിക. കാൽനൂറ്റാണ്ടിന്റെ  സംഭവബഹുലമായ ചരിത്രം ഒരു സ്മരണിക വഴി പറഞ്ഞുതീർക്കാൻ കഴിയുന്നതല്ല.



ഒരു കാലഘട്ടത്തിന്റെ അനിവാര്യതയിൽനിന്നും ജന്മംകൊണ്ട് സ്വിറ്റ്സർലണ്ടിലെ പ്രവാസി ഇന്ത്യൻ സമൂഹത്തിന്റെ അഭിനന്ദനങ്ങളും സ്പന്ദനങ്ങളും ഏറ്റുവാങ്ങി അവരുടെ  ജിഹ്വയായി മാറിയ ചരിത്രമാണ് കേളിയുടേത്. കഴിഞ്ഞുപോയ സംഭവബഹുലവുമായ ഇരുപത്തിയഞ്ചു വർഷക്കാലം, പിന്നിട്ട വഴികൾ, കലാ സംസ്കാരിക രംഗങ്ങളിലും സാമൂഹിക സേവനരംഗങ്ങളിലും കേളിയുടെ സംഭാവനകൾ  നേട്ടങ്ങൾ തുടങ്ങിയവ  വാക്കുകളിൽ ഒതുക്കാൻ കഴിയുന്നതല്ല.

പ്രവാസി മലയാളികൾക്ക് ഗൃഹാതുരത്വത്തിന്റേയും  ഒറ്റപ്പെടലിന്റേയും ഓർമ്മകളിൽ നിന്നും പൂർണമായും  മോചനമില്ല എന്ന്  തോന്നുന്നു. വേറിട്ട വഴികളും അപരിചിതവും  വ്യത്യസ്തവുമായ  കാലാവസ്ഥയും ഭാഷയും സംസ്കാരവുമുള്ള ഒരു നാട്ടിലേക്ക് പറിച്ചുനടപ്പെടുമ്പോൾ അനുഭവപ്പെടുന്ന മാനസികസംഘർഷം ഒരു തിരിഞ്ഞുനോട്ടത്തിന് മതിയായ കാരണം തന്നെയാണ്. ഇനി ഒരു തിരിച്ചുപോക്ക് സാധ്യമാണോ എന്നത്  ഉത്തരം കിട്ടാത്ത ചോദ്യമാണ്. കാലത്തിനൊത്തു ജീവിത സാഹചര്യങ്ങൾ പുനർ നിർവ്വചിക്കപെടുമ്പോൾ ഓർമ്മകളിലൂടെയുള്ള പിൻനടത്തം സ്വാഭാവികം മാത്രമാണ്.

ശാസ്ത്രസാങ്കേതികരംഗങ്ങളിലെ വളർച്ചക്കനുസരിച്ച് തൊഴിൽ രംഗങ്ങളിലും വ്യക്തികളുടെ ജീവിതങ്ങളിലും വരുന്ന മാറ്റങ്ങൾ പ്രവാസികളുടെ ജീവിതത്തിന്റെ മുന്നോട്ടുള്ള കുതിപ്പിനെ നയിക്കുന്ന ഘടകങ്ങളെ ഏറെ സ്വാധീനിക്കുന്നുണ്ട്. കാലത്തിന്റെ ചുവരെഴുത്തുകൾ വായിച്ചുതുടങ്ങുന്ന യുവതലമുറ അവസരങ്ങൾ തേടി നാടുവിടുമ്പോൾ നാട്ടിലും അവർ കുടിയേറുന്ന രാജ്യങ്ങളിലും സമൂഹത്തിൽ വരുത്തുന്ന മാറ്റങ്ങൾ പ്രവാസി സംഘടനകളുടെ പ്രവർത്തന മേഖലകളും ദിശ തിരിച്ചുവിടുവാൻ കാരണമായേക്കാം.

സൗഹൃദത്തിന്റേയും സാഹോദര്യത്തിന്റേയും സമസ്ത ഊർജ്ജവും പകർന്നു നൽകി ഓർമ്മകളുടെ നിയോഗ വഴിയിൽ ഒരു കൂട്ടമായി കുടുംബമായിതീർന്നിരിക്കുന്നു കേളി എന്നത് അഭിമാനപുരസ്സരം ഓർമ്മിക്കുന്നു. മുത്തുകൾ കോർത്തെടുത്ത ഒരു ചരടുപോലെ എല്ലാവരെയും ഒന്നിപ്പിക്കുവാനുള്ള ഒരു പ്രേരകശക്തിയായി എന്നും നിൽക്കട്ടെ എന്ന് ആശിക്കുന്നു, പ്രതീക്ഷിക്കുന്നു. അനുഭവങ്ങളിൽനിന്നും പാഠങ്ങൾ പഠിക്കുന്നതിനോടൊപ്പം വിജയങ്ങൾ ആഘോഷിക്കപ്പെടേണ്ടതുമാണ്. കലയും കാരുണ്യവും ഒന്നിച്ചുചേരുമ്പോഴും കലാപരമായ സംസ്കൃതികൾക്ക് അതിരുകളില്ല എന്ന ബോധ്യപ്പെടുത്തലാണ്  ഈ സിൽവർ ജൂബിലി സ്മരണിക.

സിൽവർ ജൂബിലി ആഘോഷിക്കുന്ന ഈ അവസരത്തിൽ എല്ലാ അഭ്യുദയകാംക്ഷികൾക്കും കേളിയുടെ ഹൃദയം നിറഞ്ഞ നന്ദി രേഖപെടുത്തുന്നു. ഈ സ്മരണിക അണിയിച്ച് ഒരുക്കുന്നതിൽ എന്നെ സഹായിച്ച എഡിറ്റോറിയൽ മെംബേർസ്, കേളി ഭാരവാഹികൾ, അഡ്വൈസറി ബോർഡ്, പരസ്യങ്ങൾ തന്നുസഹായിച്ചവർ, കേളി കുടുംബാംഗങ്ങൾ എല്ലാവരേയും സ്നേഹപൂർവ്വം ഓർമ്മിക്കുന്നു, ആദരപൂർവ്വം  ഈ സ്മരണിക, സ്മൃതിപഥം, നിങ്ങളുടെ കൈകളിൽ ഏൽപ്പിക്കുന്നു.

സ്നേഹപൂർവ്വം
**ജോൺ കുറിഞ്ഞിരപ്പള്ളി**
എഡിറ്റർ

**From President's Desk**

# രജതജൂബിലി നിറവിൽ കേളി



**റ്റോമി വിരുത്തിയേൽ**
പ്രസിഡന്റ്

സ്വിറ്റ്സർലൻഡ് മലയാളീ സമൂഹത്തിൽ കഴിഞ്ഞ ഇരുപത്തിയഞ്ചു വർഷങ്ങളിൽ നിറസാന്നിധ്യമായി, വിവിധമേഖലകളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കേളിയുടെ രജത ജൂബിലി ആഘോഷങ്ങളിലേക്ക് എല്ലാ സഹൃദയർക്കും സ്വാഗതം.

കർമ്മപഥങ്ങളിൽ കനകചാരുതയോടെ കലാസാംസ്കാരിക സാമൂഹികസേവനരംഗങ്ങളിൽ കൈയ്യൊപ്പ് ചാർത്തി, കേളി സ്വിറ്റ്സർലന്റിലെ, മലയാളികളുടെ അഭിമാനമായി നിലകൊള്ളുന്നു.



ശക്തമായ ഒരു ഭരണഘടനയുടെ സഹായത്തോടെ കാലാകാലങ്ങളിൽ നേതൃത്വം കൊടുത്ത സേവനസന്നദ്ധരായ ഭാരവാഹികളുടെ അർപ്പണവും സംഘടനാമികവും പൊതുസമൂഹത്തിന്റെ പിന്തുണയും കേളിയുടെ വളർച്ചയിൽ മുതൽക്കൂട്ടായി.

പ്രവാസജീവിതത്തിന്റെ നടവഴികളിൽ എവിടെയോ ഗൃഹാതുരത്വത്തിന്റെ  നൊമ്പരങ്ങളുംപേറി ഏതാനും മലയാളി സുഹൃത്തുക്കൾ ചേർന്ന് 1998-ൽ രൂപം കൊടുത്ത കേളി, കാലങ്ങളുടെ കടന്നു പോകലുകൾക്കൊപ്പം വിജയങ്ങളുടേയും അംഗീകാരങ്ങളുടേയും ഉന്നത പടവുകൾ കയറി കേളി കുടുംബാംഗങ്ങളുടെ അഭിമാനമായി മാറി. കൂടെ നടന്നും നെഞ്ചോടേറ്റിയും സ്വിറ്റ്സർലണ്ടിലെ മലയാളി സമൂഹം അതിൽ ഭാഗഭാക്കായി. കേളിയുടെ നേട്ടങ്ങളോ വളർച്ചയോ ഈ അവസരത്തിൽ വിവരിക്കേണ്ടതില്ല, കാരണം നിങ്ങളുമതിൽ പങ്കാളികളാണ് എന്നതുതന്നെ.

ഇന്ത്യൻ തനതുകലകൾക്ക് സർഗ്ഗ സൗന്ദര്യത്തിന്റെ ഭാവരാഗങ്ങളോടെ പ്രൗഢമായ മത്സരവേദികൾ ഒരുക്കിയ കേളിയുടെ അന്താരാഷ്ട്ര കലാമേളകളിലൂടെ ശ്രദ്ധേയരായ കലാകാരികളും കലാകാരന്മാരും നിരവധിയുണ്ട്. വളർച്ചയോടൊപ്പം പ്രവർത്തന മേഖലകൾ വിപുലീകരിക്കപ്പെട്ടു. പുതു തലമുറക്കായി മലയാളഭാഷാപഠനത്തിനുള്ള സൗകര്യം ഒരുക്കിയിരുന്നത് മുതൽ സാമ്പത്തികപരാധീനതയുടെ പേരിൽ ബുദ്ധിമുട്ടുന്ന വിദ്യാർത്ഥികളെ സഹായിക്കാൻ സ്വിറ്റ്സർലണ്ടിലെ കുട്ടികൾ നടത്തുന്ന സാമ്പത്തിക സഹായംവരെ (Kinder for Kinder Projects) നിരവധി രംഗങ്ങളിൽ ഇന്ന് കേളി സജ്ജീവമാണ്. കൂടാതെ രാജ്യം ആദരിച്ച നിരവധി വിശിഷ്ട വ്യക്തിത്വങ്ങൾക്ക് സ്വിറ്റ്സർലണ്ടിൽ ആതിഥ്യം നൽകുവാനും അവരെ സ്വിസ്സ് മലയാളികൾക്ക് പരിചയപ്പെടുത്തുവാനും കേളിക്ക് സാധിച്ചിട്ടുണ്ട്. പിറന്നമണ്ണിൽ പാർക്കുന്ന സഹോദരരെ സ്നേഹിച്ചും സഹായിച്ചും വലിയ മാതൃക കാട്ടികൊണ്ടു രജത ജൂബിലി എന്ന ചരിത്ര മുഹൂർത്തത്തിലൂടെ കടന്നു പോകുന്ന കേളിക്ക് ഇനിയും ബഹുദൂരം മുന്നോട്ട് സഞ്ചരിക്കാൻ സാധിക്കുമെന്നതിന്, യുവതലമുറയുടെ ആത്മാർത്ഥമായ സജ്ജീവ പിന്തുണ, നല്ല ഒരു ഉദാഹരണമാണ്.



ഈ അവസരത്തിൽ അകാലത്തിൽ കേളി കുടുംബത്തിൽ നിന്നും വേർപിരിഞ്ഞുപോയ സജീവ പ്രവർത്തകരും സ്ഥാപകമെമ്പർമാരുമായിരുന്ന ശ്രീ. ജെയിംസ് പട്ടത്തുപറമ്പിൽ,
ശ്രീ. മുരളി താന്തോന്നിച്ചിറ എന്നീ രണ്ടു വ്യക്തികളെ അനുസ്മരിക്കുന്നു. അവരുടെ ആത്മാവിന് നിത്യശാന്തി നേരുന്നു. അതോടൊപ്പം കേളിയുടെ സജ്ജീവ അംഗങ്ങളായിരുന്നവരും ഇപ്പോൾ നാട്ടിൽ സ്ഥിരതാമസമാക്കിയവരുമായ എല്ലാവരേയും പ്രത്യേകം ഓർമ്മിക്കുന്നു.

കേളിയുടെ എല്ലാ വിജയങ്ങൾക്കും അടിസ്ഥാനം ആത്മാർഥമായി കേളിയെ നെഞ്ചോടേറ്റിയ കേളി കുടുംബാംഗങ്ങളാണ്. നിസ്വാർത്ഥമായി കേളിയുടെ പ്രവർത്തനങ്ങളിൽ സഹകരിക്കുന്ന എല്ലാ നല്ല മനസുകൾക്കും ഹൃദയത്തിന്റെ ഭാഷയിൽ നന്ദി അർപ്പിക്കുന്നു.

മഹത്തായ ഈ സംഘടനയെ രജതജൂബിലി വർഷത്തിൽ നയിക്കാൻ, ഇന്നത്തെ ഭരണസമിതിയിലും എന്നിലും വിശ്വാസമർപ്പിച്ച എല്ലാ കേളി കുടുംബാംഗങ്ങളോടും അഭ്യുദയകാംക്ഷികളോടും ഞങ്ങളുടെ നിസ്സീമമായ നന്ദി രേഖപെടുത്തുന്നു. ഭാവിയിലും നിങ്ങളുടെ സഹായസഹകരണങ്ങൾ പ്രതീക്ഷിക്കുന്നു. ഒരിക്കൽകൂടി നിങ്ങളുടെ സഹകരണത്തിന് നന്ദി.

സ്നേഹപൂർവ്വം
**ടോമി വിരുത്തിയേൽ**
പ്രസിഡന്റ്







**BINU VALIPLACKAL**
Secretary

keli

# Weaving Indian arts and Social works together



### *Introduction*

To nurture and promote the rich Indian values and goodwill in a global arena, a voyage began in the late 90's, when a group of passionate individuals teamed up and formed Keli on 24th October 1998. Keli is a non-profitable, non-sectarian, and non-political organization, officially registered in Switzerland.

Since its inception, Keli has evolved into a respectable organization with its essence intact by a strong network of committed members. This network is moderated and regulated by an elected executive body, which guides Keli through its social and cultural activities. Keli was honored with the prestigious GARSHOM Award in the year 2009, as the Best Pravasi Organization in recognition for its relentless dedication towards upholding Indian art and culture in the international arena and significant charitable ventures. The core strength of Keli is undoubtedly its member families and scores of Indians and well-wishers from within Switzerland and outside, who actively participate, contribute and get involved in Keli's activities every year. This award was a tribute and recognition to each one of them!

The stage of Keli has been graced by numerous dignitaries and celebrities on various occasions. Padma Bhushan Dr. K.J. Yesudas, Padma Bhushan Mrs. K.S. Chitra, Padmashri late Sri. Kunnakudi Vaidhyanathan and many others. Keli has also been on the stage for memorable performances from renowned musicians and artists from India over the years.

From its roots as a socio-cultural initiative, Keli has grown to provide services in diverse fields which cover seminars, workshops, language classes, and library services. Keli opened the first chapter of Soorya

> **"India is, the cradle of the human race, the birthplace of human speech, the mother of history, the grandmother of legend, and the great grandmother of traditions"**
>
> *- Mark Twain*

India Festivals in Europe. Keli also organized "Pravasimela" at Kochi in the year 2009. Keli works closely with the Embassy of India Bern and is thankful for their support. Please see the Chronology of Keli for further details.

We are delighted to celebrate the silver jubilee of Keli this year. It has been a remarkable journey of 25 years, and we are proud to share some of the programs and events that we have organized during these periods.

**Bridging Cultures and Communities through Social Service and Integration**



## Keli Ponnonam

Keli has been organizing the Onam Festival since the year 1999, which has grown popular among the Indian community and even attracts a significant number of people from outside the Indian community in Switzerland and from Europe every year. It became a grand festival to meet and celebrate Kerala`s most colorful festival and professional Indian Dance and Music. The delicious Ona Sadhya is prepared by its members in a very traditional way. On this occasion, we introduced a number of celebrities and well-known personalities from India and abroad.

The Keralites living in Switzerland have embraced the celebration of Onam with open hearts. Even though they are living far away from their home state, they have made efforts to keep their cultural traditions alive and to share them with others in the community.

Through these celebrations, the Keralite community in Switzerland has been able to share their cultural heritage with their Swiss neighbors and friends, as well as with other Indian communities in the country. The festival has provided an opportunity for people to come together, regardless of their cultural background or religion, and to enjoy the festivities and the spirit of togetherness. The acceptance and enthusiasm shown by the Swiss community towards the Onam celebrations have also helped to foster a sense of inclusivity and belonging for the Keralites living in Switzerland

---

## Keli International Kalamela




The largest Pravasi youth festival, “Keli International Kalamela”, a Festival of Arts is organized annually to promote culture and social interaction among generations. KELI acts as an international platform for amateur artists to showcase their talents and nurture them.

It is a festival which is a kaleidoscope of art forms, literary and contemporary skills. It provides a platform for all to celebrate the richness and goodness of art forms which are unique to India whilst competing intensely to prove their mettle. Kalamela is a hunt for talent for coveted titles such as Soorya India Kalathilakam, Keli Kala Ratna, and Fr. Abel Memorial Trophy.18 years of Kalamela has set the stage for over 3000 talented artists from all over Europe, showcasing more than 35 different categories. Every event in this competition is a window to India’s rich and varied heritage. The who-is-who of the art fraternity from various countries is flown in to judge the contestants in different categories.

Food, an inseparable part of Indian culture is yet another highlight of Keli International Kalamela. Various authentic South & North Indian and Indo-Chinese cuisine is served to the guests during the festival.

Keli's charitable efforts are truly admirable and make a positive impact on people's lives





## Kinder for Kinder

Under the motto “Education is the most powerful weapon which you can use to change the world, by the late President of South Africa Nelson Mandela, Keli started a social work program called Kinder for Kinder in the year 2008, which was aimed to provide support to the underprivileged and financially backward children in India. The program included various initiatives like the Patenschaft project and Microcredit for higher education for about 300 needy children. It is a noble initiative that helped us to contribute towards the social upliftment of our community. This project is fully in the good hands of our second-generation children. They raise funds through different ways, like organizing Indian food festivals and Bazars, sponsorship from kind-minded personalities and companies in Switzerland, etc.

The aim of the project is to raise funds to support the education and welfare of underprivileged children in India.

Through this project, Keli has partnered with several non-profit organizations working in India to provide support to children from disadvantaged backgrounds, including orphans, street children, and children from low-income families. The funds raised through the project are used to provide education, food, shelter, and medical care to these children, with a focus on empowering them to break the cycle of poverty and achieve a brighter future.

The project involves various fundraising activities, such as charity events, concerts, and auctions, as well as individual donations from supporters of the cause. Keli also works to raise awareness about the importance of education and the challenges faced by underprivileged children in India, with the goal of inspiring more people to get involved and make a difference.

Overall, the "Kinder for Kinder" project is a testament to the commitment of Keli and its supporters to making a positive impact on the lives of children in need. The project embodies the spirit of social service and cultural exchange that is at the heart of Keli's mission, and it serves as a shining example of the power of community-driven philanthropy to effect meaningful change.

## Other Charity Programs

Keli has pledged itself to several charity commitments to make a difference in the human society. The willing hearts of Keli members bring relief and hope for the Shatter is the driving force behind all such commitments. Housing project '**Shelter**', for those devastated by natural calamities, sponsoring educational expenses for the needy children '**Kinder for Kinder**', and supporting differently-abled people '**Thanal**' are some of the activities in which Keli is deeply involved.



## Grill & Sports Day Celebrations

We are organizing grill parties and sports day every year. It is an event where community members and their families were invited to participate. Our grill masters prepare delicious grill dishes and Executive Committee members organize various activities for children and adults. It is always a memorable day of celebration and relaxation.





"Keli: Building a Strong Community of Indians in Switzerland through Cultural Exchange and Social Engagement"

## Tour Programs

We organized several tour programs during our journey, which helped our members to explore different parts of the world and enjoy themselves. The tours included visits to historical monuments, religious places, natural wonders, and famous tourist places. It provided an excellent opportunity for our members to bond and create lasting memories.

our programs aimed to expose people to different cultures and ways of life, fostering understanding and appreciation of diversity. This can help break down barriers between people of different backgrounds, and promote greater empathy and tolerance.

Our tour programs are designed to provide educational opportunities, such as visits to historical sites, museums, and cultural centers which can help broaden people's knowledge and perspectives and promote lifelong learning.

They can help broaden people's horizons, promote cultural understanding, and contribute to overall well-being and community development.

### *Conclusion*

In conclusion, our 25-year journey has been an eventful one, filled with numerous cultural, social, and educational initiatives. We are proud of our achievements and are committed to continuing our efforts for the betterment of our community. We welcome you all to join us "with Keli, hand-in-hand, generations to generations" and experience the sense of fulfillment of being a human.

Thank you
Binu Valiplackal
Secretary

# കാൽനൂറ്റാണ്ടിന്റെ സാമൂഹ്യസേവന പാതയിൽ കേളി



**പയസ്സ് പാലാത്രകടവിൽ**
സോഷ്യൽ സർവീസ് കോർഡിനേറ്റർ

കാൽ നൂറ്റാണ്ട് മുൻപ് ഒരു ചെറിയ കൂട്ടം പ്രവാസി മലയാളികൾ ഒരു മലയാളി കൂട്ടായ്മയെ കുറിച്ച് ആലോചിച്ചു. അവരുടെ ആലോചനയിൽ ആദ്യമായി വന്നത് അന്നത്തെ മലയാളി സമൂഹത്തിന്റെ ഗൃഹാതുരതയും, കേരളത്തിലെ സഹോദരങ്ങളോടുള്ള പ്രതിബദ്ധതയും ആയിരുന്നു. അങ്ങനെ സാംസ്കാരിക ഭൂമികയിൽ കലയും കാരുണ്യവും ഒത്തുചേർന്നു.

ഫാമിലി അംഗത്വവും ആയുഷ്ക്കാല അംഗത്വവുമുള്ള മെമ്പർഷിപ്പും വലിയ ഒരു പ്രവേശന ഫീസും വേണമെന്ന് അഭിപ്രായമുണ്ടായി. 1996-97 കാലഘട്ടത്തിൽ ഒരു സ്വിസ് ഫ്രാങ്കിന് 23-24 ഇന്ത്യൻ രൂപയാണ് വിനിമയ നിരക്ക്. അന്ന് CHF 250.- (ഇന്നത്തെ നിലയിൽ CHF 1'000.-) അംഗത്വ ഫീസ് വേണമെന്ന് തീരുമാനിച്ചു. കൂടാതെ എല്ലാ വർഷവും അർഹരായവരെ നാട്ടിൽ സാമ്പത്തികമായി സഹായിക്കണം എന്ന് കൂട്ടായ തീരുമാനവും എടുത്തു.

ആ കാലഘട്ടത്തിൽ ഭൂരിപക്ഷം സ്വിറ്റ്സർലണ്ടിലെ പ്രവാസി മലയാളികളും നാട്ടിലേക്ക് തിരികെ പോകണമെന്ന് ചിന്താഗതിയിൽ











ജീവിതം മുന്നോട്ട് കൊണ്ടുപോകുന്ന വരായിരുന്നു. അതുകൊണ്ട് തന്റെ വീട്ടുകാരെ സഹായിക്കുക എന്ന വലിയ ഭാരം പേറുന്ന അവർക്ക്, മറ്റൊരു ചാരിറ്റി പ്രവർത്തനത്തെക്കുറിച്ച് ചർച്ച ചെയ്യാവുന്ന അവസ്ഥ ആയിരുന്നില്ല. എന്നിരുന്നാലും തങ്ങളുടെ പ്രവർത്ത നങ്ങൾ സാമൂഹികസേവന രംഗത്ത് ഒരു മാതൃകയാകണമെന്ന് എല്ലാവരും ഐക്യകണ്ഠേന തീരുമാനിച്ചു. അങ്ങനെ സ്വിറ്റ്സർലാൻഡിൽ ഇന്ത്യൻ കലകളെ പ്രോത്സാഹി പ്പിക്കുന്ന സാമൂഹിക പ്രതിബദ്ധ തയുള്ള, സോഷ്യോ കൾച്ചറൽ ഓർഗനൈസേഷൻ (socio -cultural organisation, Keli ) 'കേളി' എന്ന പേരിൽ രൂപീകൃതമായി.

1998ൽ, സംഘടനയുടെ ആരംഭം മുതൽ തുടങ്ങിയ സാമൂഹ്യ സേവനം കേളി ഇന്നും അഭംഗുരം തുടരുന്നത് അഭിമാനാർഹമാണ്. തുടക്കം മുതൽ ചാരിറ്റി പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകിയ കേളി, കോടികളുടെ കാരുണ്യ സേവനമാണ് കേരളത്തിൽ ഇതുവരെ ചെയ്തത്. ചെറിയ രീതിയിൽ തുടങ്ങിവച്ച പ്രവർത്തന ങ്ങൾ അംഗങ്ങളുടെ അകമഴിഞ്ഞ സഹകരണം കൊണ്ടും സ്വിറ്റ്സർലൻഡിലെ മലയാളി സമൂഹത്തിന്റെയും സ്വദേശികളു ടെയും പിന്തുണ കൊണ്ടും കൂടുതൽ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുവാൻ സംഘടനയെ കെൽപ്പുള്ളതാക്കി.

**സാമൂഹിക സേവന രംഗത്ത് വിവിധ മേഖലകളിൽ സ്തുത്യർഘമായ വളർച്ചയാണ് കഴിഞ്ഞ 25 വർഷം കൊണ്ട് കേളി നേടിയെടുത്തത്. നിലവിൽ കേളി, `കിൻഡർ ഫോർ കിൻഡർ, കേളി ഷെൽട്ടർ, തണൽ തുടങ്ങിയ `വിവിധ പേരുകളിൽ സാമൂഹിക ക്ഷേമ പദ്ധതികൾ നടപ്പിലാക്കിവരുന്നു.**

ചുരുങ്ങിയ കാലം കൊണ്ട് കേളി സ്വിറ്റ്സർലണ്ടിലെ മലയാളി സമൂഹത്തിൽ പ്രവർത്തനശൈലി കൊണ്ടും മികവുകൊണ്ടും തലയെ ടുപ്പുള്ള പ്രവാസി സംഘടനയായി മാറി. കേളിയുടെ സാമൂഹ്യസേവനം ഏകോപിക്കാൻ ഒരു സോഷ്യൽ വർക്ക് കമ്മിറ്റിയേയും, കോഡിനേറ്ററേയും, ജനറൽബോഡി തിരഞ്ഞെടുക്കുന്നു. ഈ കമ്മിറ്റിയാണ് സാമ്പത്തികവർഷ ത്തെ സാമൂഹിക പ്രവർത്തനങ്ങൾ ക്രോഡീകരിച്ച് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ പരിഗണനക്ക് സമർപ്പി ക്കുന്നത്. ഏറ്റെടുക്കുന്ന പദ്ധതികൾ സമയബന്ധിതമായി ചെയ്തു തീർക്കുന്നതിനും, പോരായ്മകൾ സംഭവിക്കാതിരിക്കാനും ഉത്തരവാദി ത്തപ്പെട്ട കമ്മിറ്റികൾ എന്നും പ്രത്യേകം ശ്രദ്ധിക്കുന്നു. കേളിമെമ്പർമാരുടെ സഹകരണത്തിന് പുറമേ കേളിയെ സ്നേഹിക്കുകയും അതിന്റെ പ്രവർത്തനങ്ങളെ നോക്കി കാണുകയും ചെയ്യുന്ന അഭ്യുദയകാംക്ഷികളായ വ്യക്തികളുടേയും സ്ഥാപനങ്ങളുടേയും പിന്തുണ കേളിയുടെ പ്രവർത്തനങ്ങളെ ഉന്നത തലങ്ങളിൽ എത്തിക്കുവാൻ കാരണമായി.

സാമൂഹിക സേവന രംഗത്ത് വിവിധ മേഖലകളിൽ സ്തുത്യർഘമായ വളർച്ചയാണ് കഴിഞ്ഞ 25 വർഷം കൊണ്ട് കേളി നേടിയെടുത്തത്. നിലവിൽ കേളി, `കിൻഡർ ഫോർ കിൻഡർ, കേളി ഷെൽട്ടർ, തണൽ തുടങ്ങിയ `വിവിധ പേരുകളിൽ സാമൂഹിക ക്ഷേമ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

'കിൻഡർ ഫോർ കിൻഡർ', ആ പേര് സൂചിപ്പിക്കുന്നത് പോലെ സ്വിസ് മലയാളി കുട്ടികൾ നാട്ടിൽ പലവിധ കാരണങ്ങളാൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികളെ അവരുടെ വിദ്യാഭ്യാസ ആവശ്യത്തിന് സഹായിക്കുന്ന പദ്ധതി ആണ്. ഈ പദ്ധതിയുടെ നടത്തിപ്പിനുവേണ്ടി കണ്ടെത്തുന്ന പണം കുട്ടികളുടെ വിദ്യാഭ്യാസ ആവശ്യത്തിന് വേണ്ടി മാത്രം വിനിയോഗിക്കുന്നു എന്നതാണ് അതിന്റെ പ്രത്യേകത. സ്വിസ്സ് മലയാളി കുടുംബങ്ങളിലെ രണ്ടാം തലമുറക്കാർ പൂർണ്ണമായും ഏറ്റെടുത്ത് നടത്തുന്ന ഒരു പദ്ധതിയാണിത്. സാമ്പത്തിക സഹായത്തിന് അർഹരായ കുട്ടികൾക്ക് ആവശ്യമായ സ്പോൺസർമാരെ (Paten) കണ്ടെത്തിയും,



സ്വിറ്റ്സർലൻഡിലെ വിവിധ ഇടങ്ങളിൽ കലാസായാഹ്നങ്ങൾ സംഘടിപ്പിച്ചും, ഇതിനുവേണ്ട പണം സമാഹരിക്കുന്നു. ഉത്തരവാദിത്വബോധത്തോടെ, കൂട്ടായ പ്രവർത്തനം വഴി സംഭരിക്കുന്ന തുകകൊണ്ട് പ്രതിവർഷം ഏതാണ്ട് 15 ലക്ഷം രൂപയുടെ സാമ്പത്തിക സഹായമാണ് കേരളത്തിലെ വിവിധ ജില്ലകളിലുള്ള നിർദ്ധനരായ മുന്നൂറിലധികം കുട്ടികൾക്ക് വിതരണം ചെയ്യുന്നത്.

സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ട എയ്ഡ്സ് (AIDS) രോഗികളുടെ കുട്ടികളുടെ വിദ്യാഭ്യാസത്തിനും കോവിഡ് 19 മൂലം മാതാപിതാക്കൾ നഷ്ടപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസ ത്തിനും നൽകിയ സഹായം കിൻഡർ ഫോർ കിൻഡർ-ന്റെ (Kinder for Kinder) പ്രവർത്തനങ്ങളിൽ എടുത്തു പറയേണ്ടതാണ്. ഇത്തരം സോഷ്യൽ പ്രവർത്തനങ്ങളിലൂടെ, നമ്മുടെ ഇളംതലമുറക്കാരിൽ സാമൂഹിക പ്രതിബദ്ധതയും സംഘടനാപാടവവും വളർത്തിയെടുക്കുവാൻ സാധിക്കുന്നു.

സാമൂഹ്യ സേവന രംഗത്ത് വിവിധങ്ങളായ പദ്ധതികൾ നടപ്പാക്കുന്ന രാജഗിരി ഔട്ട്റീച്ചുമായി യോജിച്ചുള്ള പ്രവർത്തനങ്ങൾ കിൻഡർ ഫോർ കിൻഡറിന്റെ പ്രവർത്തന മേഖലകളെ കൂടുതൽ ജനങ്ങളിൽ എത്തിക്കുന്നതിനും മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്നതിനും സഹായിക്കുന്നു. ചെറിയരീതിയിൽ തുടങ്ങി ഇന്ന് വളർന്ന് പന്തലിച്ചിരിക്കുന്ന കിൻഡർ ഫോർ കിൻഡർ കേളിയുടെ അഭിമാന പ്രോജക്ട് ആണ്. ചാരിറ്റി പോലെ തന്നെ, കിൻഡർ ഫോർ കിൻഡർ, എന്ന കേളിയുടെ ആശയവും നിരവധി പ്രവാസി സംഘടനകൾക്ക് പ്രചോദനമായി എന്നത് സന്തോഷകരമാണ്.



'കേളി ഷെൽട്ടർ' ഭവനരഹിതർക്ക് വീടുകൾ നിർമ്മിച്ചു നൽകുന്ന മറ്റൊരു പദ്ധതിയാണ്. കഴിഞ്ഞ വർഷങ്ങളിൽ കേരളത്തിലെ പല ജില്ലകളിൽ നിർദ്ധനരായ ഭവനരഹിതർക്ക് പുതിയ വീടുകൾ നിർമ്മിച്ചുകൊടുത്തു. ജാതിമത ചിന്തകൾക്ക് അതീതമായി തികച്ചും സാമ്പത്തിക മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് അർഹരായവരെ കണ്ടെത്തി സഹായിക്കുന്നത്. ഭൂരഹിതരായ ആളുകൾക്കും, മറ്റുള്ള വരുടെ സഹായത്തോടു കൂടി ഭൂമി വാങ്ങി ഭവനങ്ങൾ നിർമ്മിച്ചു നൽകി വരുന്നു. സമാനചിന്താഗതിക്കാരായ വ്യക്തികളുടേയും സംഘടനകളുടേയും ഉദാരമായ സഹായങ്ങൾ ഇക്കാര്യ ത്തിൽ കേളിക്ക് ലഭിച്ചുവരുന്നുണ്ട് എന്നത് നന്ദിപൂർവ്വം സ്മരിക്കുന്നു. ഭക്ഷണവും വസ്ത്രവും പോലെ തന്നെ മനുഷ്യരുടെ അടിസ്ഥാന ആവശ്യമായ വീടുകൾ നിർമ്മിച്ചു നൽകാൻ കൈകോർത്ത എല്ലാവരെയും നന്ദിയോടെ ഈ അവസരത്തിൽ സ്മരിക്കുന്നു.

'തണൽ' ഭിന്നശേഷിക്കാരെ സഹായി ക്കുന്നതിനുള്ള കേളിയുടെ മറ്റൊരു പദ്ധതിയാണ്. നമ്മുടെ നാട്ടിൽ ദൗർഭാഗ്യവശാൽ ഇത്തരത്തിലുള്ള ആളുകളെ സംരക്ഷിക്കുന്നതിനും അവരുടെ കഴിവുകൾ പ്രോത്സാഹിപ്പി ക്കുന്നതിനും വേണ്ടത്ര സംവിധാനങ്ങൾ ഇല്ല. അവരെ പലപ്പോഴും അവഗണിക്കു കയും ഒറ്റപ്പെടുത്തുകയും ചെയ്യുന്നു. കേളി പല പ്രോജക്ടുകൾ വഴി ഇത്തര ത്തിലുള്ളവരെ സഹായിക്കുന്നതിനും സ്വയം പര്യാപ്തതയിൽ എത്തിക്കുന്ന തിനും വേണ്ട ശ്രമങ്ങൾ നടത്തിവരുന്നു.

മാനസികമായും ശാരീരികമായും കുറവുകളുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് വേണ്ട പരിശീലനം നൽകി അവരെ സ്വന്തം കാലിൽ നിൽക്കുന്നതിനും അവരുടെ കഴിവുകൾ പരിപോഷിപ്പിക്കുന്നതിനും വേണ്ട സഹായങ്ങൾ നൽകുന്നു. ഈ വിഭാഗത്തിൽപ്പെട്ട കുട്ടികളെ വീട്ടിൽ നിന്ന് പരിശീലന കേന്ദ്രത്തിൽ എത്തിക്കുന്നതിനും തിരിച്ച് വീട്ടിലെത്തിക്കുന്നതിനും വേണ്ടി എറണാകുളം ജില്ലയിലെ സ്നേഹനി ലയത്തിനു എട്ടു ലക്ഷം രൂപ മുടക്കി ഒരു ബസ്സ് വാങ്ങി നൽകുകയുണ്ടായി. അതുപോലെതന്നെ ഭിന്നശേഷി ക്കാരായ ഗായകർക്ക് പ്രോഗ്രാമുകൾ നടത്തുന്നതിന് എറണാകുളത്തെ 'സ്പർശൻ മെലഡിക്ക്' ഒരു വാൻ വാങ്ങി വീൽചെയർ ഉപയോഗിക്കാനുള്ള സൗകര്യം ഏർപ്പെടുത്തി നൽകുകയു ണ്ടായി. വീൽ ചെയറുകൾ ഉപയോഗി ക്കുന്ന ഭിന്നശേഷിക്കാരായ കുട്ടികൾക്ക് ഉപയോഗിക്കുവാൻ പാകത്തിന് ശൗചാലയങ്ങൾ നിർമ്മിക്കുന്നതിന് സഹായങ്ങൾ നൽകുകയുണ്ടായി.



അനാഥരേയും പ്രായമായവരേയും സംരക്ഷിക്കുന്ന തൊടുപുഴയിലുള്ള മദർ & ചൈൽഡ് ഫൗണ്ടേഷന് സ്വയം പര്യാപ്തത കൈവരിക്കുന്നതിന് അഞ്ചുലക്ഷം രൂപ മുടക്കി പുതിയ ട്രാക്റ്റർ വാങ്ങി നൽകുകയുണ്ടായി. ഇതിന്റെ താക്കോൽദാനം 2022




ഡിസംബറിൽ സ്ഥലം എംഎൽഎ ശ്രീ. പി.ജെ. ജോസഫ് നിർവഹിച്ചു. കാലാകാലങ്ങളിൽ അവശ്യസമയങ്ങളിൽ  നിരവധി പദ്ധതികൾ കേളി ഏറ്റെടുത്ത നടത്തിയിട്ടുണ്ട്.

കേരളത്തിൽ പ്രളയം താണ്ഡവമാടിയ 2018ൽ  മുഖ്യമന്ത്രിയുടെ പ്രളയ ദുരിതാശ്വാസനിധിയിലേക്ക് 10 ലക്ഷം രൂപ നൽകി. കൂടാതെ 25 ലക്ഷം രൂപ മുടക്കി ഉരുൾപൊട്ടലിൽ തകർന്നുപോയ ഇടുക്കി ജില്ലയിലെ മുക്കടം വിജ്ഞാനം എൽപി സ്കൂൾ പൂർണ്ണമായി പുതിയതായി നിർമ്മിച്ച നൽകിയത് ഉൾപ്പെടെ ഒരു കോടിയിൽ പരം രൂപയുടെ പദ്ധതികളാണ് 2018-19 കാലയളവിൽ നടപ്പിലാക്കിയത്.

പ്രവാസി സംഘടനകളുടെ ചരിത്രത്തിൽ ആദ്യമായി കേരളത്തിൽ ഒരു പ്രവാസിമേളയും അതിനോട് അനുബന്ധിച്ച് 32 ലക്ഷം രൂപയുടെ വിവിധങ്ങളായ സാമൂഹ്യ ക്ഷേമ പദ്ധതികളും നടപ്പാക്കി. തൊഴിൽരഹിതർക്ക് തൊഴിൽ നൽകുന്നതിന്റെ ഭാഗമായി വനിതകൾക്ക് 10 ഓട്ടോറിക്ഷകൾ നൽകിയതിന്റെ ഉദ്ഘാടനം അന്നത്തെ മുഖ്യമന്ത്രി ബഹുമാനപ്പെട്ട ശ്രീ. വി.എസ്. അച്യുതാനന്ദൻ നിർവഹിച്ചു. കൂടാതെ 15 നേഴ്സിങ് വിദ്യാർത്ഥികൾക്ക് അവരുടെ വിദ്യാഭ്യാസം പൂർത്തിയാക്കുന്നത് വരെ ആവശ്യമായ സാമ്പത്തിക സഹായവും, അട്ടപ്പാടിയിലെ 250 ആദിവാസി കുട്ടികൾക്ക് അവരുടെ വിദ്യാഭ്യാസത്തിന് വേണ്ട സഹായവും നൽകുകയുണ്ടായി. ഇരുപതോളം അനാഥ ബാലന്മാരെ സംരക്ഷികുന്നതിനും അവർക്ക് സ്വന്തമായി തൊഴിൽ ചെയ്യുന്നതിനും സാധിക്കുന്ന തരത്തിൽ അങ്കമാലിയിലെ ഗലീലിയ ചിൽഡ്രൻസ് ഹോമിന് പത്തുലക്ഷം രൂപ മുടക്കി കെട്ടിടം നിർമ്മിച്ചു നൽകി.

ഇതിനൊക്കെ പുറമേ കുഷ്ഠരോഗം മൂലം വീട്ടുകാരാൽ ഉപേക്ഷിക്കപ്പെട്ട മനുഷ്യരെ സംരക്ഷിക്കുന്ന മഹാരാഷ്ട്രയിലെ ലിംബോറ കുർദിലുള്ള 'ലെപ്രസി റിലീഫ് റിഹാബിലിറ്റേഷൻ സെന്ററിൽ', അവിടുത്തെ അന്തേവാസികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് വേണ്ട സഹായവും, വാർദ്ധക്യത്തിൽ സാമ്പത്തിക പരിമിതി മൂലം കഷ്ടപ്പെട്ട കലാകാരന്മാർക്ക് നൽകിയ സഹായവും, കോട്ടയം ജില്ലയിലെ മലയോര മേഖലയായ കൂട്ടിക്കലെ ആതുരാലയത്തിന്  മനുഷ്യജീവൻ നിലനിർത്താൻ ആവശ്യമായ ഓക്സിജൻ സിലിണ്ടർ പോലെയുള്ള സാധന സാമഗ്രഹികൾ വാങ്ങുവാൻ വേണ്ട സഹായവും നൽകി. കേരളതീരത്ത് സുനാമി ആഞ്ഞടിച്ച കരുനാഗപ്പള്ളി ആലപ്പാട് ഭാഗത്ത് 'കേളി ജീവനി' പ്രോജക്ടിലൂടെ 14 ലക്ഷം രൂപ മുതൽമുടക്കി പുനർനിർമ്മാണ പ്രവർത്തനങ്ങൾ നടത്തുകയും ആ മേഖലയിലെ വിധവകളായ സ്ത്രീകളുടെ സംരക്ഷണത്തിനും അവരുടെ കുട്ടികളുടെ വിദ്യാഭ്യാസത്തിനുമായി തുകകൾ കണ്ടെത്തി വിതരണം ചെയ്യുകയുമുണ്ടായി. നോർത്ത് ഇന്ത്യൻ സംസ്ഥാനമായ ബീഹാറിൽ അവിടുത്തെ ആദിവാസി കുട്ടികളുടെ വിദ്യാഭ്യാസത്തിനും പരിപാലനത്തിനുമായി പത്മശ്രീ സിസ്റ്റർ സുധ വർഗീസുമായി ചേർന്ന് വേണ്ട സഹായം എത്തിച്ചു.

ഇന്ത്യയിൽ ഭൂകമ്പത്തിനിരയായ ലാത്തൂർ നിവാസികളെ പുനരധിവസിപ്പിക്കുന്നതിന് ദീപികയുമായി കൈകോർത്ത് അവിടുത്തെ പുനരധിവാസ പ്രവർത്തനങ്ങളിൽ പങ്കാളികളായി. കേളി സാമൂഹിക  മണ്ഡലത്തിൽ എന്നപോലെ കലാസാംസ്കാരിക മേഖലകളിലും അതിന്റെ ജൈത്രയാത്ര തുടരുകയാണ്. കഴിഞ്ഞ കാലപ്രവർത്തനങ്ങളേക്ക്  തിരിഞ്ഞു നോക്കുമ്പോൾ വളരെ അഭിമാനകരമായ നേട്ടങ്ങളാണ് കേളി  കൈവരിച്ചത്. സഹജീവികളായ മനുഷ്യർക്ക് ജീവിതത്തിന്റെ വിവിധ തലങ്ങളിൽ നേരിട്ടും അല്ലാതെയും അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുവാൻ ക്രിയാത്മകമായ നിരവധി കർമ്മ പരിപാടികളിലൂടെ സഹായം എത്തിച്ചുകൊണ്ടിരിക്കുന്നു.

നിസ്വാർത്ഥസേവനങ്ങളിലൂടേയും സാമ്പത്തിക സഹായങ്ങളിലൂടേയും കേളിയുടെ  പ്രവർത്തനങ്ങളെ സഹായിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന എല്ലാവരേയും  ഈ അവസരത്തിൽ നന്ദിയോടെ സ്മരിക്കുന്നു.

കലയും കാരുണ്യവും സംയോജിപ്പിച്ചുകൊണ്ടുള്ള കേളിയുടെ പ്രവർത്തനങ്ങൾ വരും തലമുറയ്ക്കും പ്രചോദനമാകട്ടെ. തുടർന്നും  വർദ്ധിച്ച ഐക്യത്തോടും സഹകരണത്തോടും കൂടുതൽ കൂടുതൽ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുവാൻ സംഘടന പ്രാപ്തമാകും വിധം നമുക്കെല്ലാവർക്കും യോജിച്ചു പ്രവർത്തിക്കാം.

സ്നേഹപൂർവ്വം
**പയസ് പാലാത്രകടവിൽ**
സോഷ്യൽ സർവീസ് കോർഡിനേറ്റർ

*Remembering our*
*Departed Members Honoring their*
*Legacy and Contributions*

 

കേളിയുടെ സ്ഥാപകമെമ്പർമാരും
സജ്ജീവ പ്രവർത്തകരുമായിരുന്ന
**മുരളിധരൻ താന്തോന്നിച്ചിറ, ജെയിംസ് പട്ടത്തുപറമ്പിൽ**
എന്നിവരുടെ സ്മരണയ്ക്ക് മുൻപിൽ
ആദരാഞ്ജലികൾ അർപ്പിക്കുന്നു.



# മമ്മി

## കവിത




### ബേബി കാക്കശ്ശേരി

(1945-ൽ ഗുരുവായൂരിനടുത്ത് ആളൂർ [മറ്റം] ഗ്രാമത്തിൽ ജനനം. മദ്രാസ്സിൽ നിന്നും ചിത്രകലയിൽ ഡിപ്ളോമ നേടി. തുടർന്ന് നാട്ടിൽ കമ്പിത്തപാൽ വകുപ്പിൽ 15 വർഷം സേവനം. 1980 ഡിസംബർ മുതൽ സ്വിറ്റ്സർലാന്റിൽ ജോലി ചെയ്ത് 2007-ൽ അടുത്തൂൺ പറ്റി. യൂറോപ്പിലെയും ഗൾഫുനാടുകളിലേയും ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ സ്ഥിരം കവിതകളെഴുതുന്നു. കവിതാമത്സരങ്ങളിലും ചെറുകഥാ മത്സരങ്ങളിലും നിരവധി തവണ സമ്മാനാർഹനായി. 'വിലാപകാവ്യം', 'ദാഹിക്കുന്ന താമര', 'ഹംസഗാനം' എന്നീ കാവ്യസമാഹാരങ്ങൾ പുറത്തിറക്കിയിട്ടുണ്ട്. ഹംസഗാനത്തിന് ലണ്ടൻ മലയാളി കൗൺസിൽ പ്രവാസികൾക്കായി നടത്തിയ കവിതാമത്സരത്തിന് പുരസ്ക്കാരം നേടി. 'സ്വർഗ്ഗമാർഗ്ഗം', 'പാട്ടിന്റെ പാലാഴി', 'മനതാരിൽ', 'ഡ്രീംസ് ' എന്നീ ആൽബങ്ങൾക്കു വേണ്ടി ഗാനരചന നിർവ്വഹിച്ചു. ഇപ്പോൾ സ്വിസ്സിൽ വിശ്രമ ജീവിതം നയിക്കുന്നു. ഭാര്യ: സെലിൻ. മക്കൾ: ലൗലി, ലിബി.)


പുതിയതൊക്കെയും
പഴയതാകുന്നു,
പഴയതൊക്കെയും
പുതിയതാകുന്നു.
കിഴവി ഞാൻ മാത്രം
പുതുകാലത്തിന്റെ
ചവിട്ടേറ്റു പട്ടു
കിഴവിയാകുന്നു.

മുടിയിഴകളിൽ
വെളുപ്പു കൂടുന്നു
മിഴിയിണകളിൽ
കറുപ്പു മൂടുന്നു.
കവിൾ കുഴിയുന്നു
കഴിവു ചോരുന്നു
കരതലങ്ങളിൽ
വിറയലേറുന്നു.
വലിയ ശബ്ദങ്ങൾ
ചെറിയതാകുന്നു
ചെറിയ ശബ്ദങ്ങൾ
ചെവി ത്യജിക്കുന്നു.
മൂലകൾ വീഴുന്നു
സ്മൃതികളാടുന്നു
മൃതിയുടെ ശ്രുതി
ദ്രുതം മുഴങ്ങുന്നു.

പുതിയതൊക്കെയും
പഴയ താകുന്നു
പഴയതൊക്കെയും
പുതിയതാകുന്നു

കിഴവി ഞാനെന്തേ
കലികാലത്തിന്റെ
ചവിട്ടേറ്റു വീണ്ടും
കിഴവിയാകുന്നു?

വലിയ ഭൂഗോളം
വൃദ്ധസദനത്തിൻ
ചുവരുകൾക്കുള്ളിൽ
ചെറിയതാകുന്നു.
ചുരന്നു നൽകിയ
മുലപ്പാലി, ലന്നു
മധുരമിട്ടില്ലെന്നൊരുവളോതുന്നു.
പകുത്തു കിട്ടിയ
പറമ്പിലേറ്റവു-
മധികം ജേഷ്ഠനെ -
ന്നനുജൻ തുള്ളുന്നു!

ഉയരത്തമ്പിളി
മാമനെ കാട്ടി ഞാൻ
ഉരുളയേകി
യോർ
മുകളിലെത്തുന്നു.

പിടിമുറുക്കവേ
നനഞ്ഞ സോപ്പു പോൽ
വരുന്നൊരോർമ്മകൾ
വഴുതി മാറുന്നു.

ധരണി താഴെ മൺ-
ഭരണിയാകുന്നു
അതിൽ ഞാൻ മമ്മി*യായ്
ചുരുണ്ടിരിക്കുന്നു.

* മമ്മി = അമ്മയെന്നും കേടുകൂടാതെ സൂക്ഷിക്കുന്ന ശവം എന്നും അർത്ഥം

# അവന്റെ കഥ, അവളുടേയും



**ജോൺ കുറിഞ്ഞിരപ്പള്ളി**

(കണ്ണൂർ ജില്ലയിലെ  എരുവാട്ടിയിൽ താമസം. മൈസൂർ യൂണിവേഴ്സിറ്റിയിൽ നിന്നും സോഷിയോളജിയിൽ എം.എ., കണ്ണൂർ ഗവർമെന്റ് പൊളി ടെക്നിക്കിൽ നിന്ന് ഇലക്ട്രിക്കൽ എഞ്ചിനീറിങ്ങിൽ ഡിപ്ലോമ. നിയമപഠനം വിദ്യാവർത്തക ലോ കോളേജ് മൈസൂർ. ബാംഗ്ലൂരിലു മൈസൂറിലുമായി ഔദ്യോഗിക ജീവിതം.

**കൃതികൾ:** മേമനെകൊല്ലി, സാക്ഷി, ആറോൺ (നോവൽ). സ്വിറ്റ്സർലണ്ടിലെ ചങ്ങാതിക്കൂട്ടവുമായി ചേർന്ന് 'മഞ്ഞിൽവിരിഞ്ഞ ഓർമ്മകൾ' എന്ന ഓർമ്മകുറിപ്പും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇപ്പോൾ സ്വിറ്റ്സർലണ്ടിൽ സ്ഥിരതാമസം. സോഷ്യൽ മീഡിയകളിൽ സജീവം ഭാര്യ, ഡെയ്സി. മക്കൾ ക്ലിന്റ്, കെവിൻ, കിരൺ.)



എവ്‌ലിൻ  റോസ് എന്ന ഇംഗ്ലണ്ടുകാരി യുവതിയെ എബ്രഹാം ജോസഫ് എന്ന പാലാക്കാരൻ യുവാവ് പരിചയപ്പെടുന്നത് യാദൃശ്ചികമായിട്ടാണ്. ഏതോ ഒരു പത്രത്തിൽ വന്ന മലകയറ്റത്തെക്കുറിച്ചുള്ള ഒരു ലേഖനം വായിച്ചപ്പോൾ അബ്രഹാം ജോസഫിന് തോന്നി, ഇത് കൊള്ളാവുന്ന ഒരു പരിപാടിയാണ്, അര കൈയ്യ് നോക്കികളയാം എന്ന്.

അബ്രഹാം ജോസഫ് എന്നാണ് യഥാർത്ഥ പേരെങ്കിലും കൂട്ടുകാർ അവറാച്ചൻ എന്നാണ് വിളിക്കുക. ഡിഗ്രി കഴിഞ്ഞു, ഇനി അടുത്ത പരിപാടി എന്തെന്ന് ആലോചിക്കാൻ അൽപം സമയമുണ്ട്. ആ സമയം വെറുതെ ഇരിക്കാൻ പറ്റില്ല. റിസൾട്ട് വരാൻ ഇനി രണ്ടുമാസമെടുക്കും.

നാട്ടിൽ, സാമൂഹ്യസേവനം, വോളിബോൾ, ക്ലബ്, വായനശാല തുടങ്ങി അവറാച്ചൻ ഇല്ലാത്ത പരിപാടികൾ കുറവാണ്. പാലാ ടൗണിലുള്ള വോളിബോൾ ക്ലബ്ബിലെ പ്രധാന ഓൾ റൗണ്ടർ. നല്ല ഉയരവും ശാരീരികക്ഷമതയുമുള്ള അവറാച്ചൻ സുഹൃത്തുക്കളുടെ ഇടയിലെ ഹീറോയാണ്.

ഗൂഗിളിൽ തപ്പിയപ്പോൾ മലകയറ്റം എന്ന് പറയുന്ന മൗണ്ടനീറിങ്ങിനെ കുറിച്ച് കൂടുതൽ വിവരങ്ങൾ കിട്ടി. പാലായിലും പരിസര പ്രദേശങ്ങളിലുമുള്ള കുന്നുകളും മലകളും പിന്നെ മലയാറ്റൂർ മലയും കയറിയിട്ടുള്ള അവറാച്ചൻ 'ഇതൊക്കെ വെറും നിസ്സാരം', എന്ന് കരുതി.

അങ്ങനെ നേപ്പാളിലുള്ള ഹിമാലയ മൗണ്ടനീറിങ് ഇൻസ്റ്റിട്യൂട്ടിൽ ഒരു മാസത്തെ ഒരു ബേസിക്ക് കോഴ്സിന് അഡ്മിഷൻ തരമാക്കി. ആ മലകയറ്റമല്ല ഈ മല കയറ്റം, എന്ന് തിരിച്ചറിഞ്ഞപ്പോൾ അവറാച്ചൻ ഞെട്ടിപ്പോയി.

ഇരുപത്തിഒന്നാമത്തെ വയസ്സിൽ ഹിമാലയം കീഴടക്കുന്ന ആദ്യത്തെ പാലാക്കാരൻ എന്ന ബഹുമതി അവറാച്ചൻ സ്വപ്നംകണ്ടു. പക്ഷേ, അപ്പച്ചന്റേയും അമ്മച്ചിയുടേയും അനുവാദം കിട്ടില്ല എന്നകാര്യം ഉറപ്പാണ്.

ഇടവകപ്പള്ളിയിലെ വികാരി അച്ചനെ ചാക്കിട്ടു ബിഷപ്പിന്റെ റെക്കമെന്റേഷനും സംഘടിപ്പിച്ചു, വീട്ടിൽ പ്രമേയം അവതരിപ്പിച്ചപ്പോൾ ആർക്കും എതിർപ്പില്ലാതായി.



അനിയത്തി, സിസിലി പറഞ്ഞു, ''ചേട്ടന്റെ ഒരു ഫോട്ടോ എടുത്തോട്ടെ?''

''അതെന്താടി നിനക്ക് ഇപ്പോൾ ഒരു പ്രത്യേക സ്നേഹം?''

''ചേട്ടനെ ഇനി ഈ ഷെയ്പ്പിൽ കാണാൻ കഴിയുമോ എന്നാർക്കറിയാം?''

അമ്മച്ചിക്കും അപ്പച്ചനും ഇതേ അഭിപ്രായം തന്നെ ആയിരിക്കും എന്ന് അവറാച്ചന് ഉത്തമ ബോധ്യമുണ്ട്.

ഒരുമാസത്തെ റബ്ബറുവിറ്റ കാശ് അവനുവേണ്ടി മുടക്കാം, എന്ന് അപ്പച്ചൻ സമ്മതിച്ചത് സാക്ഷാൽ അവറാച്ചന് തന്നെ അത്ഭുതമായിത്തോന്നി.

"അവൻ മലകയറാൻ പോയി എന്റെ `റവർ`കട അന്യം നിന്ന് പോകുമോടി", എന്ന് ഭാര്യ അന്നമ്മയോട് ജോസഫ് അച്ചായൻ സംശയം ചോദിച്ചു.

രാമപുരത്തു് അച്ചായന് ഒരു മലഞ്ചരക്ക് കടയുണ്ട്. അവിടെ പ്രധാനമായും റബ്ബർ കച്ചവടം ആണ് നടക്കുന്നത്.

"നിങ്ങക്ക് എന്നാത്തിന്റെ സൂക്കേടാ മനുഷ്യാ? അവൻ പോയിട്ട് വരട്ടെ", എന്ന മറുപടി അയാളെ സമാധാനിപ്പിച്ചു.

അങ്ങനെ പറഞ്ഞെങ്കിലും അന്നമ്മയുടെ മനസ്സിൽ തീ ആളി. "ഈ ചെറുക്കന് എന്നാത്തിന്റെ അസുഖമാ? കയ്യുംകാലും ഓടിക്കാതെ തിരിച്ചുവന്നാൽ മതിയായിരുന്നു എന്റെ മാതാവേ", എന്ന് തന്നത്താൻ പറയുകയും ചെയ്തു.

പാലാക്കാരുടേയും സുഹൃത്തുക്കളുടേയും യാത്രയയപ്പും വാങ്ങി അബ്രഹാം ജോസഫ് ഡൽഹിയിൽ നിന്നും കാഠ്മണ്ഡുവിലേക്കുള്ള ഫ്ലൈറ്റിൽ കയറി. ഫോട്ടോകളിൽ കണ്ടു മോഹിച്ച മഞ്ഞും പ്രകൃതി ദൃശ്യങ്ങളുമായിരുന്നു മനസ്സിൽ നിറയെ.

മുൻപിൽ തല ഉയർത്തിനിൽക്കുന്ന ഹിമാലയപർവ്വതം നേരിട്ടുകണ്ടപ്പോൾ ഉള്ളിൽ ഭയം ഉടലെടുത്തു. പർവ്വതക്കൂട്ടങ്ങൾക്കിടയിൽ തല ഉയർത്തിപിടിച്ചുനിൽക്കുന്ന എവറസ്റ്റ് കൊടുമുടിയിലേക്ക് നോക്കാൻ തന്നെ ഭയം തോന്നി.

ഈ കൊടുമുടി ഒരിക്കലും താൻ കയറാൻ പോകുന്നില്ല എന്ന ചിന്ത മനസ്സിൽ കയറി. ഹിമാലയ താഴ്വാരത്തിലെ മൈനസ് ഡിഗ്രി ടെമ്പറേച്ചറിൽ അവറാച്ചൻ കുഴങ്ങി. ഇനി, ഇത് അഭിമാനത്തിന്റെ പ്രശ്നമാണ്. ഹിമാലയം കയറിയില്ലങ്കിലും എങ്ങനെയുംകോഴ്സ് പൂർത്തിയാക്കണം, അവറാച്ചൻ ഉറച്ച തീരുമാനമെടുത്തു.

നോക്കെത്താ ദൂരം മഞ്ഞു മൂടികിടക്കുന്നു. തണുപ്പിനെ പ്രതിരോധിക്കാൻ മാർഗ്ഗങ്ങൾ ഉണ്ട്. എന്നാൽ ചില സമയങ്ങളിൽ വീശിയടിക്കുന്ന തണുത്ത കാറ്റ് അപകടകാരിയും സഹിക്കാൻ പറ്റാത്തതും ആയിരുന്നു.

ശരീരം പുതിയ കാലാവസ്ഥയുമായി പൊരുത്തപ്പെടാൻ സമയമെടുക്കും.

ആദ്യ ദിവസം ഇൻട്രോ കഴിഞ്ഞു ബാച്ചിലെ പതിനഞ്ചുപേരും ഒന്നിച്ചുകൂടി പരിചയപെട്ടു. ഇനി ഒരുമാസം അവർ പതിനഞ്ചു പേരും ഒന്നിച്ചായിരിക്കും.

വിദ്യാർഥികൾ എല്ലാവരും മുപ്പത് വയസ്സിൽ താഴെയുള്ളവരും

പല രാജ്യങ്ങളിൽ നിന്ന് വന്നവരും ആയിരുന്നു.

പത്തുപേർ ഇന്ത്യക്കാർ, ഒരാൾ ഇംഗ്ലണ്ട്, ഒരാൾ ആസ്ട്രേലിയ, പിന്നെ സ്വീഡനിൽനിന്നും രണ്ടുപേർ ന്യൂസിലാൻഡിൽ നിന്ന് ഒരാൾ.

വിദ്യാർത്ഥികളിൽ രണ്ടുപേർ യുവതികളാണ്.

അവറാച്ചന്റെ അടുത്തുള്ള സീറ്റിൽ ഇരുന്നിരുന്ന യുവതി എവ്‌ലിൻ റോസ്, ഇംഗ്ലണ്ട് കാരിയാണ്. സ്വർണ്ണമുടിയും വെള്ളാരം കണ്ണുകളുമുള്ള ഇരുപതുകാരിയായ എവ്‌ലിനെ ഒറ്റനോട്ടത്തിൽ തന്നെ അവറാച്ചന് ഇഷ്ടമായി. മെലിഞ്ഞ ശരീരപ്രകൃതിയും സാമാന്യം ഉയരവുമുള്ള സുന്ദരിയാണ് എവ്‌ലിൻ.

എങ്ങനെ തുടങ്ങണം സംസാരം എന്ന് മനസ്സിൽ ആലോചിച്ചുകൊണ്ടിരിക്കുമ്പോൾ അവൾ ചിരിച്ചുകൊണ്ട് അവന്റെ നേരെ കൈനീട്ടി.എന്നിട്ടു പറഞ്ഞു,"ഐ ആം എവ്‌ലിൻ റോസ്, ഫ്രം യു.കെ."

അവളുടെ മൃദുലമായ കൈയ്യിൽ സ്പർശിച്ചപ്പോൾ അവന്റെ ഉള്ളിൽ കുളിരുകോരി.

എവ്‌ലിൻ സുന്ദരിയും വളരെ സംസാരപ്രിയയും ആയിരുന്നു.

പാലായ്ക്ക് വെളിയിൽ അധികം യാത്ര ചെയ്തിട്ടില്ലെങ്കിലും അറിയാവുന്ന ഇംഗ്ലീഷിൽ അവറാച്ചൻ പറഞ്ഞു,'' ഐ. ആം അബ്രാഹം ജോസഫ്, ഫ്രം പാലാ. യു നോ ഗോഡ്സ് ഓൺ കൺട്രി?"

"വാട്ട്? ഡോഗ്സ് ഓൺ കൺട്രി?"

"നോ. നോ ഡോഗ്സ് ഓൺ കൺട്രി, ഗോഡ്സ് ഓൺ കൺട്രി." ഇവൾ നാട്ടിലെ പേപ്പട്ടി ബഹളം അറിഞ്ഞിരിക്കുമോ?

ഏയ് അങ്ങനെ വരാൻ സാധ്യത ഇല്ല.

എന്തുകൊണ്ടോ അവറാച്ചന് അവളെ വളരെ ഇഷ്ടപ്പെട്ടു. എവ്‌ലിനും അവറാച്ചനോട് അടുപ്പം കാണിച്ചു.എവ്‌ലിൻ പറഞ്ഞു, "അബ്രാഹം ജോസഫ്, ഇത് ഒരു നീണ്ട പേരാണ്, വിളിക്കാൻ വിഷമം ആണ്."

"എന്നെ അടുത്ത സുഹൃത്തുക്കൾ അവറാച്ചൻ എന്നാണ് വിളിക്കുന്നത്. എവ്‌ലിനും അങ്ങിനെ വിളിക്കാം."

"ഗുഡ്. അബ്രാച്ചൻ."

"അബ്രാച്ചൻ അല്ല അവറാച്ചൻ" ആണ് എന്ന് പറഞ്ഞു നോക്കിയെങ്കിലും അവൾക്ക് അത് മനസ്സിലായില്ല.

"ഓക്കേ, ഓക്കേ, അബ്രാച്ചൻ." അവൾ പറഞ്ഞു.

ആദ്യം ഉണ്ടായിരുന്ന പരിഭ്രമവും ഉത്കണ്ഠയും സാവകാശം മാറി, അവറാച്ചന് ക്ലാസിൽ താല്പര്യം തോന്നിത്തുടങ്ങി. എവ്‌ലിനുമായി ഉണ്ടായ അടുപ്പവും അതിന് ഒരു കാരണമായിരുന്നു.

തിയറിയും പ്രാക്ടിക്കൽ ട്രെയിനിങ്ങുമായി ഒരാഴ്ച കഴിഞ്ഞപ്പോൾ, മലകയറ്റത്തിന് ഉപയോഗിക്കുന്ന ഉപകരണങ്ങൾ എങ്ങനെയാണ് ഉപയോഗിക്കേണ്ടത് എന്ന് മനസ്സിലായി. റോപ്പ്, ആക്സ്, സ്റ്റിക്സ്, മഞ്ഞിൽ ഉപയോഗിക്കുന്ന ഷൂസ്, സാറ്റലൈറ്റ് ടെലിഫോൺ, ഓക്സിജൻ സിലിണ്ടർ, നാവിഗേഷൻ സിസ്റ്റം തുടങ്ങിയ ഉപകരണങ്ങൾ അവറാച്ചൻ സമർത്ഥമായി ഉപയോഗിക്കാൻ പഠിച്ചു.

രണ്ടാഴ്ച്ചത്തെ പരിചയവും അടുപ്പവുംകൊണ്ട് എവ്‌ലിൻ അവറാച്ചന്റെ സ്വപ്നങ്ങളിൽ നിറഞ്ഞുനിന്നു.

അമ്മച്ചിയേപ്പോലെ ചട്ടയും മുണ്ടും കവണിയും ധരിച്ച് ഇടവകപ്പള്ളിയിൽ പെരുന്നാളിന് പോകുന്ന എവ്‌ലിന്റെ ചിത്രം മനസ്സിൽ കണ്ടപ്പോൾ അവറാച്ചന് ചിരിവന്നു.

മറ്റുപലരും അവളെ ചുറ്റിപ്പറ്റി നടക്കുന്നത് അവറാച്ചൻ കാണാതിരുന്നില്ല. അവസാനം വരുന്നതുവരട്ടെ എന്ന് വിചാരിച്ച് കാന്റിനിൽ കാപ്പികുടിച്ചുകൊണ്ടിരിക്കുന്നതിനിടയിൽ അവറാച്ചൻ മനസ്സിലിരുപ്പ് എവ്‌ലിനോട് തുറന്നു പറയാൻ തീരുമാനിച്ചു. കാത്തിരുന്നാൽ വേറെ വല്ലവരും അവളെ കൊത്തിക്കൊണ്ട് പറന്നുപോയാലോ എന്ന ഭയവും ഉള്ളിലുണ്ട്.

'എവ്‌ലിൻ, എനിക്ക് നിന്നോട് ഒരു കാര്യം പറയാനുണ്ട്.'

'പറയൂ.'

'നമ്മുക്ക് പുറത്തിറങ്ങി അല്പം നടന്നാലോ?' അവൻ ചോദിച്ചു.

"ഓ, അതിനെന്താ? ഇപ്പോൾ ഫ്രീ ടൈമല്ലേ, പോകാം" അവൾ യാതൊരു സങ്കോചവും ഇല്ലാതെ പറഞ്ഞു. ഡ്രസ്സ് മാറി പുറത്തേക്ക് ഇറങ്ങുമ്പോൾ സെക്യൂരിറ്റിയിൽ നിന്നിരുന്ന ഗൂർഖ ചോദിച്ചു, "വെയർ ഗോയിങ്?"എന്ന് വച്ചാൽ എവിടെ പോകുന്നു എന്ന്.

പുറത്തു നടക്കാൻ പോകുന്നു

എന്നുപറഞ്ഞപ്പോൾ അയാൾദൂരേക്ക് വിരൽ ചൂണ്ടി പറഞ്ഞു, "അവിടെ റോപ്പ് വലിച്ചുകെട്ടി അതിർത്തി തിരിച്ചിട്ടുണ്ട്. അതിനപ്പുറം പോകരുത്."

അവരുടെ ഇൻസ്റ്റിറ്റ്യൂട്ടും ഹോസ്റ്റലും ഒരു മലയുടെ മധ്യഭാഗത്തുള്ള നിരപ്പായ സ്ഥലത്താണ്. കോമ്പൗണ്ടിനുപുറത്തു് അതിർത്തി തിരിച്ചിരിക്കുന്നതിനപ്പുറം കുത്തനെയുള്ള ഇറക്കം ആണ്. അബദ്ധത്തിൽ ഒന്ന് കാലുതെറ്റിയാൽ അഗാധമായ കൊക്കയിലേക്ക് വീഴും.

അവരുടെ ഹിമാലയ മൗണ്ടനീറിങ് ഇൻസ്റ്റിട്യൂട്ടിൽ നിന്നും വളരെ ദൂരമുണ്ട് മലകയറ്റക്കാർ ഉപയോഗിക്കുന്ന ബെയ്സ് ക്യാമ്പിലേക്ക്.

അവർ സാവധാനം മഞ്ഞിലൂടെ നടന്നു. രണ്ടുപേരും ഒന്നും സംസാരിക്കാതെ അവരുടെ ലോകത്തേക്ക് പിൻവാങ്ങിയ പോലെ തോന്നുന്നു.

അവൻ പതുക്കെ തോളിൽ കയ്യിട്ടു അവളെ ചേർത്തുപിടിച്ചു.

അവൾ അത് പ്രതീക്ഷിച്ചിരുന്നു എന്ന് തോന്നുന്നു.

അവളുടെ മുഖത്തുനോക്കാൻ അവന് സങ്കോചം തോന്നിയെങ്കിലും വിക്കിവിക്കി പറഞ്ഞു,"എവ്‌ലിൻ..., ഐ ലൈക്ക് യു..., ഐ ലവ് യു."

34

അവളുടെ പ്രതികരണം ഒന്നും കേട്ടില്ല. ഇനി താൻ പറഞ്ഞത് കേട്ടിട്ടുണ്ടാകില്ലേ?

കുറച്ചുസമയം അവൾ നിശ്ശബ്ദയായിരുന്നു. പിന്നെ അവൾ അവന്റെ കയ്യിൽ പിടിച്ചു. അവളുടെ കണ്ണുകൾ നിറഞ്ഞൊഴുകി.

അവറാച്ചൻ താൻ കാണിച്ചത് മണ്ടത്തരം ആയിപ്പോയി എന്ന് സ്വയം കുറ്റപ്പെടുത്തിക്കൊണ്ടിരിക്കുമ്പോൾ എവ്‌ലിൻ പറഞ്ഞു, "അബ്രാച്ചൻ എനിക്ക് നിന്നെ ഇഷ്ടമാണ്. വളരെ വളരെ ഇഷ്ടമാണ്. പക്ഷേ, എനിക്ക് ഒരു ബോയ് ഫ്രണ്ട് ഉണ്ട്, അല്ലങ്കിൽ ഉണ്ടായിരുന്നു."

അവറാച്ചൻ ഞെട്ടിപ്പോയി. തന്റെ സ്വപ്നങ്ങളെല്ലാം ഒരു നൊടിയിടയിൽ തകർന്നു വീഴുന്നത് അവൻ അറിഞ്ഞു.

"ഐ ആം സോറി എവ്‌ലിൻ, ഐ ആം റിയലി സോറി.... ഞാൻ അങ്ങനെ ചിന്തിച്ചില്ല. സോറി ."

"അവൾ ഇടയ്ക്കു കയറി പറഞ്ഞു, "നീ സോറി പറയണ്ട, എനിക്ക് നിന്നെ ഇഷ്ട്ടമാണ് വളരെ വളരെ."

അവൻ അവൾ എന്താണ് ഇനി പറയാൻ പോകുന്നത് എന്ന് ആലോചിച്ചുകൊണ്ടിരിക്കുമ്പോൾ അവൾ പറഞ്ഞു, "ആറുമാസം മുൻപ് വില്യം, എന്റെ ബോയ് ഫ്രണ്ട്, ഇവിടെ ഈ സ്ഥാപനത്തിൽ മൗണ്ടനീറിങ് പഠിക്കാൻ ചേർന്നു, ഞങ്ങൾ കോളജിൽ ഒരേ ക്ലാസിൽ പഠിക്കുന്നവരായിരുന്നു അവന്റെ വലിയ ഒരു ആഗ്രഹമായിരുന്നു, ഹിമാലയം കീഴടക്കുക എന്നത്. എനിക്കാണെങ്കിൽ മലകയറ്റത്തിൽ കാര്യമായ താല്പര്യം ഉണ്ടായിരുന്നില്ല. അവൻ നിർബന്ധിച്ചെങ്കിലും ഞാൻ കോഴ്‌സിന് ചേർന്നില്ല, ഇംഗ്ളണ്ടിൽ തന്നെ തുടർന്നു."

അവൾ കുറച്ചു സമയം മിണ്ടാതിരുന്നു.

ഉത്കണ്ഠകൊണ്ട് ശ്വാസം മുട്ടി അവറാച്ചൻ .ചോദിച്ചു, "പിന്നെ എന്ത് സംഭവിച്ചു?"

"അതാണ് അറിഞ്ഞുകൂടാത്തത്. കോഴ്‌സ് കഴിഞ്ഞു, അടുത്ത ദിവസം അവൻ കൂട്ടുകാരോടൊപ്പം മലകയറാൻ പോയി എന്ന് ചിലർ പറയുന്നു. പോയിട്ടില്ല എന്നു മറ്റുചലർ. എന്തുപറ്റി എന്നറിയില്ല ആർക്കും. അവൻ മിസ്സിംഗ് ആണ്?"

"അന്വേഷിച്ചില്ലേ?"

"അന്വേഷണം, പോലീസ് കേസ്സ് എല്ലാം ചടങ്ങുകളായി മാറി. എന്തുകൊണ്ടോ നേപ്പാൾ പൊലീസ് ഈ കാര്യത്തിൽ അധികം താല്പര്യം കാണിച്ചില്ല. അവസാനം ബ്രിട്ടീഷ് കോൺസുലേറ്റിന്റെ സ്വാധീനവും സമ്മർദ്ദവും ഉപയോഗിച്ച് ഇന്റർനാഷണൽ സേർച്ച് ടീമിനെ നിയോഗിച്ചു അന്വേഷണം നടത്തി. പക്ഷെ, അവന്റെ തിരോധാനം ഒരു ദുരൂഹതയായി തുടരുന്നു. ഇപ്പോൾ അന്വേഷണം നിലച്ചമട്ടാണ്. എന്തെങ്കിലും വിവരം കിട്ടുമോ എന്ന് സ്വന്തം നിലക്ക് അന്വേഷിക്കാം എന്ന തീരുമാനത്തിൽ ഞാൻ ഇവിടെ കോഴ്‌സിന് ചേർന്നതാണ്."

"ഇവിടെ സ്വന്തം നിലക്ക് എന്തുചെയ്യാനാണ്?"

"ഈ ഇൻസ്റ്റിറ്റ്യൂട്ടിന്റെ മറവിൽ വൻതോതിൽ ഡ്രഗ്‌സ് ഹാൻഡിൽ ചെയ്യുന്നുണ്ട് എന്ന് ചിലർ പറയുന്നുണ്ട്. അതല്ല പഠിയ്ക്കാൻ വരുന്ന വിദ്യാർഥികൾ ഡ്രഗ്‌സ് ഉപയോഗിക്കുന്നതാണ്, ഇങ്ങനെ ഒരു ചീത്ത പേരിന് കാരണം എന്നും പറയുന്നുണ്ട്."

"എന്താണെങ്കിലും നിനക്കു ഇവിടെ എന്ത് ചെയ്യാൻ കഴിയും?"

"ശരിയാണ്. മറ്റൊരു രജ്യം നിയമങ്ങൾ, ഭാഷ എല്ലാം വ്യത്യസ്തമാണ്. എനിക്കറിയാം. പക്ഷേ,ഒന്നും ചെയ്യാതിരിക്കാൻ മനസ്സ് അനുവദിക്കുന്നില്ല. എനിയ്ക്ക് അവനെ അത്ര ഇഷ്ടമായിരുന്നു."

സംഭവം നടന്നിട്ട് ആറുമാസം കഴിഞ്ഞിരിക്കുന്നു. മാൻ മിസ്സിംഗ് കേസ്സുകൾ ഹിമാലയ മൗണ്ടെനീറിങ് ഇൻസ്റ്റിട്യൂട്ടിനെ സംബന്ധിച്ച് പുതുമയുള്ള കാര്യമായിരുന്നില്ല.

"നിനക്ക് വിഷമം ആയോ?" അവൾ ചോദിച്ചു.

അവറാച്ചൻ അതിന് മറുപടിയൊന്നും പറഞ്ഞില്ല.

തിരിച്ചുള്ള യാത്രയിൽ അവർക്കിടയിൽ മൗനം ഘനീഭവിച്ചു. എങ്കിലും അവൾ അവന്റെ കയ്യിൽ മുറുകെ പിടിച്ചിരുന്നു.

തിരിച്ചു് ഹോസ്റ്റലിൽ എത്തിയപ്പോൾ അവൻ പറഞ്ഞു, "നിനക്ക് വിഷമം ആയിക്കാണും, എല്ലാം മറന്നേക്ക്."

അവൾ ഒന്നും പറഞ്ഞില്ല.

പിന്നെ, ഒന്നും സംഭവിക്കാത്തതുപോലെ രണ്ടുപേരും അഭിനയിക്കുകയായിരുന്നു.

അവർ അവിടെയുള്ള ജോലിക്കാരിൽ നിന്നും മറ്റുമായി എന്തെങ്കിലും വിവരം കിട്ടുമോ എന്ന് ശ്രമിച്ചുനോക്കാതിരുന്നില്ല.

ചിലർ പറഞ്ഞു, "ട്രെയിനിങ്ങിന് വരുന്നവർ ശാരീരിക അസ്വസ്ഥതകൾ മൂലം ഡ്രഗ്‌സ് ഉപയോഗിക്കാറുണ്ട്, ചിലർക്ക് ഡിപ്രഷൻ അനുഭവപ്പെടാറുണ്ട്, അങ്ങനെ ഡിപ്രഷനായി ആത്മഹത്യ ചെയ്ത സംഭവങ്ങളുമുണ്ട്."

ഒരാൾ മാത്രം പറഞ്ഞു, വില്യമിന്റെ ലഗേജിൽ നിന്നും പോലീസ്

എൽ എസ് ഡി യുടെ ഒരു പൊതി കണ്ടെടുത്തു, അതുകൊണ്ടാണ് അന്വേഷണത്തിൽ അവർ താല്പര്യം കാണിക്കാതിരുന്നത്, എന്ന്.

അവരുടെ അന്വേഷണം എങ്ങുമെത്തിയില്ല.

ജോലിക്കാരിൽ നിന്നും അറിഞ്ഞ വിവരങ്ങൾ അവരെ ഭയപ്പെടുത്തി. ഹിമാലയത്തിലെ മഞ്ഞിനടിയിൽ കാണാതായ ആയിരക്കണക്കിന് ആളുകളുടെ ശവശരീരങ്ങൾ കിടപ്പുണ്ട്. എന്നാൽ ഔദ്യോഗികമായി ഇരുന്നൂറിൽ താഴെ ആളുകളെ മാത്രമേ കാണാതായിട്ടുള്ളു.

മലകയറ്റക്കാർ പിടിച്ചുകയറാൻ ഉപയോഗിക്കുന്ന തൂണുകൾ പോലെയുള്ള ചില ഭാഗങ്ങൾ മനുഷ്യരുടെ ശവശരീരങ്ങളിൽ മഞ്ഞുവീണ് കട്ടിപിടിച്ചുണ്ടായതാണ് എന്നുകൂടി അവർ പറഞ്ഞപ്പോൾ അവരുടെ ഉള്ളിൽ ഭയത്തിന്റെ നാമ്പ് കിളിർത്തുവന്നു. മലകയറ്റക്കാർ തമ്മിലുള്ള പകയും മത്സരവും സംബന്ധിച്ച് കേട്ട കഥകൾ അവരെ ഭയപ്പെടുത്തി.

അവരുടെ കോഴ്സ് കഴിഞ്ഞു.

അടുത്തദിവസം ക്യാമ്പ് ഫയർ ആയിരുന്നു. എല്ലാവരും യാത്രപറയുന്ന തിരക്കിലാണ്. മറ്റന്നാൾ കാലത്തു് അവരെ കാഠ്മണ്ഡു വിമാനത്താവളത്തിൽ എത്തിക്കും. അവിടെ നിന്ന് ഡൽഹി വഴി എല്ലാവരും തിരിച്ചുപോകും..

അവളോട് എങ്ങനെ യാത്ര പറയും എന്ന ചിന്ത അവനെ അലട്ടിക്കൊണ്ടിരുന്നു.

അവളുടെ ഉള്ളിലെ ചൂട് മുഖത്തും കാണാനുണ്ട്. മൗനത്തിന്റെ കൂടുകൂട്ടി അവൾ അതിൽ ഒളിക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു.

അവസാനം അവൻ ചോദിച്ചു, "എവ്‌ലിൻ നമ്മൾക്ക് അല്പം നടന്നാലോ. ഇനി ഒരിക്കൽ അതിന് സാധിക്കുമോ എന്നറിയില്ല...?"

"വേണ്ട,ബാക്കി പറയേണ്ട.... നമ്മൾക്കു പോകാം."

."ശരി ".

"നല്ലതണുപ്പും സാമാന്യം നല്ല കാറ്റും വീശുന്നുണ്ട്." അവൾ പറഞ്ഞു അവർ രണ്ടുപേരും ഡ്രസ്സുമാറി പുറത്തേക്ക് ഇറങ്ങുമ്പോൾ സെക്യൂരിറ്റി ഗാർഡ് പതിവ് ചോദ്യം ചോദിച്ചു., "കിദർ ജാനാ," 'എവിടെ പോകുന്നു?'

അവർ നടന്നു. ശക്തിയായി മഞ്ഞും വീഴാൻ ആരംഭിച്ചിരുന്നു.
കൈ കോർത്തുപിടിച്ചു നിശബ്ദരായി അവർ നടന്നു.

സെക്യൂരിറ്റിയിലെ ഗാർഡ് പറഞ്ഞ റോപ്പ് വലിച്ചുകെട്ടി അതിർത്തി തിരിച്ചിരിക്കുന്നതൊന്നും അവർ കണ്ടില്ല.

അവർ അടിതെറ്റി താഴേക്ക് വീണു.

വേലികെട്ടിയിരുന്ന റോപ്പ് ഇളകിമാറി താഴേക്ക് തൂങ്ങി കിടന്നിരുന്നു.

ബൈനോക്കുലറിൽക്കൂടി അവർ നടന്നുപോയ ഭാഗത്തേക്ക് നോക്കിയ ഗാർഡ് അവർ പെട്ടന്ന് അപ്രത്യക്ഷരായത് മനസ്സിലാക്കി.

അവർ ഓടിയെത്തുമ്പോൾ എവ്‌ലിനും അവറാച്ചനും പൊട്ടിയ കയറിൽ പിടിച്ചു ഏതാണ്ട് നൂറ് മീറ്റർ താഴെ തൂങ്ങി കിടക്കുകയായിരുന്നു. താഴേക്കുള്ള വീഴ്ചയിൽ അവർക്ക് തൂങ്ങികിടന്നിരുന്ന കയറിൽ ഭാഗ്യത്തിന്പിടികിട്ടി.

അവരെ പിടിച്ചുകയറ്റാൻ താഴേക്ക് ഇറങ്ങിയ സെക്യൂരിറ്റി ഗാർഡുകളിൽ ഒരാൾ അവർ ചവിട്ടിനിൽക്കുന്നത് മഞ്ഞിൽ ഉറഞ്ഞുപോയ ഒരു മനുഷ്യ ശരീരത്തിലാണ് എന്ന് കണ്ടു.

രക്ഷാപ്രവർത്തകർ എത്തി,ബോഡി പുറത്തെടുത്തു. ഗാർഡുകൾ ആ ശവ ശരീരത്തിൽ നിന്നും കട്ടിപിടിച്ച മഞ്ഞുമാറ്റി വൃത്തിയാക്കാൻ കുറച്ചുസമയമെടുത്തു.

എവ്‌ലിൻ ഒറ്റ നോട്ടത്തിൽ ആളെ തിരിച്ചറിഞ്ഞു.

"വില്യം...."അവൾ പൊട്ടിക്കരഞ്ഞു.

അവൻ അവളെ എന്ത് പറഞ്ഞു ആശ്വസിപ്പിക്കണം എന്നറിയാതെ വിഷമിച്ചു.

നേപ്പാൾ പോലീസ് ആ സംഭവത്തിൽ വളരെ ഉദാസീനതയിലായിരുന്നു. ബ്രിട്ടീഷ് കോൺസുലേറ്റ് ഇടപെട്ട് നടപടിക്രമങ്ങൾ വേഗത്തിലാക്കി. അവർ രണ്ടുപേരും മൂകസാക്ഷികളായി എല്ലാം നോക്കിനിന്നു.

ഇന്ന്....

എവ്‌ലിൻ തിരിച്ചുപോകുകയാണ്.

ഡൽഹി ഇന്ദിരാഗാന്ധി ഇന്റർ നാഷണൽ എയർ പോർട്ടിലെ ഡിപ്പാർച്ചർ ലോഞ്ചിൽ ബോർഡിങ് പാസ്സുമായി അവൾ ഇരുന്നു. യാത്ര അയക്കാനായി അവറാച്ചനും കൂടെയുണ്ട്.

എവ്‌ലിൻ ബ്രിട്ടീഷ് എയർലൈൻസിന്റ കാലത്തു് എട്ടുമണിക്കത്തെ ഫ്ലൈറ്റിന് ലണ്ടനിലേക്ക് പോകും.

രണ്ടുപേരും ഘനം തൂങ്ങുന്നമനസ്സുമായി ഒന്നും സംസാരിക്കാനാവാതെ മൗനമായി ഇരുന്നു.

എത്ര സമയം അങ്ങിനെ ഇരുന്നു എന്നറിയില്ല.

സമയം പോയത് അവർ അറിഞ്ഞില്ല.

ബ്രിട്ടീഷ് എയർ ലൈൻസിന്റ അനൗൺസ്മെന്റ്, "ലണ്ടനിലേക്ക് ബോർഡിങ് പാസ്സ് വാങ്ങിയിരിക്കുന്ന എവ്‌ലിൻ റോസ് ഉടൻ റിപ്പോർട്ട് ചെയ്യുക."

അനൗൺസ്മെന്റ് കേട്ടെങ്കിലും എവ്‌ലിൻ അവന്റെ തോളിൽ ചാരി ഒരേ ഇരിപ്പ് തുടർന്നു.

അവൻ ഒന്നും പറഞ്ഞില്ല.

അവസാനത്തെ അറിയിപ്പും വന്നു.

This is the final boarding call for passenger, Evlin Rose booked on flight 450A to London. Please proceed to gate 3 immediately.

"ലണ്ടനിലേക്ക് ബോർഡിങ് പാസ്സ് വാങ്ങിയിരിക്കുന്ന എവ്‌ലിൻ റോസ് ഉടൻ റിപ്പോർട്ട് ചെയ്യുക."

അവൾ എഴുന്നേറ്റു.

അവൻ അവളുടെ കയ്യിൽ മുറുകെ പിടിച്ചു..






ALIGRO
Frische. Qualität. Inspiration.


Ett HOLIDAYS
SWITZERLAND
FOR EVERY KIND OF
TRAVEL IDEAS
INDIVIDUAL OR GROUP
LAND OR CRUISE
Holidays...
Hospitality...
Adventures...
Please Contact
Head Office SWITZERLAND
Steinfeldstrasse 29A, 8153 Ruemlang, Switzerland | Ph: +41 43 211 03 05
Branch in INDIA
Infant Jesus Complex, Highway Jn. Cherpunkal - 686 80 5Palai, Kottayam
Ph. +91 965 698 8800, +91 807 585 3253
Branch in USA
1271 state road 7, Lauderhill, Florida - 33313 | Tel. +1 (786) 458-1338
Email: info@ettholidays.com | www.ettholidays.com

# സ്വിസ്സ് മലയാളിയുടെ ജാതകത്തിൽ തെളിയുന്നതെന്തെന്നാൽ...



**ടിജി മറ്റം**

(കോട്ടയം സ്വദേശി. ബാല്യം, കൗമാരം, വിദ്യാഭ്യാസം, ജോലി എന്നിവയെല്ലാം കോഴിക്കോട്ട്. വിവാഹ ശേഷം 1993 ൽ വിയന്നയിൽ, 2000 മുതൽ സൂറിക്കിൽ. കൊമെഴ്സിൽ ബിരുദാനന്തര ബിരുദം, ജേർണലിസത്തിൽ പി.ജി.ഡിപ്ലോമ, സ്വിറ്റ്സർലന്റിൽ നിന്നും നഴ്സിംഗിൽ HF. യാത്രകൾ, കാഴ്ച്ചകൾ, വായന, വല്ലകാലത്തുമുള്ള എഴുത്ത് തുടങ്ങിയ അസ്ക്യതകളുണ്ട്. ഭാര്യ, മൂന്ന് മക്കൾ. റുസികോണിൽ താമസിക്കുന്നു.)

എന്നാണ് നിങ്ങൾ ഒരു അസോസിയേഷന്റെ രജത ജൂബിലി സ്മരണിക അവസാനം വായിച്ചത്? ഒരു പ്രവാസി സംഘടന 25 വർഷം പൂർത്തിയാക്കുകയും, അതിന്റെ വാർഷികത്തിന് ഒരു പത്രിക പ്രസിദ്ധീകരിക്കുകയും ചെയ്യുന്നത്, വിധിന്യായങ്ങളിലെ "അപൂർവങ്ങളിൽ അപൂർവം" എന്ന പരാമർശത്തോട് ചേർത്തുവെക്കാവുന്നതാണ്.

കേളിയുടെ സിൽവർ ജൂബിലി സ്മരണികയുടെ അച്ചടിത്താളുകൾ മറിക്കുമ്പോൾ ഓർക്കുക, ഈ രൂപത്തിൽ ഇതുപോലൊരു സ്മരണിക ഇനിയുണ്ടാവില്ല! ഒരു 15 വർഷങ്ങൾക്കപ്പുറം വീണ്ടും ഒരു സ്മരണിക പിറക്കുകയാണെങ്കിൽ, അതിൽ അച്ചടിയുണ്ടാവില്ല. സമ്പൂർണ ഡിജിറ്റലോ, അതിനപ്പുറമോ ആയിരിക്കും അന്നത്തെ സ്മരണിക.

കേളി എന്ന കലാ സാംസ്കാരിക സംഘടന, 15 വർഷങ്ങൾക്കപ്പുറം സ്വിറ്റ്സർലന്റിൽ കാണുമോ എന്ന ചോദ്യം ഇവിടെ പ്രസക്തമാണ്. കേളി മാത്രമല്ല, സ്വിറ്റ്സർലന്റിലെ മലയാളി സമൂഹം ഒരു 15 വർഷമകലെ എങ്ങനെ യായിരിക്കും എന്ന വിദൂരകാഴ്ചയാണ് ഈ ലേഖനത്തിന് വിഷയം.

## ലോകം മാറും, തലമുറയും

1965കളിലാണ് സ്വിറ്റ്സർലന്റിൽ ഒറ്റയ്ക്കും, ചെറു കൂട്ടമായും മലയാളി കുടിയേറ്റം ആരംഭിക്കുന്നത്. ഇവരും, ഇവർക്ക് ശേഷവും വന്ന ആദ്യ ബാച്ചുകാർ ഇന്ന് റിട്ടയർമെന്റ് ലോകത്താണ്. പേരകുട്ടികളുണ്ടെങ്കിൽ അവരെ നോക്കിയും, ഇവിടെയും നാട്ടിലുമായി ആഘോഷങ്ങളിലും, ചടങ്ങുകളിലും പങ്കെടുത്തും, തീർത്ഥാടന, ഉല്ലാസ യാത്രസംഘങ്ങളിൽ അംഗമായും, ഇടയ്ക്ക് ധ്യാനം കൂടിയും ഇവരിലെ ബഹുഭൂരിപക്ഷവും ഇവിടെത്തന്നെയുണ്ട്. കാലത്തിന്റെ അനിവാര്യതയിൽ ഈ ആദ്യബാച്ചുകാരിലെ ചിലരായിരിക്കും, 15 വർഷങ്ങൾക്കപ്പുറം ഓൾഡ് ഏജ് ഹോമുകളിലേക്ക് ജീവിതം പറിച്ചു നടേണ്ടി വരുന്ന സ്വിറ്റ്സർലന്റിലെ ആദ്യമലയാളികൾ. ശേഷം ചിന്ത്യം.

സ്വിസ്സ് മലയാളിയുടെ റിട്ടയർമെന്റ് ലൈഫിനെ, ഇവിടുത്തെ പ്രവാസി സംഘടനകൾ കാര്യമായി ഇനിയും കണ്ടുതുടങ്ങിയിട്ടില്ലെന്നത്, ഇതിനോടൊപ്പം ചേർത്ത് വായിക്കേണ്ടതാണ്. ഭാവിയിൽ മലയാളി സമൂഹത്തിലെ നല്ലൊരു ശതമാനമാവാൻ പോവുന്ന വരാണവർ. അവരെ പാർശ്വവൽക്കരിക്കാതിരിക്കാൻ ഇപ്പോഴേ കരുതലെടുക്കേണ്ടതുണ്ട്.



തങ്ങളുടെ സമ്പാദ്യങ്ങൾ എങ്ങനെ നൂലാമാലകളില്ലാതെ മക്കൾക്ക് കൈമാറാം, റിട്ടയർമെന്റ് സമയത്ത് പെൻഷൻ സമ്പാദ്യം പൂർണമായി പിൻവലിച്ചാൽ എങ്ങനെ, പെൻഷന് മുൻപും, പിൻപും വേണ്ട തയ്യാറെടുപ്പുകൾ, ഹെൽത്ത് ടിപ്പുകൾ, യോജിച്ച ഫാഷൻ, ഭക്ഷണ രീതികൾ, ഫിറ്റ്നസ് പ്രോഗ്രാമുകൾ, ലേഡി സീനിയർ സിറ്റിസൺസിന് ചേർന്ന ഹെയർ സ്റ്റൈൽ (കഷണ്ടിക്ക് എന്ത് ഡിസൈൻ!) എന്നിങ്ങനെ എന്തും, ഏതും വിഷയമാക്കാവുന്നതാണ്. പെൻഷൻ കാലത്തു പ്രാർത്ഥനാ ഗ്രൂപ്പുകൾക്ക് മാത്രമായി വിട്ടുകൊടുക്കാതെ, ഇവരെ ആക്ടിവായി നിർത്തുന്ന ഒരു വാരാന്ത്യ ക്യാമ്പിനെ കുറിച്ച് മലയാളി അസോസിയേഷനുകൾക്ക് ചിന്തിച്ചു തുടങ്ങാവുന്നതാണ്. അൽപ്പംകൂടി കടന്നാൽ സൂറിക്കിന്റെ



പരിസരങ്ങളിലെവിടെയെങ്കിലും ഒരു "മല്ലു" റിട്ടയർമെന്റ് ഹോം പ്രാവർത്തികമാക്കുന്നതിനെക്കുറിച്ചും.

50ന്റെ  ചുറ്റുവട്ടങ്ങളിലും, 65ന്റെ പരിസരങ്ങളിലും പ്രായംകൊണ്ട് നിലയുറപ്പിച്ചിട്ടുള്ളവരാണ് പുറകെ വരുന്ന കൂട്ടത്തിലുള്ളത്. സ്വിസ്സ് പ്രവാസി സമൂഹത്തിന്റെ മുഖമുദ്രയും, ഒറ്റവാക്കിൽ പറഞ്ഞാൽ നിലവിലെ വീരശൂരപരാക്രമികളുമാണവർ! സംഘടനകളുടെ തലപ്പത്തും, നടത്തിപ്പിലും ഈ പ്രായ ഗ്രൂപ്പിൽ നിന്നുള്ളവർക്കാണ് പ്രാമുഖ്യം.

സ്വിറ്റ്സർലന്റിലെ ആദ്യ തലമുറയെക്കാൾ നാടുമായി അടുപ്പം പാലിക്കുന്നതും, പലവിധത്തിലുള്ള നിക്ഷേപങ്ങൾ നാട്ടിൽ നടത്തിയിട്ടുള്ളതും ഈ തലമുറയാണ്. പിൻതലമുറയ്ക്കായി സമ്പാദിച്ചു കൂട്ടുന്ന പ്രവാസി മനസ്സ്, ഈ തലമുറയോടെ അപ്രത്യക്ഷമാകും. ഇതിലെ ഒരു ചെറു വിഭാഗം വിശ്രമകാലം നാട്ടിലേക്ക് മാറ്റിയേക്കാമെങ്കിലും, ഭൂരിഭാഗവും ഇവിടെത്തന്നെ തുടരും. നാട്ടിൽ പോക്ക് പതിയെ കുറയും, സ്ഥാവരജംഗമ വസ്തുവകകൾ തലവേദനകളാകും. നാട്ടിലെ അത്യാവശ്യ കാര്യങ്ങൾ നടത്തിക്കിട്ടാൻ ഏതെങ്കിലും മറുനാടൻ ഭാഷയിലെ (തമിഴ് മാറി, ഹിന്ദി വന്നത് പോലെ) മിനിമം പരിജ്ഞാനം അത്യന്താപേക്ഷിതമായിട്ടും വരും.



എന്നിരുന്നാലും റിട്ടയർമെന്റ് കാലത്തും മനസ്സുകൊണ്ട് ഇവർ കേരളത്തിൽ അഭിരമിക്കയാവും. സ്വിറ്റ്സർലന്റിലെ പൊതുവാർത്തകൾ വിട്ടുപോയാലും, നാട്ടിലെ ദൈനംദിന കാര്യങ്ങളിലെ അഗാധമായ അറിവ് അവർ അന്നും നിലനിർത്തും. സമപ്രായക്കാരുമായുള്ള ചർച്ചകളിൽ അതെടുത്തു വിളമ്പും, വേണ്ടിവന്നാൽ പടവെട്ടും. മിഷൻ അരികൊമ്പന്റെ 2040 വേർഷനൊക്കെയായിരിക്കും ഇവരുടെ പെൻഷൻ ദിനങ്ങളെ സജീവമാക്കി നിർത്തുക.

ഇവിടെയും നാട്ടിലുമായി പത്തോളം വാട്സ്ആപ്പ് ഗ്രൂപ്പിൽ അംഗത്വമുള്ള ഇവർ, ആ ശീലം വാട്സാപ്പിന്റെ പിൻതലമുറയിലും തുടരും. ഫേസ്ബുക്ക് ഔട്ടാവും, സിംഹങ്ങൾ ഓർമ്മകളാവും. നവയുഗ സോഷ്യൽ മീഡിയകളാവും വിശ്രമ ജീവിതത്തിന് കൂട്ടാവുക. സ്വിസ്സിലെ മുൻ തലമുറയെ പോലെ സംഘം ചേർന്നുള്ള ഉല്ലാസ, തീർത്ഥാടന യാത്രകൾ ഇവർ തുടരുമെങ്കിലും, വലിയ തോതിലുള്ള മലയാളി സംഘയാത്രകൾ ഈ തലമുറയോടെ അന്യം നിന്നുപോകും. ജനറേഷൻ ഗ്യാപ്പിന്റെ ഭാഗമായി കുടുംബത്തിനുള്ളിലുണ്ടാവുന്ന സംഘർഷങ്ങൾ, ഏറ്റവും അധികം ബാധിക്കുക, സ്വിസ്സിലെ ഈ രണ്ടാം കുടിയേറ്റ ഗ്രൂപ്പിനെയായിരിക്കും.



ഇനിവരുന്ന പ്രായം 30നും 45നും ഇടയിലുള്ള സ്വിസ്സ് മലയാളി വിഭാഗത്തോളം വൈവിദ്ധ്യം, ഇവിടുത്തെ വേറൊരു ഗ്രൂപ്പിനുമില്ല. ഇവിടെ ജനിച്ചവരും, കുടിയേറിയവരും ഒക്കെ സമ്മിശ്രമാക്കുന്ന ഈ വിഭാഗത്തിന്റെ സമീപനങ്ങളും, പ്രതികരണങ്ങളും, കാഴ്ചപ്പാടുകളും മുൻതലമുറകളിൽ നിന്നും വ്യത്യസ്തവും കാലവുമായി ഒത്തുപോകുന്നതുമാണ്. സംഘടനകളുടെ രൂപീകരണമോ, നേതൃത്വമോ ഒന്നും ഇവരുടെ മുഖ്യ വിഷയമല്ലാത്തതുകൊണ്ട്, പ്രവാസി സംഘടനകൾ ഇനിയും ഇവരിലൂടെ പിറക്കാനുള്ള സാദ്ധ്യതകൾ തുലോം വിരളവുമാണ്. സംഘടനകൾ ഒന്നാകാനോ, അതുമല്ലെങ്കിൽ ആഘോഷങ്ങൾ ഒരുമിച്ചാക്കാനോ ഉള്ള തുടക്കം ഈ തലമുറയിൽ നിന്നും പ്രതീക്ഷിക്കാം.

നാട്ടിലും, ഇവിടെയും മാറിക്കൊണ്ടിരിക്കുന്ന വിവിധ സാഹചര്യങ്ങളാൽ, അടുത്ത 15 വർഷത്തിനപ്പുറം ഈ വിഭാഗത്തിന് നാടുമായുള്ള അടുപ്പം നേർത്തുനേർത്തു വരും. മതങ്ങളുടെയും, പൗരോഹിത്യത്തിന്റെയും സ്വാധീനം, കാലം പോകവെ ഇവരിലും കുറയും. അതല്ലെങ്കിൽ വിശ്വാസങ്ങൾ ചടങ്ങുകൾക്ക് വേണ്ടി മാത്രമാവും.

**ഓണാഘോഷം ചില്ലറ കാര്യമല്ല! അതിനൊരു അസോസിയേഷൻ വേണം, നേതൃത്വം വേണം, ഒത്തൊരുമിച്ചു പണിയെടുക്കാൻ ആളും വേണം. സ്വിറ്റ്സർലന്റിൽ അതിന് കേളി കഴിഞ്ഞേ മറ്റൊരു വിലാസമുള്ളൂ. സൂര്യചന്ദ്രന്മാർ ഒള്ള കാലത്തോളം സ്വിസ്സ് മലയാളി കേളിക്കൊപ്പം ഓണമുണ്ടിരിക്കും.**

നാട്ടിൽവെച്ചു നടത്തപ്പെടുന്ന മംഗള കർമ്മങ്ങൾ, ഈ തലമുറയോടെ പൂർണമായും യൂറോപ്പിലേക്ക് മാറ്റപ്പെടും. ഡെസ്റ്റിനേഷൻ വെഡിങ് സാർവത്രികമാകും. മരണങ്ങളും ഇവിടെത്തന്നെ മണ്ണടിയും. തൊട്ടുമുൻപുള്ള തലമുറ നാട്ടിലെ രാഷ്ട്രീയ സാമൂഹ്യ വിഷയങ്ങളിൽ മുഴുകിയെങ്കിൽ, നാട്ടു രാഷ്ട്രീയം ഈ തലമുറയിൽ നിന്നും ഔട്ടാവും. മലയാള സിനിമയേക്കാൾ ഗ്ലോബൽ സിനിമകളിലും, വെബ് സീരീസുകളിലുമായിരിക്കും ഇവർക്ക് പ്രിയം. സംഗീതത്തിനും, നൃത്തത്തിനും മാർക്കറ്റുണ്ടാവുമെങ്കിലും, നാട്ടിൽ നിന്നും ഇവിടുത്തെ സ്റ്റേജുകളിൽ അവതരിപ്പിക്കാൻ കൊണ്ടുവരുന്ന കലാരൂപങ്ങളിൽ ചിലത് കാലഹരണപ്പെട്ടതാവും. പാശ്ചാത്യവും, പൗരസ്ത്യവും സമന്വയിക്കുന്ന പുതിയ കലാരൂപങ്ങൾ രൂപപ്പെടും.

ഇനി വരുന്ന 30 വയസ്സിന് താഴെയുള്ള വിഭാഗത്തിന്, അടുത്ത 15 വർഷം കഴിയുമ്പോൾ നാടുമായുള്ള ബന്ധം പേരിന് മാത്രമാവും. സ്വിറ്റ്സർലന്റിലെ മലയാളി സമൂഹം കൂടുതൽ സങ്കരമാകും. മറ്റു ദേശക്കാരും, വംശക്കാരും, മതക്കാരും, മഴവില്ലുകാരും ഒക്കെ നമ്മുടെ സമൂഹത്തിലേക്ക് കടന്ന് വരും. രാജ്യത്തെ വലിയ രണ്ടാമത്തെ ബാങ്ക് പൊട്ടിയിട്ടും കുലുങ്ങാതെ നിൽക്കുന്ന സ്വിസ്സ് ഫ്രാങ്ക് ഒരു സൂചികയാണെങ്കിൽ, സ്വിറ്റ്സർലൻഡ് അന്നും ലോകത്തെ സമ്പന്ന രാഷ്ടങ്ങളിൽ ഒന്നായി തുടരും. സ്വിറ്റ്സർലന്റിനെ രാഷ്ട്രീയ സാമ്പത്തിക കുടിയേറ്റ നിയമങ്ങൾ ഇതിനെ സാധുകരിക്കുന്നുമുണ്ട്. അതിന്റെ സൗഭാഗ്യങ്ങളും, നിലവാരവും ഇവിടുത്തെ ഇളംതലമുറയിലും തുടരും. സന്തുഷ്ട രാജ്യങ്ങളിൽ മതങ്ങൾക്ക് സ്വാധീനമില്ലാത്തത് നമ്മുടെ ഇളം തലമുറയേയും സ്വാധിനിച്ചേക്കാം.

5 വർഷങ്ങൾക്കപ്പുറം സ്വിസ്സിലെ മലയാളി സമൂഹം വൈവിധ്യങ്ങളുടേതാവുമെങ്കിലും, പൈതൃകങ്ങൾ പുലർത്തുന്നതിൽ ഇളംതലമുറ മുന്നിൽ നിൽക്കാനേ സാധ്യതയുള്ളൂ. ഒരു വശത്തു ടെക്നോളജി ബഹുദൂരം മുന്നേറുമ്പോൾ, മറ്റൊരുവശത്തു സംസ്കാരങ്ങൾക്കും, പൈതൃകങ്ങൾക്കും ഇന്നത്തേക്കാൾ അന്ന് പ്രാധാന്യം കൈവരും. ഇന്ത്യയും, ആർഷഭാരത സംസ്കാരവും മുന്നിലേക്ക് കയറിവരുമ്പോൾ, സ്വിറ്റ്സർലന്റിലെ മലയാളി സമൂഹം അതിന് നേരെ തിരിഞ്ഞു നിൽക്കുമെന്ന ആശങ്കയൊന്നും വേണ്ട.

ഓണം കേരളത്തേക്കാൾ മറുനാട്ടിലല്ലേ ആഘോഷിക്കപ്പെടുന്നത്? ഇവിടുത്തെ ഓണാഘോഷങ്ങൾക്കല്ലേ, സ്വിറ്റ്സർലന്റിൽ മലയാളികൾ ഏറ്റവും അധികം എത്താറുള്ളത്?

ഉടുത്തൊരുങ്ങാനും, സദ്യയുണ്ണാനും, കലാവിരുന്ന് ആസ്വദിക്കാനും, സൗഹൃദങ്ങൾ പുതുക്കാനും, ലോകത്തെവിടെയാണെങ്കിലും മലയാളിക്ക് ഓണം കഴിഞ്ഞിട്ടേ മറ്റൊരു ആഘോഷമുള്ളൂ.

ഓണാഘോഷം ചില്ലറ കാര്യമല്ല! അതിനൊരു അസോസിയേഷൻ വേണം, നേതൃത്വം വേണം, ഒത്തൊരുമിച്ചു പണിയെടുക്കാൻ ആളും വേണം. സ്വിറ്റ്സർലന്റിൽ അതിന് കേളി കഴിഞ്ഞേ മറ്റൊരു വിലാസമുള്ളൂ. സൂര്യചന്ദ്രന്മാർ ഒള്ള കാലത്തോളം സ്വിസ്സ് മലയാളി കേളിക്കൊപ്പം ഓണമുണ്ടിരിക്കും.

## കേളിയുടെ ഭാവി?

സ്വിസ്സ് മലയാളിക്ക് ഓണം ആഘോഷിക്കാൻ മാത്രമല്ല കേളി. സ്വിറ്റ്സർലന്റിലെ മലയാളി സമൂഹത്തെകുറിച്ചോർക്കുമ്പോൾ ആദ്യ വിചാരമായി, പ്രഥമ വിലാസമായെത്തുന്നത് കേളിയല്ലേ? മുമ്പും, പിമ്പുമായി വന്ന സംഘടനകൾ മിക്കതും പൊലിഞ്ഞിട്ടും, കേളി രജത ജൂബിലിയാഘോഷത്തിലാണ്.

മലയാളം ലൈബ്രറി, മലയാളം ക്ലാസ്, കലാമേള, കിൻഡർ ഫോർ കിൻഡർ, പറഞ്ഞാൽ തീരാത്ത കാരുണ്യ പ്രവർത്തികൾ... എല്ലാമായി സ്വിസ്സ് മലയാളിക്ക് കേളി എന്നും മാതൃകയാണ്, വികാരമാണ്, കരുതലാണ്, പ്രതീക്ഷയാണ്, പ്രസ്ഥാനവുമാണ്.

കേളിയുടെ ഭാവിയിൽ ശങ്കയൊന്നും വേണ്ട എന്ന് ചുരുക്കം.

Hopp Keli Hopp Hopp



WWW.NAVARASA.CH
NAVARASA_SWISS
School of Indian Dance
NAVARASA
നടന കലയുടെ ദൃശ്യ ചാരുതയും
ചിലങ്കയുടെ അപൂർവ്വ നാദവും
ഭാവരസ സാന്ദ്രമായ് സ്വര രാഗ
താള ലയങ്ങളിൽ പുനർജനിക്കുന്ന
ഭാരതീയ നൃത്ത രൂപങ്ങൾ അഭ്യസിക്കാൻ
navarasa
school of indian dance
ONLINE AND OFFLINE CLASSES
BHARATANATYAM
CINEMATIC DANCES
EVENT CHOREOGRAPHY
+41 76 831 31 75




Keli
SHELTER
നിർധനരായ കുടുംബങ്ങൾക്ക് കേളി
രജത ജൂബിലി വർഷത്തിൽ വീടുകൾ
നിർമ്മിച്ച് നൽകുന്നു. നിങ്ങളെയും കേളിയുടെ
ഈ പദ്ധതിയിൽ പങ്കാളികളാകാൻ
സ്നേഹപൂർവ്വം ക്ഷണിക്കുന്നു.
കൂടുതൽ വിവരങ്ങൾക്ക്, എക്സിക്യൂട്ടീവ്
മെമ്പർമാരുമായി ബന്ധപ്പെടുക.



# എവിടെയാണ് എന്റെ ലോകം?



**എഡ്‌വേർഡ് നസ്രത്തു്**

[എഡ്വേർഡ് നസ്രത്ത് (മുക്കാടൻ) കാവനാട് (കൊല്ലം ജില്ല) 1947ൽ ജനിച്ചു. വിദ്യാഭ്യാസം നേടിയത് നീരാലും കൊല്ലത്തും. 1974ൽ ജർമ്മനിയിലെത്തി. ഹിൽഡനിൽ താമസിക്കുന്നു. ഭാര്യ ഫ്രഡീന. ജന്നിഫർ, ജിമ്മി, ജസിഫർ എന്നിവർ മക്കൾ. നിരവധി ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ സജ്ജീവസാനിദ്ധ്യം അറിയിച്ചിട്ടുള്ള എഡ്‌വേർഡ് നസ്രേത്ത് (മുക്കാടൻ) ഏതാനും പുസ്തകങ്ങളും പ്രകാശനം ചെയ്തിട്ടുണ്ട്. ഇപ്പോൾ ജന്മനാടായ കൊല്ലത്ത് (മുക്കാട് ) സാഹിത്യ, സാംസ്കാരിക പ്രവർത്തനങ്ങളിൽ സജ്ജീവമാണ്.]

ആയിരത്തി തൊള്ളായിരത്തി എഴുപത്തിനാല് ഒക്ടോബർ മാസത്തിലെ ഒരു വെള്ളിയാഴ്ച ദിവസമാണ് ഞാനാദ്യമായി ജർമ്മനിയിലെത്തിയത്. ബ്രൂണൈയിൽനിന്ന് ബി.ഒ.സിയുടെ വിമാനത്തിൽ ലണ്ടൻവഴി ഡ്യൂസൽ ഡോർഫിൽ എത്തുകയായിരുന്നു ഞാൻ. എന്നെ സ്വീകരിക്കുവാനായി എയർപോർട്ടിൽ എന്റെ ഭാര്യ ഞങ്ങളുടെ കുഞ്ഞുമകളുമായി കാത്തുനിന്നിരുന്നു.

വിമാനത്തിൽ നിന്നിറങ്ങിയ എന്നെ ആദ്യം അലോസരപ്പെടുത്തിയത് സൂര്യപ്രകാശത്തിന്റെ അഭാവമായിരുന്നു. കാർമേഘാവൃതമായ ആകാശം. ബ്രൂണൈയിൽ എന്നോടൊപ്പമുണ്ടായിരുന്ന അപ്പൻ തുന്നിത്തന്ന സൂട്ടും നീളമുള്ള ഓവർകോട്ടും ധരിച്ചിരുന്നതുകൊണ്ട്

തണുപ്പറിഞ്ഞില്ല. എന്നെ വിസ്മയിപ്പിച്ച മറ്റൊരുകാര്യം വിമാനത്തിൽനിന്ന് എന്നോടൊപ്പമിറങ്ങിയ യാത്രക്കാരുടെ നല്ല വേഗതയിലുള്ള നടത്തമാണ്. അവരോടൊപ്പം എത്താനായി എനിക്കും വേഗത്തിൽ നടക്കേണ്ടി വന്നു. ഇവിടെയെന്താണീ മനുഷ്യരെല്ലാം ഇത്ര വേഗത്തിൽ നടക്കുന്നത്?

വിമാനത്താവളത്തിനകത്തും പുറത്തും ഒക്കെ എല്ലാവരും നല്ല വേഗതയിലാണ് നടക്കുന്നതെന്ന് ഞാൻ കണ്ടു. ഈ ചടുലമായ നടത്തം ഇവിടത്തെ ജീവിതത്തിന്റെ ഒരു ഭാഗമാണെന്ന് ക്രമേണ ഞാൻ മനസ്സിലാക്കി. ഈ ജനതയുടെ സ്ഥിരോത്സാഹത്തിന്റെ ഭാഗമാണ് ഈ നടത്തം, ഇവിടെ മനുഷ്യർ ഓടുന്നു അഥവാ പുരോഗതിയിലേക്ക് കുതിക്കുന്നു. അവിടെ എന്റെ നാട്ടിൽ മനുഷ്യർ ഇഴയുന്നു. ഇവരോടൊപ്പം എത്തണമെങ്കിൽ എന്റെ നാട്ടുകാർ എന്തുമാത്രം ഓടേണ്ടിയിരിക്കുന്നു?

ഞാൻ ജനിച്ചുവളർന്നത് ലോകത്തിലെ ഏറ്റവും സുന്ദരമായ ദൈവത്തിന്റെ സ്വന്തം നാട് എന്ന് അറിയപ്പെടുന്ന കേരളത്തിൽ 'കൊല്ലം കണ്ടാൽ ഇല്ലം വേണ്ട'ന്നു വിഖ്യാതി നേടിയ പട്ടണത്തിലെ അതിമനോഹരമായ മുക്കാട്, എന്ന ഗ്രാമത്തിലാണ്. സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി ഒരു വർഷത്തെ കോളേജ്ദ്യാസവും നടത്തി ഒടുവിൽ സിവിൽ എഞ്ചിനിയറിംഗ് ഡിപ്ലോമ സമ്പാദിച്ചുകൊണ്ട് ഒരു ജോലിക്കുള്ള അന്വേഷണം തുടങ്ങി. സ്വന്തം നാട്ടിൽ ഒരു ജോലി ലഭിക്കുന്നതിനുള്ള സാദ്ധ്യത വിരളമായതുകൊണ്ട് 1967 ജനുവരി മാസം പതിനൊന്നാം തീയതി മദ്രാസിൽനിന്ന് 'റജ്ജൂല' എന്ന കപ്പലിൽ അന്തമില്ലാത്ത കടലിലൂടെ പതിനൊന്നുദിവസം യാത്ര ചെയ്തു മലേഷ്യയിലെ പെനാംഗ് എന്ന തുറമുഖത്തിറങ്ങി. അവിടെനിന്ന് ട്രെയിൻവഴി സിങ്കപ്പൂരിലെത്തി. അവിടെ ജോലി ചെയ്തുകൊണ്ടിരുന്ന അപ്പന്റെ കൂടെ കുറെ ദിവസങ്ങൾ താമസിച്ചിട്ട് വീണ്ടും നാലുദിവസത്തെ കപ്പൽ യാത്രചെയ്ത് മലേഷ്യൻ സംസ്ഥാനമായ സറാവാക്കിലെ ലബുവാൻ എന്ന പട്ടണത്തിലും അവിടെനിന്ന് വീണ്ടും പന്ത്രണ്ട് മണിക്കൂർ ഒരു ബോട്ടിൽ യാത്രചെയ്ത് ബ്രൂണൈ എന്ന രാജ്യത്തും എത്തി.

അക്കാലത്ത് സുൽത്താൻ ഒമർ ആലി സയഫുദിൻ ആയിരുന്നു ബ്രൂണൈയിലെ ഭരണാധിപൻ. പിൽക്കാലത്ത് അദ്ദേഹം സ്വയം ഭരണമുപേക്ഷിച്ച് പുത്രൻ ഹസനാൽ ബോൾക്കിയായെ സുൽത്താനായി വാഴിച്ചു. അന്ന് ബ്രിട്ടീഷ് നിയന്ത്രണത്തിലായിരുന്ന ബ്രൂണൈയിൽ ഗവൺമെന്റ്

**ഗവൺമെന്റ് അവരുടെ പഠനത്തിനുവേണ്ടിയും ജോലി ലഭ്യമായി സ്വയം കാര്യങ്ങൾ നടത്താനാവുന്നതുവരെയും മാന്യമായി ജീവിക്കാനുള്ള പണവും പാർപ്പിടവും നൽകി അവരെ പ്രോത്സാഹിപ്പിച്ചിരുന്നു. ജർമ്മൻകാർ ക്ഷണിക്കാതെ, വലിഞ്ഞുകയറിവന്ന ഇന്ത്യക്കാരൻ സ്വയം പണം കൊടുത്തു പഠിക്കേണ്ടിവന്നു.**

സർവ്വീസിൽ ടെക്നിക്കൽ അസിസ്റ്റന്റായി ജോലി ചെയ്തുകൊണ്ടിരുന്ന സമയത്ത്, 1971ൽ അവധിക്ക് നാട്ടിൽ പോയിരുന്നു. വിദ്യാഭ്യാസകാലത്തെ പ്രണയിനി, വിവാഹത്തിന് എന്നെ കാത്തിരിക്കാമെന്ന് സത്യം ചെയ്തിരുന്നവൾ, മറ്റൊരാളിന്റെ പ്രിയതമയായത് നാട്ടിൽ വന്നപ്പോഴാണ് അറിഞ്ഞത്.

ദുഃഖത്തിന്റെ അഗാധതയിലേക്ക് തള്ളിയിട്ട, സാഫല്യമാകാതെപോയ പ്രണയത്തിന്റെ നിരാശയിൽ മദ്യപാനവും ധൂമപാനവും നടത്തി മധുരനൊമ്പര ഗാനങ്ങൾ പാടി അലഞ്ഞുനടന്ന നാളിൽ ഒരു പള്ളിപ്പെരുന്നാളിലാണ് കറുത്ത പൊട്ടുള്ള വെള്ളസാരിയണിഞ്ഞ് ചുവന്ന ചുണ്ടിൽ സദാ സ്ഫുരിക്കുന്ന പുഞ്ചിരിയുമായി ചന്ദനനിറമുള്ള, ചുരുണ്ട മുടിയുമുള്ള, സുന്ദരിയെ ഞാൻ കണ്ടുമുട്ടിയത്.

ആ നിമിഷം സ്ഥായിയായിരുന്ന എന്റെ ദുഃഖം മാറി. ഞാൻ തീരുമാനിച്ചു ഇവളായിരിക്കും എന്റെ ജീവിത സഖിയെന്ന്. ജർമ്മനിയിൽ നേഴ്സിംഗ് പഠിച്ചു ജോലിചെയ്തുകൊണ്ടിരുന്ന ആ സുന്ദരിയും ലീവിന് നാട്ടിൽ വന്നതായിരുന്നു.

പിന്നെയെല്ലാം വളരെ പെട്ടെന്നായിരുന്നു. അവളുടേയും എന്റെയും കുടുംബ പ്രധാനികൾ കണ്ടുമുട്ടുന്നു. ചുരുങ്ങിയ ദിവസങ്ങൾക്കുള്ളിൽ ആലോചന, പെണ്ണുകാണൽ, നിശ്ചയം, വിവാഹം. വിവാഹാനന്തരം മിന്നൽപോലെ മറഞ്ഞുപോയ 21 ദിവസത്തെ മധുവിധു നാളുകൾ തിമിർത്താടി, ഞാൻ ബ്രൂണൈയിലേക്കും എന്റെ പ്രിയതമ ജർമ്മനിയിലേക്കും യാത്രയായി.

എത്രയും വേഗം പ്രാണപ്രേയസിയുടെ അരികിലെത്തുകയായിരുന്നു അടുത്ത ലക്ഷ്യം. ഇതിനകം എന്റെ പ്രിയതമ ഗർഭിണിയായിരുന്നു. ഞങ്ങളുടെ ദാമ്പത്യജീവിതത്തിലെ പ്രഥമസന്താനം ഒരു പെൺകുഞ്ഞ് ഭൂജാതയായി. ആ കുഞ്ഞിനേയും നോക്കി ജോലിയുമായി കഷ്ടപ്പെടുന്ന ഭാര്യയെ ഓർത്ത് ബ്രൂണൈയിലെ നല്ല ജോലി ഉപേക്ഷിച്ച് ഒത്തിരി സ്വപ്നങ്ങളും പേറി ഗോഥെയുടേയും ഗ്രാസിന്റേയും നാടായ ശാർമ്മണ്യദേശത്തെ മെറ്റ്മാൻ എന്ന സ്ഥലത്തെത്തി.

ബ്രൂണൈയിലെ സുൽത്താൻ, വിൻസ്റ്റൺ ചർച്ചിലിന്റെ ഒരു ആരാധകനായിരുന്നു. അദ്ദേഹത്തോടുള്ള ബഹുമാനസൂചകമായിട്ടാണ് മനോഹരമായ ഒരു ചർച്ചിൽ മ്യൂസിയം ബ്രൂണൈയുടെ തലസ്ഥാനമായ Bandar Seri Bagavan എന്ന സ്ഥലത്ത് സുൽത്താൻ നിർമ്മിച്ചത്. ആ മ്യൂസിയത്തിൽ ഹിറ്റ്ലർ ചെയ്യുന്ന ഒരു പ്രസംഗം റിക്കാർഡ് ചെയ്തുവെച്ചിട്ടുണ്ട്. ആ പ്രസംഗത്തിലൂടെയാണ് ഞാനാദ്യം ജർമ്മൻ ഭാഷ ശ്രവിച്ചത്. ഇത്രയും കാഠിന്യമേറിയ ഉച്ചാരണമുള്ള ഈ ഭാഷ എങ്ങനെ വശത്താക്കും എന്ന ഒരു ആധി എന്നെ ഗ്രസിച്ചിരുന്നു. മലയാളം അറിയുന്നവന് ലോകത്തിലെ ഏതൊരു ഭാഷയും പഠിക്കാനാവുമെന്ന ആത്മവിശ്വാസവും ഉണ്ടായിരുന്നു.

ഏത് രാജ്യത്തുവന്നാലും അവിടത്തെ ഭാഷ സ്വായത്തമാക്കുന്നത് പ്രാണവായുപോലെ അത്യന്താപേക്ഷിതമാണ്. ഭാഷ അറിയാതെ ജർമ്മനിയിൽ ജീവിക്കുവാനും ജീവിതത്തെ പൂർണ്ണമായി പങ്കുകൊള്ളാനും കഴിയില്ല. അതിനാലാണ് വന്നുകഴിഞ്ഞ് മൂന്നുമാസത്തിനുള്ളിൽതന്നെ ജർമ്മൻ ഭാഷാ പഠനത്തിനായി ഞാൻ ഡ്യൂസൽ ഡോർഫിലുള്ള ബെനഡിക്റ്റ് ഭാഷാസ്കൂളിൽ ചേർന്നത്.

ഞാൻ മാത്രമായിരുന്നു ഇന്ത്യാക്കാരനായി ആ ക്ലാസിൽ അന്നുണ്ടായിരുന്നത്. മറ്റുള്ളവരൊക്കെ കുടിയേറി പാർക്കാനെത്തിയ, ഭാഷവശമില്ലാത്ത, ജർമ്മൻ വംശജർ. പോളണ്ടിൽനിന്നും റഷ്യയിലെ ഖസാക്കിസ്ഥാനിൽനിന്നും റുമേനിയയിൽനിന്നുമൊക്കെ വന്നവരാണ്. അവർക്ക് ഫീസുകൊടുക്കാതെ ജർമ്മൻ പഠിക്കാം. ഗവൺമെന്റ് അവരുടെ പഠനത്തിനു വേണ്ടിയും ജോലി ലഭ്യമായി സ്വയം കാര്യങ്ങൾ നടത്താനാവുന്നതുവരെയും മാന്യമായി ജീവിക്കാനുള്ള പണവും പാർപ്പിടവും നൽകി അവരെ പ്രോത്സാഹിപ്പിച്ചിരുന്നു. ജർമ്മൻകാർ ക്ഷണിക്കാതെ, വലിഞ്ഞുകയറിവന്ന ഇന്ത്യക്കാരൻ സ്വയം പണം കൊടുത്തു പഠിക്കേണ്ടിവന്നു.

എന്റെ ജർമ്മൻ ഭാഷാപഠനാനന്തരം ജർമ്മൻ പത്രങ്ങൾ വായിച്ചും ജർമ്മൻ ടി.വി. പ്രോഗ്രാമുകൾ കണ്ടും പ്രിയ ഭാര്യയുടെ സഹായം കൊണ്ടും ഭാഷ പരിപോഷിപ്പിക്കുവാൻ ഞാൻ കഠിന പ്രയത്നം ചെയ്തു. ഏറ്റവും വില കുറഞ്ഞതും പേജുകൾ അധികമില്ലാത്തതുമായ 'ബിൽഡ്' എന്ന ദിനപത്രം ആയിരുന്നു ഞാൻ പ്രഭാത സവാരിക്കു പോകുമ്പോൾ വാങ്ങുക. ഭാഷാപ്രാവീണ്യം നേടിയ ശേഷമാണ് ജോലിക്കുവേണ്ടിയുള്ള എന്റെ അന്വേഷണത്തിനാരംഭമിട്ടത്.

താമസിച്ചിരുന്ന വീടിനടുത്തുള്ള 'ഇന്റഗ്രൽ' എന്ന ഒരു ആർക്കിടെക്റ്റൻ കമ്പനിയിൽ എന്റെ വിദ്യാഭ്യാസ യോഗ്യതയും മുൻപരിചയവും കണക്കിലെടുത്ത് 'ഡ്രാഫ്റ്റ്സ്മാൻ' ആയി ജോലിക്കെടുത്തു. ജോലിചെയ്യാൻ തൊഴിൽ കൈമാറ്റം ചെയ്യുന്ന ഓഫീസിൽ നിന്ന് അനുവാദം കിട്ടുമെന്നുള്ള പ്രതീക്ഷയോടെ ആയിരുന്നു അവരെന്നെ ജോലിക്ക് നിയമിച്ചത്. അപേക്ഷ കൊടുത്തു മൂന്നുമാസംവരെ ആയിട്ടും മറുപടി ലഭ്യമാകാത്തതിനെ തുടർന്ന് കൈമാറ്റം ചെയ്യുന്ന ഓഫീസുമായി നേരിട്ട് ബന്ധപ്പെട്ടപ്പോഴാണ് ജർമ്മൻ ഔദ്യോഗികതലത്തിലെ കയ്പ്പേറിയ അനുഭവങ്ങളുടെ ഒരു ഘോഷയാത്രയ്ക്ക് തുടക്കമിട്ടത്.



മാനുഷിക മൂല്യങ്ങൾക്ക് ഒരുവിധ പരിഗണനയുമില്ലാതെ നിയമത്തിന്റെ കാർക്കശ്യത്തിൽ തൂങ്ങി നിർദ്ദയമായി 'ഡ്രാഫ്റ്റ്സ്മാൻ' ആയി ജോലി ചെയ്യാനുള്ള എന്റെ അപേക്ഷ നിഷ്ക്കരുണം കൈമാറ്റം ചെയ്യുന്ന ഓഫീസ് നിരസിക്കുകയായിരുന്നു.

ഞാൻ താമസിച്ചിരുന്ന മെറ്റമാൻ മേഖലയിൽ മൂന്ന് തതുല്യ യോഗ്യതയുള്ളവർ ജോലിയില്ലാതെ നിൽക്കുന്നുണ്ടെന്നതിനാൽ അവർക്കാണ് ആ ജോലിക്ക് ആദ്യ ചാൻസെന്ന കാരണം പറഞ്ഞാണ് അവരെന്റെ അപേക്ഷ നിരസിച്ചത്. ഇവർ ജോലി ചെയ്യാൻ താൽപ്പര്യമില്ലാത്തവരാണെന്നും വളരെ നാളുകളായി ഇവർ ജോലി രഹിതരാണെന്നും ഒക്കെ അറിയാമായിരുന്നിട്ടും അവരെന്റെ അപേക്ഷ നിരസിച്ചു. ഞാൻ ജോലി ചെയ്തുകൊണ്ടിരുന്ന സ്ഥാപനത്തിന് എന്റെ സേവനം അത്യന്താപേക്ഷിതമാണെന്നും ബ്രൂണൈയിലെ എന്റെ പരിചയം അവർക്കൊരു മുതൽക്കൂട്ടാണെന്നും ഒക്കെ പറഞ്ഞ് അവർ എഴുതിയെങ്കിലും കൈമാറ്റം ചെയ്യുന്ന ഓഫീസുകാർ എനിക്ക് ജോലി ചെയ്യുവാനുള്ള അനുവാദം നിരസിച്ചു. ഞാൻ കുടുംബ പുനർസംഗമ വീസയിൽ വന്നവനാണെന്നും അതിനാൽ നിയമപരമായി ജോലി ചെയ്യാനുള്ള അനുവാദമില്ലെന്നും, വിസായുടെ അവസ്ഥ (status) മാറ്റിക്കിട്ടിയിട്ടുമതി ഇനി ജോലിക്ക് ശ്രമിക്കുന്നതെന്നൊരു ഉപദേശവും നൽകി.

വിദേശ ഓഫീസും തൊഴിൽ കൈമാറ്റം ഓഫീസും എന്നെ ഫുട്ബോൾപോലെ അങ്ങോട്ടുമിങ്ങോട്ടും ഇട്ട് തട്ടി.

രണ്ട് ഓഫീസുകളുടെ ഒരു ഒത്തുകളിയായിരുന്നു എന്നാണ് എനിക്ക് പിന്നീട് മനസ്സിലാക്കാൻ കഴിഞ്ഞത്. ജീവിതം മടുത്ത ഒരു വിഷമസന്ധിയായിരുന്നു അത്.എന്റെ വിഷമസ്ഥിതി കണ്ട് മനം നോവുന്ന ഭാര്യ, ഭാര്യയേയും കുഞ്ഞിനേയും ഇവിടെ തനിച്ചാക്കി പോവാൻ കഴിയാത്ത എന്റെ നിസ്സഹായാവസ്ഥ!

ജോലി ചെയ്ത് കുടുംബം പുലർത്തേണ്ട ഭർത്താവ് വീട്ടിലിരുന്ന് വീട്ടുജോലി നിർവ്വഹിക്കുകയും ഭാര്യയുടെ അദ്ധ്വാനഫലം കൊണ്ട് ജീവിക്കേണ്ടി വരികയും ചെയ്യുന്ന അശരണനായ ഒരു ഭർത്താവിന്റെ മനോവ്യഥ വിവരണാതീതമാണ്.

ജർമ്മൻ അധികാരികളുടെ മനസ്സ് കാഠിന്യമേറിയതാണെന്നും മാനുഷിക മൂല്യങ്ങളും കുടുംബത്തിന്റെ ഭദ്രതയുമൊക്കെ ക്രിസ്തുവിന്റെ അനുയായികളായ ഇവർക്ക് തൃണമാണെന്നും മനസ്സിലാക്കിയപ്പോൾ ജർമ്മനിയിലേക്ക് വന്നതിൽ ഞാൻ ദുഃഖിച്ചു.

ആരോഗ്യവകുപ്പിൽ ജോലിക്ക് ശ്രമിച്ചാൽ അധികാരികളുടെ അനുവാദം കിട്ടാനെളുപ്പമായിരിക്കുമെന്നാരോ പറഞ്ഞതനുസരിച്ച് മെയിൽ നേഴ്സായി പഠിക്കുവാനുള്ള സ്ക്കൂളിന്റെ അനുവാദവുമായി ഞാൻ വീണ്ടും തൊഴിൽ കൈമാറ്റം ഓഫീസും കയറിയിറങ്ങി. അതിന് അന്നത്തെ മെറ്റമാൻ തൊഴിൽ കൈമാറ്റം അധികാരി, കാലിനു സ്വാധീനമില്ലാത്ത കാരുണ്യത്തിന്റെ മയമില്ലാത്ത മുഖവുമായിട്ടുള്ള, പ്രായമേറിയ ആ മനുഷ്യൻ അനുവാദം നിരസിച്ചു. കാളവണ്ടികളുടേയും ചേരികളുടേയും ഇന്ത്യയിൽ



നിന്നുവന്ന കറുത്ത വർഗ്ഗക്കാരനായ എന്നെ , യാഥാസ്ഥിതികത്തിൽ മുങ്ങിയ അയാൾക്ക് അപകർഷതയോടെയെ കാണാൻ കഴിഞ്ഞുള്ളു. അയാൾ പെൻഷനായി കഴിഞ്ഞതിനുശേഷമാണ് എനിക്ക് ജോലിക്കുള്ള അനുവാദം കിട്ടിയത്.

നിരാശയുടെ കയത്തിലും വിരസതയുമായി കഴിഞ്ഞിരുന്ന ഈ കാലത്തെ ഒരേയൊരു ആശ്വാസവും മനസ്സിന്  സന്തോഷം പകർന്നിരുന്നതും തുടർച്ചയായി ലഭിച്ചിരുന്ന 'എന്റെ ലോകം' മാസികയാണ്. മലയാളം വായിക്കുവാനോ നാട്ടിലെ വിശേഷങ്ങളറിയുവാനോ ഉള്ള സാദ്ധ്യത അന്ന് വിരളമായിരുന്നു. നാട്ടിൽ പോയിവരുന്ന സുഹൃത്തുക്കൾ കൊണ്ടുവരുന്ന പഴയ പത്രങ്ങളും മാസികകളും കഴിഞ്ഞാൽ 'എന്റെ ലോക'മായിരുന്നു മലയാള വായന. ആകാംക്ഷയോടെ അക്കാലത്ത് 'എന്റെ ലോക'ത്തിനായി കാത്തിരുന്ന മലയാളികളിൽ ഞാനുമുണ്ടായിരുന്നു.

ദുർഘടങ്ങളും കടമ്പകളുമായി മനസ്സെപ്പോഴും നീറിപ്പുകയുന്ന സമയമായിരുന്നു  അന്ന്. അപ്പോഴാണ് ചുറ്റും നടക്കുന്നവ വീക്ഷിക്കാനാരംഭിച്ചതും സ്വന്തം അനുഭവങ്ങൾ സാക്ഷ്യമായതും. എങ്കിൽ എന്തുകൊണ്ടിവ കടലാസിൽ പകർത്തിക്കൂടാ എന്ന ആശയം തോന്നി, അങ്ങനെ എഴുതി തുടങ്ങി. എഴുതിയത് 'എന്റെ ലോക'ത്തിനയച്ചു കൊടുത്തു. അവർ അത് പ്രസിദ്ധീകരിച്ചു. പ്രസിദ്ധീകരിച്ചു കണ്ടപ്പോൾ എഴുതുവാൻ  ഉത്സാഹമായി. 'എന്റെ ലോകം' പത്രാധിപസമിതിയുടെ പ്രോത്സാഹനവും കഥകൾ വായിച്ച സുഹൃത്തുക്കളുടെ  പ്രോത്സാഹനവും എന്നെ വീണ്ടും കഥകൾ എഴുതുവാൻ പ്രേരിപ്പിച്ചു.

ഒരു പ്രവാസിയുടെ കഥാരചനയ്ക്ക് പരിമിതിയുണ്ട്. അവന്റെ ഭാഷയും സാഹിത്യവുമായുള്ള ബന്ധവും പരിമിതമാണ്. അത് എഴുത്തിൽ പ്രതിഫലിച്ചിട്ടുണ്ട്. എങ്കിലും എന്റെ കഥകൾ വായിക്കുവാനിഷ്ടപ്പെടുന്ന ഒരു ചെറിയ സമൂഹം ജർമ്മനിയിലും അയൽരാജ്യങ്ങളിലും ഉണ്ടെന്നുള്ളത് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്.  എന്റെ ഒന്ന് രണ്ട് രചനകൾ ജർമ്മനിലേക്ക് വിവർത്തനം ചെയ്ത ശ്രീ ജോസ് പുന്നാംപറമ്പിലിനെ ഞാൻ നന്ദിയോടെ എന്നും ഓർക്കും. 'എന്റെ ലോകം' എന്ന മാസികയാണ് എന്നെ ഒരു കഥാകൃത്താക്കിയതെന്ന് അഭിമാനത്തോടെ ഞാൻ സ്മരിക്കുന്നു.

ദിവസങ്ങളും ആഴ്ചകളും മാസങ്ങളും പറന്ന് വർഷങ്ങളായി. കാലഭേദങ്ങൾ മാറി, മരങ്ങൾ തളിർത്തു  വസന്തം വിടപറഞ്ഞപ്പോൾ  ഇലകൾ കൊഴിഞ്ഞു , ശിഖരങ്ങൾ ആകാശത്തേക്ക് നോക്കി സൂര്യന്റെ വരവിനായി നെടുവീർപ്പിട്ടു.മഴയും മഞ്ഞും ശീതക്കാറ്റും ശിഖിരങ്ങളെ അവരുടെ ഇഷ്ടത്തിന് വിപരീതമായി കുലുക്കി തണുപ്പിച്ചുവിറപ്പിച്ചു. മഞ്ഞുകണങ്ങൾ തൂകി ദേശം മുഴുവനും തൂവെള്ള പട്ടുപുതപ്പിച്ചു. എല്ലാ പ്രയാസങ്ങളും തരണം ചെയ്ത് മരങ്ങൾ പ്രതീക്ഷയോടെ വീണ്ടും വസന്തത്തിന്റെ വരവ് കാത്തുനിന്നു.

എന്റെ ജീവിതത്തിലും വസന്തമുണ്ടാകുമെന്ന പ്രതീക്ഷയോടെ ഞാനും ജീവിതം തുടർന്നു. മെറ്റ്മാനിലുള്ള ഏതെങ്കിലും കമ്പനിയിൽ ഒരു സാദാ ജോലിക്കാരനായി നിയമനം ലഭിച്ചാൽ ജോലിക്കുള്ള അനുവാദം എളുപ്പമായിരിക്കുമെന്നുമുള്ള ഒരു സുഹൃത്തിന്റെ ഉപദേശം. ഭാര്യയുടെ ഒരു സഹപ്രവർത്തകയുടെ ഭർത്താവിന്റെ നിർദ്ദേശപ്രകാരം ജോർജ്ജ് ഫിഷർ എന്ന കമ്പനിയിൽ ഒരു തൊഴിലാളിയായി നിയമനം ലഭിക്കുകയും, അത് ചെയ്യാനുള്ള അനുവാദം തൊഴിൽ കൈമാറ്റം ഓഫീസും തരികയും ചെയ്തു. വീട്ടിലിരുന്ന മുരടിച്ചുമടുത്ത എനിക്ക് എന്ത് ജോലിയും സ്വാഗതാർഹമായിരുന്നു.

ഒരു ഫാക്ടറിയുടെ ഉൾവശം ഒരിക്കൽപോലും കണ്ടിട്ടില്ലാത്ത എനിക്ക് ആദ്യദിവസം ദുരൂഹവും നിഗൂഡവുമായ ഒരു പുതുലോകത്തേക്ക് കാലെടുത്തുവെച്ച പ്രതീതിയായിരുന്നു. ഫാക്ടറിയുടെ അകം പൊടിപടലങ്ങളാൽ മലീമസമായിരുന്നു. കാതടപ്പിക്കുന്ന യന്ത്രങ്ങളുടെ  ശബ്ദവും തലങ്ങനെയും വിലങ്ങനെയും ഒച്ചവെച്ചോടുന്ന 'ഫോർക്ക് ലിഫ്റ്റ്', നിറഞ്ഞുനിൽക്കുന്ന പൊടിപടലങ്ങളിലൂടെ ഊളിയെത്തുന്ന മഞ്ഞപ്രകാശത്തിൽ നീല യൂണിഫോമിട്ട് ജോലിയെടുക്കുന്ന മനുഷ്യരും.

ഫാക്ടറിക്കുള്ളിലെ ലോകം എന്നെ വല്ലാതെ ആശ്ചര്യപ്പെടുത്തി. തുർക്കി, പോർച്ചുഗൽ, യൂഗോസ്ലാവിയ, മൊറോക്കോ, ടൂണിഷ്യ എന്നീ രാജ്യങ്ങളിൽനിനിന്നും വന്നവരായിരുന്നു ഈ ഫാക്ടറികളിലെ മിക്ക കഠിനപ്രയ്നങ്ങളും ചെയ്തിരുന്നവർ. സ്വദേശികൾ താരതമ്യേന പ്രയത്നരഹിതമായ ജോലികളിലാണ് ഏർപ്പെട്ടിരുന്നത്. ഇവിടെ ജോലി ചെയ്യുന്ന ജർമ്മൻകാർ ഒരു പ്രത്യേക തരത്തിൽ വാക്കുകളാൽ അഭ്യാസം കാട്ടിയാണ് വിദേശിയരോട് ജർമ്മൻ സംസാരിച്ചിരുന്നത്. ഇങ്ങനെ സംസാരിച്ചാലെ വിദേശികൾക്ക് മനസ്സിലാവൂ എന്നിവർ ധരിച്ചുവച്ചിരിക്കുന്നു.

വൃത്തിരഹിതമായ അന്തരീക്ഷത്തിൽ കഠിനമായി ജോലിചെയ്തായിരുന്നു ജർമ്മനിയിലെ ജീവിത ചെലവിനുള്ള പണം സമ്പാദിച്ചു തുടങ്ങിയത്. ശാരീരികമായും മാനസികമായും തളർന്ന സമയമായിരുന്നു അത്. പലതവണ ഈ ജോലി ഉപേക്ഷിച്ച് തിരികെ പോയാലോ എന്നാലോചിച്ചിരുന്നു. എങ്കിലും കുടുംബത്തിന്റെ നിലനിൽപ്പിനു ത്യാഗം സഹിച്ചേ കഴിയൂ എന്ന് മനസ്സിലാക്കി തുടർന്നു.

എന്നെ ഏറ്റവും വേദനിപ്പിച്ചിരുന്നത് കമ്പനിയിലെ   ജോലിക്കാരിൽ നിന്നും ഫോർമാനിന്നുമുള്ള അവഗണന ആയിരുന്നു. പശുക്കളെ പൂജിക്കുന്നവരുടേയും ചേരികളുടേയും നാടായ ഇന്ത്യയിൽനിന്നുവന്ന ഇവന് എന്തറിയാം?

ഒരു തുർക്കി സുഹൃത്താണ് എന്റെ നിസ്സഹായാവസ്ഥ മനസ്സിലാക്കി എന്നെ ഉപദേശിച്ചത്. അതിൻപ്രകാരം ഒരു കുപ്പി മാരികോൺ മദ്യം വാങ്ങി ഫോർമാനു  സമ്മാനിച്ചതിനുശേഷമാണ് ഏറ്റവും വൃത്തിഹീനവും ശ്വാസകോശങ്ങളിൽ പൊടിപടലങ്ങൾ കയറുന്നതുമായ ജോലിയിൽനിന്ന് മുക്തി നേടിയത്. ഭാഷ ഒരുവിധം നന്നായി കൈകാര്യം ചെയ്യാനറിയുന്നവനാണെന്ന് മനസ്സിലാക്കിയിട്ടും അവഗണനയായിരുന്നു.

കുറച്ചുകൂടി ഭേദമായ ഒരു ജോലിക്കുവേണ്ടി പലതവണ ഫോർമാനോട് സംസാരിച്ചിട്ടും ഫലം കാണാനാവാതെ ഒടുവിൽ എല്ലാ ധൈര്യവും സംഭരിച്ച് എന്റെ വിദ്യാഭ്യാസയോഗ്യതകളെക്കുറിച്ച് സെക്ഷൻ ചീഫിനെ ധരിപ്പിക്കുകയും കുറച്ചുകൂടി നല്ല ഒരു ജോലി തരണമെന്ന് അപേക്ഷിക്കുകയും ചെയ്തു.

എന്റെ ജർമ്മൻഭാഷാ നൈപുണ്യവും വിദ്യാഭ്യാസയോഗ്യതയും കണക്കിലെടുത്ത് ആറുമാസത്തിനുള്ളിൽ ശാരീരികാദ്ധ്വാനം കുറഞ്ഞതും ജോലിയിൽ തൽപ്പരത തോന്നുന്നതുമായ ഒരു പുതിയ സ്ഥലത്തേക്ക് മാറ്റം കിട്ടി. ഇവിടം മറ്റൊരു ലോകമാണ് ഇവിടത്തെ ജോലിക്കാരിൽ ഭൂരിഭാഗവും ജർമ്മൻകാരാണ്. ഇവിടെയും അവഗണനപ്രകടമായിരുന്നു.

ഇന്ത്യയിൽനിന്നാണെന്ന് അറിഞ്ഞാലുള്ള അവരുടെ ആദ്യത്തെ ചോദ്യം 'വിശുദ്ധ കന്നുകാലി'യെ കുറിച്ചാണ്. ഇത്രയും പട്ടിണിയുള്ള രാജ്യത്ത് എന്തുകൊണ്ട്  പശുക്കളെ കൊന്ന് ഭക്ഷിച്ചുകൂടാ എന്ന അഭിപ്രായപ്രകടനവും. പിന്നെ ഇന്ത്യക്കാർ



പെണ്ണുങ്ങൾ നെറ്റിയിൽ പൊട്ടുതൊടുന്നതിന്റെ അർത്ഥം വിവരിച്ച് കൊടുക്കണം.

എല്ലാവിധ അവഗണനകളേയും തൃണവൽക്കരിച്ച് വർഷങ്ങൾ അവിടെ ജോലിചെയ്തു. സംശയത്തോടും ദുരൂഹതയോടും നോക്കിയിരുന്നവരൊക്കെ പിന്നെ സായാഹ്നബീയർ മേശയിലെ കൂട്ടുകക്ഷികളായി. ഇന്ത്യ അവർ ധരിച്ചിരുന്നതുപോലെ അത്ര മോശം രാജ്യമല്ലെന്നും ഇന്ത്യക്കാർക്കും അവരോടൊപ്പം നിൽക്കാനുള്ള കഴിവുണ്ടെന്നും ക്രമേണ അവർ മനസ്സിലാക്കി.

ഇന്ന് ജർമ്മനിയിൽ ഇന്ത്യയെക്കുറിച്ചുള്ള അബദ്ധമായ ധാരണകൾ മാറിയിരിക്കുന്നു. ഇന്ത്യയുടെ വ്യാവസായിക രംഗവും കമ്പ്യൂട്ടർ യുഗവുമൊക്കെ ദൃശ്യമാദ്ധ്യമങ്ങളിൽ നിറഞ്ഞുനിൽക്കുന്നു.

ജർമ്മനിയിൽ നിന്നുമെന്താണ് ഉൾക്കൊള്ളാനുള്ളത്? പ്രഥമവും പ്രധാനവും അവരുടെ സ്ഥിരോത്സാഹം തന്നെ. പിന്നെ, ജോലിയോടുള്ള ആത്മാർത്ഥമായ പ്രതിബദ്ധത, കൃത്യനിഷ്ഠ, കർത്തവ്യബോധം, സ്വന്തം രാജ്യത്തോടുള്ള സ്നേഹം .

ഒരു മണിക്കൂർ പണിമുടക്ക് നടന്നാൽ രാജ്യത്തിന് അതുമൂലമുണ്ടായ ഭീമമായ നഷ്ടത്തെക്കുറിച്ച് പിറ്റേദിവസത്തെ വാർത്തയായി വരുന്ന അത്ഭുത പ്രതിഭാസം. സമരങ്ങൾ കഴിയുന്നതും ഒഴിവാക്കി വ്യവസായികളുടേയും രാജ്യസ്നേഹികളുടേയും ഉത്തരവാദിത്വമുള്ള തൊഴിലാളി സംഘടനകളുടേയും രാഷ്ട്രീയക്കാരുടേയും സഹകരണത്തോടെയാണ് ഓരോ വർഷവും വേതനനിരക്ക് വർദ്ധിപ്പിക്കുന്നത്. രാജ്യസ്നേഹമുള്ള ജനസേവകരായ രാഷ്ട്രീയ പാർട്ടികളും അവരുടെ ജനപ്രതിനിധികളും ലോകത്തിന് മുഴുവൻ മാതൃകയാണ്.

ഗോഥേയും, ഷില്ലറും, ഗ്രാസും, ഹെർമ്മൻ ഹെസ്സെയും അങ്ങനെ എത്ര എത്ര എഴുത്തുകാർക്ക് ജന്മം നൽകിയ അനുഗൃഹീത രാജ്യമാണ് ജർമ്മനി. പൗരാണികവും  പരമ്പരാഗതവുമായ കൊട്ടാരങ്ങളും വീടുകളും തനിമ ചോർന്നുപോകാതെ സൂക്ഷിക്കുന്നതിലുള്ള ഈ രാജ്യക്കാരുടെ വ്യഗ്രത സ്തുത്യർഹമാണ്. ഹിറ്റ്ലറിന്റെ കിരാത ഭരണത്തിൽ സർവ്വവും നഷ്ടപ്പെട്ടിട്ടും ചുരുങ്ങിയ കാലംകൊണ്ട് പൂർവ്വാധികം ഭംഗിയോടും കെട്ടുറപ്പോടും വീണ്ടും കെട്ടിപ്പടുത്ത് ലോകത്തിലെ ഏറ്റവും മുന്തിയ സാമ്പത്തിക വളർച്ചയുള്ള രാജ്യമാക്കി മാറ്റിയ ജർമ്മൻ ജനതയെ അത്ഭുതത്തോടും ബഹുമാനത്തോടുമേ വീക്ഷിക്കാനാവൂ.

## എന്താണ് ഞാനിവരിൽ കാണുന്ന അപാകതകൾ?

മുപ്പതുവർഷത്തിലേറെ ജർമ്മൻ ജനതയോടൊപ്പം ജീവിച്ച് എനിക്ക് ജർമ്മൻ വീക്ഷണത്തിൽ എല്ലാം ഭദ്രമായി തോന്നുമെങ്കിലും എന്നെ അലോസരപ്പെടുത്തുന്ന ചില കാര്യങ്ങളുണ്ട്. ഭൂരിപക്ഷം ജർമ്മൻകാർക്കും ജീവിതത്തിലെ പ്രധാനകാര്യം ജോലിയോടുള്ള പ്രതിബദ്ധതയാണ്. അങ്ങനെയായതുമൂലം പലപ്പോഴും കുടുംബത്തിനുവേണ്ടി സമയം കാണാനാവാതെ വരുകയും അത് കുടുംബജീവിതത്തിൽ പാളിച്ചകൾ ഉണ്ടാക്കുകയും ചെയ്യുന്ന ദുരവസ്ഥ. വർഷം മുഴുവനും കഠിനാദ്ധ്വാനം ചെയ്ത് വർഷത്തിൽ രണ്ടുതവണ സൂര്യപ്രകാശം തേടി വിദേശരാജ്യത്തെ ഏതെങ്കിലും സമുദ്രതീരങ്ങളിൽ സൂര്യനെ മതിയാവോളം അനുഭവിച്ചു മദ്യപാനവും നടത്തി ആടിപ്പാടി ഉല്ലസിക്കുന്നതിനുവേണ്ടി മാത്രമായിരിക്കുന്നു ഇവിടെ ഭൂരിപക്ഷം പേരുടേയും ജീവിതം.

കുഞ്ഞുങ്ങളേക്കാൾ മൃഗങ്ങളെ സ്നേഹിക്കുന്നതിൽ തൽപ്പരത കാണിക്കുന്ന ഇവരുടെ ചേതോവികാരം എനിക്ക് മനസ്സിലാകുന്നില്ല. ജർമ്മൻ ജനതയുടെയും രാജ്യത്തിന്റെയും നിലനിൽപ്പിന് കുഞ്ഞുങ്ങൾ അത്യന്താപേക്ഷിതമാണെന്ന കാര്യം ജർമ്മൻ ജനതയിൽ നല്ലൊരു വിഭാഗം സൗകര്യപൂർവ്വം മറക്കുന്നു.

ഒരു ഈശ്വരവിശ്വാസിയായതുകൊണ്ടാവാം സ്വവർഗ്ഗരതി വൈരുദ്ധ്യങ്ങളെ നിയമാനുസൃതമായി കാണുന്ന ഇവരുടെ ഉദാരവൽക്കരിക്കപ്പെട്ട കാഴ്ചപ്പാടിനോട് യോജിക്കാനാവുന്നില്ല.

രോഗപ്രതിരോധത്തിനും ആരോഗ്യസംരക്ഷണത്തിനും ഇത്രയേറെ പണം ചെലവഴിക്കുന്ന മറ്റൊരു രാജ്യം ലോകത്തുണ്ടോ എന്ന് സംശയമാണ്. ആവശ്യത്തിനും അനാവശ്യത്തിനും ഗുളികകൾ വിഴുങ്ങുന്ന, വീട് ഒരു പൊടിപോലും പിടിക്കാതെ സൂക്ഷിക്കുകയും ചെയ്യുന്ന ഇവരെ കളിയാക്കി 'ഗുളിക വിഴുങ്ങികൾ' എന്നും 'വൃത്തിയാക്കൽ പിശാച്' എന്നും വിളിക്കാറുണ്ട്.

ഭൂരിപക്ഷം ജർമ്മൻകാരും വിദേശീയരെ ജർമ്മൻ ജീവിതത്തിന്റെ ഭാഗമായി അംഗീകരിച്ചുകഴിഞ്ഞെങ്കിലും ഒരു ചെറിയവിഭാഗം പ്രത്യേകിച്ചും, കിഴക്കൻ ജർമ്മനിയിലെ ചില സംസ്ഥാനങ്ങളിലെ ജനത, വിദേശീയരെ തിരസ്ക്കരിക്കുകയും ആക്രമിക്കുകയും ചെയ്യുന്ന വാർത്തകൾ ദൃശ്യമാധ്യമങ്ങളിലടെ കാണുകയും കേൾക്കുകയും

**എല്ലാവിധ അവഗണനകളേയും തൃണവൽക്കരിച്ച് വർഷങ്ങൾ അവിടെ ജോലിചെയ്തു. സംശയത്തോടും ദുരൂഹതയോടും നോക്കിയിരുന്നവരൊക്കെ പിന്നെ സായാഹ്നബീയർ മേശയിലെ കൂട്ടുകക്ഷികളായി. ഇന്ത്യ അവർ ധരിച്ചിരുന്നതുപോലെ അത്ര മോശം രാജ്യമല്ലെന്നും ഇന്ത്യക്കാർക്കും അവരോടൊപ്പം നിൽക്കാനുള്ള കഴിവുണ്ടെന്നും ക്രമേണ അവർ മനസ്സിലാക്കി.**

ചെയ്യുന്നുണ്ട്. ഇത് അവഗണിക്കപ്പെടേണ്ട ഒരു വിഭാഗം നവനാസികളുടെ ചെയ്തികളാണെന്ന് പറഞ്ഞ് രാഷ്ട്രീയക്കാർ തടിതപ്പാൻ ശ്രമിക്കുന്നുണ്ടെങ്കിലും കിഴക്കൻ ജർമ്മനിയിലെ നല്ലൊരു വിഭാഗം ജനത ഈ നവനാസികളെ പ്രോത്സാഹിപ്പിക്കുന്നുണ്ട് എന്നതൊരു സത്യമാണ്.

## ജർമ്മനിയിൽ കുടിയേറിയതിൽ ഞാൻ സംതൃപ്തനാണോ?

തീർച്ചയായും എനിക്കിന്ന് അല്ലലുകൂടാതെ ജീവിക്കാനുള്ള ഒരവസ്ഥ സംജാതമായിരിക്കുന്നു, അത് ജർമ്മനിയിൽ വന്നതുകൊണ്ടും. ഇവിടെ പ്രതിമാസവരുമാനമുള്ള വർക്ക് കാറ് വാങ്ങാം, വീട് നിർമ്മിക്കാം. ഇവിടെ സാമ്പത്തിക ഭദ്രത കൈവന്നിരിക്കുന്നു. ജീവിത സായാഹ്നത്തിൽ പെൻഷൻകൊണ്ട് ജീവിക്കാം. ഇവിടെ മനുഷ്യർ സുരക്ഷിതരാണ് .

ജർമ്മൻ ഭാഷയും സംസ്കാരവും അതുവഴി യൂറോപ്യൻ സംസ്കാരവും സാഹിത്യവും ഒക്കെ മനസ്സിലാക്കാൻ കഴിഞ്ഞത് ജീവിതത്തിലെ നേട്ടമായി ഞാൻ കരുതുന്നു. വൃത്തിയായും കൃത്യമായും എല്ലാ കാര്യങ്ങളും നടന്നുപോകുന്ന, ശാന്തി വിളയാടുന്ന ഈ രാജ്യത്ത് എനിക്ക് സന്തോഷമുണ്ട്.

എന്നാലും മനസ്സിന്റെ കോണിൽ പച്ചപിടിച്ച ഒരു ഗ്രാമത്തിന്റെ ചിത്രം മിന്നിത്തിളങ്ങുന്നു. ജനിച്ചുവളർന്ന വീടും വിദ്യ അഭ്യസിച്ച വിദ്യാലയവും ദിനംപ്രതി കുർബാനയ്ക്ക് പൊയ്ക്കൊണ്ടിരുന്ന പള്ളിയും ഒക്കെ ഇപ്പോഴും ഓർമ്മയിൽ തളംകെട്ടി നിൽക്കുന്നു. ജർമ്മനിയിൽ വന്നപ്പോൾ സാമ്പത്തിക ഭദ്രത നേടി തിരികെ പോകാമെന്ന ആഗ്രഹമായിരുന്നു. പക്ഷേ, കണ്ണടച്ച് തുറക്കുന്നതിനുമുമ്പ് വർഷങ്ങൾ ഓടിയകന്നു. നാട്ടിലെ ജീവിതം സാക്ഷാൽക്കരിക്കാത്ത ഒരു സ്വപ്നമായി അവശേഷിക്കുന്നു. കഠിനപ്രയത്നം ചെയ്ത് കെട്ടിപ്പടുത്ത വീടും സമ്പാദ്യവും ഇവിടെ ജനിച്ച് ജർമ്മൻ സംസ്കാരത്തിൽ മുങ്ങിക്കുളിച്ച് വളർന്ന മക്കളെയുമിട്ട് തിരികെ പോകാനാവാതെ ഗ്രാമത്തിന്റെ പച്ചപ്പ് സ്വപ്നം കണ്ട് തൃപ്തിയടയുന്നവരായി മാറിയിരിക്കുന്നു എന്റെ പ്രായത്തിലുള്ളവർ.

## എവിടെ ആയിരിക്കണം ശിഷ്ടജീവിതം?

പരസഹായമില്ലാതെ ജീവിക്കാനാവുന്നിടത്തോളം കാലം സ്വന്തം വീട്ടിലാവാം ജീവിതം. ജീവിത പങ്കാളി നഷ്ടമായാൽ പിന്നെയെങ്ങനെയാവും ജീവിതം? സ്നേഹം ചൊരിഞ്ഞുവളർത്തിയ മക്കളാണെങ്കിലും ജർമ്മൻ ജീവിതം കണ്ട് വളർന്ന മക്കളുടെ അസൗകര്യവും സമയദൗർലഭ്യവും കൊണ്ട്, വാർദ്ധക്യത്തിൽ മക്കളുടെ സ്നേഹം ആവശ്യമുള്ളപ്പോൾ ഏതെങ്കിലുമൊരു വൃദ്ധമന്ദിരത്തിൽ കൊണ്ടാക്കുമോ?

**അങ്ങനെയായാൽ ജീവിതാവസാനംവരെ വൃദ്ധമന്ദിരത്തിന്റെ ഒരു മുറിയിൽനിന്ന് കർട്ടൻ മാറ്റി ജനലിലൂടെ നിരത്തിലൂടെ ഓടുന്ന വണ്ടികളെ ആകാംക്ഷയോടെ നോക്കി മകന്റെയോ മകളുടെയോ കാറു വരുന്നുണ്ടോ എന്നും നോക്കി നിൽക്കേണ്ടിവരുമോ ശിഷ്ടകാലം?**

അതോ സ്വന്തം വീട്ടിൽ മക്കളോടും പേരക്കുട്ടികളോടുമൊപ്പം വാർദ്ധക്യം സന്തോഷത്തിന്റെയും സംതൃപ്തിയുടെയും നാളുകളായി തീരുമോ? എന്തായിരിക്കും നാളെ എന്നെ കാത്തിരിക്കുന്നത്? അതോ ശിഷ്ടകാലം നാട്ടിൽ ചെലവഴിക്കുന്നതായിരിക്കുമോ നല്ലത്? ഞാൻ ജനിച്ചുവളർന്ന നാട്ടിലാവട്ടെ എന്റെ വാർദ്ധക്യം, അവിടെയുള്ള വീട്ടിൽ താമസിച്ച് നിത്യേന പ്രഭാതകുർബാനയ്ക്ക് പോവുകയും സായാഹ്നങ്ങളിൽ പള്ളിമുറ്റത്തിരുന്ന് സമപ്രായക്കാരോടൊപ്പം സൊറപറഞ്ഞ് രസിക്കുകയും ചെയ്യാം.

കുരുമുളകിനെയും ഏലത്തെയും തെങ്ങോലകളെയും തഴുകിയെത്തുന്ന വാസനയുടെ മന്ദമാരുതന്റെ തലോടലും ഏറ്റ് ജീവിതസായാഹ്നം ശാന്തസുന്ദരമായ എന്റെ ഗ്രാമത്തിലാവണമെന്ന വല്ലാത്തൊരു അത്യാസക്തി എന്നെ മഥിക്കുന്നു.



# Empowering the Next Generation



## The Benefits and Importance of Kinder Volunteering

### Kinder for Kinder

Working on the Kinder for Kinder sponsorship program is an incredible opportunity to make a lasting impact on the lives of children in India.

As you know, many children in India face significant barriers to accessing education, including poverty, lack of resources, and cultural norms. This not only affects the children themselves but also perpetuates the cycle of poverty and lack of opportunity in their communities.

### How K4K works?

Through our sponsorship program, you can help break this cycle by providing a child in need with the resources and support they need to succeed in school. As a sponsor, you will be matched with a specific child and will be able to track their progress and communicate with them through regular updates and letters.

Your sponsorship will help cover the cost of tuition, uniforms, books, and other school expenses, as well as provide additional support such as tutoring and mentoring.

But the benefits of sponsorship go beyond just providing a child with an education. By investing in a child's future, you are also helping to improve the entire community. Educated children are more likely to become leaders and change-makers, and to have higher-paying jobs and better quality of life in the long run.

### How volunteering builds you?

Volunteering in the Kinder for Kinder project as a committee member is a highly rewarding experience for you as well. You will have the opportunity to learn about the education system in India and the challenges that children face in accessing education. You will also have the opportunity to connect with and support the sponsored children, and see firsthand the impact of your efforts on their lives. Additionally, working on the program can also allow you to develop new skills and gain valuable experience in areas such as project management, community outreach, and communication. Overall, the experience of working on this project can be highly fulfilling and provide a sense of purpose and meaning to your leisure time.

*For more informations:* **www.kindeforkinder.ch**

„BILDUNG IST DIE MÄCHTIGSTE WAFFE,
MIT DER SIE DIE WELT VERÄNDERN KÖNNEN.“
NELSON MANDELA



KINDER FOR KINDER
EIN PROJEKT VON KELI SCHWEIZ

SCANNEN & ONLINE ZAHLEN

kinderforkinder.ch

KINDERFORKINDER

# കേരള ചരിത്രവും പുരാവസ്തു ശാസ്ത്രവും





**പ്രൊഫ. എം.ജി.എസ്. നാരായണൻ**

(എം.ജി.എസ് എന്ന് വിളിക്കപ്പെടുന്ന എം.ജി. എസ് നാരായണൻ അറിയപ്പെടുന്ന ചരിത്ര പണ്ഡിതനും പ്രഭാഷകനുമാണ് . കേരളത്തിലെ പെരുമാക്കൻമാരെ കുറിച്ചെഴുതിയ പുസ്തകം കേരള ചരിത്രാന്വേഷികൾക്ക് മുതൽ കൂട്ടാണ് . കാലിക്കറ്റ് യൂണിവേഴ്സിറ്റി ചരിത്രവിഭാഗം തലവനായിരുന്നു. ഇന്ത്യൻ കൗൺസിൽ ഓഫ് ഹിസ്റ്റോറിക്കൽ റിസേർച്ചിന്റെ ചെയർമാനായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. 2023 ൽ നവതി ആഘോഷിച്ച MGS വിശ്രമജീവിതം നയിക്കുന്നു.)

കേരളം എന്ന ഒരു ഭാഷയും സംസ്കാരവും ലോകാരംഭം തൊട്ടുതന്നെ ഏതാണ്ട് ഇന്നത്തെ പോലെയൊക്കെ ഉണ്ടായിരുന്നുവെന്ന ഒരു മുൻവിധി പലപ്പോഴും അബോധപൂർവ്വം ഈ പ്രദേശത്തിന്റെ , ജനതയുടെ, സമൂഹത്തിന്റെ, ഭൂതകാലത്തെ കുറിച്ച് എഴുതുവാൻ ശ്രമിച്ചവർക്ക് ഉണ്ടായിരുന്നു. ഈ ഭാഷയും സംസ്കാരവും ചലന സ്വഭാവം ഉള്ളതാണെന്നും പതുക്കെ പതുക്കെ പല ഘട്ടങ്ങളിലൂടെ കടന്ന് ഈ വിധത്തിൽ ആയതാണെന്നും കൽപ്പിക്കുവാനുള്ള ചരിത്ര ഭാവനയാണ് ബോധപൂർവ്വം നാം ആദ്യം സ്വായത്തമാക്കേണ്ടത്.

ഏതാണ്ട് ഇന്നത്തെ കേരള പ്രദേശം മുഴുവൻ ഉൾക്കൊള്ളുന്ന, ഭരണകേന്ദ്രവും നിയമങ്ങളും ചേർന്ന, കേരളം എന്ന പേരിൽ അറിയപ്പെടുന്ന, രാജ്യം ചരിത്രത്തിൽ ആദ്യമായി പ്രത്യക്ഷപ്പെടുന്നത് ക്രിസ്തുവർഷം എണ്ണൂറാമാണ്ടിന് അടുത്താണെന്ന് ഇപ്പോൾ വ്യക്തമാണ്. കഴിഞ്ഞു നൂറ്റാണ്ടിന്റെ, ഇരുപതാം നൂറ്റാണ്ടിന്റെ, മദ്ധ്യഘട്ടം വരെ അങ്ങിനെ ഒരു പ്രതിഭാസത്തെ പറ്റി ആരും ആലോചിച്ചിരുന്നില്ല. മൗര്യസാമ്രാജ്യകാലത്ത്, ക്രിസ്തുവിന് ഏതാണ്ട് മുന്നൂറിലധികം വർഷങ്ങൾക്കു മുമ്പ്,ഇവിടെ ഒരു കേരള രാജ്യം ഉണ്ടായിരുന്നുവെന്നും അശോക ചക്രവർത്തി ആ രാജ്യത്തെ പറ്റി രണ്ട് ശാസനങ്ങളിൽ പരാമർശിച്ചിട്ടുണ്ടെന്നും പലരും എഴുതി വച്ചിട്ടുണ്ട്. ഇന്നും ചില ചരിത്രപാഠപുസ്തകങ്ങളിൽ അങ്ങിനെ ഉള്ള പ്രസ്താവനകൾ കാണാം. അശോകന്റെ കാലത്ത് ഇന്നത്തെ കേരള പ്രദേശം മുഴുവൻ വൻ കാടുകൾ ആയിരുന്നു എന്നും ആ കാടുകൾക്കിടയിൽ ചിലയിടത്ത് മഹാശിലായുഗത്തിലെ, അതായത് ഇരുമ്പ് യുഗാരഭത്തിലെ, ചില ശവക്കല്ലറകളും അവയുടെ ഉടമസ്ഥരായ പ്രാകൃത ഗോത്രങ്ങളും മാത്രമാണ് കാണപ്പെട്ടതെന്നും ഇപ്പോൾ വ്യക്തമായി അറിയാം. ഈ അറിവുകൾക്ക് നാം പുരാവസ്തു ശാസ്ത്രത്തോടാണ് കടപ്പെട്ടിരിക്കുന്നത്.



തമിഴ് നാട്ടിലെ തൃശ്ശിനാപ്പള്ളി നഗരത്തിനടുത്തുള്ള കരൂർ എന്ന സ്ഥലത്തായിരുന്നു പ്രാകൃതരായ ചേരവംശത്തിലെ ചില മൂപ്പന്മാർ ജീവിക്കുകയും മരിക്കുകയും ചെയ്തതെന്ന് അവിടെ പുരാവസ്തു വിദ്ഗ്ധർ കുഴിച്ചെടുത്ത കോട്ടയുടെ അവശിഷ്ടങ്ങളും അവരുടെ കുറേ പഴയ നാണയങ്ങളും ആ നഗരത്തിനടുത്ത്, ഏതാണ്ട് 10, 12 കിലോമീറ്റർ അകലത്ത്, പൂകളൂർ മലയിൽ തമിഴ് ബ്രാഹ്മി ലിപികളിൽ ഇരട്ട ആദി ചേരന്മാരുടെ ലിഖിതങ്ങളും സാക്ഷ്യപ്പെടുത്തുന്നു. ഒന്നാം ചേര സാമ്രാജ്യം എന്നൊക്കെ തെറ്റായി വിളിക്കപ്പെട്ട ആദി ചേരമൂപ്പന്മാരുടെ ആസ്ഥാനം കരൂർ (കരുവൂർ) ആയിരുന്നു. ഇന്നത്തെ കേരള പ്രദേശവുമായി അവർക്ക് ബന്ധം ഉണ്ടാവുന്നത് ക്രിസ്തു ആദിശതകങ്ങളിൽ യവനന്മാരുടെ പായ കപ്പലുകൾ കാലവർഷക്കാറ്റുകളുടെ വഴിപിടിച്ച് എത്തി പെരിയാറിന്റെ അന്നത്തെ അഴിമുഖത്തിനടുത്ത് ഒരു താവളം കണ്ടെത്തുന്നതോടെയാണ്. കുരുമുളകിന്റെ ആഗോള കുത്തകയുണ്ടായിരുന്ന ഈ പ്രദേശത്തിന്റെ വ്യാപാര ലാഭത്തിൽ ഒരംശം കൈക്കലാക്കാൻ തമിഴ്നാട്ടിലെ കരൂരിൽ നിന്ന് ചേരന്മാർ പടിഞ്ഞാട്ട് നീങ്ങി പാലക്കാട് ചുരം കടന്ന് പേരാറിന്റെയും പെരിയാറിന്റെയും കരകളിലൂടെ അഴിമുഖം വരെ എത്തിയെന്ന് അനുമാനിക്കാം. അവിടെ ഒന്നുരണ്ട് സ്വാഭാവിക തുറമുഖങ്ങളിൽ- മുചിരിയിലും തൊണ്ടിയിലും മറ്റും- അക്കാലത്തെ റോമൻ (യവന) വ്യാപാരികളുടെ സാന്നിദ്ധ്യം അറിയിക്കുന്ന രണ്ടുമൂന്ന് റോമൻ സഞ്ചാരികൾ- പ്ലീനി, ടോളമി, പെരിപ്ലസ്- ഈ തുറമുഖങ്ങളുടെ ചെറു വിവരണം കാഴ്ചവയ്ക്കുന്നു. എന്നാൽ ഇന്നത്തെ മലബാറിൽ ഒരു വലിയ ഭാഗം ചേരന്മാർ ഭരിച്ചു എന്ന് കരുതാനാവില്ല. എയ്യാൽ, മാള, പറവൂർ, വള്ളുവള്ളി മുതലായ ചില സ്ഥലങ്ങളിൽ നിന്ന് യാദൃശ്ചികമായി കണ്ടെത്തിയ റോമൻ നാണ്യങ്ങൾ അന്ന് സജീവമായിരുന്ന മുചിരി- തൊണ്ടി- കരുവൂർ വാണിജ്യപാതയെ കുറിക്കുന്നു. ഏഴിമലയിലെ നന്ന നെപ്പറ്റിയും പറമ്പി മലയിലെ പാരിയെ പറ്റിയും ഉള്ള സംഘതമിഴ് പാട്ടുകൾതന്നെ ആ പ്രദേശങ്ങൾ ചേര ന്മാരുടെ കീഴിൽ അല്ല എന്നതിന് തെളിവാണല്ലോ. യവന ഗ്രന്ഥകാരന്മാരും തുറമുഖത്തിന്റെ അധിപൻ അങ്ങ് ദൂരെ കരൗറയിൽ ആണെന്നേ പറയുന്നുള്ളൂ

അടുത്ത കാലം വരെ ഐതിഹ്യങ്ങളും സാഹിത്യ രൂപത്തിൽ ഉള്ള തെളിവുകളും (സഞ്ചാരക്കുറിപ്പുകൾ, ചരിത്രഗ്രന്ഥങ്ങൾ, കാവ്യനാടകാദികൾ) മാത്രം ആധാരമാക്കിയാണ് കേരളത്തിൻറെ ചരിത്രം എഴുതാൻ ശ്രമിച്ചിരുന്നത്. ഏതാണ്ട് ഒരു നൂറ്റാണ്ടായി കുറഞ്ഞതോതിൽ എങ്കിലും പുരാവസ്തു ശാസ്ത്രം കടന്നു വരാൻ തുടങ്ങി. 1910ൽ തിരുവിതാംകൂറിൽ പുരാവസ്തു വിഭാഗം ആരംഭിച്ച ടിപി ഗോപിനാഥറാവുവിന്റെ അദ്ധ്യക്ഷതയിൽ വാർഷിക റിപ്പോർട്ട് കൾക്ക് പുറമേ Travancore Archaeological series എന്ന പ്രസിദ്ധീകരണവും ഉണ്ടായി. ടി. കെ. ജോസഫ് എഡിറ്റ് ചെയ്ത Kerala society papers വാല്യങ്ങൾ പ്രസിദ്ധീകരിച്ചു. കൊച്ചി സർക്കാർ തൃശ്ശൂരിൽ രാമവർമ്മ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും പുരാവസ്തു വകുപ്പും രൂപീകരിച്ചു. മോർട്ടിമർ വീലറുടെ കീഴിൽ പരിശീലനം ലഭിച്ച പാലിയത്ത് അനുജൻ ആയിരുന്നു ആദ്യത്തെ അദ്ധ്യക്ഷൻ.R.V.R.I.ബുള്ളറ്റിനുകളും എപ്പി ഗ്രാഫിക്കൽ സപ്ലിമെൻറ് വന്നു. ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ കീഴിൽ രമേശ് ഥാപ്പറുടെ പോർക്കളം ഖനനം തുടങ്ങി. മെഗാലിത്തിക്ക് അവശിഷ്ടങ്ങൾ (ഏതാണ്ട് 150 ഓളം കേന്ദ്രങ്ങൾ) കേരളത്തിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. (Age of Kerala )ബ്രിട്ടീഷ് ഗവൺമെന്റിന്റെ ആഭിമുഖ്യത്തിൽ പുറത്തുവന്ന ഡിസ്ട്രിക്റ്റ് മാനുവലുകളും Indian Antiquary ,Epigraphia Indica വാല്യങ്ങളും ശാസ്ത്രീയ വിവരങ്ങൾ പ്രസിദ്ധീകരിച്ചു. അനിയൻ അച്ഛൻറെ ശാസ്ത്രീയമായ ചേരമാൻ പറമ്പ് ഉൽഖനനങ്ങളും (1946) ഉണ്ടായി. എന്നാൽ, ഇതൊന്നും വേണ്ടവിധത്തിൽ പ്രയോജനപ്പെടുത്തുവാൻ കേരളത്തിലെ സർക്കാരോ സർവ്വകലാശാലകളോ തയ്യാറായില്ല. സ്വാതന്ത്ര്യത്തിനുശേഷം സ്റ്റേറ്റ് ആർക്കിയോളജി വകുപ്പ് ഖനനങ്ങൾ ഏറ്റെടുക്കാതെയും വേണ്ടപോലെ സംരക്ഷിക്കാതെയും ഏതാണ്ട് നിർജീവമായി കിടന്നു. സമ്പന്നമായ ഒരു ആർകൈവ്സ് വിഭാഗവും നമുക്കുണ്ടെങ്കിലും വിദഗ്ധ പരിശീലനം സിദ്ധിച്ച ഉദ്യോഗസ്ഥർ അപൂർവമാണ്. ചില നല്ല രേഖ സഞ്ചയങ്ങൾ Archives വിഭാഗം പുറത്തിറക്കിയിട്ടുണ്ട്. സർക്കാർ മ്യൂസിയങ്ങളിൽ കൃത്യമായ വിവരങ്ങൾ അടങ്ങിയ ഗൈഡുകൾ ഇല്ലാത്തതിനാൽ പഠന ഗവേഷണങ്ങൾ ബുദ്ധിമുട്ടാണ്. കേരള സർവകലാശാല 1970 വരെ ചരിത്ര

പഠനഗവേഷണങ്ങൾ അനാവശ്യമെന്ന് കരുതിയിരുന്നു. 1968 മുതൽ പഠനങ്ങൾ കുറച്ചൊക്കെ നടന്നെങ്കിലും കക്ഷിരാഷ്ട്രീയത്തിന്റെ കടന്നേറ്റം ആ വിഭാഗത്തെ മിക്കവാറും നിശ്ചലമാക്കി. ഈ അവസ്ഥയിൽ കേരളത്തിൽ ശാസ്ത്രത്തിന്റെ അനുപേക്ഷണീയമായ സഹായം കേരള ചരിത്രത്തിൽ വേണ്ടവിധത്തിൽ ലഭ്യമായിട്ടില്ല എന്ന് തന്നെ പറയാം.

ഇരുപതാം നൂറ്റാണ്ടിന്റെ മദ്ധ്യഘട്ടത്തോടുകൂടി പുരാവസ്തു പ്രമാണങ്ങളും സാഹിത്യ പ്രമാണങ്ങളും ജ്യോതിശാസ്ത്ര വിവരങ്ങളും ചേർത്തുവെച്ചുള്ള പഠനങ്ങളിലൂടെ പ്രൊഫസർ ഇളംകുളം കുഞ്ഞൻപിള്ളയുടെയും മറ്റും പരിശ്രമം കൊണ്ട് ചരിത്രത്തിന് ഏതാണ്ട് തൃപ്തികരമായ ഒരു കാലക്രമത്തിന്റെ രൂപരേഖ തയ്യാറായി. പ്രാഗ് ചരിത്രം , സംഘകാല ചരിത്രം എന്നിവയുടെ കാലം കഴിഞ്ഞ് ക്രിസ്തുവർഷം 800 ഓടെ ആരംഭിച്ച1124 ൽ അവസാനിക്കുന്ന ചേരമാൻ പെരുമാക്കളുടെ കാലവും അതിനുശേഷം ഉള്ള ജന്മി നാടുവാഴി കാലഘട്ടവും ഉദ്ദേശം1500 എ ഡി മുതൽക്കുള്ള ആധുനിക ഘട്ടവും വേർതിരിച്ചു കാണാൻ കഴിഞ്ഞു. എന്റെ തലമുറയിലെ ഗവേഷകർ ഇതിൽ ഓരോ ഘട്ടത്തിലും ഉള്ള സാമൂഹിക സാംസ്കാരിക പരിണാമങ്ങളുടെ വിശദാംശങ്ങളിൽ വെളിച്ചം വീശുന്ന കുറേ പ്രബന്ധങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. വിദേശങ്ങളിൽ ബ്രിട്ടീഷ് ജർമൻ അമേരിക്കൻ ജപ്പാനീസ് യൂണിവേഴ്സിറ്റികൾ കേരള ചരിത്ര പഠനത്തിൽ കേരളത്തേക്കാൾ മുന്നേറിയിട്ടുണ്ട്.

പുരാവസ്തു ശാസ്ത്രം രംഗത്ത് വന്നതോടെ, പഴയ ചർച്ചകളിൽ മുൻപന്തിയിൽ തിളങ്ങിയ ഐതിഹ്യങ്ങളിൽ പലതും, പരശുരാമൻറെ കേരള സൃഷ്ടി, സെൻറ് തോമസിന്റെ ക്രിസ്തുമത സ്ഥാപനം നബിയുടെ കാലത്ത് മാലിക് ഇബ്നുദിനാറുടെ 10 പള്ളികളുടെ നിർമ്മാണം എന്നിവ തികച്ചും അപ്രസക്തമായി കഴിഞ്ഞു. പുരാവസ്തു സംബന്ധമായ സമഗ്ര വാർത്താ ശേഖരണം, ഖനനം, സംരക്ഷണം, പ്രസിദ്ധീകരണം തുടങ്ങി ഒരായിരം സംഗതികൾ ഇനിയും നടക്കാനുണ്ട്. പുരാവസ്തു പഠനത്തിൽ സർവ്വേ നടത്തി കുഴിക്കേണ്ട സ്ഥാനങ്ങൾ കുഴിച്ച് റിപ്പോർട്ടുകൾ തയ്യാറാക്കുക,വിശകലനം ചെയ്യുക, മറ്റുപ്രമാണങ്ങളുമായി താരതമ്യപ്പെടുത്തി ഭൂതകാല പരിണാമങ്ങൾ കൃത്യമായി രേഖപ്പെടുത്തുക എന്നിങ്ങനെ ഒന്നോ രണ്ടോ തലമുറയ്ക്ക് ചെയ്തുതീർക്കാവുന്ന പദ്ധതികൾ ഇപ്പോൾ കൺമുമ്പിൽ ഉണ്ട്.

ചേരമാൻ പെരുമാക്കളുടെ ഐതിഹ്യം കാലബോധമില്ലാതെ ഒഴുകി നടക്കുന്ന ഒരു അനിശ്ചിതത്വമേഖലയായിരുന്നു. അതു മാറി ആ രാജവംശത്തിൻറെ ഭരണകേന്ദ്രം മഹോദയപുരം എന്ന പേരിൽ അറിയപ്പെട്ട കൊടുങ്ങല്ലൂർ ആയിരുന്നുവെന്നും ക്രിസ്തുഒമ്പതുമുതൽ മൂന്നു നൂറ്റാണ്ടോളം നിലനിന്ന ആ രാജ്യം കേരള ബ്രാഹ്മണരായ നമ്പൂതിരി മാരുടെ ഗ്രാമസംഘങ്ങൾക്ക് ദേവസ്വം ബ്രമസ്വം വക ഭൂമി വ്യവസ്ഥയിൽ മേധാവിത്വവും രാജ സദസ്സിലെ പാരമ്പര്യ മന്ത്രിസ്ഥാനം വഴി( തളി അധികാരികൾ) രാഷ്ട്ര സംവിധാനത്തിൽ നിർണായ സ്ഥലവും ഉള്ള ബ്രാഹ്മണ പ്രഭുത്വ ഘടനയോടുകൂടിയ ഒന്നായിരുന്നുവെന്നും (Bahmin Oligarchy )അവിടെ പെരുമാക്കൾ എന്നറിയപ്പെട്ട രാജാക്കൾ ബ്രാഹ്മണരുടെ കളിപ്പാട്ടങ്ങൾ ആയിരുന്നുവെന്നും അവരുടെ 150 ഓളം പുരാലേഖ്യങ്ങളുടെയും സംസ്കൃതം തമിഴ് സാഹിത്യ കൃതികളുടേയും വെളിച്ചത്തിൽ വ്യക്തമായി. പുരാവസ്തുക്കളുടെയും പുരാലേഖ്യങ്ങളുടെയും സഹായത്തോടെ ആര്യാവർത്തനത്തിൽ നിന്നുള്ള ബ്രാഹ്മണർ കൃഷി തേടി പടിഞ്ഞാറും കിഴക്കമുള്ള കടൽക്കരകളിലൂടെയും വിന്ധ്യാപർവ്വതം കടന്ന് കേരളത്തിലും എത്തി ഭൂമിയിലും സമൂഹത്തിലും ആധിപത്യം സ്ഥാപിച്ചതിന്റെ ആയിരം വർഷം നീണ്ട ചരിത്രം അനാവരണംചെയ്യാൻ ഇപ്പോൾ സാദ്ധ്യമാണ് . ഈ ചേര( കേരള) രാജ്യം സാമ്രാജ്യം അല്ല 17 സാമന്ത നാടുവാഴികളോട് കൂടി ഭരിച്ച 12 ചേരപെരുമാക്കൾ ബ്രാഹ്മണ വിധേയത്വവും ക്ഷത്രിയ സ്ഥാനവും മരുമക്കത്തായ പിന്തുടർച്ചയും നായർ കൂട്ടങ്ങളായ നാട്ടുകൂട്ടങ്ങളുടെ(നൂറ്റുവർ സംഘങ്ങൾ)സൈനിക പിന്തുണയും ക്ലാസിക്കൽ വർണ്ണാശ്രമധർമ്മത്തിന്റെ മാതൃകയിലുള്ള സമൂഹവും പുലയ ചെറുമക്കൂട്ടങ്ങളുടെ അടിമത്വവും യഹൂദ ക്രൈസ്തവ മാപ്പിള സമുദായങ്ങളുടെ സങ്കേതങ്ങളും ഉള്ള ഒരു കാലഘട്ടത്തിലാണ് ഭരിച്ചത്.

മദ്ധ്യഭാരതത്തിലെ ശതവാഹന സാമ്രാജ്യത്തിന്റെ കാലത്ത് ഏതാണ്ട് ക്രിസ്തുവിന് മുമ്പ് രണ്ടാം ശതകത്തിൽ ആരംഭിക്കുന്ന ആര്യ ബ്രാഹ്മണരുടെ ഭൂദാനധിഷ്ഠിതമായ ദക്ഷിണ മഹാപ്രസ്ഥാനത്തിന്റെ (The Great Southward migrations )ഫലമായാണ് കേരള ബ്രാഹ്മണർ ഇവിടെയെത്തുന്നത്. പരശുരാമൻ അധിനിവേശത്തിൻറെ ഒരു സിംബൽ മാത്രമാണ്. അവരുടെ വർണ്ണ വ്യവസ്ഥയും ധർമ്മശാസ്ത്ര കാമശാസ്ത്രാദികളും കേരളത്തിലെ ദ്രാവിഡ കുടുംബസംബ്രദായമടക്കം ഭാഷാസാഹിത്യ മതാതി വിശ്വാസങ്ങളെ ആകെ മാറ്റിമറിക്കുന്നു. അവസാനത്തെ ചേരമാൻ പെരുമാൾ മതം മാറി മക്കത്ത് പോയെന്ന് കഥയ്ക്ക് അടിസ്ഥാനം ഉണ്ടെങ്കിലും ആ സംഭവം ഏഴാം നൂറ്റാണ്ടിലല്ല പന്ത്രണ്ടാം നൂറ്റാണ്ടിലെ ആരംഭത്തിൽ ആണെന്ന് വ്യക്തമായതിനാൽ മാലിക് ദിനാറുടെ പള്ളികൾ ഇന്ത്യയിലെ ആദ്യത്തെ മുസ്ലിം പള്ളികൾ ആണെന്ന ഔദ്യോഗിക വാദം പൊളിയുന്നു. അറബി മുസ്ലിങ്ങൾ പണ്ടുമുതൽ കാലവർഷക്കാറ്റിന്റെ സഹായത്തോടെ മലബാർ കരയിൽ വന്നു പോയി കൊണ്ടിരുന്ന വ്യാപാരികൾ ആണെങ്കിലും അവരുടെ മടായി പള്ളി പന്ത്രണ്ടാം ശതകത്തിൽ ഉണ്ടായതെന്ന് വാസ്തുശിൽപ ശൈലിയും പുരാലിഖിതങ്ങളും സാക്ഷ്യപ്പെടുത്തുന്നു.

ഇതുപോലെ തന്നെ ചേരമാൻ പെരുമാക്കളും സമൂഹത്തിലെ ബ്രാഹ്മണ മേധാവിത്വവും ഒമ്പതാം നൂറ്റാണ്ടിൽ മാത്രം ഉണ്ടായതെന്ന് അറിയുന്നതോടെ ക്രിസ്തു അപ്പസ്തോലൻ തോമസ് ഇവിടെ വന്നിട്ടുണ്ടെങ്കിൽ പള്ളിപ്പാട്ടുകളിൽ പറയുന്നതുപോലെ ചേരമാൻ പെരുമാക്കളെ കണ്ടിരിക്കാനോ ബ്രാഹ്മണപ്രമാണിമാരെ മതം മാറ്റിയിരിക്കുവാനോ യാതൊരു സാദ്ധ്യതയും കാണുന്നില്ല. ആ കഥയും വിശ്വാസത്തിന്റെ ഒരു വ്യാമോഹമായി മാത്രമേ കണക്കാക്കാനാവൂ.

പെരുമാൾ ഭരണത്തിന്റെ അന്ത്യവും ബ്രാഹ്മണ ഗ്രാമങ്ങളുടെ ഐക്യക്ഷയവും നാടുവാഴികളുടെ വർദ്ധമാനമായ സാമ്പത്തിക സൈനികശേഷിയും കാരാളരായ നായർ കൂട്ടങ്ങളുടെ എണ്ണത്തിലും പഠിപ്പിലുമുള്ള പെരുപ്പവും പാശ്ചാത്യരായ കടൽ കച്ചവടക്കാരുടെ സംഘടിത ആക്രമണങ്ങളും കുഞ്ഞാലിമരക്കാരുടെ ധീരമായ ചെറുത്തുനിൽപ്പും എല്ലാം കൂടി വാസ്കോഡഗാമയുടെ ആഗമനത്തോടെ ആധുനിക ദശയുടെ ഉദ്ഘാടനം കുറിച്ചു. ഈ കാലഘട്ടത്തിലെ കേരളത്തിൻറെ സ്വത്വരൂപീകരണം മത സമുദായങ്ങളുടെ പരിഷ്കരണത്തിലൂടെയും മലയാളികളുടെ ദേശീയ പങ്കാളിത്തത്തിലൂടെയും വ്യവസായവൽക്കരണത്തിലൂടെയും വിദ്യാഭ്യാസ നവീകരണത്തിലൂടെയും ഭൂപരിഷ്കരണത്തിലൂടെയും വർഗ്ഗ സംഘർഷങ്ങളിലൂടെയും കമ്പ്യൂട്ടർ മൊബൈൽ വിപ്ലവ സംഘർഷങ്ങളിലൂടെയും തല ചുറ്റുന്ന വേഗത്തിൽ മുന്നേറുകയാണ്. പത്തൊമ്പതാം നൂറ്റാണ്ടിലെ സാമൂഹ്യ സിദ്ധാന്തങ്ങൾ പലതും കലഹരണപ്പെട്ടു



പോകുകയും  പുതിയവ രംഗത്തു വരികയും ചെയ്ത വിവരമൊന്നും യാഥാസ്ഥിതികരായ കേരളത്തിലെ സ്റ്റാലിനിസ്റ്റ് മാർക്സിസ്റ്റുകൾ അറിഞ്ഞിട്ടില്ല. മലയാളിയുടെ അന്തർദേശീയമായ കുടിയേറ്റങ്ങളും അവയുടെ പ്രത്യാഘാതങ്ങളും ചരിത്ര വിദ്യാർത്ഥികൾക്ക് വിഷയമാകണം. മാത്രമല്ല ശാസ്ത്രീയമായ പുരാവസ്തു  പഠനത്തോടൊപ്പം സൈക്കോ ഹിസ്റ്ററി (മനശാസ്ത്ര ചരിത്രം) സംഖ്യാധിഷ്ഠിത ചരിത്രം എന്നീ പുതിയ  ശാഖകളെ പറ്റിയും കീഴാള ചരിത്രത്തെ പറ്റിയും(Subaltern history) പഠിക്കണം എല്ലാറ്റിനും കൃത്യമായ  വസ്തുനിഷ്ഠമായ ദൃഢമായ ഒരു അടിത്തറ ഉണ്ടാവണമെങ്കിൽ പരിഷ്കൃതമായ പുരാവസ്തു ശാസ്ത്രത്തിൻറെ സഹായം ഉണ്ടായേതീരൂ. അതില്ലെങ്കിൽ ചരിത്രത്തിന് അന്ധവിശ്വാസത്തിന്റെ ബാധയും ആൽമനിഷ്ഠതയുടെ അർത്ഥമില്ലായ്മയും ഒഴിവാക്കാൻ ആവില്ല.

വ്യക്തിപരവും വംശപരവും ജാതിപരവും  പ്രാദേശികമായ പലതരം പക്ഷപാതങ്ങൾ അബോധ പൂർവ്വമായി ചരിത്രകാരനെ വഴിതെറ്റിക്കുവാൻ എല്ലായിടത്തും ഉണ്ട്. ഇവർയ്ക്ക്  പുറമേയാണ് കേരളത്തിൽ ശക്തമായ രാഷ്ട്രീയ കക്ഷി പക്ഷപാതങ്ങൾ  ആശയരൂപീകരണത്തെ കലുഷമാക്കുന്നത്. ജീവിതത്തിൽ പരിശുദ്ധി പാലിക്കുന്നവർ ആയാലും പാർട്ടിക്കുവേണ്ടി നേതാക്കൾ ആവശ്യപ്പെട്ടാൽ അല്ലെങ്കിൽ ആവശ്യപ്പെടാം എന്ന് തോന്നിയാൽ ഏതു വ്യാജപ്രചാരണവും  ബോധപൂർവ്വം ഏറ്റെടുക്കുന്നവരായി ചരിത്രകാരന്മാർ അടുത്തകാലത്ത് മാറിയിട്ടുണ്ട്. ചരിത്ര പഠനത്തെ മാത്രമല്ല പുരാവസ്തു ശാസ്ത്ര പ്രവർത്തനത്തെ കൂടി ആ കാൻസർ കഠിനമായി ബാധിച്ചിരിക്കുന്നു.




കഴിഞ്ഞ ഏതാനും വർഷങ്ങളായി സർക്കാർ പിന്തുണയുള്ള കേരള കൗൺസിൽ ഓഫ് ഹിസ്റ്റോറിക്കൽ റിസർച്ച് ഒരു പാർട്ടി സ്ഥാപനം പോലെയാണ് പ്രവർത്തിച്ചു പോന്നത്. പട്ടണം ഖനനത്തിന് മുസിരിസ് ഖനനം എന്ന് പേരിട്ടു. സംഘടന രംഗങ്ങളിൽ പ്രമുഖരായ ചിലർക്ക് പട്ടണം പ്രദേശത്ത് കുറേ ഭൂമിയുണ്ടെന്നും അതിൻറെ വില കൂട്ടാനാണ് പട്ടണത്തെ ഒരു തെളിവുമില്ലാതെ ആദ്യമേ തന്നെ മുസിരി സാക്കി ടൂറിസം വകുപ്പിനെയും കൂട്ടുപിടിച്ച് പ്രചാരണം നടത്തിയതെന്നും ആരോപണം ഉയർന്നപ്പോൾ അതിന് ഒരു മറുപടിയും ഉണ്ടായിട്ടില്ല. പുരവസ്തു ശാസ്ത്രത്തെ പോലും പാർട്ടിയും സർക്കാരും ചേർന്നാൽ ദുരുപയോഗപ്പെടുത്താൻ കഴിയുമെന്ന് ഈ ഉദാഹരണം തെളിയിക്കുന്നു.

ചരിത്രകാരന് ആദ്യം വേണ്ടത് മൂന്ന്  മനുഷ്യ ഗുണങ്ങളാണ്, നിർഭയത, സത്യസന്ധത വസ്തുനിഷ്ഠത.

ഇതുറപ്പാക്കിയ ശേഷമാണ് ചരിത്രവും പുരാവസ്തു ശാസ്ത്രവും എല്ലാം പഠിക്കേണ്ടത്. അല്ലെങ്കിൽ ഇത് നമ്മെ ആശയക്കുഴപ്പത്തിലേക്ക് നയിക്കും .മറ്റു പഠനങ്ങൾ എന്നപോലെ ഭൂതകാല പഠനവും പുരോഗമിക്കുന്നതിന് പകരം പകരം പുറകോട്ട് അടിച്ച് സമൂഹത്തെ ആകെ അധപ്പതനത്തിലേക്ക് വലിച്ചിഴയ്ക്കും.





# സായംകാലത്തിന്റെ സ്പന്ദനങ്ങൾ



കിടപ്പുമുറിയിലെ നീണ്ട കണ്ണാടിക്കു മുൻപിൽ ഏറെ നേരം നിന്ന് സാരിയും മുടിയും ശ്രദ്ധാപൂർവം ക്രമീകരിച്ചു തൃപ്തികരം എന്ന് ഉറപ്പു വരുത്തിയിട്ടാണ് വത്സല ഫ്ലാറ്റ് പൂട്ടി പുറത്തേയ്ക്കു ഇറങ്ങിയത്. വളരെ വർഷങ്ങൾ കൂടി ജന്മനാട്ടിൽ എത്തിയതാണ്. കോരിച്ചൊരിയുന്ന പെരുമഴയ്ക്കും വെടിക്കെട്ടിന്റെ കണ്ണഞ്ചിക്കുന്ന പ്രകാശത്തെ വെല്ലുവിളിക്കുന്ന കൊള്ളിയാനുകൾക്കും കർണ്ണകഠോരമായ ഇടിമുഴക്കത്തിനും മദ്ധ്യേ, സന്ധ്യാ നേരത്ത് എത്തിച്ചേർന്നത് കൊണ്ട് ഇന്നലെ ആരേയും കാണുവാൻ സാധിച്ചില്ല. അതുകൊണ്ട് മാത്രമാണ് ഇന്ന് ക്ലബ് ഹൗസിൽ പോകുവാൻ അവൾ തീരുമാനിച്ചത്. കോണിപ്പടികൾ ഇറങ്ങി താഴെ വന്ന ശേഷവും ഇടനാഴിയിലെ കണ്ണാടിയിൽ പെട്ടെന്ന് ഒന്ന് കൂടെ കണ്ണോടിക്കുവാൻ വത്സല മറന്നില്ല. പരിചയക്കാരേയും കൂട്ടുകാരേയും ഒക്കെ കാണാനുള്ള വെമ്പലിനിടയ്ക്കും മുടിയിഴകൾ യഥാസ്ഥാനത്ത് തന്നെ ഇരിക്കുന്നുണ്ട് എന്ന് മുമ്പത്തേതിലും ശ്രദ്ധയോടെ ഉറപ്പു വരുത്തുക ഇപ്പോൾ ഒരു പതിവായിരിക്കുകയാണ് എന്ന് അവൾ കൗതുകത്തോടെ ഓർമ്മിച്ചു.

ആദ്യമായാണ് വെള്ളിക്കമ്പി മുടികളുമായി വത്സല കേരളത്തിൽ എത്തുന്നത്. കോവിഡ് കാലത്തെ ഏകാന്തത പലർക്കും ദുസ്സഹനീയമായപ്പോൾ അവൾ അത് ഒരു അവസരമായി കണക്കാക്കി. വിചിത്രമായ ആ പരിവർത്തനഘട്ടത്തിൽ പരീക്ഷിച്ച പല ഹെയർ സ്റ്റൈലുകളിൽ ഒന്ന് അവൾക്കു നന്നേ ഇഷ്ടപ്പെട്ടിരുന്നു. ചെവികളുടെ വശത്തുള്ള വെള്ളിക്കമ്പികളെ എടുത്തുകാണിക്കുന്ന ഒരു സവിശേഷമായ സ്റ്റൈൽ. അതിനു ശേഷം ഉപ്പും കുരുമുളകും ഇടകലർന്ന നിറത്തിലുള്ള തന്റെ മുടികളെ വളരെ വാത്സല്യത്തോടെ ആണ് വത്സല പരിചരിച്ചിരുന്നത്. യുവത്വം കൈവിടാൻ മടിക്കുന്ന വൃദ്ധരുടെ ഇരുണ്ട കറപ്പ് നിറത്തിലുള്ള മുടിയും താടിയും കണ്ടുമടുത്തും, ആ നിറം നിലനിർത്തുവാനായി ഉള്ള തന്റെ തന്നെ നിരന്തര പരിശ്രമങ്ങളിൽ മനം മടുത്തും കഴിഞ്ഞിരുന്ന അവൾക്കു പുതിയ നിറങ്ങളും പുതിയ സാധ്യതകളും എന്തെന്നില്ലാത്ത ഒരു ആത്മധൈര്യവും നവോന്മേഷവും പകർന്നു.



**റീത്ത വിമലശ്ശേരി**

(Rita Vimalassery, Lecturer, Berufsfachschule BBB, Baden, Switzerland (Retd), Admin & Moderator International Online Discussion Forums)

അസ്തമയ സൂര്യന്റെ തേജസ്സിൽ തിളങ്ങിനിൽക്കുന്ന വിശാലമായ നടപ്പാതയിലൂടെ മെല്ലെ മെല്ലെ നടന്നു നീങ്ങിയപ്പോൾ അതിന്റെ ഇരുവശങ്ങളിലും കഴിഞ്ഞ ഏതാനും വർഷങ്ങൾ കൊണ്ട് വന്ന അത്ഭുതാവഹമായ മാറ്റങ്ങൾ കണ്ടു വത്സലയുടെ മനം കുളിർത്തു. ശ്രദ്ധയോടെ ലാൻഡ്സ്കേപ്പ് ചെയ്ത അതിവിശാലമായ ഗാർഡനിൽ ഇടതൂർന്നു നിൽക്കുന്ന വൻവൃക്ഷങ്ങളും എണ്ണമറ്റ ചെടികളും അവയിലെ വർണ്ണാഭമായ പുഷ്പങ്ങളും, തങ്ങൾക്കു കിട്ടുന്ന ശ്രദ്ധയും പരിചരണവും എത്രയെന്നു ഏവരോടും വിളിച്ചോതുകയാണ് എന്ന് അവൾക്കു തോന്നി. നഗരത്തിന്റെ ഹൃദയ ഭാഗത്തു തന്നെയുള്ള, വെറും പാഴ്ഭൂമിയായി എലിയുടെയും പാമ്പിന്റെയും മറ്റു ക്ഷുദ്രജീവികളുടേയും വിഹാരകേന്ദ്രം ആയിരുന്ന ചുറ്റുവട്ടത്തെ വിസ്തൃതമായ സ്ഥലം ഒന്നാം തരം കൃഷിഭൂമിയായി മാറിയത് റെസിഡന്റ് അസോസിയേഷൻ ഭാരവാഹികളുടെ അർപ്പണ മനോഭാവം ഒന്നു കൊണ്ട് മാത്രം ആണ് എന്ന് മറ്റുള്ളവരിൽ നിന്നും കേട്ടറിഞ്ഞ അഭിപ്രായം സത്യം തന്നെ എന്ന് വത്സലയ്ക്കു ഉറപ്പായി. തനിക്കു അതിൽ ഭാഗഭാക്കാകാൻ സാധിച്ചില്ലല്ലോ എന്ന ചെറിയ ഇച്ഛാഭംഗം ഉള്ളിലൊതുക്കി അവൾ ക്ലബ് ഹൌസിന്റെ പടികൾ ശ്രദ്ധയോടെ ചവിട്ടിക്കയറി.

മറ്റാരും അവിടെ എത്തിയിട്ടുണ്ടായിരുന്നില്ല. പൂമുഖത്ത് കൊളോണിയൽ സ്റ്റൈലിൽ ഉള്ള നിരവധി മേശകളും കസേരകളും അതിഥികളെ സ്വീകരിക്കുവാൻ ക്ഷമയോടെ കാത്തു കിടന്നിരുന്നു. അടുത്ത കാലത്തു നവീകരിക്കപ്പെട്ട ക്ലബ്ബ് ഹൗസ്, ഫേസ് ലിഫ്റ്റിങ് നടത്തിയ മുത്തശ്ശിയേപ്പോലെ കൂടുതൽ സുന്ദരിയായി കാണപ്പെട്ടു. വിവിധ സിനിമകളിലൂടെ താരപദവി നേടിയ പിൻവശത്തുള്ള ആകർഷകമായ നീന്തൽകുളം അപ്പോൾ വിജനമായിരുന്നു. തണുത്ത നീല ടൈലുകൾ കുളത്തിലെ വെള്ളത്തിന്റെ നിറം പൂർവ്വാധികം വർദ്ധിപ്പിച്ചു. അതിലെ സ്പടികതുല്യമായ നീലജലവും മന്ദമാരുതന്റെ തലോടലിൽ പുളകം കൊണ്ട് ചാഞ്ചാടുന്ന കുഞ്ഞോളങ്ങളും, ചുറ്റിലുമുള്ള പുൽത്ത കിടിയുടെ പച്ചപ്പും മുൻകാലത്തേക്കാൾ ഏറെ ആകർഷകമായി അവൾക്കു തോന്നി. അറബിക്കടലിൽ നിന്ന് എത്തിയ നേരിയ കുളിർകാറ്റിന്റെ സ്പർശനസുഖ മേറ്റു ഉന്മേഷവതിയായ വത്സലയ്ക്കു ചൂടിന്റെ കാഠിന്യം തെല്ലും അനുഭവപ്പെട്ടില്ല.

സെക്യൂരിറ്റി ഗാർഡുകളെ കയ്യുയർത്തി അഭിവാദ്യം ചെയ്ത ശേഷം പൂമുഖത്തെ ഇടത്തെ തൂണിനോട് ചേർന്നു കിടന്ന കസേരകളിൽ ഒന്നിൽ കായലിനു അഭിമുഖമായി വത്സല ഇരിപ്പു ഉറപ്പിച്ചു. അപ്പോഴേയ്ക്കും സായാഹ്ന സൂര്യന്റെ നീണ്ട നിഴലുകൾ എമ്പാടും മെല്ലെ വീണുതുടങ്ങിയിരുന്നു. സായംസന്ധ്യയിൽ നഗരവിളക്കുകളുടെ പ്രകാശത്താൽ തിളങ്ങിയ ആകാശം ശാന്തവും മനോഹരവുമായി കാണപ്പെട്ടു. അസ്തമയ സൂര്യന്റെ പൊൻകിരണങ്ങൾ ഒഴുകിനടക്കുന്ന മേഘക്കൂട്ടങ്ങൾക്ക് ഊഷ്മളമായ വർണങ്ങൾ നൽകിക്കൊണ്ടു പടിഞ്ഞാറൻ ചക്രവാളത്തിലേക്ക് ചരിഞ്ഞിറങ്ങുന്ന കാഴ്ച അവളെ ആഹ്ളാദഭരിതയാക്കി.

ക്യൂൻസ് വാക് വേയിൽ മുൻകാലങ്ങളെ അപേക്ഷിച്ചു തിരക്ക് വളരെ കൂടിയിട്ടുണ്ട്. വഴിയോര ഭക്ഷണ കച്ചവടക്കാരുടെ ആധിക്യവും അവളെ ഏറെ അത്ഭുതപ്പെടുത്തി. ആ വഴിയിലൂടെ കൂട്ടുകാരുമൊത്ത് നടന്നു നീങ്ങുന്ന കൗമാര പ്രായക്കാരുടെ ആഹ്ളാദവും പൊട്ടിച്ചിരിയും ഒരു നിമിഷത്തേയ്ക്കു വത്സലയെ മറ്റൊരു ലോകത്തിലേയ്ക്ക് കൂട്ടികൊണ്ടുപോയി.

കോളേജ് ഹോസ്റ്റലിലെ അവസാന രാത്രി. ഭാവിയെക്കുറിച്ചുള്ള ചർച്ചകൾ പൊടിപൊടിക്കുന്നു.

"I will age gracefully..." പൊടുന്നനവെ ജെന്നിഫർ എല്ലാവരേയും നോക്കി ഉറച്ച ശബ്ദത്തിൽ വിളിച്ചു പറഞ്ഞു.

മറ്റുള്ളവർ അതേറ്റു പറഞ്ഞു. പക്ഷെ സത്യത്തിൽ എത്രപേർ ആ പ്രതിജ്ഞ പാലിച്ചു കാണുമെന്നു വത്സല പലപ്പോഴും ചിന്തിച്ചിട്ടുണ്ട്. പ്രായം ആകുക എന്നത് ജീവിതത്തിന്റെ അനിവാര്യമായ ഭാഗമാണെങ്കിലും, ആ മാറ്റത്തെ നേരിടാൻ എല്ലാവർക്കും അത്ര എളുപ്പമല്ല എന്ന് അനുഭവം കൊണ്ട് അവൾ പഠിച്ചതാണ്. പ്രായം കൂടുംതോറും ജീവിതം അതിവേഗം മാറിക്കൊണ്ടിരിക്കുന്നതായി വത്സലയ്ക്കു തോന്നിയിരുന്നു. മക്കൾ വീട് വിട്ടു, പല സുഹൃത്തുക്ക ളേയും പ്രിയപ്പെട്ടവരേയും നഷ്ടപ്പെട്ടു, ശാരീരികവും ആരോഗ്യപരവുമായ വെല്ലുവിളികൾ വർധിച്ചു. അതിനിടയിൽ റിട്ടയർമെന്റ് പ്രായവും ഓടിയെത്തി. മറ്റു മിക്കവരേയും പോലെ സമ്മിശ്രവും പലപ്പോഴും വൈരുദ്ധ്യാത്മകവുമായ വികാരങ്ങൾ ഉപയോഗിച്ച് താനും ഇക്കാര്യത്തിൽ പ്രതികരിച്ചിട്ടുണ്ട് എന്നത് അവൾ മറന്നിട്ടില്ല. വാർദ്ധക്യം മാന്യവും മനോഹരവുമാണ് എന്നും വാർദ്ധക്യം എന്ന കല ആരംഭിക്കുന്നത് അതിനെ അംഗീകരിക്കുന്ന നിമിഷം മുതലാണ് എന്നുമുള്ള സത്യങ്ങൾ തന്നിൽ രൂഢമൂലം ആയതു കോവിഡ് കാലത്താണ് എന്നത് വത്സല ഓർമ്മിച്ചു.

യുവത്വം ഏറ്റവും അനുയോജ്യമായ മനുഷ്യാവസ്ഥയായി നമ്മുടെ മാധ്യമങ്ങൾ സ്ഥിരമായി കൊട്ടിഘോഷിക്കുമ്പോൾ, പ്രായമാകുക എന്ന പ്രക്രിയ യെക്കുറിച്ച് ആരോഗ്യകരമായ അഭിപ്രായങ്ങൾ രൂപപ്പെ ടുത്തുന്നത് ഏറെ ബുദ്ധിമുട്ടായിട്ടാണ് വത്സലയ്ക്കും ആദ്യമാദ്യം അനുഭവപ്പെട്ടിട്ടുള്ളത്. പിന്നീട് എന്നോ ആണ് വാർദ്ധക്യത്തെ ക്ഷയിക്കുകയോ കുറയുകയോ ചെയ്യുന്ന പ്രക്രിയയുമായി സമപ്പെടുത്തരുത് എന്നും, അങ്ങനെ ചെയ്താൽ പ്രായമാകുക എന്ന പ്രക്രിയ അന്യായമായി അപകീർത്തിപ്പെടുമെന്നും, അതിലുപരി, അതിൽനിന്നും ഓടി രക്ഷപ്പെടാൻ ശ്രമിക്കുമ്പോൾ ദോഷകരവും അനാവശ്യവുമായ ഭയം മനസ്സിൽ സൃഷ്ടിക്കപ്പെടുമെന്നും അവൾക്കു ബോധ്യമായത്. അതിനു ശേഷം വാർദ്ധക്യം എന്നതു ഒരു മോശം കാലഘട്ടം ആണ് എന്ന് അവൾക്കു തോന്നിയിട്ടില്ല, എന്ന് മാത്രമല്ല, മോശമാണ് എന്ന് ആരെങ്കിലും പറഞ്ഞാൽ അത് യാഥാർഥ്യവിരുദ്ധം ആണ് എന്നും വാർദ്ധക്യം ആഘോഷിക്കപ്പെടേണ്ട ഒരു അവസ്ഥ ആണ് എന്നും അവൾ നിസ്സംശയം ദൃഢീകരിക്കും.

ജീവിത സായാഹ്നത്തിലൂടെയുള്ള തന്റെ വ്യക്തിപരമായ യാത്രക്കിടയിൽ ആണ് ഈ കാലത്തും ഏവർക്കും ഉണ്ടായിരിക്കേണ്ട ഏറ്റവും ആകർഷകമായ ഗുണം ആത്മവിശ്വാസം തന്നെയാണ് എന്ന് അവൾ ഉറപ്പിച്ചത്. അതോടൊപ്പം ആധികാരികത പുലർത്തുകയും സ്വയം അംഗീകരിക്കുകയും അഭിമാനിക്കുകയും വേണം. ആളുകൾ തന്നെ നോക്കുമ്പോൾ എന്താണ് കാണുന്നത് എന്നതിനല്ല, മറിച്ചു തന്റെ സാമീപ്യം മറ്റുള്ളവർക്ക് എങ്ങനെ അനുഭവപ്പെടുന്നു എന്നതിനാണു പ്രാധാന്യം എന്ന തിരിച്ചറിവ് മുൻ പോട്ടുള്ള യാത്രയിൽ അവൾക്ക് ഏറെ സഹായകമായിട്ടുണ്ട്.

"ഹലോ വത്സലേ, നീ ഏതു സ്വപ്ന ലോകത്തിലാണ്?"

ലേഖയുടെ തണുത്ത കരങ്ങൾ ആണ് അവളെ ഉണർത്തിയത്. ഇരുട്ട് പടർന്നു തുടങ്ങിയിരുന്നു. വിളറിയ ചന്ദ്രക്കല രാത്രി ആകാശത്ത് ഒരു തിളങ്ങുന്ന വെള്ളി നഖം പോലെ കാണപ്പെട്ടു.

"ഓ... നീ എത്ര മനോഹരമായി പ്രായമായിക്കൊണ്ടിരിക്കുന്നു"

കേൾക്കാൻ ഏറെ മോഹിച്ചിരുന്ന ലേഖയുടെ ഈ അഭിനന്ദനവാക്കുകൾ വത്സലയെ കോരിത്തരിപ്പിച്ചു.







ജേക്കബ് മാളിയേക്കൽ

# സൂറിക്ക് നഗരം

## ഒരു ഹ്രസ്വവീക്ഷണം

എല്ലാ പുരാതന നഗരങ്ങൾക്കും ഒരു ചരിത്രമുണ്ട്, സാഹസികരായ പൂർവ്വികരാൽ കെട്ടിപ്പടുത്ത ഒരു നഗരചരിത്രം. രാജാക്കന്മാരും, പ്രഭുക്കളും, മതങ്ങളും, യുദ്ധങ്ങളും, വിവിധ സംസ്കാരങ്ങളും കൂടിച്ചേരലുകളും എല്ലാം കൂടി കലർന്ന ഒരു ചരിത്രം. പ്രസിദ്ധമായ സ്വിറ്റ്സർലണ്ടിന്റെ സാമ്പത്തിക തലസ്ഥാനം എന്നറിയപ്പെടുന്ന സൂറിക്കിനും രസകരമായ ചില ചരിത്രങ്ങളുണ്ട്. പുരാതനകാലങ്ങളിൽ നഗരങ്ങൾ എല്ലാം തന്നെ നദീതടങ്ങളുമായി ബന്ധപ്പെട്ട് വളർന്നുവന്നവയായിരുന്നു. പിന്നീട് തുറമുഖനഗരങ്ങൾ, വാണിജ്യപ്രധാന്യമുള്ള നഗരങ്ങളായിമാറി. ഇങ്ങനെയുള്ള പഴയ നഗരത്തിന്റെ ശേഷിപ്പുകൾ സന്ദർശകരെ ഏറെയായി ആകർഷിച്ചുവരുന്നു.

ഇന്ന് സൂറിക്കിന്റെ ഭാഗമായ പഴയ നഗരവും പരിസരങ്ങളും സന്ദർശകരാൽ ആകർഷിക്കപ്പെടുന്നു. സൂറിക്ക് നഗരത്തിന്റെ ഭംഗിയോടൊപ്പം പഴയകാലത്തെ സ്മാരകങ്ങളും സഞ്ചാരികളുടെ ശ്രദ്ധ ആകർഷിക്കുന്നു. സൂറിക്ക് നഗരസന്ദർശനത്തിന് വരുന്നവർക്ക് കുറച്ചെങ്കിലും സഹായകരമാകുമെന്ന വിശ്വാസത്തോടെ ചുരുങ്ങിയ ചരിത്രം വായനക്കാരുടെ ശ്രദ്ധയിലേക്ക് കൊണ്ടുവരാൻ ആഗ്രഹിക്കുന്നു.



## സൂറിക്ക് ഓൾഡ് സിറ്റി

### പണ്ട് തീർത്ഥാടന നഗരം, ഇന്ന് ടൂറിസ്റ്റുകളുടെ പറുദീസ.

സൂറിക്ക് ഓൾഡ് സിറ്റിയിലൂടെ നടന്നു പോകുന്ന സന്ദർശകന് നിരവധി ചരിത്രസ്മാരകങ്ങൾ കാണാനാകും. ചെറിയ ഗാസ്സുകളും പ്രസിദ്ധരായ പല വ്യക്തികളും താമസിച്ചിരുന്ന കെട്ടിടങ്ങളും നീല നിറത്തിലുള്ള അടയാള ബോർഡുകൾ പതിച്ചുസംരക്ഷിച്ചു പോരുന്നു. യഹൂദ സിനഗോഗും ആദ്യകാല യഹൂദ തെരുവും, റഷ്യൻ വിപ്ലവ നേതാവ് ലെനിൻ, ഉൾറിഹ് സ്വിൻഗ്ലി തുടങ്ങിയവർ താമസിച്ചിരുന്ന വീടുകളും ഇവിടെ കാണാം. രണ്ട് വിശുദ്ധരാൽ, വിശുദ്ധ നഗരമെന്ന് കീർത്തി നേടിയ ലിമ്മത്ത് നഗരത്തിൽ പിന്നീട് നിരവധി ദേവാലയങ്ങളും മൊണാസ്റ്ററികളും ഉണ്ടായി.

## പുരാതന നഗരം ട്യൂറിക്കും (Turicum)

ക്രിസ്തുവിന് മുൻപ് തന്നെ റോമാക്കാരുടെ അധിനിവേശം സൂറിക്കിൽ ഉണ്ടായിരുന്നു. സൂറിക്ക് തടാകത്തിൽ, ലിമ്മത്ത് നദിയുടെ(limmat) തുടക്കത്തിൽ തന്നെയുള്ള കുന്നിൻ ചെരുവിലാണ് ആദ്യ റോമാ കോട്ട പണിതത്. (ബി.സി.15) ട്യൂറിക്കും എന്ന് റോമാക്കാർ നൽകിയ നാമമാണ് സൂറിക്ക് ആയി ഭാഷാന്തരം ചെയ്യപ്പെട്ടത്. ലിന്റ്റൺഹോഫ് എന്നറിയപ്പെടുന്ന കുന്നിൽ ഇപ്പോഴും ഇതിന്റെ തെളിവുകൾ, സ്വിറ്റ്സർലണ്ടിലെ ആർക്കിയോളജി വിഭാഗം, നിലനിർത്തി സംരക്ഷിക്കുന്നു. സൂറിക്കിലെ പ്രധാന ഒരു ടൂറിസ്റ്റിക് സന്ദർശന ഇടം ആണിത്.

## റെഗുല യും ഫെലിക്സും (Regula & Felix )

തല അറുക്കപ്പെട്ട രണ്ട് വിശുദ്ധരാൽ തീർത്ഥാടനകേന്ദ്രം ആയ പുരാതന നഗരം നൂറ്റാണ്ടുകളോളം കത്തോലിക്കാ വിശ്വാസികളുടെ ഒരു പ്രധാന തീർത്ഥാടന കേന്ദ്രം ആയിരുന്നു സൂറിക്ക്. സൂറിക്ക് നഗരത്തിന്റെ പാട്രൺമാരായ (മധ്യസ്ഥർ) വി. റെഗുലയുടെയും വി. ഫെലിക്സിന്റെയും ചരിത്രം ഇവിടെ ശ്രദ്ധേയമാണ്.

ക്രിസ്തു വർഷം 303ൽ റോമിലെ കൈസർ മാക്സിമിയാന്റെ നേതൃത്വത്തിൽ ക്രിസ്തുമത വിശ്വാസികളെ കൊന്നൊടുക്കുന്ന ഭീകര കാലമായിരുന്നു. ക്രിസ്തുമത





വിശ്വാസികളെ ഒന്നൊന്നായി റോമാ കൈസർ തലയറുത്ത് കൊല്ലുവാൻ കല്പന നൽകി. ക്രിസ്തുമത വിശ്വാസികളും തെബാൻ ലിജിയനിൽ പെട്ടവരുമായ സഹോദരങ്ങളായിരുന്നു വി. ഫെലിക്ക്സും വി. റെഗുലയും.അവർ അവരുടെ സഹായി എക്സ്യുപെരാന്റി യുസും ഒന്നിച്ച് പ്രാണരക്ഷാർത്ഥം രക്ഷപെട്ടു. അവർ വാലിസ് വഴി സൂറിക്ക് തടാകത്തിന് സമീപം ലിമ്മത്ത് നദീതടത്തിലുള്ള ഒരു ചെറിയ ദ്വീപിൽ ഒളിച്ചു താമസ്സിച്ചു. എന്നാൽ അവർ സൈന്യത്തിന്റെ പിടിയിൽ അകപ്പെട്ടു. ക്രിസ്തുമത വിശ്വാസം നിഷേധിക്കാനും സൂര്യദേവനാണ് ദൈവമെന്ന് വിളിച്ചുപറയാനും പട്ടാളമേധാവി അവരോട് ആവശ്യപ്പെട്ടു. യേശുക്രിസ്തുവിൽ അടിയുറച്ചു വിശ്വസിച്ചിരുന്ന അവർ അതിന് തയ്യാറായില്ല. ശിക്ഷയായി റെഗുല, ഫെലിക്സ് എന്നിവരേയും അവരുടെ സഹായിയേയും ലിമ്മത്ത് തീരത്തുള്ള ദ്വീപിൽ വച്ച് എ ഡി 303ൽ ശിരച്ഛേദനം നടത്തി.

തല അറുക്കപ്പെട്ട ഫെലിക്സും റെഗുലയും സഹായിയും അവരുടെ തല കയ്യിൽ ഏന്തി 40 എല്ലൻ ദൂരം നടന്നു ചെറിയ കുന്നിൽ വീണ് മൃതിയടഞ്ഞുവെന്ന് പറയപ്പെടുന്നു. ഫെലിക്സിനേയും റെഗുലയേയും പിന്നീട് കത്തോലിക്കാ സഭ വിശുദ്ധരായി പ്രഖ്യാപിച്ചു. അവർ സൂറിക്ക് നഗരത്തിന്റെ പേട്രൺ മാരായി അറിയപ്പെടുന്നു. ഇവരുടെ നാമധേയത്തിൽ സൂറിക്കിൽ വേറെയും ദേവാലയങ്ങൾ പിന്നീട് ഉണ്ടായിട്ടുണ്ട്. ഇവരുടെ ഓർമ്മദിനമാണ് സെപ്റ്റംബർ പതിനൊന്ന്. സൂറിക്കിലെ ആദ്യ ക്രൈസ്തവ രക്തസാക്ഷികൾ ആയിതീർന്ന ഇവർ സൂറിക്കിലെ കത്തോലിക്കാ വിശ്വാസത്തിന് അടിത്തറയും ഏകി.

ആയിരത്തോളം വർഷങ്ങൾ പഴക്കമുള്ള സൂറിക്കിലെ ചില പുരാതന ദേവാലയങ്ങൾ

## WATER CHURCH (വാസ്സർ കിർഹെ ) 1250

സൂറിക്ക് നഗരത്തിന്റെ പാട്രൺ (മധ്യസ്ഥരായ) വിശുദ്ധരായ സെയിന്റ് ഫെലിക്സ് സെയിന്റ് റെഗുല ഇവരുടെ സഹായി എന്നിവരെ തലവെട്ടിയ ചെറുദ്വീപിലാണ് സൂറിക്ക് നഗരത്തിലെ പ്രശസ്തമായ വാസ്സർ കിർഹെ (Water church) നിലകൊള്ളുന്നത്. ഇവിടെ ഒരു ക്രിപ്റ്റ വാട്ടർ ചർച്ചിലെ താഴത്തെ നിലയിൽ ആർക്കിയോളജി വകുപ്പ് സംരക്ഷിച്ചു പോരുന്നത് സന്ദർശകർക്ക് കാണാം.ഒരു പാറയുടെ മുകളിൽ വച്ചാണ് വിശുദ്ധരുടെ തല വെട്ടി നീക്കപ്പെട്ടത്. ഈ പാറയും സന്ദർശകർക്ക് ദർശിക്കാം.റീഫോർമേഷൻ ഉണ്ടാവുകയും സ്വിങ്ഗ്ലി കത്തോലിക്കാ ദേവാലയങ്ങൾ പിടിച്ചടക്കുകയും ചെയ്യുന്നത് വരെ കത്തോലിക്കരുടെ പുണ്യ തീർത്ഥാടന നഗരമായിരുന്നു സൂറിക്ക്. വാസ്സർ കിർഹെയിൽ നിന്നും എടുത്തിരുന്ന ജലം തീർത്ഥമായി വിശ്വാസികൾ ഉപയോഗിച്ചിരുന്നു.ഈ ജലം പാനം ചെയ്താൽ മാറാരോഗങ്ങളിൽ നിന്ന് മുക്തി നേടാംഎന്ന് ക്രൈസ്തവ സമൂഹം വിശ്വസിച്ചിരുന്നു.

## ഗ്രോസ് മുൻസ്റ്റർ കിർഹെ 1170

ഇന്നത്തെ സൂറിക്കിലെ ഐക്കോൺ ആയ വലിയ ഇരട്ട ഗോപുരങ്ങളോട് കൂടിയതാണ് ഗ്രോസ് മുൻസ്റ്റർ ദേവാലയ സമുച്ചയം. സൂറിക്കിന്റെ സകല ചിത്രങ്ങളിലും ഈ ഐക്കോൺ കാണാം.

റെഗുലയുടെയും ഫെലിക്സിന്റെയും രക്തസാക്ഷിത്വത്തോടുകൂടി ക്രിസ്തു മതം സൂറിക്കിൽ

വളരെ വേഗത്തിൽ വളർന്നു.റോമാ സാമ്രാജ്യത്തിന്റെ പതനത്തിന് ശേഷം എ.ഡി 870 ൽ ജർമ്മൻ ചക്രവർത്തി കാൾ ഡെർ ഗ്രോസേ ആണ് ഇവിടെ വിശാലമായ ഒരു മൊണാസ്ട്രി പണികഴിപ്പിച്ചത്. ചക്രവർത്തി കാൾ ഗ്രോസ്സയുടെ ഓർമ്മക്കായുള്ള  പ്രതിമ ഗ്രോസ് മുൻസ്റ്റർ പള്ളിയിൽ ഇപ്പാഴും കാണാം. ഗ്രോസ് മുൻസ്റ്റർ ദേവാലയത്തിൽ വിശുദ്ധരായ ഫെലിക്സിന്റെയും റെഗുലയുടെയും തിരുശേഷിപ്പുകൾ സംരക്ഷിച്ചു പോന്നത് റീഫോർമേഷന് ശേഷം മാറ്റപ്പെട്ടു. കത്തോലിക്കാ പ്രദേശമായ ആൻഡർമാറ്റിലേക്ക് വിശുദ്ധരുടെ തിരുശേഷിപ്പ് മാറ്റപ്പെടുകയും ഈ അടുത്ത കാലത്ത് കത്തോലിക്കാ സഭ സൂറിക്കിലെ ഹാർഡ് സ്ട്രാസ്സയിൽ ഫെലിക്സ് ആൻഡ് റെഗുലയുടെ പേരിൽ പള്ളി പണിയുകയും തിരുശേഷിപ്പ് സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

ഇന്ന് സൂറിക്കിലെ ഒരു പ്രധാന ഉത്സവമായ knaben schiessen സൂറിക്ക് നഗര പേട്രൻമാരുടെ പെരുന്നാൾ ദിനമായ സ്പെറ്റംബർ 11 നോ, അതിനടുത്തു വരുന്ന തിങ്കളാഴ്ചയോ  ആയിരിക്കും. പഴയ തിരുന്നാൾ ആഘോഷത്തിന്റെ കൂടെ ഉണ്ടായിരുന്ന കിൽബി (Zürichilbi) ആണ് ഇന്ന് knabenschiessen ഫോൾക്സ് ഫെസ്റ്റിവൽ കിൽബി ആയി പരിണമിച്ചത്.

## പ്രെഡിഗർ ക്ളോസ്റ്റർ (മൊണാസ്ട്രി) 1230

AD 1230 ൽ ഡൊമിനിഷ്യൻ സഭക്കാർ പണിതീർത്തു. വിശാലമായ ഈ മൊണാസ്ട്രിയുടെ ഭൂരിഭാഗവും റീഫോർമേഷന് ശേഷം ഗവൺമെന്റ് ഏറ്റെടുത്തു.ഇന്ന് സൂറിക്ക് സെൻട്രൽ ലൈബ്രറി ഇവിടെയാണ് പ്രവർത്തിക്കുന്നത്. എ.ഡി.1247 ൽ കത്തോലിക്കാ സഭയിലെ ഫ്രാൻസിസ്കൻ മിഷനറിമാരും ഇവിടെ ഒരു മൊണാസ്ട്രി ഉണ്ടാക്കി.നഗ്നപാദരായ ഫ്രാൻസിസ്കൻ മിഷനറിമാരാൽ മൊണാസ്ട്രിയെ 'ബാർഫ്യുസ്സർ ക്ളോസ്റ്റർ' എന്ന് വിളിച്ചു പോന്നു.റീഫോർമേഷന് ശേഷം ഇതും കത്തോലിക്കാസഭയ്ക്ക് നഷ്ടപ്പെട്ടു. ഇന്നിപ്പോൾ സൂറിച്ച് ജില്ലയുടെ കോടതി കെട്ടിടമായി മാറിയിരിക്കുന്നു.

എ.ഡി.1270 ൽ പണിത അഗസ്റ്റിനർ ക്ളോസ്റ്ററും സഭയിൽ നിന്നും പിടിച്ചെടുത്തു. അനവധി നൂറ്റാണ്ടുകളോളം കത്തോലിക്കാസഭയുടെ മൊണാസ്ട്രികളാലും ദേവാലയങ്ങളാലും നിറഞ്ഞു നിന്ന സൂറിക്ക് നഗരം Old city and new market (ആൾട് സ്റ്റാട്ട് & നൊയെ മാർക്കറ്റ്) കത്തോലിക്കാ വിശ്വാസികളുടെ കീർത്തികേട്ട തീർത്ഥാടന കേന്ദ്രം ആയിരുന്നു.

## ഫ്രൌ മുൻസ്റ്റർ ദേവാലയം എ.ഡി.853

കന്യാസ്ത്രീകൾ കത്തോലിക്കാ സഭയുടെ അടിമകളാണെന്ന് ഇന്നും വിമർശിക്കപ്പെടുമ്പോൾ കന്യാസ്ത്രീകളാൽ ഭരിക്കപ്പെട്ടുപോന്ന ഒരു ചരിത്രവും സൂറിക്കിനുണ്ടെന്ന് കേൾക്കുമ്പോൾ കൗതുകം തോന്നാമെങ്കിലും വാസ്തവമാണ്. കാൾ ദേർ ഗ്രോസ്സയുടെ പിൻതലമുറക്കാരനായ ലുഡ്വിഗ് രാജാവ് എ.ഡി.853ൽ പണിതീർത്ത മൊണാസ്ട്രിയാണ് ഫ്രൌ മുൻസ്റ്റർ. ചക്രവർത്തിയുടെ പുത്രിമാരായ കുമാരി ഹിൽഡഗാർഡിന്റെയും ബെർത്തയുടേയും അഭ്യർത്ഥന മാനിച്ച് സൂറിക്കിലെ ലിമ്മത് നദീ തീരത്ത് അദ്ദേഹം കൊട്ടാരതുല്യമായ മൊണാസ്ട്രി പണിതുയർത്തി. ഇവർ രണ്ടു പേരും ഇവിടെ സന്യാസിനിമാർ ആയി ജീവിച്ചു. ഈ ഉന്നത സന്യാസിനിമഠത്തിലേക്ക് തിരഞ്ഞെടുത്തിരുന്നത് രാജകുടുംബത്തിലേയും, ഉന്നത പ്രഭുകുടുംബങ്ങളിലേയും കന്യകകളെ മാത്രമായിരുന്നു. രാജകുടുംബാംഗങ്ങളിൽ  നിന്നും ഉന്നത പ്രഭുകുടുംബാംഗങ്ങളിൽ നിന്നും വന്ന കന്യാസ്ത്രീകളാൽ ഭരിക്കപ്പെട്ട 'ഫ്രൌ മുൻസ്റ്ററിന്' പ്രത്യേക അധികാരങ്ങളും രാജാവ് കൽപ്പിച്ചു നൽകി.

വിശുദ്ധരായ റെഗുലയേയും ഫെലിക്സിനേയും അടക്കിയിരിക്കുന്ന ഗ്രോസ്സ് മുൻസ്റ്ററിലേക്ക് ആണ് (കിഴക്ക്) ഈ ദേവാലയത്തിന്റെ ദർശനം. ഗ്രോസ്സ് മുൻസ്റ്ററിൽ നിന്നും വിശുദ്ധരുടെ തിരുശേഷിപ്പ് കോൺസ്റ്റാൻസ് ബിഷപ്പിന്റെ കാർമ്മികത്വത്തിൽ ഇവിടേക്കു കൊണ്ട് വന്നു. റീഫോർമേഷന് ശേഷം കത്തോലിക്കാ സഭക്ക് ഈ ദേവാലയസമുച്ചയവും നഷ്ടപ്പെട്ടു. ഇന്ന് സൂറിക്ക് സ്റ്റാട്ട് ഹൗസ് (Stadthaus ) ഈ ദേവാലയത്തിന്റെ ഒരു ഭാഗത്തു് കുടി കൊള്ളുന്നു.

ഫ്രൌ മുൻസ്റ്ററിന് പതിനാലാം നൂറ്റാണ്ട് വരെ സൂറിക്ക് നഗരത്തിലെ നാണയത്തിന്റെ അവകാശം കല്പിച്ചു ലഭിച്ചിരുന്നു.ഈ മഠത്തിലെ മദർ സുപ്പീരിയർ സൂറിക്ക് നഗരത്തിന്റെ ഗവർണർ പദവിയും മഠത്തിന് സൂറിക്ക് നഗരത്തിലെ കരം, മാർക്കറ്റ്, നാണയം എന്നിവയുടെ അവകാശങ്ങളും ഏതാണ്ട് റീഫോർമേഷൻവരെ നിലനിന്നിരുന്നു.








# ആരായിരുന്നു നീ



**ജൂബിൻ ജോസഫ്**

(കടുത്തുരുത്തി
ക്കടുത്തുള്ള മാന്നാർ
സ്വദേശി. സ്വിറ്റ്സർലാണ്ടിലെ
സൂറിച്ചിൽ ജോലി, താമസം.
ഹോബി, കവിതകൾ
എഴുതുകയും ചൊല്ലുകയും.
ഭാര്യ ഷൈനി.
മകൾ മഗ്ദലേന)

ആരായിരുന്നു മഴക്കാലമേ
നീയെനിക്കാരായിരുന്നു മഴക്കാലമേ
ആത്മാവിലമൃതം പൊഴിച്ചെന്റെ
അരികിലേക്കുൾന്നതാം തോരാമഴക്കാലമേ
നടവഴിക്കരികിലെ നാക്കിലത്തുമ്പിൽ
നാണമായിണചേർന്ന സ്ഫടികസൗന്ദര്യമേ.
നീ വരുംമുൻപേ കാർമുകിൽ കൂട്ടങ്ങൾ
കലിതുള്ളി നിന്ന തുലാമാസ സന്ധ്യകൾ
മിന്നൽ പിണർകൾക്കു പിന്നാലെ-
യെത്തി പെരുങ്കാളി രൗദ്രം വിതച്ചതാം ഓർമ്മകൾ
എങ്കിലും നീ വന്നു മണ്ണിൽ
തൊട്ടുമ്പെഴൻ ഉള്ളം
തളിർ കൈകൾ നീട്ടുന്നു പുണ്യമേ..
പള്ളിക്കൂടത്തിന്റെ മുറ്റത്ത് നിന്നതാം
ഇല്ലിച്ചെടി മേലേ നീ പെയ്ത് പൂത്തതും
കള്ളം പറഞ്ഞെന്റെ ഉള്ളറിയുന്നോളെ
തെല്ലുകുലുക്കിയാ പൂക്കൾ ചൂടിച്ചതും
കാറ്റാടിത്തണ്ടു കറക്കുവാൻ
നീ തന്ന കാറ്റിന്റെ കൈകൾക്ക്
പിന്നാലെ പോയതും
കാലങ്ങൾ എത്ര കൊഴിഞ്ഞ് പോയീടിലും
കാവ്യമായ് വന്നു നിറയുന്ന കാതരെ
രാവുറങ്ങുമ്പോൾ നിലാവുമായുമ്പോ-
ളറിയാതെ വന്ന കുളിർ കമ്പളം നീ
പുലരിയിൽ വന്നെന്റെ നെറ്റിമേ-
ലൊരു കുളിർ കുറിയിട്ടു പോകുന്ന തനുഭാവമേ
നെറുകമേൽ ചുംബിച്ചുണർത്തി-
യെൻ മൗനത്തിലിടമുറിഞ്ഞെത്തുന്ന ഗഗന
സംഗീതമേ..
ആരായിരുന്നു മഴക്കാലമേ...
നീയെനിക്കാരായിരുന്നു...
മാനത്ത് മാരിവിൽ ചാർത്തിയെൻ
ചാരത്ത് നിർമ്മലാജ്ഞനമായ്
വീണലിഞ്ഞതാം പ്രണയമേ...


PROSI
Exotic
Supermarket
Your International Supermarket in Austria!
PROSI EXOTIC WORLD
PROSI
ESTD 1999
www.prosi.at
VIENNA - AUSTRIA
Apartments • Restaurant • Cosmetics • Supermarket • Cooking Classes • Festivals • Charity
YOUR HOME AWAY FROM HOME!
EXOTIC SUPERMARKET
Your International Food Store
INDIAN RESTAURANT
PROSI
PROSI COSMETIC WORLD
www.prosi.at
For Your Health & Beauty
PROSI APARTMENTS
www.prosi.at
Premium Lodging in Vienna
KOCHKURS
INTERNATIONAL
COOKING CLASSES
Vienna - Austria
www.prosi.at
PROSI
onlineshop.at
VIENNA - AUSTRIA
HELPING PROJECTS WORLDWIDE
Global Charity
Hilfsprojekte weltweit
PROSI EXOTIC FESTIVAL
GET THE WORLD TOGETHER
Neubaugürtel 44 (U6 Burggasse), 1070 Vienna, AUSTRIA
+43 1 974 44 44 prosi@prosi.at www.prosi.at



**ബാബു കാട്ടുപാലം**

(എരുമേലി, കോട്ടയം സ്വദേശി. ഇംഗ്ലീഷ് സാഹിത്യത്തിൽ MA, Switzerland FAGE. യാത്ര ഏറെ ഇഷ്ടം. 24 രാജ്യങ്ങൾ സന്ദർശിച്ചിട്ടുണ്ട്. ഭാര്യ ആനി. മക്കൾ ബോണി, പ്രിയങ്ക.)

1971-1972 ഞാൻ എട്ടാം ക്ലാസ്സിൽ പഠിക്കുന്ന കാലം. ഒരു ദിവസം ഹസ്സൻസാർ, ഞങ്ങളെ മലയാളം പഠിപ്പിക്കുന്ന അദ്ധ്യാപകൻ, പറഞ്ഞു പട്ടണങ്ങൾ കണ്ടിട്ടുള്ളവർ കൈ പൊക്കുക. ഞാൻ അതുവരെ ജീവിച്ച വെച്ചൂച്ചിറ എന്ന ഗ്രാമം പേരുപോലെ വളർച്ച അന്നും ഇന്നും ഇല്ലാത്ത വികസനത്തെ ചിറ കെട്ടിമറച്ച ഒരു കുഗ്രാമം ആണ്. ഏഴാം ക്ലാസ് കഴിഞ്ഞു വേനൽക്കാല അവധി ആഘോഷിക്കാൻ തങ്കമണി (ഇടുക്കി ജില്ല) എന്ന സ്ഥലത്തേക്ക് അതുവരെ ഞാൻ നടത്തിയ ഏറ്റവും ദീർഘമേറിയ യാത്രയുടെ ഓർമ്മകൾ മനസ്സിൽ ഉണ്ടായിരുന്നതുകൊണ്ട്, പോയ വഴിയിൽ കണ്ട കട്ടപ്പന എന്ന സ്ഥലം അതുവരെ ഞാൻ കണ്ട ഏറ്റവും വലിയ പട്ടണമായി മനസ്സിൽ കരുതി, ഞാനും കൈ പൊക്കി. ഹസ്സൻസാർ ഓരോരുത്തരോടും അവർ കണ്ട പട്ടണത്തിന്റെ പേരുകൾ ചോദിച്ചു. എന്റെ ഊഴമായി, 'കട്ടപ്പന', ഞാൻ സധൈര്യം പറഞ്ഞു.

"ഇരിയെടാഅവിടെ, അവന്റെ ഒരു കട്ടപ്പന." ചമ്മിയ മുഖത്തോടെ ഞാൻ ഇരുന്നു.

ഏതായാലും പത്താം ക്ളാസ്സ് വരെ ട്രെയിൻ കാണുകയോ കോട്ടയത്തിന് അപ്പുറം യാത്രയോ ചെയ്തിട്ടില്ലാത്ത എനിക്ക്, ധാരാളം യാത്രചെയ്യാനും വിവിധ രാജ്യങ്ങൾ സന്ദർശിക്കുവാനും കഴിഞ്ഞു.

ഡിഗ്രിക്ക് പഠിക്കുമ്പോൾ ഇംഗ്ലീഷ് ഭാഷ, സാഹിത്യം, ഹിസ്റ്ററി മുതലായവയായിരുന്നു എന്റെ ഇഷ്ടപ്പെട്ട വിഷയങ്ങൾ. അന്ന് ഹിസ്റ്ററി ക്ലാസ്സുകളിൽ, പഠിച്ച സ്ഥലങ്ങൾ നേരിൽ കാണാനും അതിനെക്കുറിച്ചു കൂടുതൽ വിവരങ്ങൾ മനസ്സിലാക്കുവാനും എനിക്ക് അതിയായ ആഗ്രഹം ഉണ്ടായിരുന്നു. എന്നാൽ എല്ലാം സാധിക്കുമെന്ന് സ്വപ്നത്തിൽ പോലും കരുതിയിരുന്നില്ല.

ഒഫീഷ്യൽ പെൻഷൻ കിട്ടാൻ മൂന്നു വർഷം കൂടെ ബാക്കി നിൽക്കേ,ഭാര്യ ആനി ജോലി ചെയ്യണം എന്ന് ചിന്തിക്കുന്നത് ന്യായമല്ലല്ലോ. ജോലി ചെയ്യുന്നത് ജീവിക്കാനും പണം സമ്പാദിക്കാനും മാത്രമാണോ? നമ്മളുടെ താല്പര്യങ്ങളും സന്തോഷങ്ങളും അതോടൊപ്പം കൂടെ കൊണ്ടുപോകേണ്ടതല്ലേ എന്ന് ചിന്തിക്കുമ്പോൾ എന്റെ സ്വപ്നങ്ങൾ പെട്ടിയിലാക്കി യാത്രകൾ പിന്നീട്, പിന്നീട് എന്ന് നീട്ടിവയ്ക്കാൻ ജീവിതം എത്രനാൾ ഉണ്ടാകും എന്ന് അറിയാൻ ഒരു സാധ്യതയും ഇല്ലന്നുള്ള തിരിച്ചറിവിൽ; പെൻഷൻ സമയം, കുറച്ച് യാത്രകൾക്കായി മാറ്റിവച്ചു. എന്നാൽ ജോലിയെ അർപ്പിത മനോഭാവത്തോടെ കാണുകയും, ജോലി ഒരു വെറും ധനസമ്പാദനമാർഗ്ഗം മാത്രമല്ല പ്രത്യുത സേവനവും കൂടിയാണെന്നും അത് നമ്മളെ കർമ്മനിരതരും ആരോഗ്യവാന്മാരുമായി നിലനിർത്തും എന്ന് വിശ്വസിക്കുന്ന ഒരാളാണ്, എന്റെ ധർമ്മപത്നി ആനി.





ഏതായാലും ഈ വർഷത്തെ അവധിക്കാലം നാട്ടിലാകട്ടെ എന്ന് ഞാനും ആനിയുംകൂടി തീരുമാനിച്ചു. പെൻഷൻ കാര്യം പിന്നീടും തീരുമാനിക്കാമല്ലോ.

യാത്രകൾ നമ്മുക്ക് പല രീതിയിൽ ചെയ്യാം. ചിലർക്ക് ഒറ്റയ്ക്ക് പോകണം, മറ്റു ചിലർക്ക് കൂട്ടം കൂടി വേണം, ചിലർക്ക് പരിചയം ഉള്ളവരുടെ കൂടെ മാത്രമേ യാത്ര ചെയ്യുന്നത് ഇഷ്ടമുള്ളൂ. ആനിയും ഞാനും ഇതെല്ലാം യാത്രയിൽ പരീക്ഷിച്ചിട്ടുണ്ട്. ഒന്നിനും ഇതുവരെ ഒരു പ്രശ്നവും ഉണ്ടായിട്ടില്ല.

1980 മുതൽ ഞങ്ങളുടെ അടുത്ത കുടുംബ സുഹൃത്താണ്, ബീൽ (Biel) താമസിക്കുന്ന മേരിക്കുട്ടിയും കുഞ്ഞുമോനും. ഞങ്ങൾ ഒരുപോലെ ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നു. അങ്ങിനെ നാട്ടിൽവരുമ്പോൾ ഒരു യാത്ര ഒരുമിച്ചു ചെയ്യാമെന്ന് ഞങ്ങൾ തീരുമാനിച്ചു. കഴിഞ്ഞ വർഷം ഞങ്ങൾ ഒരുമിച്ചു തുർക്കിയുടെ പടിഞ്ഞാറൻ പ്രദേശങ്ങൾ സന്ദർശിച്ചിരുന്നു.

യാത്രയുടെ എല്ലാവിധ ഉത്തരവാദിത്വവും അവർ എന്നെ ഏല്പിച്ചു. പോകേണ്ട സ്ഥലം, കാണേണ്ട കാഴ്ചകൾ, താമസിക്കാനുള്ള ഹോട്ടലുകൾ, എല്ലാം തന്നെ എന്റെ ഇഷ്ടം അനുസരിച്ചു ചെയ്യുവാൻ പൂർണ്ണസ്വാതന്ത്ര്യം എനിക്ക് വിട്ടുതന്നു.

പെൻഷൻ കാലത്തു  സാധിക്കുന്ന അത്രയും യാത്ര ചെയ്യണം, അതായിരുന്നു എന്റെ ഒരു ആഗ്രഹം. കേരളത്തിലെ പ്രധാനപ്പെട്ട പ്രദേശങ്ങൾ ഏതാണ്ട് കണ്ടു കഴിഞ്ഞിരുന്നു. ഇത്തവണ നമ്മുടെ അയൽസംസ്ഥാനമായ, മലയാളിയുടെ ഉത്ഭവം എന്നുതന്നെ പറയാവുന്ന തമിഴ് നാട് തന്നെ ഞങ്ങൾ തിരഞ്ഞെടുത്തു. ഞങ്ങൾനാലുപേർ  ടെൻഷൻ ഇല്ലാതെ വളരെ സന്തോഷകരമായ ഒരു യാത്ര ആഗ്രഹിച്ചു. അതിനായി കാണേണ്ട സ്ഥലങ്ങൾ ഷോർട്ട് ലിസ്റ്റ് എടുത്തു. ധനുഷ്കോടി - രാമേശ്വരം - വേളാങ്കണ്ണി - തഞ്ചാവൂർ - പോണ്ടിച്ചേരി - മഹാബലിപുരം - മൈലാപ്പൂർ - ചെന്നൈ - ശ്രീപെരുംബത്തൂർ - കാഞ്ചീപുരം - ഹൊഗെനക്കൽ എന്ന് തീരുമാനിച്ചു. മധുര, കന്യാകുമാരി, കോയമ്പത്തൂർ. തിരുച്ചിറപ്പള്ളി നേരത്തെ കണ്ടിട്ടുള്ളതിനാൽ ആ സ്ഥലങ്ങൾ ഒഴിവാക്കി. യാത്രക്ക് ഞാൻ പുതിയതായി വാങ്ങിയ ടൊയോട്ട കാർ തിരഞ്ഞെടുത്തു.



ഏകദേശം 2000 കിലോമീറ്റർ 8 ദിവസം കൊണ്ട് തീർക്കാൻ ഞങ്ങൾ പ്ലാൻ ചെയ്തു. ഞങ്ങളുടെ തീരുമാനം അനുസരിച്ചു 29.01.2023നു ഞങ്ങൾ കുഞ്ഞുമോന്റെ കൊട്ടാരക്കരയിലുള്ള വീട്ടിൽ എത്തി. വൈകുന്നേരം മാർത്തോമാ സഭ സംഘടിപ്പിച്ച ബൈബിൾ കൺവെൻഷനിൽ അവരോടൊപ്പം ഞാനും ആനിയും പങ്കെടുത്തു. മുപ്പതാം തീയതി രാവിലെ ഏഴുമണിക്ക് യാത്ര ആരംഭിച്ചു. 315 കിലോമീറ്റർ യാത്ര ചെയ്തു ഞങ്ങൾ രാമേശ്വരത്ത് വൈകുന്നേരം മൂന്നുമണിക്ക് എത്തി.

നേരത്തെ ഷോർട്ട് ലിസ്റ്റ് ചെയ്ത ഹോട്ടലുകളിൽ ഒന്നിലേക്ക് പോകുന്ന വഴിയിൽ വിളിച്ചു, റൂംസ് ബുക്ക് ചെയ്തു, അതാണ് ലാഭം. സീസൺ ആണെങ്കിൽ റിസ്ക് ഉണ്ട്, എന്നാൽ ഭാഗ്യം ഉണ്ടങ്കിൽ ലാഭകരവും.

ഞങ്ങൾ ആദ്യം രാമനാഥസ്വാമി ക്ഷേത്രം കാണാൻ പോയി. ഈ ക്ഷേത്രത്തിന്റെ  പ്രാധാന്യം രണ്ടു ശിവലിംഗം അവിടെ പ്രതിഷ്ഠയായി ഉണ്ട് എന്നുള്ളതാണ്. പുരാണം അനുസരിച്ചു ഒന്നു രാമന്റെ  അഭ്യർത്ഥന അനുസരിച്ചു ഹനുമാൻ ഹിമാലയത്തിൽ നിന്നും കൊണ്ടുവന്നു. രണ്ടാമത്തേത് മുൻപറഞ്ഞ ലിംഗം കൊണ്ടുവരാൻ താമസിച്ചതിനാൽ സീത സ്വയം മണലിൽഒരു ലിംഗം ഉണ്ടാക്കി അവിടെ പ്രതിഷ്ഠിച്ചു




എന്നാണ്. പന്ത്രണ്ടാം നൂറ്റാണ്ടിൽ പണിതതാണ് ഈ ക്ഷേത്രം. അതിനുൾഭാഗം അതിമനോഹരമായ കൽത്തൂണുകളാലും സിലിങ്ങിലുള്ള താമര പുഷ്പങ്ങളുടെ നിറഭംഗിയാലും പ്രസിദ്ധമാണ്.

പിന്നീട് രാമേശ്വരത്തുനിന്നു മുപ്പത് കിലോമീറ്റർ യാത്രചെയ്തു ഞങ്ങൾ ധനുഷ്കോടിയിൽ എത്തി. 1964 വരെ വികസിച്ചുവന്ന ഒരു പട്ടണം ആയിരുന്നു ധനുഷ്കോടി. എന്നാൽ 1964ൽ ഉണ്ടായ അതിഭീകരമായ കൊടുംകാറ്റിൽ, ധനുഷ്കോടി തകർന്നു പോയി. ഓടിക്കൊണ്ടിരുന്ന ട്രെയിൻവരെ ആ കൊടുംകാറ്റിൽ അപ്രത്യക്ഷമായി. ധനുഷ്കോടി ഒരു പ്രേതനഗരമായിമാറി. ഇന്ത്യൻ മഹാസമുദ്രവും ബംഗാൾ ഉൾക്കടലും ചേരുന്ന അവിടുത്തെ കടലിന്റെ ഭംഗി, അവർണ്ണനീയമാണ്. ബംഗാൾ ഉൾക്കടൽ ഇളകിക്കൊണ്ടിരിക്കും. മറുഭാഗത്തു ശാന്തമായ ഇന്ത്യൻ മഹാസമുദ്രമാണ്. തിരിച്ചു പോരുമ്പോൾ പാമ്പൻ പാലത്തിൽ നിർത്തി അതിന്റെ ഭംഗിയും വേണ്ടുവോളം ആസ്വദിച്ചു.

രാവിലെ ഭക്ഷണം കഴിഞ്ഞു 255 കിലോമീറ്റർ ഡ്രൈവ് ചെയ്തു ഞങ്ങൾ വേളാങ്കണ്ണിയിൽ എത്തി. ധാരാളം വിശ്വാസികൾക്ക് മാതാവിന്റെ അനുഗ്രഹങ്ങൾ കിട്ടിയ പുണ്യഭൂമിയാണ് ഇത്. അവിടുത്തെ സന്ദർശനത്തിൽ മനസ്സിന് ശാന്തതയും പോസിറ്റീവ് എനെർജിയും നമ്മളിൽ നിറയും. നാനാജാതി മതസ്ഥർ ഭക്തിപുരസ്സരം സന്ദർശകരായി എത്തി അവിടുത്തെ ചടങ്ങുകളിൽ പങ്കെടുക്കുന്നു.

വേളാങ്കണ്ണിയിൽ എത്തുന്ന തീർത്ഥാടകർക്ക് ആധുനിക രീതിയിലുള്ള എല്ലാവിധ സൗകര്യങ്ങളും ലഭ്യമാണ്. തിരിച്ചുപോരുമ്പോൾ എന്റെ മനസ്സ് മുഴുവനും ശബരിമല തീർഥാടകർ അനുഭവിക്കുന്ന കഷ്ടപ്പാടുകൾ ആയിരുന്നു. നഗ്നപാദരായി കാൽനടയായി വരുന്നവർ മുതൽ ആഡംബരവാഹനങ്ങളിൽ വരുന്നവർ വരെ അനുഭവി ക്കുന്ന ബുദ്ധിമുട്ടുകൾ നിരവധിയാണ്. അയ്യപ്പഭക്തർക്ക് ഒരുക്കികൊടുന്ന സൗകര്യങ്ങൾ എല്ലാവർഷവും പലവിധ ആലോചനയോഗങ്ങളിൽ അവസാനിക്കും . ഇന്ന് കഷ്ടപ്പാടിന്റെയും ദുരിതങ്ങളുടേയും ഒരു കൂമ്പാരം ആണ് ശബരിമല യാത്ര. വൃത്തിഹീനമായ എരുമേലി, പമ്പ, നിലക്കൽ പ്രദേശങ്ങൾ, കഴുത്തറക്കുന്ന പാർക്കിംഗിന്റെയും ചാർജുകൾ, വൃത്തിഹീനമായ ടോയ്‌ലെറ്റുകൾ അമിതനിരക്കിൽ പ്രവർത്തിക്കുന്ന ഹോട്ടലുകൾ ഒക്കെ സഹിച്ചു പൊട്ടിപൊളിഞ്ഞ ഇടുങ്ങിയ റോഡിലൂടെ യാത്രചെയ്യുന്ന അയ്യപ്പഭക്തരെ നമിക്കുന്നു.

മൂന്നാം ദിനം, രാവിലത്തെ ഭക്ഷണം കഴിഞ്ഞു തഞ്ചാവൂരിലെത്തി. രാജരാജചോളൻ 1003-1010 യിൽ കാവേരിയുടെ തീരത്തു പണിത ബ്രിഹദിശ്വര ക്ഷേത്രം, മനോഹരമായ ഒരു കാഴ്ചയാണ്. അതിന്റെ 216 അടി ഉയരമുള്ള ഗോപുരം; ഒരിക്കലും സൂര്യന്റെ നിഴൽ ഇല്ലാത്ത നിർമാണ വൈഭവംനമ്മളെ അത്ഭുതത്തിന്റെ മായാലോകത്ത് എത്തിക്കുന്നു. ഇത് യുനെസ്കോ world Heritageൽ ഉൾപെടുത്തി സംരക്ഷിച്ചുപോരുന്നു.

ഉച്ചയോടുകൂടി ഞങ്ങൾ പോണ്ടിച്ചേരിയിലേക്കു യാത്ര തിരിച്ചു. 182 കിലോമീറ്റർ കാർ ഓടിച്ചത് അറിഞ്ഞില്ല. അത്ര മനോഹരമായ ദ്രശ്യങ്ങൾ ആണ് വഴിനീളെ കാണാൻ കഴിഞ്ഞത്. പുതുച്ചേരി ആയ പോണ്ടിച്ചേരി 1954 വരെ ഫ്രഞ്ച് കോളനി ആയിരുന്നു. ശ്രീ അറോബിന്ദോ ആശ്രമം, നല്ല വൃത്തിയുള്ള ബീച്ചുകൾ, ജീവിതം ഇഷ്ട്ടപ്പെടുന്ന ജനത, ആൽക്കഹോൾ സുലഭം അങ്ങിനെ പോകുന്നു പോണ്ടിച്ചേരിയുടെ വിശേഷങ്ങൾ.

പോണ്ടിച്ചേരിയിൽ വന്നപ്പോൾ ഞങ്ങളുടെ പുതിയ ടൊയോട്ട ആയിരം കിലോമീറ്റർ തികഞ്ഞതിനാൽ ഫസ്റ്റ് സർവീസ് ചെയ്യാൻ വേണ്ടി കുറെ സമയം കളയേണ്ടി വന്നു. രണ്ടു ദിവസത്തെ പോണ്ടിച്ചേരി സന്ദർശനം കഴിഞ്ഞു 95 കിലോമീറ്റർ യാത്രചെയ്തു ഞങ്ങൾ മഹാബലിപുരത്തു എത്തി. UNESCO World Heritage പെടുന്ന ഇവിടുത്തെ നിർമ്മിതികൾ മൂന്നാം നൂറ്റാണ്ടിൽ പല്ലവന്മാർ തുടങ്ങി ഏഴാം നൂറ്റാണ്ടു വരെയുള്ളതാണ്. പാറകളിൽ തീർത്ത ശില്പസൗന്ദര്യം ഇപ്പോൾ ടൂറിസ്റ്റുകളുടെ ഒരു പ്രധാന ആകർഷണ കേന്ദ്രം ആണ്. Shore Temple, Arjunas Penance, Five Rathas ഒക്കെ നേരിൽ കാണേണ്ട കാഴ്ച തന്നെ.

മഹാബലിപുരത്തുനിന്നും 50 കിലോമീറ്റർ യാത്ര ചെയ്തു ഞങ്ങൾ ചെന്നൈ സിറ്റിയുടെ ഏകദേശം നടുക്ക്, മറീന ബീച്ചിന്റെ അടുത്തുള്ള മൈലാപ്പൂർ എന്ന ക്രിസ്ത്യൻ പിൽഗ്രിം സെന്ററിൽ എത്തി ചേർന്നു. ഇന്ത്യയുടെ അപ്പോസ്തോലൻ എന്ന് വിശ്വസിക്കപ്പെടു ന്ന സെന്റ് തോമസ് അടക്കപ്പെട്ട പള്ളിയും വിശുദ്ധന്റെ തിരുശേഷിപ്പുകളും കണ്ടശേഷം ഞങ്ങൾ മറീന ബീച്ചിൽ ചിലവഴിച്ചു.

നേരം വെളുത്ത് വീണ്ടും യാത്ര തുടങ്ങി, 35 കിലോമീറ്റർ ദൂരത്തിലുള്ള ശ്രീപെരുംപത്തൂരിലേക്ക്. രാജീവ് ഗാന്ധിയെ എങ്ങനെ മറക്കാൻ കഴിയും? ഇന്ത്യയെക്കുറിച്ചു വളരെയധികം സ്വപ്നങ്ങൾ ഉണ്ടായിരുന്ന ഒരു പ്രധാനമന്ത്രിയായിരുന്നു അദ്ദേഹം. ഞങ്ങളുടെ മകൻ ബോണി ജനിച്ചതിന്റെ പിറ്റേ ദിവസം

ആണ് ഹൃദയഭേദകമായ ആ വാർത്ത ലോകം മുഴുവൻ അലയടിച്ചത് എന്ന് ഞാൻ ഓർമ്മിക്കുന്നു. ബോംബ് സ്ഫോടനത്തിൽ രാജീവ് ഗാന്ധി കൊല്ലപ്പെട്ട സ്ഥലം കാണണം, പ്രണാമം അർപ്പിക്കണം ഇതൊക്കെ ഞങ്ങളുടെ ആഗ്രഹമായിരുന്നു.

കാഞ്ചീപുരം എന്ന് കേട്ടിട്ടേ ഉണ്ടായിരുന്നുള്ളു. അതും കാണാം പ്രസിദ്ധമായ കാഞ്ചീപുരം സാരിയും വാങ്ങാം എന്ന് കരുതി ഞങ്ങൾ ഹൊഗെനക്കലിലേക്കുള്ള യാത്രയിൽ കാഞ്ചീപുരത്തു നിർത്തി. നമ്മുടെ കാറിന്റെ നമ്പർ കണ്ടാൽ മതി, ഏജന്റ്സ്  ടാക്സിക്കാർ എല്ലാം നമ്മളെ വളയും. ലാഭത്തിൽ സാരി വാങ്ങിത്തരാം എന്ന് നമ്മൾക്ക് സഹായവാഗ്ദാനം ലഭിക്കും. പോയതല്ലേ ഞങ്ങളും ഏതാനും സാരികൾ  വാങ്ങി. നാട്ടിൽ വന്നു ഒരു സാരി ബ്ലൗസ് വാങ്ങാൻ ശീമാട്ടിയിൽ ചെന്നപ്പോൾ അതിലും നല്ല സിൽക്ക് സാരികൾ അവർ കാണിച്ചു തന്നു. 'ബ്ലിം.' അബദ്ധം പറ്റിയതാണോ അതോ ശീമാട്ടി ഞങ്ങളുടെ ടെൻഷൻ കൂട്ടിയതാണോ അറിയില്ല. ഏതായലും സാരി ഞങ്ങൾക്ക് ഇഷ്ട്ടപ്പെട്ടു.

അടുത്ത ഞങ്ങളുടെ സ്റ്റോപ്പ് കർണാടക അതിർത്തിയിലുള്ള ഹോഗനെകൽ  എന്ന അതിമനോഹര വെള്ളച്ചാട്ടവും പരിസരവും ആണ്. ധാരാളം വീഡിയോകൾ അതിനെക്കുറിച്ചു കണ്ടിരുന്നു. നേരിട്ട് അവിടുത്തെ കൊട്ടവഞ്ചി സവാരിയും നയനാന്ദകരമായ ദ്രശ്യങ്ങളും ആസ്വദിക്കാൻ ഞങ്ങൾ തിരിച്ചു. 260km ദൂരം ഞങ്ങൾ ഡ്രൈവ് ചെയ്യുവാൻ 6 മണിക്കൂർ എടുത്തു. അവിടെ ഹോട്ടൽ സൗകര്യങ്ങൾ വളരെ പരിമിതമാണ്. അവസാനം തമിഴ് നാട് ടൂറിസം വകുപ്പിന്റെ ഹോട്ടലിൽ റൂംസ് എടുത്തു.

കൊട്ടവഞ്ചി യാത്രക്ക് 4-6 പേരെകയറ്റി കൊണ്ടുപോകുന്നതിന് ഏകദേശം 2000-3500 രൂപ സീസൺ അനുസരിച്ചു ആകും. ഒരു മൂന്നു മണിക്കൂർ പരിപാടിയാണ് അത്. അവർ നമുക്കായി പ്രത്യേകമായി വെള്ളച്ചാട്ടം കാണാനും, കുളിക്കാനും മറ്റും നല്ല സൗകര്യം ഒക്കെ ഏർപ്പാടാക്കിത്തരും. യാത്രയിൽ വഞ്ചിക്കാരൻ പറഞ്ഞു, തിരിച്ചുവരുമ്പോൾ ഏകദേശം രണ്ടുമണി കഴിയും, അതിനാൽ ഉച്ചയൂണ് മീൻകറി സഹിതം അറേഞ്ച് ചെയ്യാം എന്ന്. മീൻകറി, അതും അപ്പോൾ നദിയിൽനിന്നും പിടിച്ച പിടക്കുന്ന മീൻ എന്ന് അയാൾ പറഞ്ഞപ്പോൾ ഞങ്ങൾക്ക് സന്തോഷമായി. എന്നാൽ ഒരുമണിക്ക് യാത്ര കഴിഞ്ഞു ഊണും കഴിഞ്ഞു തിരിച്ചു ഹോട്ടലിൽ വന്നപ്പോൾ അത്യുഗ്രൻ ഊണ് അതിന്റെ പകുതി വിലക്ക് പരസ്യപ്പലകയിൽ കണ്ടു, കണ്ണുതള്ളി.

ഹൊഗെനക്കലിന്റെ ഒരു പ്രേത്യേകതയാണ് ബോട്ട് യാത്രക്ക് മുൻപേയുള്ള ഓയിൽ മസാജ്. ധാരാളം ആളുകൾ  ഓയിൽ മസ്സാജിന് കാത്തുനിൽക്കുന്നുണ്ടായിരുന്നു. എന്തായലും കാവേരിയുടെ കന്യകാഭാവം വനമേഖലയിൽനിന്നും ഇവിടെ എത്തുന്ന വിനോദസഞ്ചാരികൾ ആവോളം ആസ്വദിക്കുന്നുണ്ട്. വെള്ളച്ചാട്ടത്തിനു മുകളിൽ കാണുന്ന വിശാലമായ തടാകങ്ങളും  അഗാധമായ ഗർത്തങ്ങൾ ഉൾകൊള്ളുന്ന കാവേരിനദിയും  എല്ലാം നമ്മളെ അതിശയിപ്പിക്കും. അത് നമ്മളുടെ  തിരക്കേറിയ ജീവിതത്തിന്റെ പിരിമുറുക്കം അയച്ചുതരുമെന്ന് തോന്നുന്നു. കുടുംബത്തോടൊപ്പം, അല്ലങ്കിൽ കൂട്ടുകാരോടൊപ്പം  ഒരുദിവസം മുഴുവൻ ചിലവിടാൻ ഇവിടെ വേണ്ടുവോളം കാഴ്ചകൾ ഉണ്ട്.

ജീവിതത്തിൽ ഒരിക്കലും മറക്കാനാവാത്ത, ഓർമ്മകളിൽ എന്നും സൂക്ഷിച്ചുവയ്ക്കാൻ, കാണണം  ഒരിക്കലെങ്കിലും ഹോഗനെകൽ. ഞങ്ങൾ തിരിച്ചുള്ള യാത്ര ആരംഭിക്കുമ്പോൾ സൂര്യൻ അങ്ങ് മലമടക്കുകൾക്ക് പിന്നിൽ മറഞ്ഞുകഴിഞ്ഞിരുന്നു.





# ചില്ല



ബിന്ദു
മഞ്ഞളി

ഈ വഴി പോകുമ്പോഴെല്ലാം കുഞ്ഞിക്കിളിക്ക്, ഇതേ മരത്തണലും ചില്ലയുമാണാശ്വാസം. ഈ ചില്ലയിലിരുന്നാൽ അങ്ങ് ദൂരെ മഞ്ഞുമൂടിയ മലമുകളും, പതിയെ പതിയെ തളിർത്ത് താഴ്ന്നിറങ്ങുന്ന താഴ് വാരങ്ങളും കാണാം. വേനലെത്ര കടുത്താലും, കൺമുന്നിലെ കാഴ്ചയ്ക്കു മാറ്റമൊന്നും കുഞ്ഞിക്കിളി കണ്ടില്ല. ദേശാടനത്തിന്റെ വർഷങ്ങൾ, കടന്ന് പോയി. ഇടത്താവളങ്ങളും വഴികളും മാറിയില്ല.

മരവും ചില്ലയും മാറിയില്ല. കാണുന്ന കാഴ്ചകളും മാറാതെ തുടർന്നു. കുഞ്ഞിക്കിളി വളർന്ന് വലിയ കിളിയായി. എന്നിട്ടും മുന്നിലെ മലയെന്തേ വളരാത്തതെന്ന്, മാറാത്ത തെന്ന് പരിഭവപ്പെട്ടുകൊണ്ട് വലിയകിളി യായ കുഞ്ഞിക്കിളി അതേ മരത്തിൽ, അതേ ചില്ലയിൽ വീണ്ടും വന്നിരുന്നു.

മലയിറങ്ങി വന്നൊരു നാട്ടുകാരി കിളി പറഞ്ഞു,"ഒന്നു ചില്ല മാറിയിരുന്നാലോ?"

"നോക്കാം..."

വലിയ കിളിയായ കുഞ്ഞിക്കിളി പറന്നുയർന്ന്, തിരിഞ്ഞിറങ്ങി, നാട്ടുകാരി കിളിയിരുന്ന ചില്ലയിൽ വന്നൊന്ന് കുടഞ്ഞിരുന്നു. മുന്നിലതാ അവിശ്വസനീയമായ വിധം മനോഹരമായ കാഴ്ച. പലവട്ടം കണ്ണ് ചിമ്മിത്തുറന്ന് വലിയകിളിയായ കുഞ്ഞിക്കിളി വീണ്ടും വീണ്ടും നോക്കി. മനോഹരമായ താഴ് വാരം.

ഇതേത് നാട്? ഇതേത് ദേശം? ഞാനെന്തേ ഇതുവരെ ഇത് കണ്ടില്ല?` കുഞ്ഞിക്കിളിയ്ക്ക് സങ്കടം തോന്നി. വേനലിന്റെ ചൂടിൽ വിളഞ്ഞുനിൽക്കുന്ന നിൽക്കുന്ന പാടങ്ങളും, പാതയോരങ്ങളിൽ പൂത്തുനിൽക്കുന്ന മരങ്ങളും.

അവയുടെ നിറങ്ങൾ എത്രയെന്ന് കുഞ്ഞിക്കിളിക്ക് എണ്ണി തീർക്കാൻ കഴിഞ്ഞില്ല. നാട്ടുകാരി കിളിക്ക് നന്ദിയും പറഞ്ഞ് കുഞ്ഞിക്കിളി താഴ് വാരങ്ങളി ലേയ്ക്ക് ഊളിയിട്ടു പറന്നു.

കാറ്റിൽ നിറഞ്ഞു നിൽക്കുന്ന സുഗന്ധവും, കണ്ണിനു കൗതുകമായ നിറങ്ങളും, പലതരം പഴങ്ങളും കണ്ട് കുഞ്ഞിക്കിളിയ്ക്ക് തിരിച്ചു പോവാനേ തോന്നിയില്ല. ഇനിയുള്ള കാലം ഇവിടെ തന്നെ ജീവിക്കാം. ഇതായിരിക്കുമോ താൻ സ്വപ്നംകണ്ട സ്വർഗ്ഗഭൂമി?

പെട്ടന്നാണ് നാട്ടുകാരി കിളി പറഞ്ഞത്, "നമ്മുക്ക് തിരിച്ച് പോകാം ?"

"എന്തിന്? എനിക്കിവിടെ ഇഷ്ടമായി, നീ പൊയ്ക്കോളൂ, ഞാനിവിടെ ശിഷ്ടകാലം സുഖമായി കഴിയാനാഗ്രഹിക്കുന്നു. എനിക്ക് വേണ്ടതെല്ലാം ഇവിടെയുണ്ട്.."

നാട്ടുകാരി കിളി വീണ്ടും പറഞ്ഞു.

"ഒന്ന് ചില്ല മാറിയിരുന്നാലോ?"

ഇതിലും സുന്ദരമായൊരിടമായിരിക്കും കാണാൻ പോകുന്നതെന്ന് ഉറച്ച്, കുഞ്ഞിക്കിളി പറന്നുയർന്ന്, തിരിഞ്ഞിറങ്ങി, നാട്ടുകാരി കിളിക്കരികെ വന്നിരുന്നു.

അവൾ പ്രതീക്ഷയോടെ തലയുയർത്തി നോക്കി.

മുന്നിലതാ മഞ്ഞുമൂടിയ, താൻ കണ്ടുമടുത്ത പഴയ മല.

വലിയ കിളിയായ കുഞ്ഞിക്കിളിക്കു ദ്വേഷ്യം വന്നു.

നാട്ടുകാരി കിളി പറഞ്ഞു, "കഴിഞ്ഞ മഞ്ഞുകാലത്തിന്റെ ബാക്കിയാണീ വസന്തം. അടുത്ത വസന്തത്തിന് മഞ്ഞിറങ്ങി വന്നേ മതിയാകൂ."

കുഞ്ഞിക്കിളിക്കത് ഓർക്കാനേ കഴിഞ്ഞില്ല. ആ തണുപ്പിൽ ഞാൻ തീർന്നു പോകും.

നാട്ടുകാരി കിളി പറഞ്ഞു, "ഒരേ മരത്തിൽ, ഒരേ സമയം ചില്ലകൾ മാറിയിരുന്നാൽ, കാഴ്ചകൾ മാറുന്നു. മാറുന്ന കാഴ്ചകൾ, കാഴ്ചപ്പാടുകളാകുന്നു. ജീവിതഗതി തന്നെയത് മാറ്റുന്നു. അത്ഭുതമല്ലേ?"

ഒന്നും ശാശ്വതമല്ല. മാറ്റങ്ങൾ വന്നു കൊണ്ടേയിരിക്കും. മാറ്റത്തിനൊത്ത് സ്വയം മാറാൻ പറ്റിയില്ലെങ്കിൽ,

അതിജീവനത്തിന് പറ്റുന്നയിടങ്ങൾ തേടുക. ചില്ലകൾ എല്ലായിടത്തും കാണും.

ഇരുട്ട് വീഴുന്നു.

നാട്ടുകാരി കിളി മലമുകൾ ലക്ഷ്യമാക്കി പറന്നകന്നു.

അതേ ചില്ലയിൽ ഒന്നു കുടഞ്ഞിരുന്ന്, മുന്നിലെ സ്വർഗം കണ്ടിരുന്ന് കുഞ്ഞിക്കിളി ഉറങ്ങി.

നേരം പുലർന്നു,

താഴ്‌വാരമുണർന്നു.

നാട്ടുകാരിക്കിളി വന്നില്ല...

സ്വപ്നങ്ങളിൽ നിന്നുണർന്ന്, ആരേയും കാത്ത് നിൽക്കാതെ, കുഞ്ഞിക്കിളി പറന്നകന്നു...

പുതിയ ചില്ലകൾ തേടി.....



Your Specialist for
Decoration for any Events!



Maharajah Paradise
DECORATION FOR YOUR EVENTS

Please visit our Instagram Page
and contact for more details!
Mobile +41 79 357 33 41
Chitthira Maharajah



# Hidden gems of Switzerland





**BINDU BENEDICT KALANGARA**

(Born and brought up in Germany, with roots in Edathua, Kerala. Enjoy working in Sustainability at ABB. Happy wife and mother of two kids)

Switzerland is world famous for its tourist attractions, be it the beautiful landscape composed by mountains, valleys, vineyards, lakes or the culinary side with the well-known Swiss chocolate, cheese, and wine. In the next few chapters, you will be immersed in a world that may not be so well-known tourist attractions, but rather epic and hidden gems of Switzerland.



## 1. Abbey library of Saint Gall, St. Gallen

The Abbey Library is one of the oldest, most beautiful, and important libraries in the world. Its valuable stock of books reveals the development of European culture and documents the cultural achievements of the St. Gall monastery from the 8$^{th}$ century to the dissolution of the Abbey in 1805. Numerous fundamental works of European intellectual history are preserved here in the best tradition. The heart of the collection is the corpus of early medieval manuscripts from the 8$^{th}$ to 11$^{th}$ centuries, which were largely created on site.

Today's library room was built between 1758 and 1767 under the direction of the Bregenzerwald master builder Peter Thumb. The changing exhibitions of valuable manuscripts and unique items give a lasting impression of the St. Gall monastic culture.

The baroque hall of the abbey library surprises with its rich rococo furnishings and is considered one of the most beautiful in the country. The library, which is still active today, holds around 170,000 books. The impressive collection of early medieval original manuscripts makes this institution world famous. Over 400 volumes are more than 1,000 years old. The abbey library is now an institution of the Catholic denomination of the canton of St. Gall. It sees itself as a modern scientific library with a medieval orientation. The Abbey Library and the exhibitions of the Abbey District of St. Gall are among the leading museums in Switzerland and are visited by over 150,000 guests every year. In 1983, the Abbey Library, together with the entire Abbey District of St. Gall, was included in the UNESCO World Heritage List. In 2017, the written legacy of the St. Gall monastery in the Abbey Library and Abbey Archive was recognized as a world documentary heritage ("Memory of the World"). Their collections go back almost uninterruptedly for more than 1300 years to the time when the monastery was founded by Gallus and Otmar. This means that the Abbey Library has two of the most prestigious awards from UNESCO.

## 2. CERN, Geneva

The CERN research center was founded in 1954 and is located at the border between France and Switzerland near Geneva. CERN was one of the first joint European projects and today has 23 mem-ber states. It is one of the largest and most renowned centers for research in physics in the world. Here researchers search for the fundamental laws of the universe. Further interesting fact is that the World Wide Web was invented as part of a research project at the large research facility CERN in Switzerland. In 1989, the inventor scientist set up a hypertext system that was originally only intend-ed to be used to exchange research results among colleagues. The first website in the world was therefore also that of CERN, published on August 6, 1991, and can still be accessed at info.cern.ch today. On April 30, 1993, CERN opened the World Wide Web to the public for free.
CERN is accessible to the public audience, visitors can see two exhibitions about the research center, the research it-self and equipment and the world of particles. Entrance to the visitor research center is generally free and there are no age restrictions.



However, you must register. Some of the visit points, such as the Large Hadron Collider (LHC) particle accelerator, require a minimum age of 12.

## 3. Hammetschwand lift and Buergenstock, Lucerne/Nidwalden

The Hammetschwand lift on the Buergenstock is Europe's highest open-air lift. At 153 meters high, it is a spectacular technical object of Swiss monument preservation - the Hammetschwand lift, which connects the five-kilometer-long, artificial rock path on the Buergenstock with the Hammetschwand viewing platform. The lift is in the enclave of Buergenstock in the canton of Lucerne, while the viewing platform is in the neighboring canton of Nidwalden.

Buergenstock on Lake Lucerne has been known since the second half of the 19th century both as a posh wellness town and as a popular holiday destination for high society. Franz Josef Bucher-Durrer, a pioneer in Swiss railway history and hotel operator, provided the first attraction when he had the Felsenweg dug into the north flank of Buergenstock between 1897 and 1902. The lift was built between 1903 and 1905 and leads from the end of the Felsenweg, the Kaenzeli, up to the Hammetschwand with its incomparable view of the lake and the surrounding area. The valley station is around 916 meters above sea level, the mountain station with the plateau at 1,114 meters. The elevator overcomes a height difference of almost 153 meters, the height of the entire system up to the



top of the tower is 164 meters. A ride currently takes 50 seconds. Arriving at the viewing platform on the Hammetschwand, you can enjoy an unrestricted, wonderful view over Lake Lucerne, the Voralps and a not inconsiderable part of the Alps. Lamps attached to the tower make the lift visible from afar in clear weather from dusk.

## 4. Lake Toma, source of the Rhine River, Grisons

The source of the Rhine River is in Switzerland: the small, crystal-clear Lake Toma in the Cantone of Grisons near the Oberalp Pass. Surrounded by high mountain peaks, Lake Toma lies at 2,345 meters above sea level at the foot of Piz Badus. It is fed by twelve mountain streams and is not large: barely 350 meters long, 140 meters wide and only 10 meters deep. A sweet, small mountain lake from which water leisurely ripples into the depths... water that begins its 1,231-kilometer journey here and develops into one of the most important rivers in Europe, the Rhine. Lake Toma, in Rhaeto-Romanic Lai da Tuma, is considered the source of the Rhine. Only here in the west of Graubünden near the Oberalp Pass can the river, which flows through four countries, be crossed with just one step. Starting from the Lai da Tuma, the river bends its way through the limestone cliffs and becomes the Vorderrhine, only to join the Hinterrhine in Reichenau near Tamins and form the Rhine. The now torrential stream flows through Lake Constance, passes Basel, and crosses Germany and the Netherlands until it finally flows into the North Sea in Rotterdam.





To be mentioned, there is a lighthouse on the Oberalp Pass, in the middle of the mountains! It is a symbol for the source of the Rhine - because the original lighthouse stands at the mouth of the Rhine near Rotterdam on the North Sea. The source of the Rhine and Lake Toma can only be reached by hiking. From the Oberalp Pass, the source of the Rhine can be reached on foot in about one and a half to two hours. If you walk all the way around the lake, you can enjoy the fascinating reflection of nature in the crystal clear water from all sides.

## 5. Lavaux, Vineyard Terraces, Vaud

Lavaux is a region in the canton of Vaud in Switzerland, which consists of 830 hectares of terraced vineyards that stretch for about 30 km along the south-facing northern shores of Lake Geneva. The steep terraces rise from the shore of the lake and are covered with vines, which have been grown here since 11th century monks discovered the area had the perfect combination of sun and soil. The Bishop of



Lausanne gave various lands the Cistercian Order in the 12th century. The monks reclaimed the steep land by creating artificial terraces for wine growing. Under cantonal law, these vineyards are protected from development. Since 2016, the vineyards here are not treated with synthetic pesticides anymore. The vines benefit from the sunlight reflected by the lake and the heat that remains stored in the stone walls. Today, Lavaux is a cultural landscape formed by generations of wine growers. Many painters and poets have been inspired by the picturesque wine villages and the magnificent view across Lake Geneva to the Savoie Mountain peaks.

As an international acknowledgement of the uniqueness of this man-made landscape, the Lavaux wine-growing area was inscribed as a UNESCO World Cultural Heritage Site in 2007.

## 6. Medieval town of Gruyères, Fribourg

The Medieval town of Gruyères lies at the foot of the Pre-Alps in the canton of Fribourg, it is the home to the finest Swiss cheese and chocolate.  The pedestrian zone, the cobblestones and the fountain invite you to take a pleasant walk. The medieval town has given its name to the region of La Gruyère and to its tasty cheese. The main street that runs through the center of town is a whopping 300 meters long, so you can walk from one end to the other in just a matter of minutes. It’s a short but beautiful walk, especially with the views of green rolling hills and mountains that surround the town of Gruyères.



This is also a town of culture, four museums:

The Château de Gruyères: which dominates the town has an history back in 13th century, this is one of the most famous castles in Switzerland. The stained-glass windows are lovely and the views from the castle are amazing. The Museum and Bar of the artist H.R. Giger, which presents the fantastic works of the creator of Alien, the Tibet Museum, and the Maison du Gruyère.

സ്മൃതിപഥം :അപ്പോൾ പഠനം പാതിവഴിയിൽ ഉപേക്ഷിച്ചു എന്ന് ഞങ്ങൾ ഊഹിക്കുന്നു.

സുരാജ് കോച്ചേരി: പഠനം പാതി വഴിയിൽ ഉപേക്ഷിക്കേണ്ടിവന്നു. ആ കാലഘട്ടങ്ങളിൽ എന്റെ മൂത്ത ജേഷ്ഠൻ എറണാകുളത്ത് പ്രശസ്ത സാഹിത്യകാരനായ പി. കെ. ബാലകൃഷ്ണനും ഒന്നിച്ച് ഒരു ബുക്ക് സ്റ്റാൾ നടത്തുന്നുണ്ടായിരുന്നു. ജനതബുക്ക് സ്റ്റാൾ എന്നായിരുന്നു അതിന്റെ പേര്. പി കെ ബാലകൃഷ്ണൻ എഴുതിയ 'എന്നാൽ ഞാൻ ഇനി ഉറങ്ങട്ടെ' എന്ന പുസ്തകത്തിലൂടെ പ്രസിദ്ധനായ സാഹിത്യകാരനാണല്ലോ.

സ്മൃതിപഥം: മഹാഭാരതത്തിൽ കർണ്ണനെ കേന്ദ്രബിന്ദുവാക്കി അദ്ദേഹം പ്രസിദ്ധീകരിച്ച ആ പുസ്തകം വായനക്കാരുടെയിടയിലും മലയാള സാഹിത്യലോകത്തും വളരെയധികം ശ്രദ്ധിക്കപ്പെട്ടിരുന്നു.

സുരാജ് കോച്ചേരി: ആ കാലത്ത് പുസ്തകങ്ങൾ ലൈബ്രറികളിൽ നിന്ന് എടുത്ത് വായിക്കുന്നത് അല്ലാതെ സ്വന്തമായി പണം കൊടുത്ത് പുസ്തകങ്ങൾ വാങ്ങി വായിക്കുന്നവർ കുറവായിരുന്നു. അതുകൊണ്ടുതന്നെ കുറച്ചുകാലത്തിന് ശേഷം ജേഷ്ഠൻ നടത്തിയിരുന്ന ജനത ബുക്ക് സ്റ്റാൾ അടച്ചു പൂട്ടേണ്ടി വന്നു.
ഈ സമയത്താണ് ഞാൻ പഠിപ്പുമുടക്കി വീട്ടിലേക്ക് വരുന്നത്. ഏട്ടന്റെ ബുക്ക് സ്റ്റാളിൽനിന്നും പുസ്തകം എടുത്തു വായിച്ചിരുന്ന എനിക്ക് ഇപ്പോൾ അവിടെ പോകാതെതന്നെ പുസ്തകങ്ങൾ വായിക്കാമെന്നായി.

സ്മൃതിപഥം: അതെങ്ങനെ?

സുരാജ് കോച്ചേരി: വിൽക്കാതെ വന്ന പുസ്തകങ്ങൾ ചാക്കിൽ കെട്ടി വീട്ടിൽ കൊണ്ടുവന്നു ജേഷ്ഠൻ സൂക്ഷിച്ചു വച്ചു.അക്കാലത്തു് എന്റെ പ്രധാന പരിപാടി ഈ ചാക്ക് കെട്ടുകൾ അഴിച്ച് അതിലെ പുസ്തകങ്ങൾ എടുത്ത് വായിക്കുക എന്നുള്ളതായിരുന്നു. നൂറുകണക്കിന് പുസ്തകങ്ങൾ ഞാൻ അങ്ങനെ വായിച്ചു തീർത്തു. പിൽക്കാലത്ത് എനിക്ക് വായനയോടുള്ള ആഭിമുഖ്യം നിലനിർത്തുവാൻ ഈ പുസ്തകവായന ഉപകാരപ്പെട്ടു. മലയാളത്തിലേയും മറ്റു ഭാഷകളിലേയും ധാരാളം പുസ്തകങ്ങൾ അങ്ങനെ എനിക്ക് പരിചയമായി. അങ്ങനെ പുസ്തകങ്ങളും വായിച്ചു വിപ്ലവവും മനസ്സിൽ സൂക്ഷിച്ചു് നടക്കുന്ന അവസരത്തിലാണ് അടിയന്തിരാവസ്ഥ പ്രഖ്യാപിക്കുന്നത്. 'അടിയന്തിരാവസ്ഥ ആരോഗ്യത്തിന് ഹാനികരം' എന്ന് മനസ്സിലാക്കിയ ഞാൻ, പഠനം നിർത്തി നാടുവിടുന്നതാണ് ആരോഗ്യത്തിന് നല്ലതു എന്ന തോന്നലിൽ ബോംബെയ്ക്ക് ട്രയിൻ കയറി. ജീവിക്കാൻ ഒരു ജോലി കണ്ടുപിടിക്കണം, അതായിരുന്നു മനസ്സിൽ.

സ്മൃതിപഥം: അവിടെ ഒരു സ്കൂൾ വിദ്യാർത്ഥിയായ സുരാജിന് ജോലികിട്ടി എന്ന് കരുതാമോ?

സുരാജ് കോച്ചേരി: അവിടെ ഒരു കമ്പനിയിൽ അപ്രന്റിസ്സ് ആയി ചേർന്നു. എന്നാൽ ഉള്ളിൽ എരിഞ്ഞുകൊണ്ടിരുന്ന വിപ്ലവ ചിന്താഗതികൾ മൂലം ജോലി സ്ഥലത്തെ



Suraju und Vreni Kocheril servieren aromatische, würzige Gerichte, die dank Kokosmilch relativ mild sind.

HIER IST DER GAST NOCH KÖNIG

# Neues Outfit fürs «Kerala»

*Vollkommen indisch, aussen und innen, präsentiert sich das Restaurant Kerala.*

Pia Meier

Das indische Restaurant Kerala beim Radiostudio präsentiert sich mit neuem Outfit. Die Fassade wurde passend zum Innern neu renoviert. «Wir wollten dieselben Farben haben, wie dies in Indien Usus ist», betonte Verena Kocheril, welche mit ihrem Gatten Suraju Kocheril, das Restaurant seit drei Jahren führt. Diese Zeit sei sehr erfolgreich gewesen, denn mit ihrem Angebot, süd- und nordindische Spezialitäten, füllten sie eine Angebotslücke. Das «Kerala» ist das einzige südindische Restaurant in Zürich und Umgebung. Vor allem das Buffet sei ein Renner geworden. Jeweils am Mittwoch und am Sonntag abend werden indische Spezialitäten à discretion angeboten. Auch gibt es zahlreiche vegetarische Gerichte. «Zudem ist das Restaurant eine Oase für Allergiker», hält Verena Kocheril fest. «Wir verwenden keine Zusatzstoffe und kein Mehl.»

*Frisch zubereitet*

m «Kerala» werden alle Gerichte mmer frisch zubereitet. Die Gäste önnen wünschen, wie scharf oder ie mild sie ihre Currys haben ... den Monat gibt es eine



Verena und Suraju Kocheril führen das «Kerala» seit drei Jahren.



Die Fassade des «Kerala» wurde neu gestrichen.

Bilder: Pia Meier

Personen offeriert wird: Vorspeise ... vegetarische Geri... zuvorkommend. Parkplätze sind ... vorhand...



ചൂഷണവും മറ്റും കണ്ട് പ്രതികരിച്ചപ്പോൾ എനിക്ക് അവിടം വിട്ടു തിരിച്ചു പോരേണ്ടിവന്നു.

സ്മൃതിപഥം: **തിരിച്ച് വീട്ടിൽ എത്തുമ്പോൾ വീട്ടിലുള്ളവരുടെ പ്രതികരണം എന്തായിരുന്നു?**

സുരാജ് കോച്ചേരി: **വീട്ടുകാരുടെ** പ്രതികരണത്തിന് ഒരു പരിഗണനയും കൊടുത്തില്ല. തിരിച്ചുവന്ന് വായനയും മറ്റുമായി സമയം പോകുമെങ്കിലും ഒരു ജോലി ആവശ്യമായിവന്നു. സ്വിറ്റ്സർലൻഡിൽ ജോലിയുണ്ടായിരുന്ന എന്റെ സഹോദരിമാരുടെ സഹായത്തോടെ ഞാൻ തൊഴിൽ തേടി സ്വിറ്റ്സർലൻഡിൽ എത്തി. എന്നാൽ ഉദ്ദേശിച്ച പോലെ അല്ല കാര്യങ്ങൾ നീങ്ങിയത്. ഒരു ഫുഡ് പ്രോസസ്സിംഗ് കമ്പനിയിൽ ട്രെയിനീ ആയിട്ടു ജോലിചെയ്തുകൊണ്ടിരിക്കുമ്പോൾ ഞാൻ മറ്റൊരു ഭാഗ്യപരീക്ഷണത്തിന് തുനിഞ്ഞു.

കൊച്ചിയിൽ എനിക്ക് പരിചയമുണ്ടായിരുന്ന ചില യഹൂദ കുടുംബങ്ങളുടെ സഹായത്തോടെ ഞാൻ ഇസ്രായേലിൽ ഒരു ജോലി അന്വേഷിച്ചു. അക്കാലത്തു കേരളത്തിൽ നിന്നും ധാരാളം യഹൂദന്മാർ ഇസ്രായേലിലേക്ക് കുടിയേറുന്നുണ്ടായിരുന്നു. അവരുടെ സഹായത്തോടെ ഞാൻ ഇസ്രായേലിൽ എത്തി. വളരെ ശാസ്ത്രീയമായി നടത്തുന്ന കൃഷിഫാമുകളും ഡയറികളും കൃഷിയിടങ്ങളും കൊണ്ട് മനോഹരമായിരുന്നു ഇസ്രായേൽ.അത്യാവശ്യം. അവിടുത്തെ കൃഷിഫാമുകളും കൃഷിരീതികളും പഠിച്ച് നാട്ടിൽ ഫാമുകൾ നടത്തുന്നത് ആയിരുന്നു എന്റെ സ്വപ്നം. എല്ലാ കാര്യങ്ങളും ഭംഗിയായി പോയിക്കൊണ്ടിരിക്കുന്ന അവസരത്തിലാണ് ഇസ്രായേൽ പലസ്തീൻ ബന്ധം വഷളാകുകയും യുദ്ധം പൊട്ടിപ്പുറപ്പെടുകയും ചെയ്തത്. അങ്ങിനെ ഞാൻ അവിടം വിട്ടു പോരാൻ നിർബന്ധിതനായി.

ഇസ്രായേലിൽ ഹിബ്രു യൂണിവേഴ്സിറ്റിയിൽ പഠനവും ജോലിയുമായി അങ്ങനെ തുടർന്നിരുന്നുവെങ്കിൽ ഞാൻ എന്താകുമായിരുന്നു എന്ന് പലപ്പോഴും ആലോചിക്കാറുണ്ട്. ചിന്തകളും പുസ്തകം വായനയുമായി കഴിയുന്ന അവസരത്തിലാണ് സ്വിറ്റ്സർലൻഡ് ജോലിയുണ്ടായിരുന്നു പെങ്ങൾ തന്റെ ഒരു കൂട്ടുകാരിയുമായി നാട്ടിൽ വന്നത്. യാത്രകളും മറ്റുമായി ഞാൻ പെങ്ങളേയും കൂട്ടുകാരിയേയും സഹായിക്കേണ്ടി വന്നു. അങ്ങനെ പെങ്ങളുടെ കൂട്ടുകാരിയുമായി പരിചയത്തിൽ ആയി. പരിചയം പിന്നീട് പ്രണയമായി മാറി. മിക്കവാറും എല്ലാ പ്രേമബന്ധങ്ങൾക്കും ഒരു തടസ്സം വില്ലനായി വരാറുണ്ട്. എങ്കിലും എല്ലാ പ്രതിബന്ധങ്ങളും ഞങ്ങൾ തൃണവൽക്കരിച്ച് മുന്നേറി.രണ്ടു വർഷത്തെ പ്രണയത്തിനുശേഷം ഞങ്ങൾ വിവാഹിതരായി. അങ്ങനെ ഞാനും ഫ്രേനിയും ഒരു കുടുംബമായി സ്വിറ്റ്സർലണ്ടിൽ പല സ്ഥലങ്ങളിലായി പല ജോലികൾ ചെയ്തെങ്കിലും അതു പോരാ എന്ന് തോന്നിയത് കൊണ്ടും ഒരു നല്ല ജോലിക്ക് ലഭിക്കാൻ സാധ്യതയുള്ള മേഖലയാണ് എന്ന് കരുതി ഞാൻ ഡയറി കോഴ്സിന് ചേർന്നു. മൂന്നുവർഷത്തെ കോഴ്സ് പൂർത്തിയാക്കി, പത്തുവർഷം ജോലി ചെയ്തു. ഇതിനിടയിൽ നാലുവർഷം അഗർവാൾ സ്റ്റോർസ് എന്ന ഇന്ത്യൻ ഷോപ്പിലും ജോലി ചെയ്തു.

ഈ കാലഘട്ടത്തിൽ എനിക്ക് ധാരാളം മലയാളി സുഹൃത്തുക്കളെ ലഭിച്ചു. പ്രാദേശികമായി ചില കൊച്ചു കൊച്ചു മലയാളി സംഘടനകൾ അക്കാലത്തു് നിലവിൽ ഉണ്ടായിരുന്നു. ചില സംഘടനകളുമായി ബന്ധപ്പെടുകയും അവർ നടത്തുന്ന ഓണാഘോഷങ്ങളിൽപങ്കെടുക്കുകയും ചെയ്തു. അന്ന് ഇത്തരം ഓണാഘോഷങ്ങളിൽ ആളുകൾ ഭക്ഷണം തയ്യാറാക്കി കൊണ്ടുവരികയാണ് പതിവ്. ഭക്ഷണം പാകം ചെയ്യുന്നതിനെക്കുറിച്ച് എനിക്ക് കാര്യമായി യാതൊരു അറിവും ഉണ്ടായിരുന്നില്ല. എങ്കിലും കണ്ടു പരിചയം വച്ച് ഞാനും ഒന്ന് രണ്ട് കൂട്ടങ്ങൾ ഉണ്ടാക്കി. ഭാഗ്യമെന്ന് പറയട്ടെ പലരും വളരെ നല്ലതാണ് എന്ന് അഭിപ്രായം പറഞ്ഞത് എനിക്ക് പ്രചോദനമായി. പിന്നീട് പല സുഹൃത്തുക്കളുടേയും കുട്ടികളുടെ ബർത്ത് ഡേ, അതുപോലെ മറ്റു പരിപാടികൾക്ക് ഭക്ഷണം തയ്യാറാക്കുവാൻ എന്നെ പലരും ക്ഷണിച്ചു. യാതൊരു മുൻ പരിചയം ഇല്ലെങ്കിലും മനസ്സിലുള്ള ചില കണക്കുകൂട്ടലുകൾ വച്ച് ഞാൻ തയ്യാറാക്കിയ ഭക്ഷണങ്ങൾ എല്ലാവർക്കും ഇഷ്ടപ്പെട്ടു. അങ്ങനെ എന്നിൽ ഒരു നല്ല ഷെഫ് ഒളിഞ്ഞിരിപ്പുണ്ട് എന്ന് ഞാൻ മനസ്സിലാക്കി.

ഈ സ്വയം തിരിച്ചറിവ് എന്തുകൊണ്ട് എനിക്ക് ഒരു കാറ്ററിംഗ് അല്ലെങ്കിൽ ഒരു സ്വന്തമായി റസ്റ്റോറന്റ് ആരംഭിച്ചു കൂടാ എന്ന തോന്നൽ മനസ്സിൽ ഉണ്ടാക്കി. ഞാൻ പലരുമായും ഈ കാര്യത്തെക്കുറിച്ച് സംസാരിച്ചപ്പോൾ എല്ലാവരും എന്നെ നിരുത്സാഹപ്പെടുത്തുകയാണ് ഉണ്ടായത്. എന്നാൽ ഭാര്യ ഫ്രേനി ഒന്ന് ശ്രമിച്ചു നോക്കുന്നതിൽ തെറ്റില്ല, എന്ന് അഭിപ്രായക്കാരിയായിരുന്നു. എങ്കിലും ഭാര്യയുടെ ജോലി നിലനിർത്തിക്കൊണ്ട് തന്നെ ഒരു റസ്റ്റോറന്റ് ആരംഭിക്കുവാൻ ഞാൻ തീരുമാനിച്ചു അങ്ങനെ 1999ൽ കേരള റസ്റ്റോറന്റ് എന്ന പേരിൽ എന്റെ സ്വപ്നങ്ങൾ പൂവണിഞ്ഞു.

ആറുമാസങ്ങൾക്കുശേഷം ഭാര്യ ജോലി ഉപേക്ഷിക്കുകയും എന്നെ സഹായിക്കു

ന്നതിനായി റസ്റ്റോറന്റ് ഉത്തരവാദിത്തം ഏറ്റെടുക്കുകയും ചെയ്തു കഠിനമായ പരിശ്രമം കസ്റ്റമറുടെ സംതൃപ്തി മുതലായവയ്ക്ക് ഞങ്ങൾ പ്രഥമ പരിഗണന നൽകി. സാവകാശം നല്ലൊരു നിലയിലേക്ക് കേരള റെസ്റ്റോറന്റിനെ വളർത്തിക്കൊണ്ടു വരുവാൻ ഞങ്ങൾക്ക് സാധിച്ചു. ചെറുപ്പകാലത്ത് അടുക്കളയിൽ കയറാത്ത ഞാൻ അങ്ങനെ അറിയപ്പെടുന്ന ഒരു ഷെഫ് ആയി മാറി.

സുഹൃത് സംഭാഷണങ്ങളിൽ പല സുഹൃത്തുകൾളുമായി ഒരു കലാസാംസ്കാരിക സംഘടന രൂപീകരിക്കുന്നതിനെ കുറിച്ച് സംസാരിക്കാറുണ്ടായിരുന്നു. ഈ ആശയം എന്റെ സുഹൃത്തു് ജേക്കബ്ബ് മാളിയേക്കലുമായി പങ്കുവച്ചു. അക്കാലത്തു് പ്രാദേശികമായി ചില അസോസിയേഷനുകകൾ ഉണ്ടായിരുന്നുവെങ്കിലും അവർ മിക്കവാറും ഒരു ഓണാഘോഷ പരിപാടിയുമായി ഒതുങ്ങി നിൽക്കുകയായിരുന്നു.

സമാന സ്വഭാവമുള്ള ഏതാനും സുഹൃത്തുക്കൾ ഞങ്ങൾക്ക് പിന്തുണ നൽകി. ആവിഷ്കാര സ്വാതന്ത്ര്യം കല, സാഹിത്യം, സാമൂഹ്യ സേവനം തുടങ്ങിയ വിഷയങ്ങൾ ഞങ്ങളുടെ ചർച്ചയിൽ പൊന്തിവന്നു.അങ്ങനെ ഞങ്ങളുടെ സുഹൃത് സംഗമം ഒരു അസോസിയേഷൻ ആയി. കേളി എന്ന പേരിൽ തുടങ്ങിവച്ച ആ സഹൃദയകൂട്ടായ്മക്ക് നല്ല ജനപിന്തുണ ലഭിച്ചു.

ഇന്ന് ജോലിസംബന്ധമായും ആരോഗ്യ പരമായും പരിമിതികൾ ഉള്ളതുകൊണ്ട് സംഘടന പ്രവർത്തനങ്ങളിൽ കാര്യമായി പങ്കാളിത്തം ഇല്ലെങ്കിലും ഇങ്ങനെ ഒരു സംഘടനയുടെ ആരംഭത്തിന് കാരണമായി എന്നതിൽ എനിക്ക് അഭിമാനമുണ്ട്.

കേരള റസ്റ്റോറന്റ് അതിന്റെ വളർച്ചയോടൊപ്പം ഒരുപാട് സുഹൃത് ബന്ധങ്ങൾ നേടിത്തന്നു. മലയാളത്തിലെ പ്രശസ്തരായ പല സാഹിത്യകാരന്മാർക്കും ആതിഥ്യം നൽകുന്നതിനും അവരുമായി പരിചയ പെടുന്നതിനും എനിക്ക് കഴിഞ്ഞിട്ടുണ്ട്. ശ്രീ. എം ടി വാസുദേവൻ നായർ ശ്രീ. പോൾ സക്കറിയ, പ്രശസ്ത സാഹിത്യകാരൻ സേതു, മലയാളിയുടെ അഭിമാനപാത്രമായ ശ്രീ. യൂസഫലി നിത്യചൈതന്യയതി തുടങ്ങി ഒട്ടനവധി പ്രശസ്തരായ വ്യക്തികൾ കേരള റെസ്റ്റോറന്റിൽ അതിഥികളായി എത്തി.

സ്മൃതിപഥം: താങ്കളുടെ അനുഭവ ങ്ങളിൽനിന്നും പുതു സംരഭകരോട് എന്താണ് പറയാനുള്ളത്?

സുരാജ് കോച്ചേരി: ഈ ചോദ്യം ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരുതരത്തിൽ എന്നോട് പലരും ചോദിക്കാറുള്ളതാണ്.

വിജയങ്ങൾക്ക് കുറുക്കുവഴികൾ ഇല്ല. നിശ്ചയദാർഢ്യം കഠിനാദ്ധ്വാനം ചെറിയ പരാജയങ്ങളിൽ പതറാതെ മുന്നോട്ടുപോകാനുള്ള ധൈര്യം, ഉത്സാഹം എന്നിവയാണ് പ്രധാനമായും വേണ്ടത് എന്ന് എനിക്കു തോന്നുന്നു. പരാജയങ്ങളിൽ പതറാതെ മുൻപോട്ട് പോകുവാൻ മനസ്സിനെ പ്രാപ്തമാക്കണം. എല്ലാത്തിനും ഉപരി സത്യസന്ധതയും തങ്ങളുടെ സേവനം തേടിയെത്തുന്നവരോടുള്ള കൂറും അത്യന്തപേക്ഷിതമാണ്.

സ്മൃതിപഥം: താങ്കളുടെ വിജയഗാഥ സ്മൃതിപഥം വായനക്കാർക്ക് പങ്കുവെച്ചതിന് നന്ദി.

സുരാജ് കോച്ചേരി: നന്ദി, നമസ്ക്കാരം.

(തയ്യാറാക്കിയത് ജോൺ കുറിഞ്ഞിരപ്പള്ളി, ജേക്കബ് മാളിയേക്കൽ)



*As a silver jubilee couple ourselves, we wholeheartedly congratulate Keli*
*on reaching this incredible milestone of 25 years.*
*Congratulations to Keli on this remarkable achievement.*
*Best Wishes*

**Leen Mary, Vanessa Maria, Vivek Thomas & Tomy Viruthiyel**

കഥ

# ഒരു പിറന്നാൾ സമ്മാനവും കുറെ സ്വപ്നങ്ങളും




**ജൂബി വാളിപ്ലാക്കൽ**

(പൂഞ്ഞാർ സ്വദേശി. പൊളിറ്റിക്കൽ സയൻസിൽ ബിരുദധാരി. നഴ്സിംഗിൽ ഡിപ്ലോമ. സ്വിറ്റ്സർലണ്ടിൽ നഴ്സ് ആയി ജോലി ചെയ്യുന്നു. ഭർത്താവ് : ബിനു വാളിപ്ലാക്കൽ. മക്കൾ: ഫെലിൻ, ഫെലോറ)


അശ്വതി വളരെ നേരത്തെ ഉണർന്നെഴുന്നേറ്റു. ഇന്ന് അവളുടെ ജന്മദിനമാണ്. എല്ലാ ജന്മദിനങ്ങളിലും അവൾക്ക് ധാരാളം സമ്മാനങ്ങൾ ലഭിച്ചിരുന്നു. അതുപോലെ ഇന്നും അവൾക്ക് ധാരാളം സമ്മാനങ്ങൾ ലഭിക്കും എന്നത് ഉറപ്പാണ്. എപ്പോഴും അവൾക്ക് ഏറ്റവും ഇഷ്ടപ്പെട്ട സമ്മാനങ്ങൾ കൊടുക്കുന്നത് അവളുടെ കമല അമ്മായിയായിരുന്നു.

ഇന്ന്, ആറാമത്തെ ജന്മദിനത്തിൽ കമല അമ്മായി പിറന്നാൾ സമ്മാനവുമായി വരുന്നത് കാത്തിരുന്ന അവൾക്ക് പക്ഷെ നിരാശപ്പെടേണ്ടി വന്നു. ഷോപ്പിങ്ങ് മാളിലെ ഷോകേയ്സിൽ കണ്ട പുതിയ ഒരു പാവയെ അവൾ വളരെയധികം ആഗ്രഹിച്ചിരുന്നു. താൻ അത് നോക്കി നിൽക്കുന്നത് കണ്ടപ്പോൾ അമ്മായി ചോദിക്കുകയും ചെയ്തതാണ്, "മോൾക്ക് ആ പാവ ഇഷ്ടമാണോ?", എന്ന്.

കാലത്ത് കമല അമ്മായി വർണ്ണ പേപ്പറിൽ പൊതിഞ്ഞ ഒരു സമ്മാന പ്പൊതികൊണ്ടുവന്ന് കൊടുത്തപ്പോൾ അവളുടെ ഉളിൽ അത് തുറന്നു കാണാനുള്ള തിരക്കായിരുന്നു.

പക്ഷേ, അതിനുള്ളിൽ ഒരു മഞ്ഞ ബാഗും ഒരു ഗ്രീറ്റിംഗ് കാർഡും മാത്രമേയുണ്ടായിരുന്നുള്ളു.

കാത്തിരിപ്പിന് വിരാമമിട്ട് സമ്മാന പ്പൊതി തുറന്ന അശ്വതി ഒരു നിമിഷം സ്തബ്ധയായി.

അവൾ തന്നത്താൻ പറഞ്ഞു, "എന്ത്? നല്ല ഒരു പാവക്കുട്ടിയെ പ്രതീക്ഷിച്ചിരുന്ന എനിക്ക് കിട്ടിയത് വെറും ഒരു ചെറിയ മഞ്ഞ ബാഗ്."

അവൾക്ക് വളരെയധികം സങ്കടം തോന്നി. തനിക്ക് സമ്മാനം ഇഷ്ടപെട്ടില്ലങ്കിലും അത് നൽകിയ കമല അമ്മായിക്ക് നന്ദി പറയണം. അവൾ ചിന്തിച്ചു.അമ്മായിക്ക് എന്ത് എഴുതാം? അവൾ പെൻസിലും പേപ്പറും എടുത്ത് എന്താണ് എഴുതേണ്ടതെന്ന് ദീർഘനേരം ആലോചിച്ചു.

"പ്രിയ കമല അമ്മായി, എന്റെ ജന്മദിനത്തിൽ അമ്മായി എനിക്ക് അയച്ച മഞ്ഞ ബാഗിന് നന്ദി."

ഇനി എന്ത് എഴുതും ?

അവൾക്ക് തുടർന്ന് ഒന്നും എഴുതാൻ കഴിഞ്ഞില്ല. അമ്മായി അയച്ച സമ്മാനത്തിൽ അവൾ നിരാശയാണെന്ന് പറയാൻ അവളുടെ മനസ്സ് അനുവദിച്ചതുമില്ല. അവൾ ഒടുവിൽ തുടർന്നു, "ഞാൻ അത് ഉപയോഗിക്കുമ്പോൾ അമ്മായിയെ തീർച്ചയായും ഓർക്കും. ആശംസകൾ".

അശ്വതി.

അവൾ അമ്മയെ കത്ത് കാണിച്ചു.

അവളുടെ ഭാവമാറ്റം കണ്ട അമ്മ തല കുലുക്കുക മാത്രം ചെയ്തു.

ഏതാനും ദിവസങ്ങൾക്ക് ശേഷം, അശ്വതി സ്കൂളിൽ നിന്ന് വന്നപ്പോൾ പറഞ്ഞു, "അമ്മേ, എന്റെ പ്രിയപ്പെട്ട കൂട്ടുകാരി ഹരിതയുടെ ജന്മദിനമാണ് അടുത്ത ആഴ്ച്ച. അവൾക്ക് എന്തെങ്കിലും നല്ല ഒരു സമ്മാനം നൽകണം."

"ഓ, അതിനെന്താ?"

അവളുടെ ആ തീരുമാനത്തെ അമ്മ പ്രശംസിച്ചു. അശ്വതി പെട്ടെന്ന് അവളുടെ മഞ്ഞ ബാഗിനെ ഓർമ്മിച്ചു. ഞാൻ ഹരിതക്ക് എന്താണ് നൽകേണ്ടതെന്ന് എനിക്കറിയാം. കമല അമ്മായി എനിക്ക് അയച്ചുതന്ന മഞ്ഞ ബാഗ് ഞാൻ അവൾക്ക് കൊടുക്കും. അത് എന്തായാലും എനിക്ക് ഇഷ്ടമല്ല.

അശ്വതി അവളുടെ ആ തീരുമാനം അമ്മയെ അറിയിച്ചു. അമ്മ പറഞ്ഞു, "മോളെ, നിനക്ക് ഇഷ്ടമില്ലാത്ത ഒരു സാധനം നിന്റെ കൂട്ടുകാരിക്ക് സമ്മാനമായി നീ കൊടുക്കുന്നു? ഈ തീരുമാനത്തിൽ ഞാൻ നിരാശയാണ്. നീ അതുവഴി നിന്റെ അനിഷ്ടമാണ് അവൾക്ക് കൊടുക്കുന്നത്."

അമ്മ തുടർന്നു,"സമ്മാനങ്ങൾ കൊടുക്കുന്നവർക്കും കിട്ടുന്നവർക്കും ഇഷ്ടമുള്ളതായിരിക്കണം.
നല്ല കർമ്മങ്ങൾ ചെയ്യുക, തിരിച്ച് ഒന്നും പ്രതീക്ഷിക്കാതെ. നമ്മൾ സദുദ്ദേശത്തോടെ എന്ത് നൽകുന്നുവോ, അത് നമുക്ക് ഭാവിയിൽ ഉപകാരപ്പെടും."

അമ്മ എന്താണ് ഉദ്ദേശിച്ചതെന്ന് അവൾക്ക് മനസ്സിലായി. "ശരി അമ്മേ, ഞാൻ മറ്റെന്തിങ്കിലും അവൾക്കു കൊടുക്കാം."

എന്നിട്ട് അവളുടെ മുറിയിലേക്ക് പോയി. മഞ്ഞ ബാഗ് കയ്യിൽ എടുത്തു. "കുറച്ച് പ്രാവശ്യം ഇത് ഉപയോഗിക്കാൻ കഴിഞ്ഞാൽ ചിലപ്പോൾ എനിക്കിഷ്ടപ്പെട്ടേക്കാം," അവൾ സ്വയം പറഞ്ഞു.

അവൾ ബാഗിന്റെ ആദ്യത്തെ സിബ്ബ് തുറന്നു.അതിൽ ഒരു കടലാസ്സിൽ എഴുതിയിരുന്നത് അവൾ വായിച്ചു."അടുത്ത സിബ്ബ് തുറക്കുക."

അവൾ അത് തുറന്നു.അതിൽ മറ്റൊരു കടലാസ്സിൽ എഴുതിയിരിക്കുന്നു, "അടുത്ത സിബ്ബ് തുറക്കുക."വലതു കൈ അതിനുള്ളിൽ ഇട്ടു. അവളുടെ കൈവിരലുകൾ മുന്നോട്ട്



നീങ്ങിയപ്പോൾ അവൾക്ക് അതിനുള്ളിൽ എന്തോ തടഞ്ഞതായി അനുഭവപ്പെട്ടു.

അവൾ ആകാംക്ഷയോടെ ബാഗിനുള്ളിൽ പരതി. ഉടനെ അതിൽ ഒരു ചെറിയ കടലാസ് അവളുടെ ശ്രദ്ധയിൽപ്പെട്ടു. അതിൽ കുറിച്ചത് ഇപ്രകാരം ആയിരുന്നു: "പ്രിയപ്പെട്ട അശ്വതി, നിനക്ക് ഒരു പാവയാണ് ആഗ്രഹം എന്ന് എനിക്ക് തീർച്ചയായും അറിയാം. അതിനുള്ള പണം ഇതിൽ ഞാൻ വയ്ക്കുന്നു. സ്നേഹത്തോടെ, കമല അമ്മായി".

കത്ത് വായിച്ച അശ്വതി ബാഗിനുള്ളിൽ പണം തിരയാൻ തുടങ്ങി. ബാഗിന്റെ ഉള്ളിലെ ഒരു ചെറിയ അറയിൽ നിന്നും അവൾ അത് കണ്ടെത്തി. നിറമുള്ള കടലാസിൽ പൊതിഞ്ഞ് പാവ വാങ്ങാനുള്ള പണം അതിൽ വച്ചിരുന്നു. അശ്വതി വേഗം അമ്മയുടെ അടുത്തേക്ക് ഓടി. "അമ്മേ," അവൾ നിലവിളിച്ചു, "ഞാൻ മഞ്ഞ ബാഗിൽ കണ്ടെത്തിയത് നോക്കൂ!"

അവൾ ആ കുറിപ്പ് അമ്മയുടെ കയ്യിൽ കൊടുത്തു.

"അശ്വതീ, നീ ഭാഗ്യവതിയാണ്. ഇപ്പോൾ അന്ന് നീ കമല അമ്മായിക്ക് അയച്ച കത്തിൽ എഴുതിയത് പോരായിരുന്നു എന്ന് തോന്നുന്നില്ലേ?"

"ഉം". അമ്മായിക്ക് കുറച്ചുകൂടി നല്ലരീതിയിൽ എഴുതാമായിരുന്നു. അവൾ ഓർത്തു.

കമല അമ്മായി തന്ന പണം ഉപയോഗിച്ച് തനിക്ക് ഇഷ്ട്ടപ്പെട്ട പാവയെ സ്വന്തമാക്കാം. തന്റെ പ്രിയപ്പെട്ട കൂട്ടുകാരി ഹരിതയാണെങ്കിലോ, അവളുടെ കുടുംബം സാമ്പത്തികമായി അത്ര മെച്ചമൊന്നുമല്ല. ചിലപ്പോൾ അവൾക്ക് തന്നെപ്പോലെ ഇഷ്ടപെട്ട സാധനങ്ങൾ വാങ്ങാൻ കഴിയില്ലായിരിക്കും. ഞാൻ വാങ്ങാൻ ആഗ്രഹിക്കുന്ന ആ മനോഹരമായ പാവ ഹരിതക്ക് സ്വന്തമാക്കാൻ അവളുടെ സാഹചര്യം അവളെ അനുവദിക്കുന്നില്ല. അതുകൊണ്ട് അമ്മ പറഞ്ഞ പ്രകാരം തനിക്ക് ഇഷ്ട്ടപ്പെട്ടത് തന്നെ വാങ്ങി ഹരിതക്ക് നൽകണം. എന്നിട്ട് സന്തോഷത്തോടെ മനസ്സു നിറഞ്ഞ ഹരിതയുടെ മുഖം തനിക്ക് കാണണം-അവൾ വിചാരിച്ചു.

പിറ്റേന്ന് തന്നെ അശ്വതി അമ്മയോടൊപ്പം കടയിൽ പോയി താൻ നാളുകളായി ആഗ്രഹിച്ചിരുന്ന പാവ വാങ്ങി.ആഗ്രഹം പോലെ തന്നെ ഹരിതക്ക് സമ്മാനിച്ചു. അശ്വതിക്ക് മനസ്സിൽ അഭിമാനവും, അതിലേറെ സന്തോഷവും തോന്നി.

വേനൽക്കാല അവധി ആരംഭിക്കുകയാണ്. ഈ അവധിക്കാലം എന്തുചെയ്യണം എന്ന് അവൾ ആലോചിച്ചുകൊണ്ടിരുന്നു.

ഫോൺ ബെൽ അടിക്കുന്നു. അവൾ ഓടിച്ചെന്ന് ഫോൺ കയ്യിലെടുത്തു.

അത് അച്ഛനാണ് എന്ന് അവൾക്ക് നല്ല നിശ്ചയം ഉണ്ടായിരുന്നു.

"ഹലോ അച്ഛാ."

"മോളുടെ സമ്മർ വെക്കേഷൻ അല്ലേ? ഇത്തവണ എനിക്ക് നാട്ടിൽ വരൻ പറ്റില്ല.മോളും അമ്മയും ഇവിടേയ്ക്ക് വാ. നിങ്ങൾ രണ്ടുപേരും ദുബായ് കണ്ടിട്ടില്ലല്ലോ."

അച്ഛൻ പിന്നെയും എന്തെല്ലാമോ ചോദിക്കുകയും അവൾ മറുപടി പറയുകയും ചെയ്തുകൊണ്ടിരുന്നു. പക്ഷെ,അവളുടെ മനസ്സ് അങ്ങ് ദുബായിൽ അച്ഛന്റെ അടുത്തെത്തിക്കഴിഞ്ഞു.

അവൾ ഓർത്തു,"അമ്മ പറഞ്ഞത് എത്ര ശരിയാണ്. മറ്റുള്ളവർക്ക് നന്മ ചെയ്യുക. അതിനുള്ള പ്രതിഫലം നമ്മൾ പ്രതീക്ഷിക്കാത്ത അവസരത്തിൽ ഏതെങ്കിലും തരത്തിൽ ലഭിക്കാതിരിക്കില്ല.

കുറച്ചു സമയമായി അശ്വതിയുടെ ശബ്ദമൊന്നും കേൾക്കാതിരുന്നതുകൊണ്ട് അവളുടെ അമ്മ നീട്ടി വിളിച്ചു, "അശ്വതി...."

അവൾ അച്ഛന്റെ അടുത്തേക്കുള്ള യാത്രയും സ്വപ്നം കണ്ട് ഉറങ്ങിപ്പോയിരുന്നു.






*Our hearty congratulations to Keli on reaching this remarkable milestone of 25 years. Best wishes for the silver Jubilee*

**Juby, Felin, Felora & Binu Valiplackal**



**Dr. Joseph Viruthiyel**
(Phd. From J N U New Delhi, Retr. Director, Agricultural Finance Corporation Ltd., New Delhi)

### മാലിന്യക്കൂമ്പാരത്തിന് തീപിടിക്കുന്നു

2022 മാർച്ച് 02 ന് കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ നിയന്ത്രണത്തിലുള്ള ബ്രഹ്മപുരം മാലിന്യത്തിൽ പടർന്ന തീ, അഗ്നിശമന സേനയുടെയും നാവികസേനയുടെയും വ്യോമസേനയുടെയും പൗരസമിതിയുടെയും യോജിച്ച പരിശ്രമത്തിനൊടുവിൽ 12 ദിവസത്തിലധികം സമയമെടുത്താണ് പൂർണമായി നിയന്ത്രണവിധേയമാക്കിയത്. എറണാകുളത്തെയും സമീപ ജില്ലകളിലെയും പല ഭാഗങ്ങളിലും വിഷവാതകം വ്യാപിച്ചു.. ഇത് ഇതുവരെ വിലയിരുത്തപ്പെടാത്ത പാരിസ്ഥിതിക-ആരോഗ്യ അപകടങ്ങൾക്ക് കാരണമായി. ഏതാനും എക്സ്കവേറ്ററുകളും മറ്റ് യന്ത്രസാമഗ്രികളും സൈറ്റിൽ ലഭ്യമായിരുന്നെങ്കിലും, തുടക്കത്തിൽ അവ പ്രവർത്തിപ്പിക്കാൻ ആളില്ലായിരുന്നു. പ്രധാന മാലിന്യ കൂമ്പാരങ്ങളിൽ നിർബന്ധമായും ആവശ്യമായ വാട്ടർ ഹൈഡ്രന്റുകൾ, അഗ്നിശമന ഉപകരണങ്ങൾ, എക്സ്കവേറ്ററുകൾ, സിസിടിവി ക്യാമറകൾ, മറ്റ് അവശ്യ ഉപകരണങ്ങൾ എന്നിവയുടെ അപര്യാപ്തമായ ലഭ്യതയോ തകരാറോ കാരണം തീ അണയ്ക്കുക എന്നത് ശ്രമകരമായ ജോലിയായിരുന്നു. മാത്രമല്ല, കടമ്പ്രയാർ നദിയിലെ ഏറ്റവും അടുത്തുള്ള ജലസ്രോതസ്സിലേക്കുള്ള വഴി ടൺ കണക്കിന് മാലിന്യം നിറഞ്ഞ് തടസ്സപ്പെട്ടതിനാൽ ഫയർ എഞ്ചിനുകൾ കടക്കാൻ ഏറെ ബുദ്ധിമുട്ടി. കേരള ഹൈക്കോടതി ദുരന്തം ഉടനടി മനസ്സിലാക്കുകയും ബ്രഹ്മപുരത്തെ വിഷലിപ്തമായ  പുകമഞ്ഞു നേരിടാനുള്ള കഴിവില്ലായ്മ അപലപിക്കുകയും കോർപ്പറേഷനും സംസ്ഥാന സർക്കാരും അടിയന്തരവും ദീർഘകാലവുമായ നടപടികൾ കൈക്കൊള്ളാൻ ഉത്തരവിടുകയും ചെയ്തു.

2011 മുതൽ ഡംപ് യാർഡുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളിലും വിജിലൻസ് അന്വേഷണത്തിന് കോർപ്പറേഷൻ ശുപാർശ ചെയ്തതോടെ ഉത്തരവാദിത്തം നിശ്ചയിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. സംഭവം ദേശീയ ഹരിത ട്രൈബ്യൂണൽ സ്വമേധയാ ഏറ്റെടുക്കുകയും 100 കോടി രൂപ കൊച്ചി കോർപ്പറേഷന് പിഴ നൽകുകയും ചെയ്തു.  മാർച്ച് എട്ടിന് മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന അടിയന്തര ഉന്നതതല യോഗത്തിൽ മാലിന്യ സംസ്കരണ പ്ലാന്റിലേക്ക് പ്ലാസ്റ്റിക് മാലിന്യം കൊണ്ടുപോകുന്നത് അനുവദിക്കേണ്ടതില്ലെന്ന് തീരുമാനിച്ചിരുന്നു. ജൈവമാലിന്യങ്ങൾ ഉൽപ്പാദിപ്പിക്കുന്ന ഉറവിടത്തിൽ തന്നെ സംസ്കരിക്കുക, ജൈവമാലിന്യ സംസ്കരണത്തിനായി വിൻഡോ കമ്പോസ്റ്റിംഗ് സംവിധാനം നന്നാക്കുക എന്നീ നയങ്ങൾ പിന്തുടരുക എന്നതായിരുന്നു ഏറ്റവും പ്രധാനപ്പെട്ട തീരുമാനം. 31 അഗ്നിശമന



# ഒരു പാരിസ്ഥിതിക ദുരന്തം
## ബ്രഹ്മപുരം



യൂണിറ്റുകളിലായി 300 അഗ്നിശമന സേനാംഗങ്ങൾ, 70 മറ്റ് തൊഴിലാളികൾ, മാലിന്യം നീക്കം ചെയ്യുന്നതിനായി 50 ഓളം ഹിറ്റാച്ചി/ജെസിബി ഓപ്പറേറ്റർമാർ, 4 ഹെലികോപ്റ്ററുകൾ, 14 ഓളം ഹൈ പ്രഷർ വാട്ടർ പമ്പുകൾ എന്നിവ സ്ഥിതിഗതികൾ നിയന്ത്രിക്കുന്നതിനായി സർക്കാർ സ്വീകരിച്ച അടിയന്തര നടപടികളിൽ ഉൾപ്പെടുന്നു. 40.2 ഏക്കർ സ്ഥലത്ത് പരന്നു
കിടക്കുന്ന 5.6 ലക്ഷം ക്യുബിക് മീറ്റർ പരിധിയിലുള്ള പൈതൃകമാലിന്യങ്ങളുടെ ജൈവ ഖനനം 2023 ജൂൺ 30-ന് മുമ്പ് പൂർത്തിയാക്കുമെന്നും 2030-ഓടെ കേരളത്തെ മാലിന്യമുക്തമായി പ്രഖ്യാപിക്കാനുള്ള ഉദ്ദേശ്യം ആവർത്തിക്കുമെന്നും ചുമതലയുള്ള മന്ത്രി ഉറപ്പുനൽകി.

## പ്ലാന്റിന്റെ ശേഷി:

ഓരോ ദിവസവും 306 ടണ്ണിലധികം മാലിന്യങ്ങൾ സൈറ്റിൽ എത്തുന്നുവെന്ന് പറയപ്പെടുന്നു. ഇതിൽ പ്രതിദിനം 32 ടൺ മാത്രമാണ് സംസ്കരിക്കുന്നത്. ഒരു കണക്ക് പ്രകാരം 4.55 ലക്ഷം ക്യുബിക് മീറ്ററിലധികം പൈതൃക മാലിന്യങ്ങൾ ഇവിടെയുണ്ട്; ബയോമൈനിംഗ് ആരംഭിക്കുന്നതിന് മുമ്പ് ഇത് 5.52 ലക്ഷം cm (അര ലക്ഷം ആനകളുടെ ഭാരം) ആയിരുന്നു. 2021 ഫെബ്രുവരിയിലെ ഡ്രോൺ സർവേ പ്രകാരം ബയോമൈനിംഗ് വഴി സംസ്കരിച്ച മാലിന്യത്തിന്റെ അളവ് 95,540 ക്യുബിക് മീറ്ററാണ്. ബയോമൈനിംഗ് തന്നെ മന്ദഗതിയിലാണ് നീങ്ങുന്നത്, ഇതുവരെ 20 ടൺ മാലിന്യം മാത്രമേ എടുത്തിട്ടുള്ളൂ. വേസ്റ്റ് ടു എനർജി പ്ലാന്റിന്റെ നിർമാണം ക്രമാതീതമായ കാലതാമസം നേരിടുന്നതിനാൽ ഫെബ്രുവരി അവസാന വാരം കൊച്ചി കോർപ്പറേഷന് രണ്ടാമത്തെ വിൻഡോ കമ്പോസ്റ്റിംഗ് പ്ലാന്റ് നിർമ്മിക്കാനുള്ള അനുമതി ലഭിച്ചു. മാലിന്യം തള്ളുന്ന സ്ഥലത്തിന്റെ ശേഷിയേക്കാൾ വളരെ കൂടുതലാണ് തള്ളുന്നത്.

## വികേന്ദ്രീകരണമാണ് ഏക പോംവഴി

മുനിസിപ്പൽ ഖരമാലിന്യ സംസ്കരണ ചട്ടങ്ങൾ 2016 പ്രകാരം മാലിന്യം ഉറവിടത്തിൽ തന്നെ വേർതിരിക്കണമെന്നും ജൈവമാലിന്യം ഉറവിടത്തിൽ തന്നെ സംസ്കരിച്ച് കമ്പോസ്റ്റാക്കി മാറ്റണമെന്നും വ്യവസ്ഥ ചെയ്യുന്നു. കേരളത്തിന്റെ ഖരമാലിന്യ സംസ്കരണ നയം മാലിന്യ സംസ്കരണത്തിന്റെ വികേന്ദ്രീകൃത സംസ്കരണത്തിലും അധിഷ്ഠിതമാണ്. ഈ നയത്തിന് എതിരാണ് കൊച്ചി കോർപ്പറേഷൻ സ്വീകരിച്ചിരിക്കുന്ന കേന്ദ്രീകൃത മാലിന്യ സംസ്കരണ രീതി.

പ്രതിഷേധത്തെ തുടർന്ന് തിരുവനന്തപുരത്തെ വിളപ്പിൽശാല പ്ലാന്റ് അടച്ചിട്ടതോടെ നഗരം വികേന്ദ്രീകൃത മാലിന്യ സംസ്കരണത്തിലേക്ക് നീങ്ങി. തൃശ്ശൂരിലെ ലാലൂരിലെയും ആലപ്പുഴയിലെ സർവോദയപുരത്തെയും ഡംപ്യാർഡുകളാണ് നാട്ടുകാരുടെ പ്രതിഷേധത്തെത്തുടർന്ന് അടച്ചിടേണ്ടി വന്നത്. ജനവാസ കേന്ദ്രങ്ങൾക്ക് സമീപം മാലിന്യം തള്ളുന്ന സ്ഥലങ്ങൾ സ്ഥാപിക്കുന്നതിനെതിരെയുള്ള ജനരോഷം വലിയ പ്രശ്നമായി തുടരുകയാണ്.

## തീ പിടിക്കുന്നതിന്റെ കാരണങ്ങൾ

തീപിടിത്തത്തിന് കാരണമെന്ന് ഇപ്പോഴും വ്യക്തമല്ല. ഡംപ്സൈറ്റ് തീ പിടുത്തത്തിന്റെ സാധാരണ കാരണങ്ങൾ ഇനിപ്പറയുന്നവയാണ്:

ജൈവ മാലിന്യങ്ങൾ ചീഞ്ഞളിയുമ്പോൾ വലിച്ചെറിയപ്പെട്ട സിഗരറ്റ്, തീപ്പെട്ടികൾ അല്ലെങ്കിൽ പടക്കങ്ങൾ പോലെയുള്ള താപ സ്രോതസ്സുകൾക്ക് കത്തുന്ന വസ്തുക്കളെ ജ്വലിപ്പിക്കാൻ കഴിയും.

**രാസപ്രവർത്തനങ്ങൾ:** ബാറ്ററികൾ പോലെയുള്ള ചില തരം മാലിന്യങ്ങൾ പരസ്പരം പ്രതിപ്രവർത്തിച്ച് താപമോ തീപ്പൊരിയോ ഉണ്ടാക്കുകയും തീയിലേക്ക് നയിക്കുകയും ചെയ്യും.

**തീകൊളുത്തൽ:** മാലിന്യക്കൂമ്പാരത്തിന് ബോധപൂർവം തീയിടുന്നത് ഒരു തരം നശീകരണമോ തീവ്രവാദമോ പ്രതികാര നടപടിയോ ആകാം.

**വൈദ്യുത തകരാറുകൾ:** ഇലക്ട്രോണിക് ഉപകരണങ്ങൾ അടങ്ങിയ മാലിന്യങ്ങൾ ശരിയായി സംസ്കരിച്ചില്ലെങ്കിൽ, വൈദ്യുത തകരാറുകൾ സംഭവിക്കാം, ഇത് തീപ്പൊരികൾക്കും ജ്വലനത്തിനും ഇടയാക്കും.

തീപിടുത്തത്തിന്റെ കാരണം അന്വേഷിക്കുന്നത് അത് ആകസ്മികമാണോ അതോ മനഃപൂർവമായ പ്രവർത്തനങ്ങളുടെ ഫലമാണോ എന്ന് നിർണ്ണയിക്കാൻ ഭാവിയിൽ തീപിടിത്തം തടയാൻ സഹായിക്കും. അഴിമതിയുടെയും മാലിന്യ മാഫിയ പ്രവർത്തനങ്ങളുടെയും റിപ്പോർട്ടുകൾ അച്ചടി, ദൃശ്യ മാധ്യമങ്ങളിൽ നിറയുന്നുണ്ട്. എന്നാൽ ഇത് തെളിയിക്കാൻ ഉചിതമായ അധികാരികളുടെ/ഏജൻസികളുടെ തുടർ അന്വേഷണങ്ങൾക്കായി കാത്തിരിക്കണം.

## തീയുടെ പാരിസ്ഥിതിക പ്രത്യാഘാതങ്ങൾ

ബ്രഹ്മപുരത്തുണ്ടായ വൻ തീപിടിത്തത്തിന്റെ ഫലമായി വായു അടിയന്തരാവസ്ഥയോ ആസിഡ് മഴയോ ഉണ്ടാകാൻ സാധ്യതയുണ്ടെന്ന ഭയം ജനങ്ങൾക്കിടയിൽ പടർന്നിട്ടുണ്ട്. . ഉയർന്ന അളവിലുള്ള നൈട്രിക്, സൾഫ്യൂറിക് ആസിഡുകൾ അടങ്ങിയിട്ടുള്ള ഏതെങ്കിലും തരത്തിലുള്ള മഴയാണ് ആസിഡ് മഴ. സാധാരണ മഴയിൽ പിഎച്ച് 5.6 ആണ്, അതേസമയം അമ്ലമഴയ്ക്ക് 4.2 നും 4.4 നും ഇടയിൽ pH ആയിരിക്കും. ബയോ ഇന്ധനം കത്തിക്കുമ്പോൾ, സൾഫർ ഡയോക്സൈഡ് ($SO_2$), നൈട്രജൻ ഓക്സൈഡുകൾ ($NO_x$) എന്നിവ അന്തരീക്ഷത്തിലേക്ക് പുറത്തുവരുന്നു. ഈ വായു മലിനീകരണം വെള്ളം, ഓക്സിജൻ, മറ്റ് വസ്തുക്കൾ എന്നിവയുമായി പ്രതിപ്രവർത്തിച്ച് വായുവിലൂടെയുള്ള സൾഫ്യൂറിക്, നൈട്രിക് ആസിഡ് എന്നിവ ഉണ്ടാക്കുന്നു. കാറ്റിന് ഈ അമ്ല സംയുക്തങ്ങൾ അന്തരീക്ഷത്തിലൂടെയും നൂറുകണക്കിന് മൈലുകളിലേക്കു വ്യാപിപ്പിക്കാൻ കഴിവുണ്ട്. ആസിഡ് മഴ ഭൂമിയിലെത്തുമ്പോൾ, അത് ഒഴുകുന്ന വെള്ളത്തിൽ ഉപരിതലത്തിൽ പ്രവേശിക്കുന്നു. ജല സംവിധാനങ്ങൾ, മണ്ണിൽ മുങ്ങുന്നു. ചീഞ്ഞളിഞ്ഞ പച്ചക്കറികളും അഗ്നിപർവ്വത സ്ഫോടനങ്ങളും അന്തരീക്ഷ മലിനീകരണത്തിനും ആസിഡ് മഴയ്ക്കും കാരണമാകും. തടാകങ്ങൾ, അരുവികൾ, തണ്ണീർത്തടങ്ങൾ, മറ്റ് ജല പരിസ്ഥിതികൾ എന്നിവയിൽ ആസിഡ് മഴ പാരിസ്ഥിതിക സ്വാധീനം ചെലുത്തുന്നു. ഇത് മണ്ണിൽ നിന്നുള്ള അലുമിനിയം ആഗിരണം വർദ്ധിപ്പിക്കുന്നതിലേക്ക് നയിക്കുന്നു, ഇത് തടാകങ്ങളിലേക്കും അരുവികളിലേക്കും കൊണ്ടുപോകുന്നു. ചില ഇനം മത്സ്യങ്ങൾക്കും ജലജീവികൾക്കും വെള്ളം വിഷാംശമായി മാറുന്നു.

നൈട്രജൻ ഓക്സൈഡുകൾ ഭൂതല ഓസോണിന്റെ രൂപീകരണത്തിന് കാരണമാകുന്നു, അന്തരീക്ഷ മലിനീകരണം, ആസിഡ് മഴ എന്നിവയിലൂടെ അവ എളുപ്പത്തിൽ പടരുമെന്നതിനാൽ പാരിസ്ഥിതികവും ആരോഗ്യപരവുമായ ആശങ്കകൾ ഉണ്ടാക്കുന്നു. മറുവശത്ത്, സൾഫർ ഡയോക്സൈഡ് ആഗോളതാപനത്തിന് കാരണമാകുന്ന ഒരു ഹരിത വാതകമല്ല; മറിച്ച്, അത് അന്തരീക്ഷത്തിൽ ഒരു തണുപ്പിക്കൽ പ്രഭാവം ഉണ്ടാക്കുന്നു. തീ നിയന്ത്രണവിധേയമാക്കാൻ

കഴിഞ്ഞ രണ്ട് ദിവസങ്ങൾക്ക് ശേഷം കൊച്ചിയിലും സമീപ പ്രദേശങ്ങളിലും നല്ല മഴ പെയ്തത് ഭാഗ്യം. അന്തരീക്ഷ മലിനീകരണം അളക്കാൻ മഴവെള്ളത്തിന്റെ മലിനമാക്കാൻ ശേഖരിച്ചതാണോ സാമ്പിൾ ശേഖരിച്ചോ എന്ന് വ്യക്തമല്ല. ആസിഡ് മഴയ്ക്കുള്ള സാധ്യതയെക്കുറിച്ച് ഇതുവരെ വ്യക്തമായ തെളിവുകളൊന്നും ലഭിച്ചിട്ടില്ല. 2019 ലെ തീപിടുത്തത്തിന് ശേഷം, CSIRന്റെ തിരുവനന്തപുരം ചാപ്റ്റർ ഉയർന്ന വിഷാംശത്തെക്കുറിച്ച് മുന്നറിയിപ്പ് നൽകിയിരുന്നു. പഠനത്തിൽ ഒരു ക്യുബിക് മീറ്റർ അന്തരീക്ഷ വായുവിൽ 10.3 പിക്കോഗ്രാം ഡയോക്സിൻ കാണിക്കുന്നു. ഈ മുന്നറിയിപ്പ് മിക്കവാറും ശ്രദ്ധിക്കപ്പെടാതെ പോയി.

## ആരോഗ്യ പ്രത്യാഘാതങ്ങൾ :

തീപിടിത്തത്തെത്തുടർന്ന്, ദുരന്ത ബാധിത മേഖലകളിൽ സർക്കാർ മാസ്ക് ധരിക്കുന്നത് നിർബന്ധമാക്കി. ധാരാളം ആളുകൾക്ക് ശ്വാസകോശ സംബന്ധമായ പ്രശ്നങ്ങൾ ഉണ്ടാകുകയും വൈദ്യസഹായം സ്വീകരിക്കേണ്ടിവരികയും ചെയ്തു, എന്നാൽ റിപ്പോർട്ട് ചെയ്യപ്പെടാത്ത ആയിരക്കണക്കിന് കേസുകൾ ഉണ്ടാകാം. സർക്കാർ ഉത്തരവിട്ട ആരോഗ്യ സർവേ ആരോഗ്യ പ്രത്യാഘാതങ്ങളിലേക്ക് ഭാഗികമായി വെളിച്ചം വീശും.

## സാമൂഹികവും സാമ്പത്തികവുമായ പ്രത്യാഘാതങ്ങൾ:

ജോലിക്കും വ്യവസായത്തിനും പഠനത്തിനും വേണ്ടി കൊച്ചിയിൽ താമസമാക്കിയ പലരും കൂട്ടത്തോടെ നഗരം വിട്ടുപോയതായി റിപ്പോർട്ടുകളുണ്ട്. നഗരത്തിൽ സ്വത്തുണ്ടായിരുന്നവരും പോകാൻ മറ്റൊരിടവുമില്ലാത്തവരും നഗരത്തിൽ തന്നെ തുടർന്നു. പല ബിസിനസുകളും ജീവനക്കാരോട് വീട്ടിലിരുന്ന് ജോലി ചെയ്യാൻ നിർദ്ദേശിച്ചു. കൊച്ചിയുടെ 'പരിസ്ഥിതി അഭയാർത്ഥികളുടെ' പാലായനം കാരണം ഹോസ്പിറ്റാലിറ്റി, ടൂറിസം വ്യവസായങ്ങളുടെ വരുമാനം കുറഞ്ഞതായി റിപ്പോർട്ടുണ്ട്.

## മികച്ച ആഗോള സമ്പ്രദായങ്ങൾ

ഡംപ് യാർഡുകളുടെ ശരിയായ പരിപാലനത്തിൽ ലോകമെമ്പാടും നിരവധി നല്ല സമ്പ്രദായങ്ങളുണ്ട്. എന്നിരുന്നാലും, ഈ സമ്പ്രദായങ്ങളുടെ അനുയോജ്യതയും ഫലപ്രാപ്തിയും പ്രാദേശിക സന്ദർഭത്തെ ആശ്രയിച്ചിരിക്കും. സംയോജിത ഖരമാലിന്യ മാനേജ്മെന്റ് (ISWM), വികേന്ദ്രീകൃത മാലിന്യ സംസ്കരണം, എക്സ്റ്റെൻഡഡ് പ്രൊഡ്യൂസർ റെസ്പോൺസിബിലിറ്റി (EPR), വേസ്റ്റ്-ടു-എനർജി (WtE), ഡംപ്സൈറ്റ് പ്രതിവിധി, തുടങ്ങിയവയാണ് വിജയകരമായ സംവിധാനങ്ങൾ.

## കേരളത്തിന്റെ ഡംപ് സൈറ്റ് റെമീഡിയഷൻ പ്രൊട്ടക്കസ്

വിശദമായ ആസൂത്രണം, എഞ്ചിനീയറിംഗ് ഡിസൈൻ നടപ്പിലാക്കൽ എന്നിവ ആവശ്യമുള്ള സങ്കീർണ്ണമായ ഒരു പ്രക്രിയയാണ് ഡംപ്സൈറ്റുകൾ പരിഹരിക്കൽ. കേരളത്തിൽ 147 മാലിന്യം തള്ളുന്ന സ്ഥലങ്ങളിലായി 10.5 ലക്ഷം ടൺ പൈതൃക മാലിന്യങ്ങൾ കുമിഞ്ഞുകൂടുന്നു, ഇതിൽ 40 എണ്ണം കോർപ്പറേഷനുകളുടെയും മുനിസിപ്പാലിറ്റികളുടെകീഴിലും ഏഴെണ്ണം പഞ്ചായത്തുകളിലുമാണ്. കാലങ്ങളായി മാലിന്യ ഉൽപ്പാദനവും ശാസ്ത്രീയ നിർമാർജനവും തമ്മിലുള്ള വലിയ അന്തരമാണ് ഇത്തരത്തിൽ അടിഞ്ഞുകൂടാൻ കാരണം. പരാതികൾ വർധിച്ചതോടെ, ഇത്തരം സൈറ്റുകൾ വീണ്ടെടുക്കുന്നതിനും സർക്കുലർ സമ്പദ്വ്യവസ്ഥ സൃഷ്ടിക്കുന്നതിനുള്ള തന്ത്രങ്ങൾ ആവിഷ്കരിക്കുന്നതിനുമുള്ള നടപടികൾ സംസ്ഥാന സർക്കാർ ആരംഭിച്ചിട്ടുണ്ട്. 10 ഓളം വീണ്ടെടുത്തു. 11 സ്ഥലങ്ങളിൽ പ്രവൃത്തി പുരോഗമിക്കുന്നു, മറ്റ് 10 സ്ഥലങ്ങളിൽ ഉടൻ ആരംഭിക്കും. പൈതൃക മാലിന്യ നിർമാർജനത്തിന് ഒരു ക്യൂബിക് മീറ്ററിന് 850 മുതൽ 1`000 രൂപ വരെയാണ് ചെലവ്. ഭൂരിഭാഗം മാലിന്യങ്ങളും നഗരങ്ങളുടെയോ പട്ടണങ്ങളുടെയോ ഹൃദയഭാഗത്താണ് സ്ഥിതി ചെയ്യുന്നത്, ഭൂമിയുടെ വില വളരെ വലുതാണ്. 5.5 ലക്ഷം ക്യുബിക് മീറ്റർ പൈതൃക മാലിന്യമുള്ള കൊച്ചിയിലെ ബ്രഹ്മപുരത്താണ് ഏറ്റവും വലിയ മാലിന്യം തള്ളുന്ന സ്ഥലം.

ബയോകുലവും 1 കിലോ മാലിന്യത്തിന് 2 ഗ്രാം വീതം ഡോസ് നിരക്കിൽ ചേർക്കുന്നു. കണ്ടെയ്നറിന്റെ ലിഡ് അടച്ച് വീണ്ടും OWC 20 മിനിറ്റ് കൂടെ പ്രവർത്തിക്കുന്നു. ഈ 20 മിനിറ്റ് പ്രവർത്തനം പൂർത്തിയാക്കിയ ശേഷം സിസ്റ്റം ഒരു ബീപ് ശബ്ദവും വെളിച്ചവും ഉപയോഗിച്ച് ഒരു ഓഡിയോ വീഡിയോ സൂചന നൽകും. അതിനുശേഷം ലിഡ് തുറക്കുകയും പ്രോസസ്സ് ചെയ്ത മെറ്റീരിയൽ നിരീക്ഷിക്കുകയും ചെയ്യുന്നു. ഗ്രാനുലാർ ഫ്രീ ഫ്ലോയിംഗ് മെറ്റീരിയലിലേക്ക് ഇത് തിരിയുകയാണെങ്കിൽ, ലിഡ് അടച്ച് സിസ്റ്റം പുനരാരംഭിക്കും. മെറ്റീരിയൽ കളയാൻ താഴെയുള്ള വാൽവ് തുറന്നിരിക്കുന്നു. മെറ്റീരിയൽ ഒരു കൺവെയറിലേക്ക് പുറന്തള്ളുന്നു, അത് ക്യൂറിംഗ് ക്രേറ്റുകളിലേക്ക് കൊണ്ടുപോകുന്നു. അസംസ്കൃത കമ്പോസ്റ്റിനെ ജൈവവളമാക്കി മാറ്റുന്നതിനുള്ള ക്യൂറിംഗ് സിസ്റ്റത്തിലാണ് ഈ പെട്ടികൾ സ്ഥാപിച്ചിരിക്കുന്നത്. കമ്പോസ്റ്റ് പാകപ്പെടുത്തുന്നതിനും ശുദ്ധീകരിക്കുന്നതിനും മെറ്റീരിയൽ 10 ദിവസത്തേക്ക് ക്യൂറിംഗ് സിസ്റ്റത്തിൽ തുടരണം. ഉണക്കിയ ശേഷം, ജൈവവളമായി മാറിയ വസ്തുക്കൾ ചെടികളിൽ പ്രയോഗിക്കുന്നതിനോ അല്ലെങ്കിൽ കൃഷിയിൽ മറ്റേതെങ്കിലും വളപ്രയോഗത്തിനോ ഉപയോഗിക്കാം. മെറ്റീരിയലിന്റെ ഗ്രാനുലാർ ടെക്സ്ചർ ഉണ്ടാക്കുന്നതിന്, ക്രേറ്റുകളിൽ നിന്നുള്ള ജൈവവളം ഉപയോഗിക്കുന്നതിന് മുമ്പ്, അത് സിഫ്റ്ററിലൂടെ കടന്നു പോകുന്നത് ഉചിതമാണ്. ഈ വളം പായ്ക്ക് ചെയ്ത് സൂക്ഷിക്കാം.

പൈതൃക മാലിന്യ നിർമാർജന സംവിധാനം പുനഃക്രമീകരിക്കുക, ഭാവിയിലെ മാലിന്യ നിർമാർജനത്തിനായി സാനിറ്ററി ലാൻഡ്ഫിൽ സൗകര്യം വികസിപ്പിക്കുക, നിലവിലുള്ള മാലിന്യ സംസ്കരണ സൗകര്യം നവീകരിക്കുക, പരിസ്ഥിതി സംരക്ഷണം എന്നിവ പുനർവികസന പദ്ധതിയിൽ ഉൾപ്പെടുന്നു. ആലപ്പുഴയിലും വികേന്ദ്രീകൃത പദ്ധതിയാണ് സ്വീകരിച്ചത്. മാലിന്യം തള്ളുന്ന സ്ഥലത്ത് ഗുരുവായൂർ നഗരസഭ ബയോപാർക്ക് സ്ഥാപിച്ചു.

## നിഗമനങ്ങൾ

നഗരവൽക്കരണത്തിന്റെ വർദ്ധിച്ചുവരുന്ന വേഗതയും നഗര ജീവിതശൈലി ഗ്രാമീണ മേഖലകളിലേക്ക് പോലും വ്യാപിക്കുന്ന ആവശ്യവും കണക്കിലെടുക്കുമ്പോൾ ഖരമാലിന്യ സംസ്കരണത്തിന്റെ പ്രശ്നം കേരളത്തിന്റെ ഏറ്റവും നിർണായകമായ വികസന പ്രശ്നങ്ങളിലൊന്നാണ്. പ്രശ്നത്തിന് കൃത്യമായ ആസൂത്രണം, വൻതോതിൽ നിക്ഷേപം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശേഷി വികസനം, , ഗര-ഗ്രാമ ആസൂത്രണം എന്നിവ ആവശ്യമാണ്. ഖര മാലിന്യ പരിപാലനത്തിന്റെ ആത്യന്തിക ചുമതല തദ്ദേശ സ്ഥാപനങ്ങളുടെയും മായി ഗവൺമെന്റിന്റെയുമാണ്.. വ്യവസ്ഥകൾ സൃഷ്ടിക്കുന്നതിനും മാലിന്യ സംസ്കരണത്തിനും പ്രസക്തമായ നയങ്ങളും നിയമങ്ങളും പ്രദേശത്ത് നടപ്പിലാക്കുന്നതിനും ശാസ്ത്രീയമായ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും നികുതിദായകരോട് സർക്കാർ ഉത്തരവാദിത്തം കാണിക്കണം. ജൈവമാലിന്യം ഉറവിടത്തിൽ സംസ്കരിക്കുന്നതിനും അജൈവ മാലിന്യങ്ങൾ വേർതിരിച്ച് അംഗീകൃത മാലിന്യ ശേഖരണക്കാർക്ക് കൈമാറുന്നതിനുമുള്ള ഉത്തരവാദിത്തം പൗരന്റെ ആണ്. ഈ ദൗത്യം കക്ഷി രാഷ്ട്രീയത്തിൽ നിന്ന് മുക്തമാക്കുക എന്നതും പ്രധാനമാണ്. ആഗോളതലത്തിലും സംസ്ഥാനത്തിനകത്തും പിന്തുടരേണ്ട നിരവധി നല്ല സമ്പ്രദായങ്ങൾ സ്വായത്തം ആക്കേണ്ടതുമുണ്ട്.



സിൽവർ ജൂബിലി ആഘോഷിക്കുന്ന
കേളി സ്വിറ്റ്സർലണ്ടിന് എല്ലാവിധ
മംഗളങ്ങളും ആശംസിക്കുന്നു.

**Lincy, Pius Palathrakadavil & Family**



# Tilja's World

...we create memories!

TILJA'S WORLD

- *Makeup Services
- *Facial treatments
- *Homemade personalized cakes
- *Homemade organic soaps



**www.tiljas-world.ch**
**0763039404**
**info@tiljas-world.ch**

Tilja's Makeup World
Tilja's Cake World

tilja_muah
tiljas_cake_world


15 YEARS ANNIVERSARY
T & T TOURS
SINCE 2007
AIR TICKETS WORLD WIDE
TOUR PACKAGES
TRAVEL INSURANCE
RESERVATION & TICKETING 24 / 7
ZUERICH, SWITZERLAND
Office: +41 765116410 (Mobile+Whatsapp)
India: +91 9526976350
Email: terlyg@gmail.com
Web: www.tandttours.com
Dedicated to serve you better


Geburtstagsfeier, Kommunion, Firmung, Familienfest –
das Kornfeld bietet für jeden Anlass bis zu 100 Personen den passenden Raum.
Wir ermöglichen Ihnen die Zusammenstellung ganz
individueller Menüs zu günstigen Preisen.
RESTAURANT
KORNFELD
BIRCHSTRASSE 150 • 8156 OBERHASLI


Hotel Restaurant
zum
Löwen
www.hotel-loewen-jestetten.de • info@hotel-loewen-jestetten.de
Restaurant zum Löwen Jestetten
Hochzeiten, Taufen, Kommunionen, Konfirmationen, Geburtstage, Familienfeiern, Seminare, Firmenanlässe, Trauerfeiern, etc.
Unsere großzügigen Räumlichkeiten bieten genügend Platz für bis zu 150 Personen!
Gut bürgerliche, deutsche Küche erwartet Sie in unserem gepflegten à la carte Restaurant. Genießen Sie die gemütliche Atmosphäre, mit Spezialitäten aus Küche und Keller.
Unser Restaurant Löwen ist ganzjährig und ohne Ruhetag für Sie geöffnet.
Durchgehend warme Küche von 11.30 - 22.00 Uhr.
Hauptstr. 22 /22a
79798 Jestetten
+49 7745 91 95 55
Fax + 49 7745 92 11 88
10% Preisnachlass für Speisen zum mitnehmen!


സ്നേഹസ്മരണയ്ക്ക്
കെ.കെ. വർഗ്ഗീസ്   അന്നമ്മ വർഗ്ഗീസ്
തോട്ടുകടവിൽ,
കൈതവന, ആലപ്പുഴ
അൽപ്പം ഓർമ്മകളും വിദൂരതയുടെ
വേദനകളും നിങ്ങൾക്കു നൽകി
ഞങ്ങൾ കടന്നുപോകുന്നു. നിങ്ങളുടെ
പ്രാർഥനയിൽ ഞങ്ങളേയും
ഓർക്കണമേ



Dr. Ruby K. John   Dr. Kalatharangini Mary John   Dr. Riya K. John   Dr. Kalamandalam John

**Kalatharangini Kathakali School**

Centre for Performing Arts & Culture

*Branches in* **USA | NEW YORK & TEXAS** *Phone:* **15167842878**

Kalatharangini, Cheruthuruthy - 679531, Thrissur Dt., Kerala, India.
Tel. Office: +91 4884 262811, 262118, 264497  Mob.: **+91 98470 30960, +91 90947 273960**
Email: kalamandalamjohn@hotmail.com   **www.kalamandalamjohn.com**

**AVAILABLE KATHAKALI COSTUMES FOR RENT**





BARKAT

QUALITY IN YOUR MIND

**BARKAT CASH & CARRY**
**LEBENSMITTEL**
**www.barkat.ch**

Birmensdorferstrasse 141-143
8003 Zürich
(Schmiede Wiedikor)

ÖFFNUNGSZEITEN:

Montag - Freitag 08.00-20.00
Samstag 08.00 - 17.00



RENT A CAR & WEDDING CARS

TRAVELS ILLIKATTIL

*Your trusted travel partner*

***DURING YOUR VISIT TO KERALA***



• Special NRI Packages • Free WIFI on all cars • 24/7 Helpline Number

For more details & booking, contact **Mr. Vishal Illikattil**
Switzerland Land Number **+41 445487072** Mob/WhatsApp **+41 78353 7777**

www.illikattiltravels.com



# ഓണാഘോഷങ്ങളുടെ കാണാപ്പുറങ്ങൾ



**കെ. സുകുമാരൻ**

പണ്ട് പണ്ട് ഓണം ചില സമുദായങ്ങളുടെ കുത്തകയായിരുന്നു. എങ്കിലും അന്നും എല്ലാ സമുദായക്കാരും അവരുടെ പിന്തുണ, അവർ ഓണസദ്യയിൽ പങ്കെടുത്ത് അറിയിച്ചിരുന്നു.

ഓണം ഒരു ദേശീയ ആഘോഷമായി മാറിയത് എപ്പോഴാണ് എന്ന് നിങ്ങൾ ആലോചിച്ചിട്ടുണ്ടോ? അറുപതുകളിൽ തികച്ചും ചില സമുദായങ്ങൾ മാത്രം ആഘോഷിച്ചിരുന്ന ഓണം ഒരു സർക്കാർ വിജ്ഞാപനത്തിലൂടെ ജനകീയമായി മാറി. എന്തുകൊണ്ടോ എല്ലാവരും അത് ഏറ്റെടുത്തു. എല്ലാ നല്ല കാര്യങ്ങളുടേയും പിന്നിൽ മറുനാടൻ മലയാളികളും പ്രവാസി മലയാളികളും ആണ് എന്ന യാഥാർഥ്യം വിസ്മരിക്കരുത്.

ഇന്ന് മലയാളികളുടെ ഇടയിൽ ഓണം ഇത്രയും വലിയ ഒരു ദേശീയ ഉത്സവമാക്കി തീർത്തത് പ്രവാസികളാണ്. ഇത് സത്യമാണോ എന്ന തോന്നലിൽ ഈ വിഷയത്തിൽ ഒരു ഗവേഷണം നടത്തുവാൻ ഈയുള്ളവൻ തീരുമാനിച്ചു. ആശയം സുഹൃത്തുക്കളുമായി പങ്കുവച്ചപ്പോൾ കട്ട സപ്പോർട്ട് കിട്ടി.അങ്ങനെ ഏതാനും സുഹൃത്തുക്കളുമായി പലതവണ ഞങ്ങൾ കോളേജ് കാന്റിനിൽ ഇരുന്ന് ഈ വിഷയം ചർച്ച ചെയ്തു. ഞങ്ങൾ പറയുന്നത് ശ്രദ്ധിച്ച ഒരു ചെറുപ്പക്കാരൻ ഞങ്ങളുടെ അടുത്ത് വന്നു. അയാൾ ഞങ്ങൾ സംസാരിക്കുന്നത് ശ്രദ്ധിച്ചിരുന്നു എന്ന് ഞങ്ങൾക്ക് മനസ്സിലായി. അയാൾ സ്വയം പരിചയപ്പെടുത്തി. യൂണിവേഴ്സിറ്റിയിൽ ഓഫീസിൽ അസിസ്റ്റന്റ് ആയി ജോലി ചെയ്യുകയാണ്. വേണമെങ്കിൽ ഗവേഷണത്തിനുള്ള സഹായങ്ങൾ ചെയ്തു കൊടുക്കും. എന്നെല്ലാം അയാൾ പറഞ്ഞു. ഓഫീസിൽ അസിറ്റന്റായി ജോലി ചെയ്യുന്ന ചെറുപ്പക്കാരൻ ഗവേഷണത്തിന് സഹായിക്കാം എന്ന് പറഞ്ഞപ്പോൾ ഞങ്ങൾക്ക് അത്ഭുതമായി.

"അല്ല, നിങ്ങൾ എന്തിന് ഗവേഷണം എന്ന് പറഞ്ഞു അലഞ്ഞു തിരിയണം?"

"എന്തെ?"

"ഗവേഷണം എന്നുംപറഞ്ഞു നാടുനീളെ തെണ്ടുന്നത് എന്തിനാണ്? അതും വിഷയം ഓണം. നിങ്ങൾക്ക് ചങ്ങമ്പുഴേടെ വാഴക്കൊല പോലെ ഒന്ന് കാശുകൊടുത്താൽ കിട്ടില്ലേ? ഓ, അത് വിറ്റുപോയി. ഒരു സ്ത്രീ അടിച്ചെടുത്തു. ഇനി വൈലോപ്പള്ളിയുടെ വാഴക്കൊല കിട്ടുമോന്ന് വേണമെങ്കിൽ നോക്കാം. "

"അതിന് വൈലോപ്പള്ളി വാഴക്കുല എഴുതീട്ടുണ്ടോ?"

"പിന്നെ? വള്ളത്തോളും എഴുതീട്ടുണ്ട് വാഴക്കുല."

"അതെപ്പോ?"

"എന്താ സംശയം? വള്ളത്തോളിൽ, 'വ,'യുണ്ട്, വാഴക്കൊലയിലും, 'വാ,' യുണ്ട്."

"പക്ഷേ,ഞങ്ങൾക്ക് ഓണാഘോഷത്തേക്കുറിച്ചാണ് പഠിക്കേണ്ടത്".

"ശരി, അങ്ങിനെയെങ്കിൽ നമ്മുക്ക് ഓണവും കിട്ടുമോ എന്ന് അന്വേഷിക്കാം."

"ഗവേഷണത്തേക്കുറിച്ച് നിങ്ങൾക്ക് എങ്ങിനെ അറിയാം?" ഞാൻ ചോദിച്ചു .

"ഞാൻ ആവശ്യം ഉള്ളവർക്ക് ഗവേഷണ പ്രബന്ധങ്ങൾ എത്തിച്ചു കൊടുക്കും. കാശുതരുന്നവർക്ക് ഡോക്ട്രേറ്റ് സംഘടിപ്പിച്ചുകൊടുക്കലാണ് പ്രധാന ജോലി."

ഞങ്ങൾ അയാളെ ഒഴിവാക്കി പോകാൻ തുടങ്ങുമ്പോൾ. അയാൾ പിറകിൽ നിന്നും വിളിച്ചുപറഞ്ഞു,"വേണമെങ്കിൽ അല്പം റേറ്റ് കുറച്ചുതരാം."

ഗൾഫ് രാജ്യങ്ങളിലേക്ക് എഴുപതുകളിൽ തൊഴിൽ തേടിപ്പോയവർ അവരുടെ യാത്രയിൽ പ്രവാസ ജീവിതത്തിലേക്ക് ഓണവുംകൂടെ കൊണ്ടുപോയി.

ലേബർ ക്യാമ്പുകളിൽ മറ്റും കഴിയുന്ന പ്രവാസിമലയാളികൾ തമ്മിൽ കാണുന്നതിനും അല്പം സമയം ചിലവഴിക്കുന്നതിനുമുള്ള ഒരു മാധ്യമമായി ഓണാഘോഷങ്ങൾ ഉപയോഗപ്പെടുത്തി. അത് എല്ലാ പ്രവാസികളും ഏറ്റെടുത്തു.

ഇന്ന് നാട്ടിൽ ആഘോഷിക്കുന്നതിനേക്കാൾ കേമമായി പ്രവാസികൾ ഓണം ആഘോഷിക്കുന്നു.

പ്രവാസി മലയാള സംഘടനകൾ, ഓണാഘോഷപരിപാടികളിൽ ഓണത്തല്ല് പ്രധാന പരിപാടിയായി കണക്കാക്കിയിരുന്നു. അതിന് ആദ്യകാലങ്ങളിൽ വേണ്ടത്ര പ്രചാരണം കൊടുത്തിരുന്നു. എന്നാൽ ഇന്ന് കാലം മാറി. ഒരോണത്തിന് കിട്ടിയ ഓണത്തല്ല് തിരിച്ചുകൊടുക്കാൻ അടുത്തവർഷം വരെ അവർക്ക് കാത്തിരിക്കേണ്ടി വരുന്നത് അവരെ മടുപ്പിക്കുന്നു. പ്രവാസലോകത്തു പലതരത്തിലുള്ള ഓണങ്ങൾ ഉണ്ട്. യൂറോപ്യൻ നാടുകളിൽ പ്രസിദ്ധമാണ് 'ഡിക്കി ഓണം.' ഇത് ഓണാഘോഷം നടത്തുന്ന ഹാളുകളിൽ തലേ ദിവസം സദ്യ തയാറാക്കാൻ വരുന്നവർ നടത്തുന്ന ഓണാഘോഷമാണ്. ടച്ചിങ്സുമായി കാർ ഡിക്കി ഉയർത്തിവച്ച് ചെറിയ ഗ്രൂപ്പുകളായിട്ടാണ് ഈ ഓണം ആഘോഷിക്കുന്നത്.

കാലദേശങ്ങൾക്ക് അനുസരിച്ച് ഇതിൽ ചെറിയ മാറ്റങ്ങൾ ഉണ്ടാകും.

ഇന്ന് തോമസ്സും, നിസ്സാറും ഗോപാലകൃഷ്ണനും മഹാബലി വേഷത്തിനായി മത്സരിക്കുന്നു. ഒരു കാലത്തു മഹാബലി വേഷം തികച്ചും അവഗണന അനുഭവിച്ചിരുന്നു. എന്നാൽ ഇന്ന് കാലം മാറി.

ലോകത്തിൽ ഇതുവരെ മഹാബലി വേഷം കെട്ടി ജനങ്ങളുടെ ആദരവും സ്നേഹവും പിടിച്ചുവാങ്ങിയ പ്രസിദ്ധനായ മഹാബലി ആരായിരിക്കും എന്ന ഞങ്ങളുടെ അന്വേഷണം സ്വിറ്റ്സർലണ്ടിൽ എത്തി. അവിടെയുള്ള സുഹൃത്ത് പറയുന്നത് സ്വിറ്റ്സർലണ്ടിൽ താമസിക്കുന്ന ഒരു തോമസ്സ് ചേട്ടൻ ആണത്രേ ഏറ്റവും സുന്ദരനായ മഹാബലി...
മഹാബലികളിൽ ഏറ്റവും സുന്ദരനും ലക്ഷണമൊത്തവനും അദ്ദേഹമാണു പോലും. മുപ്പത്തഞ്ചു വർഷം, നിരവധി ഓണാഘോഷങ്ങളിൽ അദ്ദേഹം മഹാബലിയായിരുന്നു.

ഗവേഷണം പൂർത്തിയാക്കാൻ കഴിയാതെ, ഞങ്ങൾ സുഹൃത്തുക്കൾ ഓരോ കാര്യങ്ങളുമായി വേർപിരിഞ്ഞു..

ഏതായലും നനഞ്ഞു, ഇനി കുളിച്ചുകയറാം, സ്വയം ഒന്ന് ശ്രമിച്ചു നോക്കാം എന്ന് വിചാരിച്ചു. പുറകിൽ നിന്നും ആരോ വിളിക്കുന്നു. ഞാൻ തിരിഞ്ഞുനോക്കി.

നമ്മുടെ ഗവേഷണം വിൽപ്പനക്കാരനാണ്. അയാൾ പറഞ്ഞു, "സാറിന് ഒരു തീസീസ്സ് തരാം വില തുച്ഛം. ഒത്താൽ ഒരു വൈസ് ചാൻസലർ ആകാനുള്ള വകുപ്പുണ്ട്".

"എന്താ വിഷയം?"

"മഹാബലിയുടെ വാഴത്തോട്ടം. "

"മഹാബലിക്ക് വാഴത്തോട്ടമുണ്ടോ?"

"മഹാബലിയുടെ വാഴത്തോട്ടത്തിലെ നേന്ത്രക്കുലകൾ നല്ല വിലയിൽ വിറ്റു പോകുന്നതിനാണ് ഓണ സദ്യയിൽ കായ വറുത്തത് ഒരു ഐറ്റം ആക്കിയത് എന്ന് പുരാണങ്ങളിൽ പറയുന്നുണ്ട്."

"നേരോ?"

"ഇപ്പോൾ ഓണത്തിന് വരുന്ന മഹാബലി ദുഃഖിതൻ ആണ് പോലും."

"എന്തിന്?"

"ചൈനയിൽ നിന്നും കുറഞ്ഞ നിരക്കിൽ കായ വറുത്തതും, എന്തിന് ഓണ സദ്യയും ഇറക്കുമതി ചെയ്യാൻ തുടങ്ങിയിരിക്കുന്നു".

"വെറുതെ പുളു അടിക്കാതെ"ഞാൻ പറഞ്ഞു.

"ശരിയാണ്, സാർ. വാട്സ് ആപ്പിൽ കണ്ടതാണ്. പിന്നെ അവർ ഉപയോഗിക്കുന്നത് നമ്മളുടെ തരം അരി അല്ല. പ്ലാസ്റ്റിക് അരിയാണ്."

"അതും വാട്സ് ആപ്പിൽ കണ്ടതായിരിക്കും.?"

"അതെ സാർ. വാട്സ് ആപ്പിന് കള്ളം പറയാൻപറ്റില്ലല്ലോ."

അതെ, വാട്സ് ആപ്പില്ലാതെ ഇന്ന് ജീവിക്കാൻ കഴിയില്ല. ഓണാഘോഷങ്ങളെക്കുറിച്ച് അന്വേഷിച്ച് ഇറങ്ങിയ ഞാൻ ഇപ്പോൾ എവിടെ എത്തി?

"എന്നാലും ഒരു വൈസ് ചാൻസലർ ആകാൻ കിട്ടുന്ന ചാൻസ് കളയണോ സാർ?"

ഉത്തരം പറയുക എളുപ്പമല്ല.


Exporting Excellence Worldwide.

*Looking for a reliable import and export manufacturing company to handle your global trade needs? Look no further than Trashly International!*



Contact us at:
trashlyinc@gmail.com

www.trashly.co.in

IMPORTS TRASHLY INTERNATIONAL EXPORTS


123

# Kanchi Restaurants

Luzern & Baden







**WE CATER**
to your needs

**Weddings/Anniversaries/Birthdays/ Staff Parties/Picnics etc.**

| Kanchi Restaurant Luzern | Dosa House Luzern | Kanchi Restaurant Baden |
| --- | --- | --- |
| Friedenstrasse 2 | Maihofstrasse 42 | Mellingerstrasse 48 |
| 6004 Luzern | 6004 Luzern | 5400 Baden |
| Tel: 041 4106708 | Tel: 041 4205066 | Tel: 056 5554227 |
| E-mail: luzern@kanchi.ch | E mail: dosahouse@kanchi.ch | E mail: baden@kanchi.ch |

# കാഞ്ചി എന്ന ഇന്ത്യൻ വിജയഗാഥ



കാഞ്ചി ഇൻഡ്യൻ റസ്റ്റോറന്റ് എന്ന റസ്റ്റോറന്റ് ശൃംഖല ഇന്ന് സ്വിറ്റ്സർലാന്റിൽ ജീവിക്കുന്ന ഏതൊരു മലയാളിയുടെയും അഭിമാനമാണ്. ശ്രീ. ശിവകുമാർ എന്ന വ്യക്തിയുടെ അശ്രാന്ത പരിശ്രമത്തിന്റെയും ആത്മാർത്ഥ സേവനത്തിന്റെയും മുഖമുദ്രയാണ് മൂന്ന റസ്റ്റോറന്റുകൾ ഉൾപ്പെടുന്ന ഈ ശൃംഖല. സ്വിറ്റ്സർലാന്റ് പോലൊരു വിനോദസഞ്ചാര പറുദീസയിൽ ഇവ വളരെയധികം വിജയകരമായി നടത്തികൊണ്ടു പോകാൻ സാധിക്കുന്നു എന്നുള്ളത് ഇദ്ദേഹത്തിന്റെ സ്വപ്നസാക്ഷാത്കാരം തന്നെയാണ്. 27 വർഷത്തെ സേവന പാരമ്പര്യമുള്ള ഈ റസ്റ്റോറന്റ് ശൃംഖല രുചികരവും, ഗുണമേന്മയുള്ളതുമായ ഭക്ഷണം ഇവിടുത്തെ ജനങ്ങൾക്ക് നൽകുന്നതിൽയാതൊരു വിട്ടുവീഴ്ച്ചയും വരുത്തിയിട്ടില്ല.

കേരള തമിഴ്നാട് അതിർത്തിയിലുള്ള മഞ്ചാലുമൂട് എന്ന കൊച്ചു ഗ്രാമത്തിൽ ശ്രീ. ബാലകൃഷ്ണൻ - സുഭദ്ര ദമ്പതികളുടെ മൂന്നാമത്തെ മകനായിട്ടാണ് ശ്രീ. ശിവകുമാർ ജനിച്ച് വളർന്നത്. കേരള സർക്കാരിന് കീഴിൽ ഹെൽത്ത് ഇൻസ്പെക്ടർ ആയിരുന്ന അച്ഛനും ഗൃഹനായിക ആയിരുന്ന അമ്മയും രണ്ടു മൂതിർന്ന സഹോദരിമാരും ചേർന്നതായിരുന്നു ഇദ്ദേഹം വളർന്നുവന്ന കുടുംബം. സ്കൂൾ പഠനത്തിന് ശേഷം ചെന്നൈയിൽ നിന്നും ഹോട്ടൽ മാനേജ്മെന്റ് ഡിഗ്രി പൂർത്തിയാക്കി അതോടൊപ്പം പല പ്രമുഖ ഹോട്ടലുകളുടെയും ഭാഗമായി ഇദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്.

1996 ലാണ് ശിവകുമാർ സ്വിറ്റ്സർലാന്റ് തന്റെ പ്രവർത്തന മേഖലയാക്കുന്നത്. ഇവിടെയുള്ള ചില ഇൻഡ്യൻ റസ്റ്റോറന്റുകളിൽ ഷെഫ് ജോലി ചെയ്തു വരുമ്പോഴാണ് 1998-ൽ ശ്രീമതി. സിന്ധുവിനെ വിവാഹം കഴിക്കുന്നത്. ഇവരുടെ മൂത്തമകൾ ഐശ്വര്യ ഇപ്പോൾ ഫിസിയൊതെറാപ്പി ഡിഗ്രിക്കു പഠിക്കുന്നു. രണ്ടാമത്തെ മകൻ അഭിഷേക് സ്വിറ്റ്സർലാന്റിലുള്ള ലൗസേർൺ Luzern കാന്റെൺ സ്കൂളിൽ 10-ാം ക്ലാസ്സ് വിദ്യാർത്ഥിയാണ്.

27വർഷത്തെ ഷെഫ് ജീവിതത്തിനിടയിൽ പലവട്ടം ഏറ്റ തിരിച്ചടികൾ തന്നെ ജന്മനാട്ടിലേയ്ക്ക് തിരിച്ചുപോകുന്നതിനെക്കുറിച്ച് ആലോചിക്കുവാൻ പ്രേരിപ്പിച്ചിട്ടുണ്ടെന്ന് അദ്ദേഹം ഓർത്തെടുക്കുന്നു. ഒരുവട്ടം സ്വിറ്റ്സർലാന്റ് തന്റെ തട്ടകം അല്ലെന്ന തോന്നൽ കാരണം ദുബായിൽ ഒരു വർഷത്തോളം ജോലി ചെയ്യുകയും ചെയ്തു. എന്നാൽ അധികനാൾ കഴിയുന്നതിനു മുമ്പ് സ്വിറ്റ്സർലാന്റിലേക്കു തന്നെ മടങ്ങുകയും ചെയ്തു. സ്വിസ്സിലേയ്ക്ക് തിരിച്ചെത്തിയെങ്കിലും കാര്യങ്ങൾ സുഗമമായിരുന്നില്ല.

അദ്ദേഹത്തിന്റെ വാക്കുകളിൽ 'ജീവിതത്തിൽ താനെടുത്തിട്ടുള്ള, സുപ്രധാനമായ തീരുമാനങ്ങൾ' പലതും തന്നെ സംശയത്തോടെ നോക്കിക്കണ്ടിട്ടുള്ള സമയമായിരുന്നു അത്. താൻ കടന്നുപൊയ്ക്കൊണ്ടിരുന്ന അനിശ്ചിതാവസ്ഥയിൽ തനിക്ക് തുണയായി നിന്നിട്ടുള്ള നല്ല പാതിയായ ശ്രീമതി. സിന്ധുവിനോടുള്ള സ്നേഹോഷ്മളമായ നന്ദി അദ്ദേഹം മറച്ചുവക്കുന്നില്ല. സ്വന്തം ജന്മനാട്ടിൽ നിന്നും, ബന്ധുമിത്രാദികളിൽ നിന്നും, അകന്ന് മറ്റൊരു നാട്ടിൽസ്വന്തം മേൽവിലാസം കെട്ടിപ്പെടുക്കാനുള്ള തത്രപ്പാടി നിടയിൽസിന്ധു എന്ന സ്നേഹനിധിയായ ഭാര്യ എപ്പോഴും കൈത്താങ്ങായി ഇദ്ദേഹത്തിനൊപ്പം ഉണ്ടായിട്ടുണ്ട്. 2000-ത്തിലാണ് Mrs.Ruthwiki എന്ന സ്വിസ്സ് വനിതയുമായി കൈകോർത്ത് ശ്രീ. ശിവകുമാർകാഞ്ചി റസ്റ്റോറന്റ് Luzern-ൽ ആരംഭിക്കുന്നത്. വിട്ടുവീഴ്ച്ചയില്ലാത്തസേവനം കൊണ്ടുതന്നെ കാഞ്ചിയുടെ രണ്ടാമത്തെ outlet Luzernൽ തന്നെ ആരംഭിക്കാൻ ഈ കൂട്ടുകെട്ടിന് സാധിച്ചു. അവിടെ നിന്നും പടിപടിയായുള്ള വളർച്ചയിലൂടെ ലൗസേർണ് തടാകത്തിൽ (Lake Luzern)അത്താഴയാന വിരുന്നും (dinner Cruize)ഉം, ടൗൺ ഓഫ് ബേഡനിൽ കാഞ്ചിയുടെ തന്നെ മറ്റൊരു റസ്റ്റോറന്റും പ്രവർത്തനം ആരംഭിച്ചു. ദീർഘനാളത്തെ സ്വപ്നസാക്ഷാത്കാരം എന്നോണം 2021-ൽ, കോവിഡ് മഹാമാരിക്കുശേഷം സ്വിസ്സിലെതന്നെ ആദ്യത്തെ എക്സ്ക്ലൂസ്സീവ് സൗത്ത് ഇന്ത്യൻ റസ്റ്റോറന്റായ ദോശഹൗസ് പ്രവർത്തന സജ്ജമായി.

സ്വിസ്സിന്റെ ഭാഗമാകാൻ കഴിഞ്ഞതുകൊണ്ടു മാത്രം ഒരുപാടധികം മഹത് വ്യക്തികൾക്കായിനൽകാൻ സാധിച്ച സേവനം അഭിമാനപൂർവ്വം അദ്ദേഹം ഓർത്തെടുക്കുന്നു. ആദരണീയനായ ഇന്ത്യൻ പ്രസിഡന്റ് ശ്രീ. രാംനാഥ് കോവിന്ദിന് വേണ്ടി ഭക്ഷണം ഒരുക്കാൻ സാധിച്ചു എന്നതാണ് തന്റെ എക്കാലത്തേയും അഭിമാനസ്മരണയായി അദ്ദേഹം പറഞ്ഞത്. മറ്റു പ്രമുഖ വ്യക്തി ത്വങ്ങളായ ശ്രീ. രവിശങ്കർ, കേരള. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ, സൂപ്പർ താരങ്ങളായ ശ്രീമതി. ഐശ്വര്യറായ്, ശ്രീ. അഭിഷേക് ബച്ചൻ, ശ്രീ. എസ്. എസ്. രാജമൗലി എന്നിവർക്കായും കാറ്ററിംഗ്സേവനം നൽകാൻ കാഞ്ചിയിലൂടെ ഇദ്ദേഹത്തിന് സാധിച്ചിട്ടുണ്ട്. കഴിഞ്ഞുപോയ 27 വർഷങ്ങളിലേയ്ക്ക് തിരിഞ്ഞു നോക്കുമ്പോൾ, കേരള -തമിഴ്നാട് അതിർത്തിയിലെ ഒരു കൊച്ചു ഗ്രാമത്തിൽ ജനിച്ചു വളർന്ന താൻ താണ്ടിയ ദുർഘടമായ വഴികൾ ശ്രീ.ശിവകുമാർ ആശ്ചര്യത്തോടെ കാണുന്നുണ്ട്. അതൊക്കെ തരണം ചെയ്ത് ഇവിടെ എത്താൻ സഹായിച്ച എല്ലാവർക്കും വേണ്ടിയുള്ളതാണ് ഈ കുറിപ്പ്...

Advertisement





# The Environment
## *A Call for Urgent Action*



The environment is not just a backdrop to our lives; it is a fundamental necessity for our existence as human beings. It provides us with the air we breathe, the water we drink, the food we eat, and the resources we depend on for our daily lives. Without a healthy and sustainable environment, our survival and well-being are at stake. However, in recent years, our actions have taken a toll on the environment, leading to devastating consequences. This calls for urgent and immediate action to address the risks we face, like ecological disasters, loss of human lives, changing living conditions, imminent extinction of life as we know it, and social unrest.

These threats are rooted in climate change. Our excessive greenhouse gas emissions, primarily from burning fossil fuels, have resulted in rising global temperatures, melting ice caps, and more frequent and severe extreme weather events. The Intergovernmental Panel on Climate Change (IPCC) warns that without immediate action to reduce emissions, we are on a path towards catastrophic and irreversible changes to our planet's climate system.



**Kevin Kurinjirappalli**
BSc in Business
Information Technology

One of the risks caused by climate change are ecological disasters. Deforestation, pollution, and unsustainable land use practices have led to the degradation of ecosystems worldwide. This has disrupted natural processes, threatened countless species with extinction, and undermined the delicate balance of our planet's biodiversity. The United Nations Environment Programme (UNEP) has highlighted the urgency of conserving ecosystems and biodiversity to safeguard our planet's resilience and prevent irreversible damage.

Moreover, the impacts of environmental degradation extend far beyond the natural world. Human lives are at stake, as we face health risks from air and water pollution, food insecurity due to disrupted agricultural systems, and increased vulnerability to natural disasters. Additionally, changing living conditions, such as water scarcity, reduced access to clean energy, and environmental refugees, can spark social unrest, leading to conflicts and instability throughout the world.

Humanity has taken some actions to protect the environment, but their effects have been limited. The following five measures can be considered key in the global effort to keep the environment inhabitable for all lifeforms:

1. The Montreal Protocol (1987): This global agreement phased out the production and consumption of ozone-depleting substances, such as chlorofluorocarbons (CFCs), which were responsible for the depletion of the ozone layer. The protocol has been successful in reducing the production and use of these harmful substances and allowing the ozone layer to recover.
2. The Convention on Biological Diversity (1992): This international treaty aims to conserve biodiversity, sustainably use its components, and ensure the fair and equitable sharing of benefits arising from genetic resources. It has led to the establishment of protected areas, conservation initiatives, and the integration of biodiversity considerations into national policies.
3. The Paris Agreement (2015): This landmark international agreement aims to combat climate change by limiting global warming to well below 2 degrees Celsius and pursuing efforts to limit the temperature increase to 1.5 degrees Celsius. It establishes binding commitments for countries to reduce greenhouse gas emissions and strengthen resilience to climate impacts.
4. The Sustainable Development Goals (SDGs) (2015): These 17 goals adopted by the United Nations provide a comprehensive framework for sustainable development, including specific targets related to environmental protection, such as affordable and clean energy, responsible consumption and production, and climate action. The SDGs serve as a roadmap for global action until 2030.



5. The United Nations Framework Convention on Climate Change (UNFCCC) (1992): This convention sets out a framework for international cooperation to combat climate change. It has facilitated annual conferences of the parties (COP) where countries negotiate and implement measures to address climate change, including the adoption of the Paris Agreement.

